KOTTAYAM PUBLIC LIBRARY

Call No. M01 SHA-S Acc. No. 3432

Author ശങ്കരൻ നമ്പ്യാർ, പി

Title സാഹിത്യനിഷ്കം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

H01 No: 3432

# സാഹിത്യനിഷ്കുടം

ഗ്രന്ഥകർത്താവ്:

പി. ശങ്കരൻനമ്പ്യാർ, എം. എ.
പ്രിൻസിപ്പാൾ,
കേരളവർമ്മ കോളേജ്, തൃശ്ശൂർ.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

ദി ഡക്കാൻപബ്ലിഷിങ്ങ് ഹൗസ്,
കോഴിക്കോട്.

1123/1948] [വില 1ക. 14ണ.

ഒന്നാം പതിപ്പ്: 1943
രണ്ടാം പതിപ്പ്: 1948
(ആയിരം കോപ്പി)

*Copyright Reserved.*

# വിഷയാനുക്രമണിക

No: 3432


| | | പുറം |
|---|---|---|
| | ആമുഖം — ജോസഫ് മുണ്ടശ്ശേരി എം. എ. | v |
| | അവതാരിക — മഹാകവി, ഉള്ളൂർ | viii |
| | പ്രസ്താവന — പ്രസാധകൻ : ജി. ശങ്കരക്കുറുപ്പ് | xiv |
| 1. | സാഹിത്യവികാസം . . . | 1—8 |
| 2. | സാഹിത്യത്തിന്റെ ഉറവുകൾ വററാതിരിക്കുവാൻ | 9—14 |
| 3. | ജീവൽസാഹിത്യം . . . | 15—31 |
| 4. | സാഹിത്യസാരം . . . | 32—49 |
| 5. | വിമർശനം . . . . | 50—65 |
| 6. | ആംഗ്ലേയവിമർശനകല . . . | 66—87 |
| 7. | ശാകുന്തളത്തിലെ നായകോന്നമനം . . | 88—99 |
| 8. | "ട്രജഡി"കളിലെ വിഷാദവും വിശ്വാസവും . | 100—114 |
| 9. | മണിപ്രവാളവും ആര്യദ്രാവിഡസങ്കരവും . | 115—147 |
| 10 | സംസ്കാരവിജയം . . . | 148—157 |
| 11 | കേരളാഭ്യുദയം . . . | 158—165 |
| 12. | മഹാകവി രവീന്ദ്രനാഥടാഗോർ . . | 166—176 |
| 13 | കേരളക്ഷേത്രകലകൾ . . . | 177—184 |
| 14. | മലയാളസാഹിത്യം . . . | 185—193 |
| 15. | മലയാളം തെളിയണമെങ്കിൽ . . | 194—206 |

# ആമുഖം

ഓക്സ്ഫോർഡിലെ "ബാലിയൽ" കോളേജിൽനിന്നു യവനിക നീക്കി സാഹിത്യരംഗത്തിലേയ്ക്കിറങ്ങിയ ജെ. എ. സ്പെൻഡർ അവർകൾ പിന്നീടു് "ഈസ്റ്റേൺ മോർണിങ്ങ് ന്യൂസ്" എന്ന പത്രത്തിന്റെ നായകനായിരിക്കെ, ഒരു സുപ്രഭാതത്തിൽ, ഡോക്ടർ അർണോൾഡ് ഏററവും അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ ആപ്പീസിൽ കയറിച്ചെന്നു്, ലഘുവായൊരു സാഹായ്യത്തിന്നർത്ഥിയ്ക്കുകയുണ്ടായി. അപ്പോഴത്തെ അനുഭവത്തെക്കുറിച്ചു സ്പെൻഡർ പറയുന്നു :— പെട്ടെന്നു മുഖമുയർത്തി, നോക്കുമ്പോൾ വാതില്ക്കൽ മാത്യൂ അർണോൾഡിനെ കാണുക, അതൊരു വിപ്ലവകരമായ അനുഭൂതിയായിരുന്നു. * * * * പരമാർത്ഥത്തിൽ ഞാൻ നിരുദ്ധകണ്ഠനായി". പ്രൊഫസർ ശങ്കരൻ നമ്പ്യാർ അവർകൾ തന്റെ "സാഹിത്യനിഷ്കൂട"ത്തിലേയ്ക്കു സഹൃദയന്മാരെ സ്വാഗതം ചെയ്യേണ്ട ഭാരം എന്നിലർപ്പിച്ചപ്പോൾ ഓർമ്മയിൽ വന്നതീസംഭവമാണു്. അനുഭൂതിയും ഏറക്കുറെ അങ്ങനെതന്നെ. സ്പെൻഡറെപ്പോലെ ഞാനും ഏല്പിച്ച കാര്യം ആഹ്ലാദാദരതരംഗിതനായി ചെയ്തുകൊള്ളട്ടെ.

അർണോൾഡിന്റെ കഥ പ്രൊഫസർ നമ്പ്യാരെ സംബന്ധിച്ചിടത്തോളം അത്ര പ്രസക്തമോ എന്നു ശങ്കിക്കാനില്ല. എല്ലാംകൊണ്ടും അദ്ദേഹം ആ "ബാലിയൽ" കോളേജ് സാഹിത്യാചാര്യന്റെ ഒരു നല്ല "മലയാളംപതിപ്പാ"ണെന്നു ഞാനഭിമാനിക്കാറുണ്ടു്. കെട്ടിലും മട്ടിലും, തൊഴിലിലും തോന്നലിലും, വാമൊഴിയിലും വരമൊഴിയിലും, എന്നല്ല, കയ്യക്ഷരത്തിൽപോലും അക്കെയൊരു കൂറടക്കം' അഥവാ ഒരു വടിവൊപ്പിക്കൽ അതാണദ്ദേഹത്തിന്റെ പ്രത്യേകത, അർണോൾഡിനെപ്പോലെ സംസ്കാരത്തിന്റെ എല്ലാ വശങ്ങളും അദ്ദേഹം നോക്കിക്കാണാറുണ്ടു്; സർവ്വോപരി നിരൂപകനായിട്ടു്, ഇടയ്ക്കു കവിയായിട്ടും. "Somewhat of worldling mingled with bard and sage" എന്ന കവിസൂക്തം ഇവിടെ സ്മരണീയം.

ഈ 'നിഷ്കൂട'ത്തിൽ സാഹിത്യവിഷയകങ്ങളായ പതിനഞ്ചുപന്യാസങ്ങൾ പൂവിട്ടുനില്ക്കുന്നു. ആദ്യത്തെ നാലെണ്ണം ഒരുതരം. സാഹിത്യത്തിന്റെ സാരവും വികാസവും "ജീവസ്സും ഓജസ്സും" വിവരിച്ചു കാണിക്കുന്നവയാണു് അവ നാലും.

ക്ഷണേ ക്ഷണേയന്നവതാമുപൈതി
തദേവരൂപം രമണീയതായാഃ

എന്നർത്ഥവത്താംവണ്ണം സാഹിത്യത്തിൽ വസ്തുരീതിരസാദികളിലെല്ലാം ഉണ്ടാകുന്നതും ഉണ്ടാകേണ്ടതുമായ വിപരിണാമങ്ങളെ വിസ്തരിച്ചു വിമർശിച്ചഭിവാദനംചെയ്യുന്ന പ്രസ്തുതോപന്യാസങ്ങൾ, ഈ 'നിഷ്ഠം' ഉത്പതിഷ്ണുക്കളിൽ ഉത്പതിഷ്ണുക്കൾക്കും സേവ്യാൽ സേവ്യതരമെന്നു വിളംബരം ചെയ്യുന്നുണ്ട്. കല 'നിയതികൃതനിയമ രഹിത'യാണെന്നു പ്രാചീനന്മാർ പലതവണ പറഞ്ഞിട്ടും അതിൻെറ അന്തസ്സാരത്തിൽ ഉററവരാകാതെ പാരമ്പര്യവും സങ്കേതവും കൊണ്ടു, സാഹിത്യത്തെ അങ്കുശമിട്ടു പിടിക്കുന്നവർ എന്നും എവിടെയുമുണ്ടല്ലോ. അവരെ "കണ്ണാടിയുടെ മുമ്പിലിരുന്നു അതിലൊതുങ്ങിനില്ക്കാൻ കൂട്ടാക്കാത്ത ആകാശത്തെ പഴിപറഞ്ഞു തൻെറ മുഖം ബിംബിച്ചുകാണുന്നതിനെ മാത്രം സദാ നോക്കിക്കൊണ്ടിരിക്കുന്ന" സങ്കുചിതമനസ്സുകളോടുപമിക്കുമ്പോൾ 'നിഷ്ഠ'കാരൻ കാര്യവാദിയായ ഒരുത്പതിഷ്ണുവല്ലെന്നാർ പറയും?

"മലയാളസാഹിത്യത്തിൻെറ ഉറവുകൾ വററാതിരിക്കുവാൻ" മററു ഭാഷകളിൽനിന്നു് അവശ്യം വെട്ടിത്തിരിച്ചുകൊണ്ടുവരേണ്ട സംസ്കാരസരിത്തുകളെക്കുറിച്ചും കല അനുകരണാത്മകമാണെന്നുള്ള നിർവ്വചനത്തിലടങ്ങിക്കിടക്കുന്ന രീതിവിശേഷങ്ങളെക്കുറിച്ചും പ്രഫസർ നമ്പ്യാർ ചെയ്യുന്ന പ്രബോധനങ്ങൾ പ്രഹർഷകരങ്ങൾതന്നെ.

സാഹിത്യനിരൂപണവിഷയത്തിൽ ഡാക്ടർ ആർണോൾഡാണു് ശ്രീ. നമ്പ്യാരവർകൾക്കു വലിയൊരാചാര്യരെന്നു പ്രഖ്യാപനം ചെയ്യുന്നവയാണു് പിന്നാലെ വരുന്ന സുദീർഘോപന്യാസങ്ങൾ രണ്ടും. ഇംഗ്ലീഷിന്നു ഗ്രീക്കും ലാററിനുമെങ്ങനെയൊ അങ്ങനെയാണു് സംസ്കൃതം മലയാളത്തിന്നെന്നു കണക്കാക്കി, ആചാര്യനിർദ്ദേശങ്ങൾ ഉപയോഗപ്പെടുത്തിയാൽ, മലയാളസാഹിത്യത്തിൻെറ ഗതിവിഗതികളെക്കുറിച്ചു് സമഞ്ജസവിമർശമായിക്കൊള്ളും എന്നദ്ദേഹം വിശ്വസിക്കുന്നുവെന്നു പറയാം. സാഹിത്യത്തിൻെറ നീരുറവു ജീവിതമാണെന്നു സ്വധീരം സിദ്ധാന്തിച്ച ആ മഹിതാചാര്യൻെറ കാവ്യമീമാംസയെപ്പററി കേരളം അറിയേണ്ട മതിയാവൂ. പ്രസ്തുതോപന്യാസങ്ങൾ രണ്ടും അതിന്നുതകിയിരിയ്ക്കുന്നു.

ആർണോൾഡിന്റെ മതങ്ങളെ ഒന്നാകെ പരിശോധിച്ചിട്ട് There is always in Arnold something of what we today irreverently call "the old school tie" എന്നൊരാധുനികൻ എഴുതിയതു് ശിഷ്യനിലും സംഗതമൊ ആവൊ ?

ഇനിയത്തെ ഉപന്യാസങ്ങളിൽ 9-ഉം 14-ഉം സാഹിത്യചരിത്രത്തിലേയ്ക്കുള്ള സോപാനങ്ങളാണ്. പതിനാലാമത്തേതിൽ ലേഖകന്റെ സംക്ഷേപണപാടവവും ഒമ്പതിൽ അദ്ദേഹത്തിന്റെ സ്വതന്ത്രവിചാരകൗശലവും തെളിഞ്ഞുകാണാം. "അനേകം ശതവർഷങ്ങളായി നടന്നുവന്ന ആര്യദ്രാവിഡസംസ്കാരസങ്കരത്തിന്റെ ഫലമായി ആ രണ്ടു സമുദായങ്ങൾ തമ്മിൽ കേരളത്തിലുണ്ടായ ഏകീഭാവം ഉത്തമ മണിപ്രവാളത്തിൽ നിഴലിച്ചു കാണാം" എന്നൊരഭിപ്രായം ഊന്നിപ്പറയാൻ ശ്രീ. നമ്പ്യാരോളം ധൈര്യപ്പെട്ടിട്ടില്ല മററാരും. കേരളചരിത്രത്തിന്റെ ഇരുൾക്കുമ്പാരത്തിലേക്കു തുളച്ചുകയറുന്നൊരു വൈദ്യുതരശ്മിയായി വേണം ഈ നിഗമനത്തെ ഗണിക്കാൻ.

"ശാകുന്തളത്തിലെ നായകോന്നമനം" "ട്രാജഡികളിലെ വിഷാദവും വിശ്വാസവും" "മഹാകവി രവീന്ദ്രനാഥടാഗോർ" ഇത്യാദി നിബന്ധങ്ങൾ പാശ്ചാത്യവും പൗരസ്ത്യവുമായ രീതികളെ യഥോചിതം യോജിപ്പിച്ചു്, സാഹിത്യനിരൂപണം ചെയ്യുവാൻ പ്രൊഫസർ നമ്പ്യാർക്കുള്ള വൈഭവത്തിന്നു നികഷങ്ങളായി ശോഭിക്കുന്നു.

നമ്പ്യാരവർകളുടെ ഭാഷാശൈലിയെക്കുറിച്ചും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അദ്ദേഹത്തിന്റെ "ക്ലാസിസിസം" ശൈലിക്കുമുണ്ടു്. അളന്നു മുറിച്ച പദങ്ങൾ; അവയ്ക്കുന്തസ്സോ വളരെ; എത്രയൊതുക്കിയാലും അവ വളയാറില്ല; അധ്യേതാക്കൾക്കു് അബദ്ധഭയമെന്നിയെ മാതൃകയാക്കാവുന്നൊരു ശൈലി; പറയുന്ന കാര്യമേതും കേൾവിക്കാരന്നു മനസ്സിലാക്കിക്കൊടുക്കണം എന്നുവെച്ചു് പ്രവർത്തിക്കുന്നൊരദ്ധ്യാപകനെ കാണാം, ഓരോ വാക്യത്തിന്റെയും ഓരോ ഖണ്ഡികയുടേയും പിമ്പിൽ.

'സാഹിത്യനിഷ്കുട'ത്തിന്റെ കർത്താവു് ഇനിയും പല കമനീയോപവനങ്ങൾ കേരളീയസഹൃദയന്മാരുടെ വിഹാരത്തിന്നായൊരുക്കുമെന്നു വിശ്വസിക്കട്ടെ.

ജോസഫ് മുണ്ടശ്ശേരി, എം. എ.

# അവതാരിക

സാഹിത്യനിപുണൻ പ്രൊഫസർ പി. ശങ്കരൻ നമ്പ്യാർ, എം.എ. യുടെ ഒരു പുതിയ പുസ്തകമാണു് ഞാൻ ഇപ്പോൾ സഹൃദയസമക്ഷം ആഹ്ലാദത്തോടുകൂടി അവതരിപ്പിക്കുന്ന "സാഹിത്യനിഷ്കഷം". അദ്ദേഹം പല പത്രങ്ങളിലും മാസികകളിലും ഓരോ കാലത്തു് എഴുതി, അങ്ങുമിങ്ങും ഇന്നു ചിന്നിച്ചിതറിക്കിടക്കുന്ന സാഹിത്യവിഷയങ്ങളായ പതിനഞ്ചു് ഉപന്യാസങ്ങളുടെ സമാഹാരമാകുന്നു പ്രസ്തുത പുസ്തകം. ഇതുപോലെ രണ്ടോ മൂന്നോ പുസ്തകങ്ങളിലായി പ്രസിദ്ധീകരിക്കേണ്ട ഉപന്യാസങ്ങൾ ഇനിയും സമാഹർത്തവ്യങ്ങളായി ഉണ്ടു്. അവയും അചിരേണ പ്രകാശിതപദവിയിൽ അധിരൂഢങ്ങളാകുമെന്നു നമുക്കു ആശിക്കാം. മേൽ സൂചിപ്പിച്ച നിബന്ധപഞ്ചദശിയിൽ സാഹിത്യം, വിമർശനം, കലകൾ, മലയാളഭാഷ, സംസ്കാരം തുടങ്ങിയ വിവിധവിഷയങ്ങളെ പരാമർശിക്കുന്ന ഉപന്യാസങ്ങളാണു് അടങ്ങിയിരിക്കുന്നതു്; എന്നാൽ ആ നാനാത്വത്തിൽക്കൂടി ഒരേകത്വത്തെ നിരീക്ഷിക്കുന്നതിനു ഭാവുകന്മാക്കു പ്രയാസമില്ല. പ്രണേതാവിന്റെ പരമമായ ഉദ്ദേശം കേരളസംസ്കാരത്തിന്റെയും കേരളഭാഷയുടെയും ഉന്നമനമാകുന്നു; അതുതന്നെയാണു് അവക്കു സൂക്ഷ്മേക്ഷികയിൽ അഭിമുഖീകരിക്കുന്ന ആ ഏകത്വം.

കഴിഞ്ഞ മൂന്നു ദശകങ്ങൾക്കു മേലായി കൈരളിയെ അന്യാദൃശമായ ഭക്തിയോടും അനവരതമായ ശ്രദ്ധയോടും കൂടി ആരാധിച്ചു്, അമൂല്യങ്ങളായ അനേകം കാവ്യോപഹാരങ്ങൾ ആ ദേവിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചു്, അസുലഭമായ യശോധനം ആർജ്ജിച്ചു്, ആധുനികസാഹിത്യനായകന്മാരുടെ ഇടയിൽ ആക്കും അഭികാമ്യമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന മഹാശയനാണു് എന്റെ പ്രിയസുഹൃത്തായ ശ്രീ. ശങ്കരൻ നമ്പ്യാർ. അഭൌമമായ പ്രതിഭയും, അപരിമേയമായ വ്യുൽപത്തിയും, അവിശ്രാന്തമായ അഭ്യാസവും അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിക്കുന്നു. സാഹിത്യപഥത്തിൽ അദ്ദേഹത്തിന്റെ ആദികാലം മുതല്ക്കുള്ള സ്വൈരസഞ്ചാരം, സർവ്വാഭിസാരസമ്പന്നനായ ഒരു വിജിഗീഷുവിന്റേതുപോലെ,

അപ്രതിഹതമായി പരമലക്ഷ്യത്തിങ്കലേക്കു് അദ്ദേഹത്തെ നയിച്ചു നയിച്ചുകൊണ്ടിരിക്കുന്നു. കൊല്ലം ൧൦൮൮-ൽ പ്രകാശിതമായ ''പാലാഴിമഥനം'' ചമ്പുവാണു് അദ്ദേഹത്തിന്റെ പ്രഥമകൃതി. അക്കാലത്തു് ആ വാങ്മയത്തിന്റെ പ്രണേതാവു് അനതീതബാല്യനായിരുന്നു എങ്കിലും, അനുവാചകന്മാരുടെ ഹൃദയത്തിൽ അതു് ഒരു പരിണതപ്രജ്ഞന്റെ കൃതിയെന്നുള്ള പ്രതീതിയെയാണു് ജനിപ്പിച്ചതു്. ''ദാരുകവധം'' മുതലായി വേറെയും ചില പദ്യകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. ൧൦൯൮-ൽ ആവിർഭവിച്ച ''സാഹിത്യപ്രകാശിക'' എന്ന ഉപന്യാസസമുച്ചയത്തിനു മിഴിവും മേന്മയും വർദ്ധിപ്പിച്ചതു് അദ്ദേഹം അതിൽ എഴുതിച്ചേർത്ത പ്രബന്ധങ്ങളാണു്. സാഹിത്യവിമർശനത്തിലും ചരിത്രഗവേഷണത്തിലും അദ്ദേഹത്തിനുള്ള പ്രശംസനീയമായ പാടവത്തെ ആ പ്രബന്ധങ്ങൾ പ്രത്യക്ഷീകരിച്ചു. ൧൦൯൯-ൽ അച്ചടിപ്പിച്ച ''ചാണക്യൻ'' അദ്ദേഹത്തെ ഉത്തമഗദ്യകാരന്മാരുടെ പങ്ക്തിയിൽ ഉപയിഷ്ടനാക്കി. കുറേക്കാലം ശ്രീ നമ്പ്യാർ ''കൈരളി''യുടെ പ്രസാധനം സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചിട്ടുണ്ടു്. കേരളത്തിലെ പ്രാചീനങ്ങളായ പല പാട്ടുകളും ഒററ ശ്ലോകങ്ങളും അക്കാലത്തു് ആ മാസികയിൽ പ്രസിദ്ധീകൃതങ്ങളായി. ഈയിടയ്ക്കു് അദ്ദേഹം രചിച്ച ഒരു വിശിഷ്ട കൃതിയാണല്ലോ ''പ്രസ്ഥാനത്രയം.'' അതിൽ ആംഗ്ലേയസാഹിത്യത്തിലെ Ode (ഗീതം), Sonnet (ഗീതകം), Monologue (സ്വഗതാഖ്യാനം) എന്നീ സംജ്ഞകളിൽ സുപ്രസിദ്ധങ്ങളായ മൂന്നു ഖണ്ഡകാവ്യശാഖകളെ ലക്ഷ്യലക്ഷണസഹിതം അദ്ദേഹം കേരളീയർക്കു സുഗ്രഹമായവിധത്തിൽ പരിചയപ്പെടുത്തി. ഫലിതസാഹിത്യനിർമ്മാണത്തിലും അദ്ദേഹത്തിനു പ്രാവീണ്യമുണ്ടെന്നു പറയേണ്ടതില്ലല്ലോ.

പ്രൊഫസ്സർ ശങ്കരൻ നമ്പ്യാർക്കു് അനിതരസാധാരണങ്ങളായ ചില സിദ്ധികളുണ്ടു്; അവയുടെയെല്ലാം പ്രതിഫലനം ''സാഹിത്യനിഷ്കൂട''ത്തിൽ പ്രകടമായി കാണാം. അദ്ദേഹത്തിനു ഗദ്യവും പദ്യവും ഒന്നുപോലെ ചേതസ്സമാകർഷകമായി രചിക്കുന്നതിനു നൈപുണ്യമുണ്ടെന്നുള്ളതു സർവ്വവിദിതമാണല്ലോ. അധ്യാപനവൃത്തിയിലുള്ള ദീർഘകാലപരിചയം നിമിത്തം പ്രതിപാദ്യത്തിൽ ഏതെല്ലാം വിധത്തിലുള്ള ഹാനോപാദാനങ്ങളാണ വേണ്ടതെന്നു് അദ്ദേഹത്തിനു നൈസർഗ്ഗികമായിത്തന്നെ അവധാരണം ചെയ്യുവാനുള്ള ശക്തിയുണ്ടു്. പ്രസംഗവേദികളിൽ അദ്ദേഹത്തിനു് അഭ്യർഹിതമായ ഒരു സ്ഥാന

മുണ്ടെന്നുള്ളതും ഇവിടെ അനുസ്മരണീയമാണു്. അദ്ദേഹം പഠിപ്പിക്കുന്നതു് ആംഗ്ലേയ ഭാഷയാണെങ്കിലും, ആ ഭാഷയെ (ഒന്നു നോക്കിയാൽ) തന്റെ ധമ്മപത്നിയായാണു് സ്വീകരിച്ചിരിക്കുന്നതു് എന്നു പറയാറുണ്ടെങ്കിലും, കൈരളിയോടാണു് അദ്ദേഹത്തിനു് അധികമായ ആഭിമുഖ്യം എന്നുള്ളതിനു സംശയമില്ല. ശൈവവൈഷ്ണവമതങ്ങളെപ്പററി പ്രസ്താവിക്കുമ്പോൾ, "തഥാപി ഭക്തിസ്തരുണേന്ദുശേഖരേ" എന്നല്ലേ ഭർത്തൃഹരികൂടി പറഞ്ഞിട്ടുള്ളതു്? അതു് കേരളീയരുടെയും ഭാഗധേയപരിപാകമാണെന്നു ഞാൻ വിചാരിക്കുന്നു. അല്ലെങ്കിൽ ആ പരിതഃസ്ഥിതിയിൽ ഇത്തരത്തിലുള്ള ഒരു അന്തഃകരണപ്രവണത സഞ്ജാതമാകുന്നതല്ല. അഥവാ ഈ ഉത്സൎഗ്ഗവിധിക്കു് അപവാദങ്ങളുണ്ടാകാമെന്നും, അപൂൎവ്വം ചില വ്യക്തികളുടെ ദൃഷ്ടിയിൽ വനലതകൾക്കു് ഉദ്യാനലതകളെ ജയിക്കുവാൻ സാധിക്കുമെന്നും, അഭിജ്ഞാനശാകുന്തളത്തിൽനിന്നു നാം ധരിക്കുന്നുമുണ്ടല്ലോ.

ഇംഗ്ലീഷുപോലെതന്നെ ശ്രീ. നമ്പ്യാക്കു സംസ്കൃതത്തിലും വിപുലവും അഗാധവുമായ ജ്ഞാനമുണ്ടു്. അദ്ദേഹത്തെപ്പോലെയുള്ള ഉഭയഭാഷാവൈജ്ഞാനികന്മാരാണു് കൈരളിയെ തോഷിപ്പിക്കുവാനും പോഷിപ്പിക്കുവാനും ഉത്തമാധികാരികൾ.

"ചന്ദ്രംഗതാ പദ്മഗുണാൻ ന ഭുങ്ക്തേ,
പദ്മാശ്രിതാ ചാന്ദ്രമസീമഭിഖ്യാം"

എന്നു കാളിദാസമഹാകവി പറയുന്നതുപോലെ, ഇംഗ്ലീഷുപഠിച്ചവർ സംസ്കൃതത്തിലും, സംസ്കൃതം പഠിച്ചവർ ഇംഗ്ലീഷിലും പ്രായേണ അനഭിജ്ഞന്മാരാകുന്നു. ഒരു കൂട്ടൎക്കു സംസ്കൃതം മൃതഭാഷയാണെങ്കിൽ, മറെറക്കൂട്ടൎക്കു ഇംഗ്ലീഷു മ്ലേച്ഛഭാഷയാണു്. ഇരുകൂട്ടരെക്കൊണ്ടും ഇക്കാലത്തു് മലയാളത്തിനു ഗണനീയമായ സാഹായ്യമൊന്നും ചെയ്യുവാൻ സാധിക്കുന്നതല്ല. പൌരസ്ത്യവും പാശ്ചാത്യവുമായ സാഹിത്യങ്ങളുടെ സഹോദരനിവ്വിശേഷമായ സമ്പൎക്കത്തിൽനിന്നുവേണം നമ്മുടെ ഭാഷയ്ക്കു ശാശ്വതമായ ഉൽക്കഷം സിദ്ധിക്കുവാൻ. ഭാഗീരഥിയും അളകനന്ദയും യോജിച്ചു ഗംഗയായി പ്രവഹിച്ചാണല്ലോ ഭാരതത്തെ പാവനവും ഫലസമൃദ്ധവുമാക്കുന്നതു്. കേരളീയർ പൌരസ്ത്യവും പാശ്ചാത്യവുമായ ഗ്രന്ഥങ്ങൾ ധാരാളമായി വായിക്കേണമെന്നും, അതിലേക്കു് അന്യഭാഷകളിലുള്ള കൃതികൾ അഭിജ്ഞന്മാർ മലയാളത്തിലേക്കു് പരാവൎത്തനം ചെയ്യണമെന്നും ശ്രീ. നമ്പ്യാർ "സാഹിത്യനിഷ്കുട"ത്തിൽ സോപപത്തിക

മായി നിർദ്ദേശിക്കുന്നു. സൽക്കാവ്യസൃഷ്ടിക്കു് വാസനയും വായനയും ഒന്നുപോലെ ആവശ്യകമാണെന്നു് അദ്ദേഹം നിപുണമായി സമർത്ഥിക്കുന്നു. ഈ തത്വത്തെത്തന്നെയാണു് 'കവിത്വം ജായതേ ശക്ത്യാ, വർദ്ധതേഭ്യാസയോഗതഃ — അസ്യ ചാരുത്വനിഷ്പത്തൌ, വ്യുൽപത്തിസ്തു ഗരീയസീ' എന്ന ശ്ലോകത്തിൽ പ്രാചീനന്മാരായ നമ്മുടെ സാഹിത്യാചാര്യന്മാർ പ്രകടീകരിച്ചിട്ടുള്ളതു്. കാവ്യം ചാരുത്വാധായകമാകണമെങ്കിൽ കവിക്കു വ്യുൽപ്പത്തി അനുപേക്ഷണീയം തന്നെ.

ശ്രീ. നമ്പ്യാരുടെ നിർമ്മലവും നിഷ്പക്ഷവുമായ മനോഭാവം നിരൂപണകലയെപ്പററി ഉപദേശം നല്കുവാൻ അദ്ദേഹത്തെ സർവ്വഥാ അർഹത്തമനാക്കുന്നു. അദ്ദേഹത്തിനു പഴയതിൻെറ നേക്കു പകയോ, പുതിയതിൻെറ നേക്കു പുച്ഛമൊ ഇല്ല. എന്താണീപ്പഴയതും പുതിയതും? "തദാത്വേ നൂതനം സർവ്വമായത്യാം തു പുരാതനം" എന്നു വേദാന്തദേശികർ പറയുന്നതുപോലെ, ഇന്നു നൂതനമെന്നു നാം പറയുന്നതു തന്നെയാണു നാളെ പുരാതനമാകുന്നതു്. വിവേചനശീലന്മാർ രണ്ടിൽനിന്നും ത്യാജ്യാംശങ്ങളെ തള്ളി, ഗ്രാഹ്യാംശങ്ങളെ കൊള്ളണം. പഴയതിൽ ഇത്തിൾക്കണ്ണികളുണ്ടെങ്കിൽ പറിച്ചുകളയണം; വരണ്ടകൊമ്പുകളുണ്ടെങ്കിൽ മുറിച്ചു മാററണം; അതിൻെറ മൂലച്ഛേദത്തിനു മുതിരുന്നതു സമീക്ഷ്യകാരിയുടെ ലക്ഷണമല്ല. പരിഷ്കാരം വേണം; പക്ഷെ ബഹിഷ്കാരമല്ലാ പരിഷ്കാരം! നാശനമല്ലാ നവീകരണം. അനവമെന്നു ഒന്നുണ്ടെങ്കിലേ അതിനെ നവീകരിക്കുവാൻ സാധിക്കയുള്ളു; ഇല്ലെങ്കിൽ അവിടെ അഭൂതതൽഭാവത്തിനു പ്രസക്തിയില്ലല്ലോ. അതോടുകൂടി പുതിയതിനെ നാം പൂജ്യനായ ഒരതിഥിയെപ്പോലെ പരിചരിക്കണം; അതിൻെറ പരിപൂർണ്ണമായ അനുഗ്രഹം സമ്പാദിക്കണം. അല്ലെങ്കിൽ അതിൻെറ ശാപാഗ്നി നമ്മെ ഭസ്മീകരിക്കും. അല്ലെങ്കിൽ തന്നെയും, ആ പൂജ്യപൂജാവ്യതിക്രമം നമ്മുടെ ശ്രേയസ്സിനെ പ്രതിബന്ധിക്കും.

"വിമർശനം" എന്ന ഉപന്യാസത്തിൽ, നിഷ്പക്ഷമായി വേണം വിമർശകന്മാർ കൃതികളെ നിരൂപണം ചെയ്യുവാൻ എന്നു ശ്രീ. നമ്പ്യാർ കർത്തവ്യബോധമുള്ള ഒരു ആചാര്യൻെറ നിലയിൽ അനുവാചകന്മാരെ സയുക്തികമായ രീതിയിലും ശക്തിമത്തായ ഭാഷയിലും ഉപദേശിക്കുന്നു. "പകപോക്കി" വിമർശനത്തെപ്പററി ആ ഘട്ടത്തിൽ അദ്ദേഹം ചെയ്യുന്ന പരുഷമായ അധിക്ഷേപം ചിലരുടെ മിഴി

കളിൽ പടൎന്നുപിടിച്ചിരിക്കുന്ന അഹങ്കാരതിമിരത്തിനു് ഒരഞ്ജനമായി പരിണമിക്കുമെങ്കിൽ നമ്മുടെ സാഹിത്യാന്തരീക്ഷം അത്രത്തോളം സംശുദ്ധമാകും. ശ്രീ. നമ്പ്യാർ പറയുന്നതുപോലെ, കക്ഷിമത്സരം, വ്യക്തിവിദ്വേഷം, പരോൽക്കൎഷാസഹിഷ്ണുത, സ്വാത്മലാഭേച്ഛ മുതലായ നീചവികാരങ്ങൾക്കു വിധേയന്മാരായി വിമൎശനകലയെ വ്യഭിചരിപ്പിക്കുന്നവർ നമ്മുടെ ഇടയിലില്ലെന്നു് ആൎക്കു ശപഥം ചെയ്യുവാൻ കഴിയും? ഗ്രന്ഥം വായിക്കുവാൻ പോലും ക്ഷമയില്ലാതെ ഗ്രന്ഥകാരനെ അപലപിക്കുന്നവർ അങ്ങിങ്ങു് അപൂൎവ്വമായി ഉണ്ടു്. അവരോടു്, "ശ്രവണാൽ പ്രാഗനാക്ഷേപഃ ശ്രോതുരഭ്യൎത്ഥയേ പരം" എന്ന നീലകണ്ഠദീക്ഷിതരുടെ നിവേദനം ആവൎത്തിക്കുന്നതിനേ നിൎവ്വാഹമുള്ളു. "സ്നേഹിത! ഗ്രന്ഥം ഒന്നു് ആദ്യം വായിച്ചുനോക്കൂ! ആക്ഷേപിക്കുന്നതു പിന്നെയും ആവാമല്ലോ" എന്നാണു് ആ മഹാകവിവാക്യത്തിന്റെ അൎത്ഥം.

ഇങ്ങനെ അവശ്യവിജ്ഞേയങ്ങളായ അനവധി ഉപദേശരത്നങ്ങൾ ഈ സുവൎണ്ണമഞ്ജൂഷയുടെ ഉള്ളിൽ മിന്നിത്തിളങ്ങുന്നുണ്ടു്. താൻ ആചരിക്കാത്ത യാതൊന്നും ശ്രീ. നമ്പ്യാർ അനുശാസിക്കുന്നില്ല; "മനസ്യേകം വചസ്യേകം" എന്ന മുദ്രാവാക്യത്തിന്റെ പ്രചോദനമാണു് നാം ഇതിൽ ആദ്യന്തം കാണുന്നതു്. "സാഹിത്യനിഷ്കുട"ത്തിലെ ഓരോ വാക്യത്തേയും ഓരോ കല്പലതയായി കരുതാം. ചുരുങ്ങിയ ശബ്ദങ്ങൾകൊണ്ടു പരന്ന ആശയങ്ങൾ പ്രകടിപ്പിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനുള്ള വൈചക്ഷണ്യം ഇതിൽ എവിടെയും പ്രകാശിക്കുന്നു. വാച്യാംശത്തെ അധഃകരിക്കുന്ന വ്യംഗ്യാംശം ഓരോ നിബന്ധത്തെയും ഉത്തമകാവ്യകോടിയിൽ പ്രവേശിപ്പിക്കുന്നു. സരസവും പ്രസന്നവും സമുജ്ജ്വലവുമാണു് പ്രണേതാവിന്റെ ഗദ്യശൈലി. അദ്ദേഹത്തിനു് ആരോടും വിരോധമില്ല; ആരേയും സ്വകൃത്യനിൎവ്വഹണവിഷയത്തിൽ ഭയവുമില്ല. പറയാനുള്ളതു്, പ്രസാദയന്തീ ഹൃദയാന്യപി ദ്വിഷാം; അതായതു്, ശത്രുക്കളുടെ ഹൃദയങ്ങളെക്കൂടിയും പ്രസാദിപ്പിക്കുന്നതിനു പൎയ്യാപ്തമായ ഭാഷയിൽ, അദ്ദേഹം പറയുന്നു. ഉൽക്കടമായ ദേശാഭിമാനവും, ഉദാത്തമായ ഭാഷാപോഷണവൈയഗ്ര്യവുമാണു് അദ്ദേഹത്തിന്റെ സാഹിതീവ്യവസായത്തെ പുരോഗമിപ്പിക്കുന്ന പ്രേരകശക്തികളിൽ അഗ്രഗണ്യങ്ങളായി പരിലസിക്കുന്നതു്. ചുരുക്കത്തിൽ അറിവും ആനന്ദവും ഒരേസമയത്തിൽ പ്രദാനം ചെയ്യുന്ന ഒരു വിശിഷ്ടകൃതിയാണു്

"സാഹിത്യനിഷ്കുടം", എന്നു നിസ്സംശയം പറയാം. ഈ നിഷ്കുടം ഏതു ഗൃഹത്തിനും അലങ്കാരമായിരിക്കും; ഇതിലെ ദൈനം ദിന വിഹാരം ആക്കും അഹ്ലാദത്തെയും ആരോഗ്യത്തെയും വദ്ധിപ്പിക്കും. ഇതിൽ വീശുന്ന സൌരഭ്യവാഹിയായ മന്ദവായു ഏതു നിലയിലുള്ള വക്കും ഒന്നുപോലെ സംസേവ്യമാണ്. ഈ ഗ്രന്ഥത്തിനു ഞാൻ അതു് എല്ലാവിധത്തിലും അഹിക്കുന്ന പ്രചുരപ്രചാരം ആത്മാത്ഥമായി ആശംസിച്ചുകൊള്ളുന്നു. ഇത്തരത്തിൽ കേരളീയക്കു ഇനിയും അനേകം അനഘങ്ങളായ സാഹിത്യശേവധികൾ സംഭാവനചെയ്തു് അവരുടെ ഹൃദയം തിങ്ങിവിങ്ങിക്കവിഞ്ഞൊഴുകുന്ന കൃതജ്ഞതയ്ക്കു ഉത്തരോത്തരം പാത്രീഭവിക്കുവാൻ എന്റെ പ്രിയസുഹൃത്തിനു യോഗമുണ്ടാകട്ടെ എന്നുള്ള പ്രാത്ഥനയോടുകൂടി ഈ അവതാരിക ഇവിടെ ഉപസംഹരിച്ചുകൊള്ളട്ടെ.

വാസ്തവത്തിൽ പ്രൊഫസർ ശങ്കരൻനമ്പ്യാരെപ്പോലെ സാഹിത്യലോകത്തിൽ പണ്ടുപണ്ടേ ലബ്ധപ്രതിഷ്ഠനായ ഒരു മഹാഭാഗന്റെ കൃതിക്കു് ഇങ്ങനെ ഒരവതാരികയുടെ ആവശ്യം അശേഷമില്ല. എങ്കിലും മലയാളപുസ്തകങ്ങൾക്കു പ്രായേണ അവതാരികാലങ്കരണം എന്നതു് ഒരു മാറാച്ചട്ടമായിത്തീന്നിട്ടുള്ളതുകൊണ്ടു് സുകുമാരകവി "ശ്രീകൃഷ്ണവിലാസ"ത്തിൽ ദ്വാരകയിലെ രത്നനിമ്മിതങ്ങളായ ഹമ്മ്യങ്ങളിൽ സുമംഗലിമാർ സന്ധ്യാസമയത്തു വിളക്കുകൊളുത്തുന്നതു ഒരു മാംഗലികകമ്മമെന്ന നിലയിൽ അസ്ഥാനസ്ഥമല്ലെന്നു വണ്ണിച്ചിട്ടുള്ള രീതിയിൽ ഇതിനു സാംഗത്യം കല്പിക്കാമെന്നുണ്ടെങ്കിൽ അങ്ങനെയിരുന്നുകൊള്ളട്ടെ.

തിരുവനന്തപുരം,
18—4—'43

ഉള്ളൂർ
(മഹാകവി.)

# പ്രസ്താവന

ക്ഷണികജീവിതങ്ങളായ ചിത്രശലഭങ്ങളുടെ ചിറകുകളിന്മേൽ പ്രകൃതി ആവിഷ്കരിക്കുന്ന രാമണീയകവും, ജീവിതലാഘവവും, അനിയന്ത്രിതോത്സാഹവും, ശാശ്വതികമായ ഒരു രൂപം പ്രാപിച്ചുകണ്ടാൽ ക്കൊള്ളാമെന്നു് എനിക്കു പലപ്പോഴും തോന്നാറുണ്ടു്. താദൃശമായ ഒരു കൌതുകവിശേഷംതന്നെയാണു്, ഈ വിശിഷ്ടഗ്രന്ഥത്തിൽ മുദ്രണംചെയ്യിട്ടുള്ള ഉത്തമലേഖനങ്ങൾ സമാഹരിക്കുന്നതിനും പ്രസാധനം ചെയ്യുന്നതിനും അലസനായ എന്നെ ഉത്സാഹിപ്പിച്ചതു്. അനേകം സാഹിത്യങ്ങളിൽ അവഗാഹം സിദ്ധിച്ചിട്ടുള്ള മനോധർമ്മശാലിയായ ഒരു ചിന്തകാഗ്രേസരൻെറ കലാഭിരുചിയും, സാഹിത്യസമീക്ഷണരീതിയും, അനാദൃശമായ പ്രതിഭാവ്യാപാരവും മാസികകളുടെ പുറങ്ങളെ നിറംപിടിപ്പിച്ചു് അവയോടുകൂടി മറഞ്ഞുപോകുവാൻ പാടുള്ളതല്ലല്ലോ. അതുകൊണ്ടാണു്, മുളച്ച ദിക്കിൽനിന്നു് ഈ ലേഖനങ്ങളെ പറിച്ചു നടുവാൻ ഞാൻ ആ മാന്യസാഹിത്യനായകനോടു് അനുവാദം ചോദിച്ചതു്. അഹ്ലാദാവഹമായ ആ കൃത്യം നിർവ്വഹിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയ സ്നേഹവിശ്വാസങ്ങളോടു ഞാൻ കൃതജ്ഞനാകുന്നു.

ആംഗലസാഹിത്യത്തിൻെറ സമ്പർക്കംകൊണ്ടു് മലയാളത്തിലേയ്ക്കു സംക്രമിച്ചിട്ടുള്ള ഉപന്യാസപ്രസ്ഥാനത്തിൻെറ ഉൽക്കൃഷ്ടമാതൃകകളാണു് 'സാഹിത്യനിഷ്കട'ത്തെ അലങ്കരിക്കുന്നതു്. ലേഖകൻെറ ഹൃദയസമ്പന്നത, പ്രതിപാദനരീതിയുടെ ഉജ്ജ്വലപ്രസന്നതയിൽ ഇത്രമാത്രം പരിസ്ഫുരിക്കുന്ന മധുരഗദ്യങ്ങൾ നമുക്കു് അധികമുണ്ടെന്നു തോന്നുന്നില്ല. മാത്രമല്ല, പ്രത്യക്ഷമായോ പരോക്ഷമായോ കേരളസാഹിത്യത്തേയും കേരളീയജീവിതത്തെയുംകൂടി പരാമർശിക്കുന്നവയാണു് ലേഖനങ്ങൾ എല്ലാംതന്നെ. ജീവിതം വാററി എടുക്കുന്ന ഉന്മേഷപ്രദവും ആരോഗ്യദായകവും ആയ ഒരു ലഹരിപദാർത്ഥമാണു്, ലഹരിപദാർത്ഥമാണെങ്കിൽതന്നെ, സാഹിത്യമെന്നു ഗ്രന്ഥകാരൻ വിശദമാക്കിയിരിക്കുന്നു. അതിൻെറ നിർമ്മിതിയേയും, ഉപയോഗത്തേയും, പ്രചാരത്തേയും നിയമവിധേയമാക്കേണമെന്നു് ആഗ്രഹിക്കുന്നുണ്ടെങ്കിലും, ആ നിയന്ത്രണം നിർമ്മാതാവിൻെറ സ്വാതന്ത്ര്

വ്യാപാരത്തെ തടയണമെന്നല്ല, അഭിരുചിയെ സംസ്കരിക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. ആസ്വാദകന്റെ മാനസാരോഗ്യത്തെ ഭഞ്ജിക്കുവാൻ അനുവദിക്കുകയില്ലെന്നു മാത്രം.

പ്രതിപാദ്യവിഷയത്തിന്റെ ഗൗരവം, പ്രതിപാദനസമ്പ്രദായത്തിന്റെ സാർവ്വത്രികമായ ലാഘവംകൊണ്ടു്, ഈ ഉപന്യാസങ്ങളിൽക്കൂടി കടന്നുപോകുന്ന ഭാവനയുടെ ഗതിയെ ഒരിക്കലും മന്ദിപ്പിക്കുന്നില്ല. ജീവിതാനുഭവങ്ങളിൽനിന്നും ജ്ഞാനത്തിന്റെ വിവിധ സാമ്രാജ്യഭാഗങ്ങളിൽനിന്നും സന്ദർഭവിശദീകരണത്തിനു് ആനയിക്കുന്ന നിദർശനങ്ങൾ നവീനത്വവും വൈചിത്ര്യവും ആധാനം ചെയ്തു് ആകർഷകത്വം വർദ്ധിപ്പിക്കുന്നു. ജീർണ്ണങ്ങളായ സങ്കേതങ്ങളെ യാഥസ്ഥിതികസാഹിത്യകാരന്മാർ വിടാതെ വെച്ചുകൊണ്ടിരിക്കുന്നതു് എത്രമാത്രം അർത്ഥശൂന്യമായിരിക്കുന്നു എന്നു് ലേഖകൻ വിശദമാക്കുന്നതു് ജന്തുശാസ്ത്രസംബന്ധമായ പരിണാമസമ്പ്രദായത്തെ അനുസ്മരിച്ചുകൊണ്ടാണു്. „കാവ്യശരീരത്തിന്റെ കാലാനുപാതികമായ വളർച്ചയിൽ പ്രകൃതിനിയമമനുസരിച്ചു ഒട്ടേറെനാൾ ചെല്ലുമ്പോൾ ചില പ്രത്യേകാവയവങ്ങൾക്കു കർമ്മലോപവും ശോഷണവും വന്നുകൂടുകയും അവ നിരുപയോഗങ്ങളായിത്തീരുകയും ചെയ്യുന്നു" എന്ന ഊർജ്ജസ്വലവാക്യം നോക്കുക. നൂതനങ്ങളായ സങ്കേതങ്ങളെ സൃഷ്ടിക്കുന്നതിനു ഭാവനാശാലികളെ ക്ഷണിക്കുമ്പോൾ, നാണ്യനിർമ്മാണത്തിന്റെ നിദർശനംകൂടി യഥാസ്ഥാനം വിനിവേശിപ്പിക്കുന്നതായിക്കാണാം. വിശാലവും സമ്പൂർണ്ണവും ആയ ഹൃദയമുണ്ടെങ്കിൽ മാത്രമേ ഈദൃശമായ ഉദാരാശയനിബന്ധനം സാദ്ധ്യമാവുകയുള്ളു എന്നു വ്യക്തമാണല്ലോ.

വാക്യങ്ങൾ പലതും സൂര്യരശ്മികൾപോലെ ഉജ്ജ്വലങ്ങളും ഋജുക്കളും ആയിരിക്കുന്നു. ഒരു സന്ദർഭത്തെ മുഴുവൻ അന്തർദർശനത്തിനു വിഷയമാക്കത്തക്കവണ്ണം വെളിച്ചം വിതറുന്നവയാണു് അവ: „വടക്കുനോക്കിയുടെ സൂചിയിൽനിന്നു അയസ്കാന്തം വിട്ടുപോയിരിക്കുന്നു", എന്ന ചൂർണ്ണികാ അപാരമായ സാഹിത്യസമുദ്രത്തിൽ അഭിപ്രായഭേദങ്ങൾ കൊടുമ്പിരിക്കൊള്ളുന്ന നവീനപരിവർത്തനദശയേയും, വമ്പിച്ച കോളിളക്കത്തിൽ ലക്ഷ്യംതന്നെ മറന്നുപോയി ദിങ്നിർണ്ണയത്തിനുപോലും ശക്തിയില്ലാതെ അമ്പരക്കുന്ന സാഹിത്യപ്രണയികളേയും എത്ര വ്യക്തമായി ചിത്രണം ചെയ്യുന്നു! ആഭിജാത്യവും അന്തസ്സും തികഞ്ഞതാണെങ്കിലും ആഡംബരത്തിന്റെ ഛായ

പോലും തോന്നിക്കാത്ത ഭാഷാശൈലിയും അനാദൃശമായ ആശയപ്രകാശനസൗഭഗത്തെ പ്രവ്യദ്ധമാക്കുന്നതാണു്. അനുകരിക്കുവാൻ വിഷമമാണെങ്കിലും പരിചയിക്കുവാൻ ആഗ്രഹിക്കുകയും ആദരിക്കുവാൻ ശീലിക്കയും ചെയ്യേണ്ടതായ ഈ കലാശില്പം നമ്മുടെ സാഹിത്യവിദ്യാർത്ഥികളെ ആകർഷിക്കാതിരിക്കയില്ല.

'സാഹിത്യനിഷ്കുടം'ത്തിന്റെ പ്രവേശമാർഗ്ഗത്തിൽനിന്നു മാറിനില്ക്കുന്നതിനു മുമ്പ് ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. അതു് ഗ്രന്ഥത്തിന്റെ സംജ്ഞയെപ്പററിയാണു്. പ്രസ്തുതകൃതിയിൽ സമാഹരിച്ചിട്ടുള്ള ലേഖനങ്ങളുടെ സൗകുമാര്യം നോക്കുമ്പോൾ, 'സാഹിത്യനിഷ്കുടം' എന്ന പേർ അല്പം പരുഷമായിപ്പോയില്ലേ എന്നു ചില സുഹൃത്തുക്കൾ സംശയം ദ്യോതിപ്പിക്കാതിരുന്നിട്ടില്ല. ഗ്രന്ഥകാരന്റെ കുലീനയും സമ്പന്നയും ആയ ഭാവന സഹജങ്ങളായ വിലാസാതിശയങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടു് വിസ്രംഭസംഭാഷണവും സ്വൈരസഞ്ചാരവും ചെയ്യുന്ന കൈരളീഗൃഹാരാമമാണിതു് എന്നു അർത്ഥസാരസ്യം ആലോചിക്കുന്നപക്ഷം ശബ്ദത്തിന്റെ അല്പമായ പാരുഷ്യം ആരും അത്ര സാരമായിക്കരുതുവാൻ ഇടയില്ലല്ലോ. ആക്കും കടക്കുവാനും തോന്നിയതുപോലെ നടക്കുവാനും അധികാരമുള്ള ചില വിഹാരരംഗങ്ങൾ സാഹിത്യത്തിലുണ്ടു്. 'സാഹിത്യനിഷ്കുടം' താദൃശമായ ഒരു പ്രദേശമല്ല. സൗന്ദര്യബോധത്തോടും സാഹിത്യമര്യാദാപരിചയത്തോടും കൂടിയവർ ഇവിടെ യഥേച്ഛം വിഹരിച്ചു കാണേണമെന്നാണു് ആഗ്രഹം.

പ്രസാധകൻ:

ജി. ശങ്കരക്കുറുപ്പ്.

# സാഹിത്യനിഷ്കുടം

## 1. സാഹിത്യവികാസം

ലോകം മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നതോടുകൂടി, അതിനെ നടത്തുന്ന ശക്തികളുടെ പ്രതിഫലനമോ പ്രകാശനമോ ആയ സാഹിത്യവും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിലെന്നപോലെ സാഹിത്യത്തിലും ഇന്നു കാണുന്ന ഒരു പ്രധാന സംഗതി, പരമ്പരാഗതങ്ങളായ സിദ്ധാന്തങ്ങളേയും പഴയ സ്ഥാപനങ്ങളേയും പാടേ ധ്വംസിക്കുവാനുള്ള തീവ്രസംരംഭമാകുന്നു. പഴയ കോട്ടകൾ ഓരോന്നായി പൊളിഞ്ഞു വീഴുന്നു; സ്ഥല സീമകൾ ജലത്തിന്നടിയിലാണ്ടു പോകുന്നു; നിയമങ്ങൾ നിഷ്കാസിതങ്ങളാകുന്നു; മാമൂലുകൾ ഉന്മൂലിതങ്ങളായിത്തീരുന്നു; "വടക്കുനോക്കി"യുടെ സൂചിയിന്മേൽനിന്ന് അയസ്കാന്തം വിട്ടുപോയിരിക്കുന്നു! എന്നാൽ ലോകചരിത്രത്തിൽ ഇതെല്ലാം സംഭവിക്കുന്നത് ഇദംപ്രഥമമായിട്ടല്ലെന്നുംകൂടി ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണ്. പഴയതും പുതിയതും തമ്മിലുള്ള പോരാട്ടം പണ്ടു പലപ്പോഴുമുണ്ടായിട്ടുണ്ട്, ഇനി ഉണ്ടാകയും ചെയ്യും. പഴയതിൽ വേരുറച്ച പ്രതിപത്തി, അതു കൈവിടുന്നതിൽ ഭയം, പുതിയതിൽ അവിശ്വാസം, എന്നിവ ഒരു ഭാഗത്തും, പഴയതിനോടു മുഴുവൻ വെറുപ്പ്,

പഴയതെല്ലാം കളഞ്ഞു കുളിക്കണമെന്ന ശാഠ്യം, പുതിയതിനൊക്കെ സ്വാഗതമരുളി പ്രചരിപ്പിക്കുവാനുള്ള ആവേശം എന്നിവ മറുഭാഗത്തുംനിന്നുകൊണ്ടുള്ള പരസ്പരസമ്മർദ്ദം ഏതു കാലത്തും ഏതു രാജ്യത്തും ഉണ്ടായിട്ടുള്ളതാണ്. ഈ "നവീകരണപ്രസ്ഥാന" സംരംഭം ഇന്നത്തേപ്പോലെ പണ്ടൊരിക്കലും ഇത്ര ഒച്ചപ്പാടുണ്ടാക്കീട്ടില്ലെങ്കിൽ, അതിനുള്ള കാരണം, ഒച്ചപ്പാടുണ്ടാക്കുന്നതിനുള്ള ഉപകരണങ്ങളും സൗകര്യങ്ങളും ഇന്നത്തേപ്പോലെ പണ്ടുണ്ടായിരുന്നില്ല എന്നുള്ള വാസ്തവം തന്നെയാണ്. പ്രക്ഷേപണിയന്ത്രങ്ങളുടെയും ദൂരശ്രവണയന്ത്രങ്ങളുടെയും പ്രതിരൂപങ്ങൾ ഇന്നത്തെ സാഹിത്യലോകത്തിലും സുലഭങ്ങളാണല്ലോ.

എത്രയെത്ര സാഹിത്യഗ്രന്ഥങ്ങളാണ് ഇന്നു അടിസ്ഥൂടിയായി മുദ്രാലയങ്ങളിൽനിന്നു പുറത്തിറങ്ങികൊണ്ടിരിക്കുന്നതു്! അക്കൂട്ടത്തിൽ " ഇക്കൊല്ലത്തെ മികച്ച ഗ്രന്ഥം " എന്ന പരസ്യവും വഹിച്ചുകൊണ്ടു് എത്ര എണ്ണമാണ് നെട്ടനീളം നാടെങ്ങും നടകൊള്ളുന്നതു് ! അതുകൊണ്ടും മതിയാകാതെ, " ഇമ്മാസത്തിലെ മുഖ്യഗ്രന്ഥം", "ഇയ്യാഴ്ചയിലെ പ്രധാന ഗ്രന്ഥം ", പോരാ, "ഈ ദിവസത്തെ ഗ്രന്ഥം", അതുകൊണ്ടുമായില്ല, "ഈ മണിക്കൂറിലെ മഹാഗ്രന്ഥം"എന്നിങ്ങനെ നൂതനത്വം മേൽക്കുമേൽവദ്ധിപ്പിച്ചു് അനുവാചകന്മാരെ ആകഷിക്കത്തക്ക എത്ര പരസ്യങ്ങളാണ് ഇന്നത്തെ സാഹിത്യലോകത്തിൽ പ്രചരിക്കുന്നതായി നാം കാണുന്നതു് ! കോലാഹലം കലശലായി മുഴത്തിരിക്കുന്ന ഈ ഘട്ടത്തിൽ വഴിതെററിപോവാതിരിപ്പാനായി സാഹിത്യ

ത്തെ സംബന്ധിച്ചുള്ള ഏതാനും ചില മൌലികതത്വങ്ങൾ അനുസ്മരിക്കുന്നതു് അത്യാവശ്യമായി വന്നിരിക്കുന്നു.

മൌലികതത്വങ്ങളുടെ കൂട്ടത്തിൽ ഒന്നാമതായി ഇപ്പോൾ എടുത്തുപറയേണ്ടിവന്നിരിക്കുന്നതു്, സാഹിത്യത്തിൻെറ പരിധികൾ പണ്ടത്തേക്കാൾ ഒട്ടധികം വിസ്തൃതങ്ങളാക്കേണ്ടിയിരിക്കുന്നു എന്നുള്ള സംഗതിയാണ്. സാങ്കേതികാൎത്ഥത്തിലുള്ള പഴയ നിൎവ്വചനങ്ങൾ സാഹിത്യത്തിനു് ഇനിമേൽ യോജിക്കുകയില്ലെന്നും, വളൎച്ചയനുസരിച്ചു മേൽക്കുമേൽ സങ്കുലമായിത്തീരുന്ന ഒന്നാണ് സാഹിത്യമെന്നും, ലോകത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയും വികാസവും ലോകപ്രതിബിംബമായ സാഹിത്യത്തിൽ പ്രതിഫലിക്കേണ്ടതാണെന്നും നാം സദാ ഓൎമ്മിക്കേണ്ടതാകുന്നു. ജീവിതത്തിനു് ആകപ്പാടെ വിസ്താരവും വികാസവും വൎദ്ധിച്ചുവരുമ്പോൾ, ജീവിതത്തിൽ വേരൂന്നിനില്ക്കുന്ന സാഹിത്യത്തിനുവൈപുല്യവും വ്യാപ്തിയും വൎദ്ധിക്കാതിരുന്നാൽ അതല്ലയോ അസ്വാഭാവികമായിരിക്കുക? സാഹിത്യത്തിൻെറ ആധാരം ലോകമാണെന്നുള്ള വാസ്തവമറിയാവുന്നവൎക്കു മേൽപറഞ്ഞ തത്വത്തിൻെറ ആന്തരാൎത്ഥം നിഷ്പ്രയാസം വിശദമാകുന്നതാണ്.

അതുപോലെതന്നെ ആവൎത്തിച്ചുറപ്പിക്കേണ്ടതായ മറെറാരു സാഹിത്യതത്വം, കൃത്രിമങ്ങളോ യാന്ത്രികങ്ങളോ ആയ നിയമങ്ങളെക്കൊണ്ടു് വാസനയുടെ സ്വച്ഛന്ദവ്യാപാരത്തെ തടയാവുന്നതല്ലെന്നുള്ളതാണ്. അ

പാരമായ കാവ്യസംസാരത്തിൽ കവി തന്നെയാണ് പ്രജാപതിയെന്നും, ശരിയായ കവിത "നിയതികൃതനിയമരഹിത"യാണെന്നും മററും പ്രാചീനന്മാർ പ്രഖ്യാപനം ചെയ്തിട്ടുണ്ടെങ്കിലും, അർവ്വാചീനന്മാരിൽ പലരും അതു വിസ്മരിച്ച് അന്ധപാരമ്പര്യത്തിന് അടിമപ്പെട്ടുപോകുന്നതായിട്ടാണ് ഇന്നു നാം കണ്ടുവരുന്നതു് സാഹിത്യത്തെ ഒരു കൃത്രിമോപകരണംപോലെ കരുതി പെരുമാറുന്നേടത്തോളം അതിൻെറ ചൈതന്യം ക്ഷയിച്ചുപോവുകതന്നെ ചെയ്യും, എന്ന വാസ്തവം ഉച്ചൈസ്തരാം ഉദ്ഘോഷിക്കേണ്ടിയിരിക്കുന്നു. കേവലം പരമ്പരാഗതമോ സാങ്കേതികമോ ആയ നിയമസംഹിതയെ മാത്രം മുമ്പിലെടുത്തുവെച്ച് ഉൽകൃഷ്ടവാസനാകവികളുടെ കൃതികളെ അതിനോടു തട്ടിച്ചുനോക്കിക്കൊണ്ടിരിക്കുന്ന വിമർശകനെ, കണ്ണാടിയുടെ മുമ്പിലിരുന്ന് അതിൽ ഒതുങ്ങിനിൽക്കാൻ കൂട്ടാക്കാത്ത ആകാശത്തെ പഴിപറഞ്ഞു തൻെറ മുഖം ബിംബിച്ചു കാണുന്നതിനെ മാത്രം സദാ നോക്കി കൊണ്ടിരിക്കുന്ന സങ്കുചിതമനസ്കനോടാണ് സാദൃശ്യപ്പെടുത്തേണ്ടതു്.

എന്നുവെച്ച് തോന്നിയതെല്ലാം എഴുതാമെന്നോ, അതെല്ലാം മററുള്ളവർ കൊണ്ടാടിക്കൊള്ളേണമെന്നോ അർത്ഥമാകുന്നില്ല. അതേസമയംതന്നെ, ഗ്രന്ഥങ്ങളുടെ സംഖ്യ പ്രതിവർഷമോ, പ്രതിമാസമോ, പ്രതിവാരമോ, പ്രതിദിനമോ, പ്രതിനിമിഷമോ ആയിരക്കണക്കിനു പെരുത്തുകൊള്ളട്ടെ--അതിനേക്കുറിച്ചു ഭയപ്പെടേണ്ട ആവശ്യവുമില്ല. ക്ഷുദ്രങ്ങളായ ജപ്പാൻസാമാനങ്ങളേക്കൊണ്ടു വാണിഭം നിറഞ്ഞുപോകുന്നപക്ഷം "വകതി

രിവി''ല്ലാത്തവക്ക് ആദ്യകാലത്തു് കുറെയൊക്കെ ചതി പിണയുമായിരിക്കാം; പക്ഷെ ശരിയായി വിലകൂടിയവയേ വിലകുറഞ്ഞവയിൽനിന്നു വ്യാവൎത്തിപ്പിക്കുവാനുള്ള ശക്തി അവക്കും ക്രമേണ താനേ ഉണ്ടായിക്കൊള്ളും. അപ്രകാരം വ്യാവൎത്തിപ്പിക്കുന്നതിന്നു് ഉപകരിക്കുന്ന ലാക്ഷണോപാധികളും സ്വയമേവ പ്രത്യക്ഷീഭവിച്ചുതുടങ്ങും. ഏതായാലും, ഇതിൽ വിശേഷിച്ചു പരിഭ്രമിക്കേണ്ടതായിട്ടൊന്നുമുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ നാശത്തിൻെറ ധാരാളത പ്രകൃതിയുടെ നിയമമാകുന്നു! പ്രകൃതിയിൽ കാണുന്ന കോടാനകോടി പൂക്കളുടെ കൂട്ടത്തിൽ നൂററിന്നു അഞ്ചുവീതം കായ്ക്കുന്നതായാൽ തന്നെ ലോകത്തിലാകപ്പാടെ ഫലസമൃദ്ധിയാകും എന്നാണു് സസ്യശാസ്ത്രവിദഗ്ദ്ധന്മാർ പറയുന്നതു്. നശിച്ചു പോകുന്നവയെല്ലാം നശിച്ചുപൊയ്ക്കൊള്ളട്ടെ; അവയേക്കുറിച്ചല്ല നാം ചിന്തിക്കേണ്ടതു്. നാശവക്ത്രത്തിൽനിന്നു മോചനംകിട്ടിയവയുടെ എണ്ണവും വണ്ണവുമാണു് നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതു്. ഇവയും കൂട്ടത്തിൽ കുറവല്ലെന്നു കാണുന്നതു് നമുക്കു ആശ്വാസജനകമല്ലയോ?

ഇക്കാലത്തു് ആവിൎഭവിക്കുന്ന സാഹിത്യം അധികഭാഗവും "പത്രസാഹിത്യം" എന്ന അഭിധാനത്തെ അൎഹിക്കുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. പത്രസാഹിത്യമെന്നതു തൽക്കാലിക സാഹിത്യമെന്നതിൻെറ അപരപൎയ്യായം തന്നെയാണെങ്കിലും, അതിൽ അപകൎഷലേശംഉദ്ദേശിച്ചിട്ടില്ലെന്നു് ഇവിടെ വിശദമാക്കിക്കൊള്ളട്ടെ. പത്രസാഹിത്യത്തിന്നും അതിൻെറ പ്ര

ത്യേകമായ നിലയും വിലയുമുണ്ടെന്നുള്ളതു സവ്വവിദിതമാണല്ലോ. ശരിയായ ശാശ്വതസാഹിത്യത്തിൻെറ ഉല്പത്തിക്കും വളച്ച്യയ്ക്കുമുള്ള ഉദാരകേദാരമായിട്ടാണ് പത്രസാഹിത്യം പലപ്പോഴും പ്രകാശിച്ചിട്ടുള്ളതു്. ആധുനികപത്രസാഹിത്യത്തിൻെറ വലിയൊരംശം കേവലസാഹിത്യകേന്ദ്രത്തിലേയ്ക്കു സംക്രമിക്കുന്നതായി കാണുന്നുണ്ടു്. പ്രസ്തുതകേന്ദ്രത്തിൻെറ പരിവേഷംതന്നെ ഓരോ ദിവസം ചെല്ലുന്തോറും വട്ടംവീശി വിപുലമായിത്തീൎന്നുകൊണ്ടാണിരിക്കുന്നതു്. കേവലസാഹിത്യകേന്ദ്രത്തിൻെറ പ്രഭാപടലത്തിനു വിസ്താരം കൂടുന്തോറും അതു പത്രസാഹിത്യമണ്ഡലത്തോടു് അടുത്തടുത്തു വരികയും, രണ്ടുംതമ്മിലുള്ള അതിരുകറം ക്രമേണ നേൎത്തു നേൎത്തു് ഒടുവിൽ മിക്കവാറും മാഞ്ഞുപോകയും ചെയ്യുന്നു.

ഈ വിധത്തിൽ സാഹിത്യമണ്ഡലം 'വിവൃതവും വിസ്തൃതവുമായിത്തീരുന്നതു് സവ്വഥാ സ്പൃഹണീയമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അതോടുകൂടി ഒരു സംഗതി അവശ്യം ശ്രദ്ധേയമായിട്ടുണ്ടു്. സാഹിത്യമെന്നതു് ഒരു സുകുമാരകലയാണെന്നും, തന്മൂലം അതിൻെറ ആകൃതിക്കു കലാപരമായ രാമണീയകമുണ്ടായിരിക്കേണമെന്നും ഒരിക്കലും വിസ്മരിച്ചുപോകരുതു്. എന്നുവെച്ചു്, കലാപരമായ ബാഹ്യസൗഷ്ഠവത്തിനുവേണ്ടി സാഹിത്യത്തിൻെറ വിശാലതയെ ബലികഴിക്കുകയുമരുതു്. സാഹിത്യത്തിൻെറ അസ്തിവാരത്തിനു വിസ്താരം ധാരാളമുണ്ടായിരിക്കണം; എന്നാൽ അതോടൊപ്പംതന്നെ, സാഹിത്യം രമണീയാത്മപ്രതി

പാദകശബ്ദമായിരിക്കുകയും വേണം. ഇപ്പറഞ്ഞ രണ്ടംശങ്ങളേയും പരസ്പരസ്പൎദ്ധകൂടാതെ പുലൎത്തിക്കൊണ്ടു പോയിട്ടുള്ളവരാണ് ഹോമർ, ഷേക്സ്പിയർ, കാളിദാസൻ മുതലായ ലോകമഹാകവികൾ. അവരേക്കാൾ പ്രതിഭാവിലാസം വളരെ കുറവായിട്ടുള്ള ചില്ലറ കവികളാകട്ടെ, കലാപരമായ രാമണീയകത്തിനുവേണ്ടി വിസ്താരത്തേയോ, വിസ്താരത്തിനുവേണ്ടി രാമണീയകത്തെയോ പലപ്പോഴും ഹോമിച്ചുകളഞ്ഞിട്ടുള്ളവരത്രേ. അചിരകാലം മുമ്പുവരെ ജീവിച്ചിരുന്ന കവികളിൽ ഭൂരിപക്ഷം, മറ്റെല്ലാം മറന്നു, കവിതയുടെ ആകാരഭംഗിയിൽ കുറെയധികം ലയിച്ചുപോയി; തന്നിമിത്തം അവരുടെ കൃതികൾ സാമാന്യനസാങ്കേതികവും നിൎജ്ജീവവുമായിപ്പരിണമിച്ചു; ഏറെത്താമസിയാതെ അതിൽനിന്നും ഒരു പ്രത്യാഘാതം (തിരിച്ചടി) തന്നെ ഉണ്ടായി. ഇതാണ് ഇന്നത്തെ യുവകവികൾ അവരുടെ അടുത്ത പൂൎവ്വികരെ കണ്ണടച്ചാരാധിക്കാത്തതിൻെറ മുഖ്യകാരണം. സാഹിത്യസാമ്രാജ്യം വിസ്തൃതമാക്കേണമെന്നുള്ള അവരുടെ ആദൎശം സൎവ്വഥാ പ്രശംസനീയമായിട്ടുള്ളതുതന്നെയാണ്. അതിനെ എന്നെന്നേയ്ക്കും മനോഹരമാക്കിത്തീൎക്കേണ്ടതിനു വേണ്ടുന്ന കലാകൗശലം അവരിൽ ചിലക്കു കുറെ കുറവാണെങ്കിൽ, ആയതു് അഭ്യാസംകൊണ്ടു ക്രമേണ സിദ്ധിക്കാവുന്നതുമാണല്ലോ.

ഏതായാലും സാഹിത്യസാമ്രാജ്യത്തിൻെറ ഇന്നത്തെസ്ഥിതിയെക്കുറിച്ചു് ഒട്ടുംതന്നെ നിരാശതയ്ക്കവകാശമുണ്ടെന്നു തോന്നുന്നില്ല. നേരേമറിച്ചു്, ഇന്നു

കാണുന്ന അലംഭാവാഭാവവും, അക്ഷമയും, പ്രസരിപ്പും, പ്രക്ഷോഭവും മററും, ഭാവിശ്രേയഃപിശുനമായ ചൈതന്യലക്ഷണങ്ങളായിക്കണക്കാക്കി നാം സ്വയം അഭിമാനിക്കുകയും അനുമോദിക്കുകയുമാണ് ചെയ്യേണ്ടതു്. "രസം" വററിവരണ്ടു കിടക്കുന്ന കാസാരത്തിൽ വർഷാരംഭസമയത്തുണ്ടാകുന്ന കലക്കം ഏതുപോലെയോ, അതുപോലെ മാത്രമേ, സാഹിത്യചരിത്രത്തിലെ അന്തരാളഘട്ടങ്ങളിൽ കാണുന്ന പ്രക്ഷോഭത്തെ കണക്കാക്കേണ്ടതുള്ളൂ. അതേ, വിദേശീയ സാഹിത്യസംസ്കാര വർഷാപാതത്താൽ മലയാള സാഹിത്യപല്വലം രസപുഷ്കലവും പരിപൂർണ്ണവുമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇന്നു നമുക്കു് ഗോചരീഭവിച്ചിരിക്കുന്നതു്. ഇതിനെക്കുറിച്ചു, കുണ്ഠിതത്തേക്കാളധികം പ്രത്യാശയ്ക്കാണ് അവകാശമുള്ളതെന്നു സുസ്പഷ്ടമാകുന്നു.

## ൨. സാഹിത്യത്തിന്റെ ഉറവുകൾ വറ്റാതിരിക്കുവാൻ

ഉണങ്ങി വരണ്ടു കിടക്കുന്ന പഴഞ്ചൻസങ്കേതമരുഭൂമിയിൽപെട്ടു് ഉൽകൃഷ്ടസാഹിത്യസരിത്തിന്റെ ഉറവുകൾ വററിപ്പോകാതിരിക്കേണമെങ്കിൽ, അതിലേയ്ക്കു സജീവങ്ങളും നവംനവങ്ങളുമായ ആശയങ്ങളാൽ തരംഗിതമായിട്ടുള്ള സംസ്കാരപ്രവാഹം ഇടയ്ക്കിടെ എവിടേനിന്നെങ്കിലും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ഈ തത്വം സാഹിത്യത്തിനു മാത്രമല്ല, വ്യക്തികൾക്കും, സമുദായങ്ങൾക്കും, സ്ഥാപനങ്ങൾക്കും സംസ്കാരങ്ങൾക്കും എന്നുവേണ്ട, ചൈതന്യത്തോടുകൂടി വളൎന്നുകൊണ്ടിരിക്കേണ്ടതായ മറെറല്ലാററിനും ഏറക്കുറെ ബാധകമായിട്ടുള്ളതാകുന്നു. സജീവത്വത്തിന്റെ ലക്ഷണം നവത്വംതന്നെയാണു്; അതുതന്നെയാണു് രമണീയത--

"ക്ഷണേക്ഷണേ യന്നവതാമുപൈതി
തദേവരൂപം രമണീയതായാഃ"

മനോധൎമ്മം ലേശമില്ലാതേ, പൂൎവ്വസങ്കേതങ്ങളെ മാത്രം കണ്ണടച്ചും തിരിച്ചും മറിച്ചും ആവൎത്തിച്ചു പ്രയോഗിച്ചു ചാരിതാൎത്ഥ്യമടയുന്ന ശക്തിഹീനരായ ഗ്രന്ഥകാരന്മാരുടെ ദുൎഭഗകൃതിശതങ്ങളാൽ നിറഞ്ഞു കൃത്രിമധാടിയോടുകൂടി പ്രകാശിക്കുന്ന യാതൊരു സാഹിത്യദശയ്ക്കും ദീൎഘായുസ്സു സിദ്ധിച്ചിട്ടുള്ളതായി ഇതു

വരെ എത്തും കേട്ടിട്ടില്ല. പോഷണസാധനങ്ങൾ യഥാകാലം പുറമേനിന്നു കിട്ടാതിരുന്നാൽ, ആത്മാഹാരവും ആത്മനാശവുമായിരിക്കും ഫലം എന്ന ജന്തുശാസ്ത്രനിയമം, പലപ്രകാരത്തിലും ജന്തുചരിത്രത്തോടു സാദൃശ്യം വഹിക്കുന്ന സാഹിത്യചരിത്രത്തിനും യോജിച്ചിരിക്കുന്നു. ഈ വാസ്തവം ഏററവും സ്പഷ്ടമായി ഉദാഹരിക്കുന്നതിനു പര്യാപ്തമായിട്ടുള്ളതത്രേ ആംഗ്ലേയസാഹിത്യചരിത്രം.

ആറാം ശതവഷത്തിൽ ക്രിസ്തുമതപ്രചാരം, പതിനൊന്നാം ശതവഷത്തിൽ നോർമൻകാരുടെ ആഗമനം, പതിനാറാം ശതവഷത്തിൽ "പുനരുജ്ജീവനപരിപാടി" (Renaissance Movement) യുടെ പിറകേവന്ന ഇററാലിയൻ സംസ്കാരപ്രസക്തി, പതിനെട്ടാം ശതവഷത്തിൽ ഫ്രെഞ്ചുസാഹിത്യസങ്കേതപ്രവാഹം, പത്തൊമ്പതാം ശതവഷത്തിൽ ഫ്രെഞ്ചുമഹാവിപ്ലവാദശങ്ങളുടെ സമർദ്ദം, എന്നിവ അതതുകാലത്തു ക്ഷയോന്മുഖമായിത്തീന്ന ഇംഗ്ലീഷ സാഹിത്യത്തിനു നവജീവൻ നല്കുവാൻ എത്രമാത്രം ഉപകരിച്ചു എന്നുള്ളതു സുവിദിതമാണല്ലോ. അതുപോലെതന്നെ മലയാളസാഹിത്യത്തിനും നിയതിയുടെ ചില പ്രത്യേകാനുകൂല്യങ്ങൾ അനുഭവിച്ചു വികാസം പ്രാപിക്കുവാൻ സാധിച്ചിട്ടുണ്ട്. തമിഴിന്റെ തള്ളുകൊണ്ടു സിദ്ധിച്ച ഗതിവേഗം കാലക്രമേണ മന്ദീഭവിച്ചു തുടങ്ങിയപ്പോൾ, മലയാളസാഹിത്യത്തിനു നവശക്തി "കുത്തിവെയ്ക്കുവാൻ" സംസ്കൃതം സൌകയ്യമേറിയ വിധത്തിൽ എത്തിച്ചേന്നു. സംസ്കൃതസമ്മത്ത്മേററ്

ഉയിർ കെട്ടുവാൻ തുടങ്ങിയ ഘട്ടത്തിൽ, ഇംഗ്ലീഷു സാഹിത്യം മലയാളത്തിനു പിൻതുണയായി സമാഗമിച്ചു. കൂടാതെ, ഭാരതീയങ്ങളായ ഇതരഭാഷകളിൽനിന്നും മലയാളഭാഷയ്ക്കു അടുത്ത കാലത്തു അഭിവൃദ്ധികരങ്ങളായ, സാമഗ്രികൾ പലതും സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ട്. തൽഫലമായി എത്ര പുതിയ പ്രസ്ഥാനവിശേഷങ്ങളും രീതിവൈചിത്ര്യങ്ങളുമാണ് മലയാളത്തിൽ ആവിർഭവിച്ചിട്ടുള്ളത്! വിഷയം, പ്രതിപാദനസമ്പ്രദായം, ഭാഷാഗതി, ആശയവൈവിദ്ധ്യം എന്നിങ്ങനെ പല അംശങ്ങളിലും നമ്മുടെ സാഹിത്യത്തിന് അടുത്തകാലത്തു ഗണ്യമായ വികാസം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിർവിവാദമാകുന്നു. ദേശാന്തരങ്ങളിലെ സാഹിത്യസംസ്കാരങ്ങൾ നമ്മുടെ ഭാഷയിലേയ്ക്കു എത്രത്തോളം അധികം സംക്രമിക്കുന്നുവോ അത്രത്തോളം അതിനു വളർച്ചയും പുഷ്ടിയും ഉണ്ടായിക്കൊണ്ടിരിക്കും. വിജാതീയങ്ങളും വിദേശീയങ്ങളുമായ ആശയവിശേഷങ്ങളുടേയും പ്രകാരഭേദങ്ങളുടേയും തിരത്തള്ളലിലാണ്, ഏതു സ്ഥാപനത്തിനും സംസ്കാരത്തിനും നൂതനചൈതന്യസമന്വിതമായ അഭിവൃദ്ധിക്കു അവകാശമുണ്ടാകുന്നതെന്നു സ്പഷ്ടമാകുന്നു. അതിനാൽ അന്യഭാഷാസംസ്കാരങ്ങളിൽനിന്ന് ഉചിതങ്ങളായ അംശങ്ങളെ ആകുന്നേടത്തോളം നമ്മുടെ ഭാഷയിലേയ്ക്കു പകൎത്തുന്നതു നമ്മുടെ സാഹിത്യത്തിന്റെ ഉറവുകൾ വററിപ്പോകാതിരിക്കുവാൻ സഹായമായിരിക്കും. കൂട്ടത്തിൽ ത്യാജ്യാംശങ്ങളും കുറെ കടന്നുകൂടിയേക്കാമെങ്കിലും,

അവ കാലക്രമേണ സ്വയമേവ പരിത്യക്തങ്ങളായി ത്തീരുകയും ചെയ്തുകൊള്ളും.

മലയാളത്തിലെ ഒരു സാമാന്യസാഹിത്യകാരന്നു മറുനാട്ടുകളിലെ സാഹിത്യസംസ്കാരങ്ങളെക്കുറിച്ചുള്ള ജ്ഞാനം വളരെ പരിമിതമായിട്ടാണിരിക്കുന്നതെന്നു സലജ്ജം സമ്മതിക്കാതെ നിവൃത്തിയില്ല. ഗ്രീക്ക്, ലത്തീൻ, ജർമ്മൻ, ഇംഗ്ലീഷ് മുതലായ പാശ്ചാത്യഭാഷകളുടെ കഥ ഇരിക്കട്ടെ. ബങ്കാളി, ഗുജറാത്തി, ഹിന്ദി, തെലുങ്ക്, തമിഴ്, കർണ്ണാടകം തുടങ്ങിയ ഭാരതീയഭാഷകളെപ്പററിത്തന്നെ സാധാരണനായ ഒരു മലയാളസാഹിത്യകാരൻ എത്രത്തോളം അറിവു സമ്പാദിച്ചുവെച്ചിട്ടുണ്ട്? ആവക പ്രശസ്തഭാഷകളിലെ ഉൽകൃഷ്ടതമന്മാരായ ഗ്രന്ഥകാരന്മാർ ആരെല്ലാമെന്നോ, അവരുടെ മുഖ്യകൃതികളെന്തെല്ലാമെന്നോ, പോലും അധികംപേർ ധരിച്ചിട്ടുണ്ടെന്നുതോന്നുന്നില്ല. വിഖ്യാതന്മാരായ ആംഗ്ലേയകവികളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇക്കാൎയ്യത്തിൽ നമ്മുടെ മലയാളകവികൾ എത്രയോ പടി താഴെയാണിരിക്കുന്നതു്. ചാസർ, സ്പെൻസർ, ഷേക്സ്പിയർ, മിൽട്ടൺ, ഡ്രൈഡർ, പോപ്പ്, ജോൺസൺ, കോളറിജ്, ബൈറൺ, ഷെല്ലി, വേഡ്സ്‌വത്ത്, സ്കോട്ട്, ടെന്നിസൺ, താക്കറേയ്, ഡിക്കൻസ്, ആർനോൾഡ് മുതലായ പ്രസിദ്ധാംഗ്ലേയസാഹിത്യകാരന്മാരെല്ലാം ധാരാളം ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവരായിരുന്നു. അവൎക്കു മററു ഭാഷകളുമായി, നേരിട്ടോ തൎജ്ജമകൾ വഴിക്കോ, നല്ല പരിചയവുമുണ്ടായിരുന്നു. മലയാളത്തിലെ പണ്ടത്തെ കവികളിൽ പലരും അവ

രോടു കിടപിടിക്കത്തക്കവരായിരുന്നിരിക്കാം. എന്നാൽ അടുത്തകാലത്തു ദുല്ലഭം ചിലരൊഴിച്ചു മററുള്ളവർ വാസനയെ കൊണ്ടാടുന്നതനുസരിച്ചു വായനയെ വിലമതിക്കുന്നില്ലെന്നു തോന്നുന്നുണ്ടു്. ഉൽകൃഷ്ടകാവ്യത്തിൻെറ ഉൽപ്പത്തിക്കു ആധാരമായി നില്ക്കുന്നതു് ശക്തിയെന്നപോലെ വ്യുൽപത്തിയും അഭ്യാസവുമാണല്ലോ. ശക്തിയെന്നുവെച്ചാൽ പ്രതിഭ, അതായതു് നവനവോന്മേഷശാലിനിയായ പ്രജ്ഞ എന്നത്ഥം. ഇതുതന്നെ സഹജ (ജന്മസിദ്ധ) യോ, ഉല്പാദ്യ (അഭ്യാസജ, അഥവാ, വ്യുൽപത്തിജ) യോ, ആവാം. ലോകശാസ്ത്രകാവ്യങ്ങളിലുള്ള നിപുണതയത്രേ വ്യുൽപത്തി. നിയതപ്രയത്നം-വിശിഷ്യ, വിദഗ്ദ്ധാഭിമുഖ്യത്തിലുള്ള പരിശീലനം - തന്നെയാണു് അഭ്യാസം. ഇങ്ങനെ സൽകാവ്യസൃഷ്ടിക്കു വാസനയും വായനയും അത്യാവശ്യങ്ങളാണെന്നു പണ്ടുള്ളവർ വ്യക്തമാക്കീട്ടുണ്ടു്. ഇവ രണ്ടും തമ്മിലുള്ള ബന്ധം ദൃഷ്ടിയും പ്രകാശവും തമ്മിലുള്ള ബന്ധംപോലെയാണെന്നും അവർ വിശദീകരിച്ചിട്ടുണ്ടു്. കാഴ്ചയില്ലെങ്കിൽ വെളിച്ചംകൊണ്ടെന്തുപ്രയോജനം? വെളിച്ചമില്ലെങ്കിൽ കാഴ്ചകൊണ്ടു ഫലമെന്തു്? ഇങ്ങനെ ശക്തിയും വ്യുല്പത്തിയും ഉത്തമകാവ്യനിമ്മിതിക്കു് ഒരുപോലെ ആവശ്യമുള്ളവതന്നെയാണെന്നു സിദ്ധിക്കുന്നു.

അനേകം ഭാഷകളിൽ നേരിട്ടു പരിജ്ഞാനം സമ്പാദിക്കുക എന്നതു് അധികംപേക്കും സുകരമല്ലാത്ത സ്ഥിതിക്കു് അവയിലുള്ള സൽഗ്രന്ഥങ്ങളെ പരാവത്തനം ചെയ്യുന്നതു് ഭാഷാപോഷണത്തിനു പ്രത്യക്ഷത്തിൽ

പ്രയോജനപ്രദമായിരിക്കണമല്ലോ. നമ്മുടെ ഭാഷാകേദാരത്തിൽ ഉൽകൃഷ്ടകാവ്യസസ്യങ്ങൾ മുളച്ചു തഴച്ചുവരുന്നതിനു വേണ്ടുന്ന വളങ്ങളാണ് ഇതരഭാഷകളിൽനിന്നുള്ള ഉത്തമഗ്രന്ഥങ്ങളുടെ പരാവൎത്തനങ്ങളെന്നു പറയാം. ഇപ്രകാരം മററുള്ള ഭാഷകളിൽനിന്ന് ഇനിയും അസംഖ്യം സാഹിത്യഗ്രന്ഥങ്ങളെ മലയാളത്തിലേയ്ക്കു തൎജ്ജമ ചെയ്തു പ്രചരിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

## ൩. ജീവൽസാഹിത്യം

സ്വാഭാവികമായ ആഭ്യന്തരപ്രചോദനത്തിൻെറയും വിദേശസാഹിത്യപ്രസക്തിയുടേയും ഫലമായി മലയാളസാഹിത്യത്തിൽ അടുത്തകാലത്തു ആവിർഭവിച്ചിട്ടുള്ള ഒരു പ്രസ്ഥാനവിശേഷമാണ് "ജീവത്സാഹിത്യം." അനേകശതവർഷങ്ങളായി പുരാണകഥകളേയും പൗരാണികസങ്കേതങ്ങളേയും ഒരിക്കലും അവസാനിക്കാത്തവിധം ചർവ്വിതചർവ്വണം ചെയ്തുകാണുകയാൽ മനസ്സു മടുത്തവരും തോന്നിയതു പറയുന്നതിൽ കൂസലില്ലാത്തവരുമായ ഏതാനും ചില ഉൽപതിഷ്ണുക്കളാണ് ജീവത്സാഹിത്യനാടകത്തിൻെറ സൂത്രധാരന്മാരായി രംഗപ്രവേശം ചെയ്തിരിക്കുന്നതു്. മലയാളകവികൾ ഇന്നും സംസ്കൃതത്തിലെ പഴയ സിദ്ധാന്തങ്ങൾക്കു അടിമപ്പെട്ടുകിടക്കുകയാണെന്നും തന്മൂലം ചുററുപാടുമുള്ള യഥാർത്ഥലോകത്തിൽ നിന്നു പിന്തിരിഞ്ഞു കവിസൃഷ്ടമായ സങ്കല്പലോകത്തിൽ വിഹരിക്കുകയാണ് അവർ ചെയ്തുവരുന്നതെന്നും സമകാലികമായ ജീവിതഗതിയെ പ്രതിഫലിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുവാൻ അവർ തങ്ങളുടെ പ്രതിഭയെ വിനിയോഗിക്കാതെ മനോധർമ്മസംഹാരിയായ മാമൂൽഭ്രമത്തിനു വിധേയരായി അധഃപതിച്ചുപോകുന്നു എന്നും മററുമാണ് ഇന്നു നാം കേൾക്കുന്ന ഒരാക്ഷേപം. ഇതു കേവലം പ്രകൃതിനിയമമനുസരിച്ചുതന്നെ പ്രതീക്ഷിക്കേണ്ടതായ ഒന്നാണെന്നു സ്വല്പം ആലോചിച്ചാലറിയാറാകും. ജീവിത

ത്തിലെന്നപോലെ, ജീവിതസന്താനവും ജീവിതസംബന്ധവുമായ സാഹിത്യത്തിലും ഒരു സമ്പ്രദായം അനുസ്യൂതമായി കുറെക്കാലം പ്രചരിച്ചുകഴിഞ്ഞാൽ പിന്നെ സ്വയമേവ ഒരു പ്രത്യാഘാതം (തിരിച്ചടി) ഉണ്ടാവുക എന്നതു പരിണാമക്രമത്തിൽ അനിവാര്യമാകുന്നു. രാമായണവും, മഹാഭാരതവും, കാളിദാസൻ, ഭവഭൂതി, മാഘൻ, ശ്രീഹർഷൻ മുതലായവരുടെ കൃതികളും സംസ്കൃതകവികളുടെ സാമാന്യസമ്പ്രദായങ്ങളും സങ്കേതങ്ങളും സംസ്കൃതവൃത്തങ്ങളും മററുമെല്ലാം മലയാളസാഹിത്യത്തെ "കുതിരകയറി"ത്തുടങ്ങിയിട്ടു നാളേറെയായിരിക്കുന്നു. അവയിൽ ആവേശംകൊണ്ടു മതിമറന്ന നമ്മുടെ കേരളീയകവികൾ അവരുടെ കണ്ണിനുമുമ്പിൽ കിടക്കുന്ന വാസ്തവലോകത്തെ കാണുന്നതേയില്ല; അവരുടെ ദൃഷ്ടി എപ്പോഴും പഴയതിലേക്കാണ് തിരിഞ്ഞിരിക്കുന്നതു്. അവർ "പിൻനോക്കി"കളാണ്. ഇങ്ങനെയായാൽപോരാ, മലയാളകവികൾ ഇനിയെങ്കിലും "മുൻനോക്കി"കളായിത്തീരുവാൻ ശ്രമിക്കണം. നമുക്കിനിയുണ്ടാകേണ്ടതു് "മുൻനോക്കിസ്സാഹിത്യ"മാണ്. ഏതു സാഹിത്യത്തിലേയും പ്രതിഭാശാലികളായ ആദികവികൾ അവരുടെ കൃതികളിൽ പ്രകാശിപ്പിച്ചിട്ടുള്ളലോകം അവരുടെ കാലത്തുണ്ടായിരുന്നതുതന്നെയാണ്. അഥവാ അതിൽ കുറച്ചു മുമ്പുണ്ടായിരുന്നതായിരിക്കാം. എങ്ങനെയായാലും ആ ലോകം അവരുടെ കാലത്തു സജീവമായിട്ടുള്ളതുതന്നെ ആയിരുന്നിരിക്കണമെന്നുള്ളതു നിസ്സംശയമത്രെ. എന്നാൽ അനന്തരകാലങ്ങളിലെ കവികൾ എന്തുകൊണ്ടാണ് അവരവ

രുടെ കാലങ്ങളിലുള്ള സജീവലോകത്തെക്കുറിച്ചെഴുതു ന്നതിൽ വിമുഖരായിത്തീൎന്നതു്? സാഹിത്യത്തിലെ പ്രതിപാദ്യവിഷയമെന്ന നിലയിൽ അനുവാചകന്മാരെ ആഹ്ലാദിപ്പിക്കുന്നതിനും വിജ്ഞന്മാരാക്കിത്തീൎക്കുന്നതിനുമുള്ള ശക്തി പഴയകാലങ്ങൾക്കു മാത്രമാണുള്ളതെന്നു ഒരിക്കലും പറയാവുന്നതല്ല. നേരെമറിച്ചു ജീവിതായോധനത്തിൽനിന്നു പിന്തിരിഞ്ഞോടിപ്പോകാതെ യാഥാൎത്ഥ്യങ്ങളോടു യഥോചിതം ഇണങ്ങിയും പിണങ്ങിയും പെരുമാറുന്നവൎക്കു സമകാലികമായ ലോകഗതിയിലല്ലയോ അധികം താല്പൎയ്യമുണ്ടായിരിക്കുക? സാഹിത്യത്തിൽ പ്രതിപാദിക്കപ്പെടുവാൻ വേണ്ടുന്ന വൈവിധ്യവും വൈചിത്ര്യവും അതിനു ധാരാളമുണ്ടുതാനും. ഇതിനൊക്കെ പുറമെ, അവനവന്റെ അടുത്ത ചുറ്റുപാടുകളെ സൂക്ഷ്മമായി ഗ്രഹിച്ചതിനു ശേഷമല്ലയോ കാലദേശവിഷയങ്ങളിൽ വിദൂരസ്ഥങ്ങളായവയെ ഗ്രഹിക്കുവാൻ നോക്കേണ്ടതു്? ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും കവികൾ സമകാലികമായ ലോകത്തിലേക്കു തങ്ങളുടെ പ്രതിഭയാകുന്ന "സൂക്ഷ്മദൎശിനി" (ഭൂതക്കണ്ണാടി--Microscope) തിരിക്കുന്നതു സ്പൃഹണീയംതന്നെയാകുന്നു. അങ്ങനെ ചെയ്താൽ മാത്രമേ യഥാൎത്ഥമായ ഒരു കേരളീയസാഹിത്യത്തെ പുഷ്ടിപ്പെടുത്തുവാൻ മലയാളകവികൾക്കു സാധിക്കയുള്ളു. മഹാകാവ്യങ്ങളോ, കാവ്യങ്ങളോ, നോവലുകളോ, ചെറുകഥകളോ, ഉപന്യാസങ്ങളോ എന്തുതന്നെ ആയിക്കൊള്ളട്ടെ, അവയിലെ രംഗം ഇന്നത്തെ കേരളമായിരിക്കണം എന്നൊരു ദൃഢവ്രതത്തോടുകൂടി അനേകം സാഹിത്യകാരന്മാർ ഇന്നു സധൈൎയ്യം മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു.

പാവങ്ങളുടെ കഷ്ടാരിഷ്ടങ്ങളെ സാനുകമ്പം
വിശദമാക്കുന്നു.

അതും പോരാ—പഴയ തോതിൽ ധനവാന്മാക്കും സുഖലോലുപന്മാക്കും രുചിക്കാത്ത ഭാഗങ്ങളെയെല്ലാം വിട്ടുകളഞ്ഞും, ഒരു പ്രത്യേകതരം ശൃംഗാരത്തിനോ വീരത്തിനോ മാത്രം പ്രാധാന്യം കല്പിച്ചും നിമ്മിക്കപ്പെടുന്ന സാഹിത്യമല്ലാ ഇപ്പോഠം ഉണ്ടാകേണ്ടിയിരിക്കുന്നതു്. കരുണത്തിനു കൂടുതൽ പ്രതിഷ്ഠ നൽകുകയും ബീഭത്സം യഥാത്ഥജീവിതത്തിൽ കാണുന്നതനുസരിച്ചുതന്നെ സാഹിത്യത്തിലേക്കു പകത്തുകയും ചെയ്യുവാൻ മടിക്കരുതു്. ഇന്നത്തെ തലതിരിഞ്ഞ പരിഷ്ക്കാരത്തിൻെറ ഫലമായി അതിദാരുണമായ ദാരിദ്ര്യവും അതോടുകൂടിയുള്ള അസംഖ്യം ക്ലേശങ്ങളും ബലവാന്മാരുടെ ഹൃദയരഹിതങ്ങളായ മദ്ദനങ്ങളും "ചൂഷണങ്ങളും" സഹിച്ചു വലയുന്ന ദുർഗ്ഗജനസഞ്ചയത്തിൽ നിത്യജീവിതത്തെ, കാണുന്നപടിതന്നെ, സാഹിത്യത്തിലേക്കു പകത്തണം. ആ വഴിക്കു അവരുടെ ദുരിതസഹസ്രങ്ങഠംക്കു പരിഹാരമുണ്ടാക്കാമോ എന്നു നോക്കണം. ലോകത്തിലെ അരിഷ്ടുക്കുഴികളിലേക്കു വായനക്കാരുടെ കണ്ണുകളെ തുറപ്പിക്കണം. കൃഷിക്കാർ, തൊഴിലാളികഠം, കൂലിവേലക്കാർ, അധഃകൃതർ, ദുരാചാരരാക്ഷസാദിട്ടുതർ, ശക്തിയേറിയവരാൽ സ്വാത്ഥദേവതയ്ക്കു ബലികഴിക്കപ്പെടുന്നവർ—എന്നു വേണ്ടാ, നാനാപ്രകാരേണ ജീവിതവിഷകൃമികളായി ചത്തു ചാകാതെ നാഠംകഴിക്കുന്നവർ—

എന്നീ കൃപാവിഷയങ്ങളായ വർഗ്ഗങ്ങളുടെ കഥ മുഴുവൻ വിശദമാക്കി (എത്ര ജുഗുപ്സാവഹമോ, ഭയാനകമോ ആയാലും വേണ്ടതില്ല) സുസൂക്ഷ്മം വിവരിച്ചെഴുതപ്പെടുന്ന സാഹിത്യഗ്രന്ഥങ്ങളാണു് ഇന്നു സജീവങ്ങളായി കണക്കാക്കപ്പെടേണ്ടതു്.

## പരിഹാരമാർഗ്ഗനിർദ്ദേശം.

അതിനുംപുറമെ താൽക്കാലികങ്ങളായ തീവ്രപ്രശ്നങ്ങളെ വിശദീകരിച്ചാൽ മാത്രം പോരാ, അവയ്ക്കു തൃപ്തികരങ്ങളായ സമാധാനങ്ങളെ ചൂണ്ടിക്കാണിച്ചു, സൃഷ്ടിപരങ്ങളായ നിർദ്ദേശങ്ങളെ നൽകുവാൻ കൂടി ശ്രമിക്കുന്നതും സാഹിത്യകാരൻെറ കർത്തവ്യമത്രെ.

## വ്യക്തിയേക്കാൾ വർഗ്ഗത്തിനു പ്രാധാന്യം.

ജീവത്സാഹിത്യഗ്രന്ഥങ്ങളിൽ നായകസ്ഥാനത്തു വർണ്ണിച്ചുകാണുന്നതു് വ്യക്തിയേക്കാളധികം ജാതിയെയാണു്; എന്നുവെച്ചാൽ ഒരാളേക്കാളധികം അയാളുൾപ്പെടുന്ന വർഗ്ഗത്തെയാണു്. ക്രൂരയായ പ്രകൃതിജനനിയുടെ "ചിററമ്മനയം"കൊണ്ടു് ക്ലേശിക്കുന്ന ജനവിഭാഗങ്ങളാണല്ലോ ജീവത്സാഹിത്യകാരൻെറ അനുകമ്പാമസൃണമായ അഭിവീക്ഷണത്തിനു ലക്ഷീഭവിക്കുന്നതു്. നായകസ്ഥാനത്തു ഏതെങ്കിലും വ്യക്തിയെ പ്രവേശിപ്പിച്ചു കണ്ടാൽത്തന്നെയും ആ വ്യക്തി ഒരു ജനവിഭാഗത്തിൻെറ പ്രതിനിധി

യായി പ്രത്യക്ഷമാകുന്നു. ജീവിതസാഗരത്തിൻെറ ഉപരിഭാഗത്തു വെട്ടിത്തിളങ്ങുന്ന മഹാസത്വങ്ങൾക്കല്ലാ അതിൻെറ അടിത്തട്ടിൽ കിടക്കുന്ന നാനാതരം ജന്തുസഞ്ചയത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നു താല്പര്യം.

ഇങ്ങനെ ഒരു വിശിഷ്ടാൎത്ഥത്തോടുകൂടിയാണ് "ജീവത്സാഹിത്യ"പദം ഇന്നു പ്രയോഗിച്ചു കാണുന്നതു്. അതിനാൽ ഇതിനുമുമ്പുള്ള സാഹിത്യത്തിനൊന്നും ജീവനില്ലെ എന്ന പൂൎവ്വപക്ഷത്തിനു പ്രസക്തിയില്ലെന്നു ഇനി എടുത്തുപറയേണ്ടതില്ലല്ലോ.

## സ്ത്രീയുടെ ചരിത്രത്തോടു സാദൃശ്യം.

ചുരുക്കിപ്പറയുന്നതായാൽ ഇതിൽനിന്നെല്ലാം വന്നുകൂടുന്നതെന്താണ്?

സ്ഥാനം, മാനം, ധനം, സുഖം, വൈദുഷ്യം എന്നിവയാൽ അനുഗ്രഹിതരായിട്ടുള്ള ഏതാനും ചില ഭാഗ്യവാന്മാരെ മാത്രം രസിപ്പിക്കുവാനായിട്ടുള്ളതല്ല സാഹിത്യം. യഥാൎത്ഥജീവിതത്തിലെ കയ്പുള്ളഭാഗം മുഴവൻ തള്ളിക്കളഞ്ഞു കേവലം മധുരമായ ഭാഗംമാത്രം കടഞ്ഞെടുത്തു അത്തരക്കാൎക്കു കൊടുക്കുകയല്ലാ സാഹിത്യത്തിൻെറ ധൎമ്മം. (വാസ്തവലോകത്തിലെ അസമത്വങ്ങളിലേക്കും കഷ്ടാരിഷ്ടങ്ങളിലേക്കും ഇറങ്ങിവന്നു അവയുടെ പരിഹാരത്തിനുള്ള പോംവഴികൾ നിൎദ്ദേശിച്ചു പാവങ്ങളെ സഹായിക്കുകയാണ് സാഹിത്യത്തിൻെറ ഇന്നത്തെ കൎത്തവ്യം. യഥാൎത്ഥത്തിൽനിന്നുയൎന്നില്ലു

കയല്ലാ അതിനെ അഭിമുഖീകരിക്കുകയാണ് സാഹിത്യത്തിൻെറ ആദർശം.)

ഈ സംഗതികളിലെല്ലാം സാഹിത്യത്തിൻെറ ചരിത്രത്തിനും ലോകത്തിൽ സ്ത്രീയുടെ ചരിത്രത്തിനും തമ്മിൽ ഒരു സാമ്യം കാണാവുന്നതാണ്. സ്ത്രീകളെ ജീവിതത്തിലെ പനിനീർപ്പൂക്കളോ മധുരപലഹാരങ്ങളോ കളിപ്പാട്ടങ്ങളോ മാത്രമായി കണക്കാക്കിയിരുന്ന ഒരു പഴയ കാലമുണ്ടായിരുന്നു. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിലുള്ള സാമർത്ഥ്യമല്ല അന്നു സ്ത്രീയിൽനിന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നതു്. വാസ്തവലോകത്തിൽനിന്നു രക്ഷ പ്രാപിച്ചു വിശ്രമിച്ചാനന്ദിപ്പാനുള്ള ഒരു സങ്കേതമായിരുന്നു അവർ. അതു പോയി, ഇപ്പോഴത്തെ സ്ത്രീകളുടെ നില എന്തായി? ജീവിതയുദ്ധത്തിൽ പുരുഷനോടൊപ്പം തോളോടുതോളുരുമ്മിനിന്നുകൊണ്ടു് എവിടെയും പൊരുതുവാനല്ലെ സ്ത്രീകൾ ഇന്നു സന്നദ്ധകളായി ഇറങ്ങിയിരിക്കുന്നതു്. സൗന്ദര്യം, സൗകുമാര്യം, ലാവണ്യം എന്നിവയുടെ നിദാനമായ സ്ത്രീ, യഥാർത്ഥജീവിതക്ലേശങ്ങളിൽനിന്നു പിന്തിരിഞ്ഞോടുകയല്ല, അവയോടു നേരിട്ടുനിന്നു പൊരുതി പരിഹാരമാർഗ്ഗങ്ങളെ കണ്ടുപിടിക്കുവാൻ സഹായിക്കുകയാണ് ചെയ്യുന്നതു്. കാവ്യാംഗനയും അതുപോലെതന്നെ സൗന്ദര്യാദിമൃദുലഗുണങ്ങൾക്കു കോട്ടം തട്ടാത്തവിധത്തിൽ അഗതികളുടെ ലോകത്തിലേയ്ക്കിറങ്ങിവന്നു വേല ചെയ്യേണ്ടിയിരിക്കുന്നു. അഥവാ സൗന്ദര്യാദിസ്ത്രീലക്ഷണങ്ങൾക്കു കോട്ടം തട്ടുന്നതായാൽകൂടി സ്വധർമ്മാനുഷ്ഠാനത്തിൽ ലോപം വരുത്താതിരിക്കയാണ് വേണ്ടതു്. സ്വധർമ്മാനുഷ്ഠാനംതന്നെ ഒരു

സൗന്ദര്യമല്ലയോ? എന്നിങ്ങനെയെല്ലാമാണ് ഇന്നത്തെ ജീവത്സാഹിത്യകാരന്മാരുടെ മതം.

ഭൗതികപ്രപഞ്ചത്തിലെന്നപോലെതന്നെ സാഹിത്യലോകത്തിലും പ്രകൃതിനിയമമനുസരിച്ചുള്ള പരിണാമം അനുസ്യൂതമായി വന്നുകൊണ്ടിരിക്കുന്നുണ്ട്. ചരിത്രത്തിന് എത്തിനോക്കുവാൻ കഴിയാത്ത പ്രാചീനകാലങ്ങളിൽ ജൃംഭിച്ചിരുന്ന മഹാസത്വങ്ങളായ വന്യമൃഗങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഇന്നത്തെ ശാർദ്ദൂലഗജസിംഹാദികൾ എത്രയോ ക്ഷുദ്രാകാരങ്ങളായ ജന്തുക്കൾ മാത്രമാകുന്നു. ഭാവിയിലെ മൃഗസഞ്ചയം ആകൃതിയിൽ ഇവയെക്കാളും ചെറുതാകയില്ലെന്നു ആർ കണ്ടു? പുരാണേതിഹാസങ്ങൾ വർണ്ണിച്ചിരിക്കുന്ന മഹാകായന്മാരും ബലിഷ്ഠന്മാരുമായ രാക്ഷസവാനരാദികളുടെ സ്ഥാനത്ത് ഇന്നു കാണുന്ന ഗംഭീരന്മാർ, സ്വിഫ്ററിൻെറ Gulliver's Travels ലെ ബ്രോബ്ഡാഗ്നാഗ് നിവാസികളുടെ സമീപത്തു നില്ക്കുന്ന ലില്ലിപ്പുട്ട് നിവാസികളെ അല്ലയോ അനുസ്മരിപ്പിക്കുന്നത്!

ഏകദേശം അതുപോലെയുള്ള ഒരു പരിണാമം തന്നെയാണ് സാഹിത്യത്തിലും വന്നുകൂടീട്ടുള്ളത്. ഈശ്വരസൃഷ്ടിയിൽ കാണുന്ന ഇത്തരം പരിണാമം മനുഷ്യസൃഷ്ടി അനുസരിക്കുന്നതു സ്വാഭാവികമാണല്ലൊ. രാമായണം, മഹാഭാരതം, മാഘനൈഷധാദി മഹാകാവ്യങ്ങൾ ഇവയുടെ അനുകരണങ്ങൾ എന്നിവയ്ക്കെല്ലാം ഒരു കാലമുണ്ടായിരുന്നു. ആ കാലം പോയി നമ്മുടെ പരിതഃസ്ഥിതികളും മനഃസ്ഥിതിയും മാറിയിരിക്കുന്നു. പഴയതിനു മഹത്വമില്ലെന്നാരും

ശഠിക്കുന്നില്ല. ഇപ്പോഴും എപ്പോഴും അതു അത്ഭുതോത്ഥാപിതമായ അഭിനന്ദനത്തെ അർഹിക്കുന്നതാണെന്നുള്ളതിന്നു സംശയമില്ല. ഈജിപ്തിലെ പിറമിഡുകളും, ഇന്ത്യയിലെ ടാജ്മഹാളും ആശ്ചര്യജനകങ്ങൾ തന്നെ. എന്നുവെച്ചു ചെറിയ ആസ്പത്രികളും, പള്ളിക്കൂടങ്ങളും, സത്രങ്ങളും മററും വേണ്ടെന്നു വരുമോ? പ്രാചീനവീരയോദ്ധാക്കളുടെ വില്ലും വാളും വേലും മററു പടക്കോപ്പുകളും കാഴ്ചബംഗ്ലാവുകളിൽ കണ്ടു നാം വിസ്മയാദരപരതന്ത്രരാകാറില്ലേ? എന്നുവെച്ചു ഇന്നത്തെ ആയോധനങ്ങൾക്കും അവ പര്യാപ്തങ്ങളാണെന്നുള്ള അഭിപ്രായക്കാരാണ് നാം എന്നു വന്നുകൂടുന്നുണ്ടോ? കാലത്തോടൊപ്പം മുന്നോട്ടു പായുന്നതായി മനുഷ്യലോകത്തിൽ ഒരു പദാൎത്ഥവുമുണ്ടെന്നു തോന്നുന്നില്ല.

## സാഹിത്യോദ്ദേശത്തെപ്പററിയുള്ള ഭിന്നാഭിപ്രായങ്ങൾ.

ഇവിടെ ഒരു പൂൎവ്വപക്ഷത്തിന്നു വഴിയുണ്ടെന്നുള്ള വാസ്തവം വിസ്മരിക്കുന്നില്ല. യുദ്ധോപകരണങ്ങളെ സാഹിത്യവിഭാഗങ്ങളോടു താരതമ്യപ്പെടുത്തുന്നതിൽ യുക്തിഭംഗമില്ലേ? ആദ്യത്തേതു പ്രയോജനകലയിലും രണ്ടാമത്തേതു സുകുമാരകലയിലുമല്ലേ ഉൾപ്പെടുന്നതു്? ഒന്നിൻെറ ഉദ്ദേശം പ്രായോഗികമായ കാൎയ്യസാധ്യമാണെങ്കിൽ മറേറതു കേവലം രസാത്മകമണല്ലൊ. അസമാനധൎമ്മങ്ങളായ അവയെ സാദൃശ്യപ്പെടു

ത്തുന്നതു അനുചിതമല്ലേ? എന്നിങ്ങനെ ഒരുകൂട്ടർ വാദം തുടങ്ങിയേക്കാം. ഈ ഘട്ടത്തിൽവെച്ചാണു് സാഹിത്യനിരൂപകന്മാർ രണ്ടു കക്ഷികളായി തിരിഞ്ഞു രണ്ടു ഭിന്നമാർഗ്ഗങ്ങളിൽക്കൂടി പ്രയാണമാരംഭിക്കുന്നതു്. സാഹിത്യത്തിൻെറ ഉദ്ദേശ്യം കേവലം രസപ്രദാനമല്ല. ചില പ്രത്യേക കാര്യങ്ങൾ സാധിക്കുന്നതിനുള്ള ഉപകരണം തന്നെയാണു് സാഹിത്യം, (Literature is merely a means to an end) എന്നിങ്ങനെ തുറന്നുപറയുന്നവർ അനേകംപേരുണ്ടു്. ജീവൽസാഹിത്യപ്രസ്ഥാനക്കാരുടെ തത്വം (Progressive Literature) ഇതാണെന്നു അവർതന്നെ ഉൽഘോഷിക്കുന്നു. അവരോടു വിതണ്ഡാവാദം നടത്തുന്നതു് അനാവശ്യമാണു്. ഉദ്ദേശ്യത്തെക്കുറിച്ചു അഭിപ്രായവ്യത്യാസമുള്ള സാഹിത്യകാരന്മാർ ഭിന്നങ്ങളായ പ്രാപ്യസ്ഥാനങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടു പുറപ്പെടുന്ന സാംയാത്രികന്മാരെപ്പോലെയാണു്. രണ്ടു കൂട്ടരു രണ്ടു വഴിക്കു പോയ്ക്കൊള്ളട്ടെ എന്നു വെക്കുകയായിരിക്കും ഉത്തമം.

ഇങ്ങനെ സാഹിത്യലോകസഞ്ചാരികൾ വേർതിരിഞ്ഞു നിന്നുകൊണ്ടു ഭിന്നമാർഗ്ഗങ്ങളിൽക്കൂടെ അവരുടെ പ്രതിഭയെ വ്യാപരിപ്പിക്കുന്നതിനാൽ ലോകത്തിനാകപ്പാടെ ഗുണമല്ലാതെ ദോഷമൊന്നും വരുവാനുണ്ടെന്നുതോന്നുന്നില്ല. വൈവിധ്യമെന്നതു വളൎച്ചയുടെ ലക്ഷണമാകുന്നു. ഈശ്വരസൃഷ്ടിയായ ഈ പ്രപഞ്ചത്തിൽത്തന്നെ കാലഗതിയനുസരിച്ചു എത്രയെത്ര വ്യത്യാസങ്ങളാണു് വന്നുകൊണ്ടിരിക്കുന്നതു്! എന്നിട്ടാണോ പിന്നെ, മനുഷ്യസൃഷ്ടിയായ സാഹിത്യം പഴയ

മട്ടിൽനിന്നു വ്യതിചലിക്കാതിരിക്കണമെന്നു ശഠിക്കുന്നതു്! ഭൂപ്രകൃതിയിൽ പോലും കുന്നു കുഴിയായിട്ടും, സ്ഥലം ജലമായിട്ടും, കാടു നാടായിട്ടും ഇവയെല്ലാം ക്രമേണ നേരെമറിച്ചും, എത്ര മാററങ്ങൾ അനുദിനം വന്നുകൊണ്ടിരിക്കുന്നു. പിന്നെയാണോ സാഹിത്യസ്വഭാവം മാത്രം മാറിക്കൂടാ എന്നു മർക്കടമുഷ്ടി പിടിക്കുന്നതു്.

No. 3432

## പൂർവ്വസങ്കേതങ്ങൾ.

ലോകം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതോടുകൂടി, അതിനെ നടത്തുന്ന ശക്തികളുടെ പ്രതിഫലനമോ പ്രകാശനമോ ആയ സാഹിത്യവും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകതന്നെ ചെയ്യുന്നു. സജീവമായ ഏതു സാഹിത്യത്തിൻെറയും ഒരു ലക്ഷണമാണിതു്. ഈ തത്വമനുസരിച്ചു നോക്കുമ്പോൾ, ലോകത്തിലെന്നപോലെ സാഹിത്യത്തിലും ഇന്നു കാണുന്ന ഒരു പ്രധാനസംഗതി പരമ്പരാഗതങ്ങളായ പഴയ സിദ്ധാന്തങ്ങളേയും സ്ഥാപനങ്ങളേയും പാടേ ധ്വംസിച്ചുകളയുവാനുള്ള വാശിയോടുകൂടിയ അത്യുഗ്രസംരംഭമാകുന്നു. ഇതും സജീവമായ സാഹിത്യഗതിയുടെ ഒരു സ്വാഭാവികാംശമായിട്ടാണു് നാം കണക്കാക്കേണ്ടതു്. പൂർവ്വസങ്കേതങ്ങളെങ്ങനെയാണുണ്ടായിട്ടുള്ളതെന്നൊന്നാലോചിച്ചു നോക്കുക. ഇന്ദ്രനും, ഐരാവതവും, കല്പവൃക്ഷവും, കാമധേനുവും അപ്സരസ്ത്രീകളും, ശശധരനും, ഹരിണാങ്കനും, കുമുദിനീവല്ലഭനും, കമലനീ

കാന്തനും, കരരീകോകചാതകാദികളും മററും മററുമെല്ലാം പണ്ടുണ്ടായിരുന്ന ഏതാനും ചില കവികളുടെ ഭാവനാസന്താനങ്ങളല്ലേ? ആ കവികളുടെ പ്രതിഭാമുദ്രാങ്കിതങ്ങളായ സ്റ്റാമ്പുകളോ നാണ്യങ്ങളോ അല്ലേ അവ? പഴയ സ്റ്റാമ്പുകളും നാണ്യങ്ങളും ഏറെനാരം കഴിയുമ്പോരം പുതിയവയ്ക്കു വഴി കൊടുത്തു പ്രചാരലുപ്തങ്ങളാകാറില്ലേ? അനന്തരകാലങ്ങളിലെ പ്രതിഭാശാലികളായ കവികരം എന്തുകൊണ്ടാണ് പുതിയ നാണ്യങ്ങളും സ്റ്റാമ്പുകളും സ്വമനോധമ്മമുദ്രയോടുകൂടി പുറത്തിറക്കുവാൻ നോക്കാത്തതു്? സാമഗ്രികളെല്ലാം ഏതുകാലത്തും പ്രപഞ്ചത്തിലുണ്ടു്; മുദ്ര മാത്രമേ ആവശ്യമുള്ളു. അതൊട്ടില്ലായ്കയുമില്ല. ഉപയോഗിക്കുന്നില്ലെന്നുമാത്രം!

അതുപോലെതന്നെ കാവ്യനാടകാദികളെ നിമ്മിക്കുന്നതിലും അനേകം പഴയ സങ്കേതങ്ങരം കടന്നുകൂടീട്ടുണ്ടെന്നു സുവിദിതമാകുന്നു. ഇവയെല്ലാം ഏതുകാലത്തും അത്യാവശ്യങ്ങളാണെന്നു വാദിക്കുന്ന മാമൂൽപ്രിയന്മാരുണ്ടെങ്കിൽ അവർ അനുകമ്പാർഹന്മാർ തന്നെയാണ്. കാവ്യശരീരത്തിൻെറ കാലാനുപാതികമായ വളച്ച്യയിൽ പ്രകൃതിനിയമമനുസരിച്ചു ഒട്ടേറെനാരം ചെല്ലുമ്പോരം ചില പ്രത്യേകാവയവങ്ങരംക്കു കമ്മലോപവും ശോഷണവും വന്നു കൂടുകയും അവ മിക്കവാറും നിരുപയോഗങ്ങളായിത്തീരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള മൃതാംഗങ്ങളെ വീണ്ടും വീണ്ടുമെടുത്തു താലോലിച്ചു പോററുന്നതു് കേവലം പൂർവ്വസങ്കേതഭ്രമം കൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ്?

"പഴയ മഹാകാവ്യങ്ങൾ" എന്നുവെച്ച ഇന്നത്തെ ചില ജീവത്സാഹിത്യഭ്രമക്കാർ പണ്ടത്തെ മഹാകാവ്യങ്ങൾ അസംബന്ധമയങ്ങളാണെന്നും മററും ജല്പിക്കുന്നതിനോടു യോജിക്കുവാനും നിവൃത്തിയില്ല. തലതിരിഞ്ഞ ഒരുവക പഴമഭ്രമമുണ്ടെങ്കിൽ, തലതിരിഞ്ഞ ഒരുവക പുതുമഭ്രമവുമുണ്ട്. രണ്ടിൻെറയും ഫലം ഏകദേശം തുല്യമാണുതാനും — രണ്ടും തത്വഗ്രഹണത്തിനു ഒരു പോലെ ബാധകമാകുന്നു.

ഒരുദാഹരണംകൊണ്ടിതു വെളിവാക്കാം. മഹാകാവ്യമെന്നതു് വാസ്തവത്തിൽ ഒരു "മുറജപ" സ്സദ്യയാണ്; അതിലില്ലാത്ത വിഭവങ്ങളില്ല; ഏതു രുചിവിശേഷക്കാൎക്കും ആസ്വദിച്ച സുഖിക്കുവാനുള്ള വക അതിലുണ്ട്. രുചിഭേദമനുസരിച്ച വേണ്ടതെടുത്താസ്വദിച്ച സുഖിക്കാം. ഒന്നുമാത്രം വേണം—ക്ഷമ. ഒന്നോ രണ്ടോ നിമിഷംകൊണ്ടെല്ലാം വാരിയെടുത്തുള്ളിലാക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സൗകര്യം ഇവിടെയില്ല. സദാ തിടുക്കപ്പെട്ടുകൊണ്ടിരിക്കുന്ന "പരിക്കമ്പോച്ചില്ലു" കാരായ ഉപരിപ്ലവബുദ്ധികൾക്കുള്ളതല്ലാ ഇതു്.

"മാസ്തിൻ ഖലഃ ഖേലതു!"

ലോകത്തിലെ മഹാകാവ്യങ്ങളെല്ലാം, ഇതുപോലെ, വിദ്വാന്മാൎക്കോ വിദ്യാലോലുപന്മാൎക്കോ, ക്ഷമയോടുകൂടി ധാരാളം സമയം നീക്കിവെച്ച, സാവധാനം സ്വാദുനോക്കി "അയവിറക്കി" രസിക്കുവാനുള്ളവയാണ്. അതിനു സൗകര്യമില്ലാത്തവർ പ്രസ്ഥാനാന്തരങ്ങളെശരണീകരിക്കുകതന്നെ വേണം.

സാഹിത്യധ്വംസകങ്ങളാണ് പരമ്പരാഗതങ്ങളായ പൂവ്വസങ്കേതങ്ങളെല്ലാം എന്നു പറയുന്നതും ശരിയല്ല. ജീവിതത്തിലെന്നപോലെതന്നെ സാഹിത്യത്തിലും പൂവ്വസങ്കേതങ്ങൾക്കൊരു സ്ഥാനമുണ്ട്. പൂവ്വസങ്കേതങ്ങളെ ആരാധിക്കുന്നതിൽ ആംഗ്ലേയർ അദ്വിതീയന്മാരാണ്. അവരുടെ സാമുദായികമര്യാദാപരിപാടിയിലെ ഒരു പ്രധാന ചടങ്ങായ (Banquet) ഭോജനോത്സവത്തിന്റെ ക്രമമൊന്നു പരിശോധിച്ചു നോക്കുക. വേഷവിധാനങ്ങൾ, പ്രവേശനിഷ്ക്രമണങ്ങൾ, ആസനവിനിവേശക്രമം, സംഭാഷണരീതി, എന്നുവേണ്ടാ ഭക്ഷ്യപേയാദികളുടെ വൈവിധ്യമൊഴിച്ചു മറെറല്ലാംതന്നെ, ഒരേകരുവിൽ വാത്തെടുത്തതുപോലെ അത്ര സങ്കേതാനുസൃതമായിരിക്കും. എങ്കിലും ആ സാമുദായികച്ചടങ്ങു സരസമല്ലെന്നവർ പറയുമോ? അതുപോലെ സാഹിത്യത്തിലും സങ്കേതാനുസരണംകൊണ്ടു സ്വാരസ്യം നശിച്ചുപോകണമെന്നില്ല. സങ്കേതാനുസരണം കാവ്യപുഷ്ടിക്കുവേണ്ടിയുള്ളതാണ്. അല്ലാതെ കാവ്യനിമ്മാണം സങ്കേതപുഷ്ടിക്കു വേണ്ടിയുള്ളതല്ല, എന്ന തത്വം ശരിയായി ഗ്രഹിച്ചു പ്രവത്തിച്ചാൽ ദോഷമൊന്നും വരുവാനില്ലെന്നു സ്പഷ്ടമാണ്.

## വൃത്തം

വേഷവിധാനത്തെപ്പററി പറഞ്ഞപ്പോൾ ഓമ്മയിൽ വന്നതായ ഒരു സംഗതികൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതു വൃത്തത്തെ സംബന്ധിച്ചുള്ള

താണ്. മലയാളകവികൾ സംസ്കൃതവൃത്തങ്ങളിൽ കവനം ചെയ്യുന്നതു്, നമ്മുടെ രാജ്യക്കാർ ആംഗ്ലേയരുടെ ഉടുപ്പിട്ടു നടക്കുന്നതുപോലെ പലപ്പോഴും തോന്നാറുണ്ടു്. അടുത്തകാലംവരെ പാശ്ചാത്യവസ്ത്രധാരണരീതിക്കു നമ്മുടെ നാട്ടിൽ പ്രത്യേകമൊരു ഗാംഭീര്യം കല്പിക്കപ്പെട്ടിരുന്നു. ഔപചാരികസന്ദർഭങ്ങളിലെല്ലാം പ്രാമാണികവേഷവിധാനവും അതനുസരിച്ചുതന്നെയായിരുന്നു. അതിൻെറ ഭാരവും ക്ലേശവും സ്വാതന്ത്ര്യഭഞ്ജകസ്വഭാവവും മററും പലക്കും അനുഭവവേദ്യമായിരുന്നു. അങ്ങനെയൊക്കെയാണെങ്കിലും സാങ്കേതികരീത്യാ അതിനോടൊരു പക്ഷപാതം സാമാന്യേന പ്രത്യക്ഷമായിരുന്നു. നിത്യപരിചയംകൊണ്ടു പലക്കും അതു അക്ലിഷ്ടമായിത്തോന്നിയിരുന്നു എന്ന വാസ്തവവും നാം വിസ്മരിച്ചുപോകരുതു്. (വക്താവിനെപ്പോലെ) പലക്കും ആയതു കൂടുതൽ സ്വാതന്ത്ര്യപ്രദവും സൗകര്യകരവുമായിപ്പോലും തോന്നിയിരിക്കണം. സംസ്കൃതവൃത്തങ്ങളിൽ കേരളീയർ കവനംചെയ്തിരുന്നതു ഏകദേശം ഇങ്ങനെയൊക്കെത്തന്നെയാണ്. ഇയ്യിടെയായിട്ടു അതിനൊരു വലിയ മാററം വന്നിരിക്കുന്നു. വ്യക്തിയുടെ ആഭ്യന്തരമഹത്വത്തെ പ്രഖ്യാപനംചെയ്യുന്നതിനു പാശ്ചാത്യവേഷാഡംബരം ഒട്ടുംതന്നെ ആവശ്യമില്ലെന്നും നേരെമറിച്ചു പലപ്പോഴും അന്തസ്സാരശൂന്യതയെ ആവരണം ചെയ്യുവാനാണ് അതു ഉപകരിക്കുന്നതെന്നും മററമൊരു ധാരണ പ്രചരിക്കുവാൻ തുടങ്ങി. അതോടുകൂടി, ചേഷ്ടാസ്വാതന്ത്ര്യം, എളുപ്പം, ആദായം, ലാഘവം, സാരള്യം, ലാളിത്യം, ജനസാമാന്യപ്രാപ്യത എന്നീ വക

മെച്ചങ്ങൾതികഞ്ഞ ദേശീയവസ്ത്രധാരണ (National Dress) പ്രസ്ഥാനത്തിന്നു പ്രാബല്യം കിട്ടി. ദ്രാവിഡ വൃത്തപ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രാചുര്യം ഏകദേശം ഇതിനോടു സാമ്യം വഹിക്കുന്നുണ്ടു്. സ്വാച്ഛന്ദ്യവും സ്വച്ഛതയും മാത്രാവൃത്തത്തിൽ ഛന്ദോവൃത്തത്തേക്കാൾ കൂടുമായിരിക്കാം; പക്ഷെ ഒരു ദൌർഘടവും അതോടൊപ്പം കാണുന്നുണ്ടു്. കൃതിയുടെ ആന്തരമായ ഗുണദോഷങ്ങളെ ഏററക്കുറച്ചിലോ മാററംമറിച്ചിലോ കൂടാതെ അങ്ങനെതന്നെ പ്രകാശിപ്പിക്കുവാൻ ദ്രാവിഡവൃത്തങ്ങൾക്കു സംസ്കൃതവൃത്തങ്ങളേക്കാളധികം കഴിവുള്ളതുകൊണ്ടു് വാസ്തവത്തിൽ മഹത്വം ഉള്ളിലുണ്ടെങ്കിൽ മാത്രമേ, ദേശീയവസ്ത്രം ധരിച്ചു നടക്കുന്ന വ്യക്തിയെന്നപോലെ ദ്രാവിഡവൃത്തകവനത്തിനും ലോകസമക്ഷം ശോഭിക്കുവാൻ സാധിക്കുകയുള്ളു.

ആകപ്പാടെ എന്തുകൊണ്ടു നോക്കിയാലും ഇന്നു സാഹിത്യത്തിന്റെ പരിധികൾ പണ്ടത്തേക്കാൾ തുലോം വിസ്തൃതങ്ങളാകേണ്ടതായിട്ടാണിരിക്കുന്നതു്. എന്നു മാത്രമല്ല, സാങ്കേതികാർത്ഥത്തിലുള്ള പഴയ നിർവ്വചനങ്ങൾ ഇനിമേൽ സാഹിത്യത്തിനു പൂർണ്ണമായി യോജിക്കുമോ എന്നുതന്നെ സംശയിതവ്യമാകുന്നു. കാലാന്തരോധേനയുള്ള വളർച്ചയനുസരിച്ചു മേല്ക്കുമേൽ സങ്കുലമായിത്തീർന്നുകൊണ്ടാണു് സാഹിത്യത്തിന്റെ ഗതി. ലോകത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയും വികാസവും ലോകപ്രതിബിംബമായ സാഹിത്യത്തിൽ നിഴലിച്ചു കാണാതെ നിവൃത്തിയില്ല. ജീവിതത്തിനൊട്ടാകെ വിസ്താരവും വികാസവും വർദ്ധിച്ചുവരുമ്പോൾ

Sreesankaran. Nair. T. G.



ജീവിതത്തിൽ വേരൂന്നിനില്ക്കുന്ന സാഹിത്യത്തിനും അതനുസരിച്ചുള്ള വൈപുല്യവും വ്യാപ്തിയും വൎദ്ധിക്കാതിരിക്കുമോ?

ഇങ്ങനെ സാഹിത്യമണ്ഡലം വിവൃതമായി വികാസം പ്രാപിക്കുന്നതു് സൎവ്വഥാ ആശാസ്യംതന്നെ. പക്ഷെ അതോടുകൂടി ഒരു സംഗതികൂടി ഓൎക്കേണ്ടതായിട്ടുണ്ടു്. സാഹിത്യമെന്നതു ഒരു സുകുമാരകലയാണു്. അതനുസരിച്ചു അതിൻെറ ആകൃതിക്കു കലാപരമായ രാമണീയകം എപ്പോഴുമുണ്ടായിരിക്കണം. സ്ത്രീ ഏൎപ്പെടുന്ന കൎമ്മമണ്ഡലം എന്തുതന്നെയായാലും സ്ത്രീത്വം മുഴുവൻ കളഞ്ഞു കുളിക്കാതിരുന്നാൽ കൊള്ളാം എന്നു സാരം. എന്നുവെച്ചു് സൗന്ദൎയ്യത്തിനുവേണ്ടി വളൎച്ചയെ തടയുകയുമരുതു്. സംസ്കൃതാനുകരണം നിമിത്തം മലയാളത്തിൽ ഈ ദോഷം കുറച്ചൊക്കെ പററീട്ടുണ്ടു്. കവിതയുടെ ആകാരഭംഗിയിൽ മതിമയങ്ങി വിസ്താരത്തിനുവേണ്ടി പ്രയത്നിക്കാത്തവരായി അനേകം കാവ്യകാരന്മാർ മലയാളത്തിൽ ഇക്കഴിഞ്ഞ തലമുറവരെ സൎവ്വോൽക്കൎഷേണ വൎത്തിച്ചിരുന്നു. ഇന്നിതാ ആ പ്രസ്ഥാനത്തിൽ നിന്നൊരു തിരിച്ചടി തുടങ്ങിയിരിക്കുന്നു. അതിൻെറ ഫലങ്ങളിലൊന്നാണു് "ജീവത്സാഹിത്യ"സംരംഭം. സാഹിത്യസാമ്രാജ്യം വിസ്തൃതവും പൊതുജനഭരണവിധേയവും ആക്കിത്തീൎക്കുവാനുള്ള ഇന്നത്തെ യുവലോകപരിശ്രമം സൎവ്വഥാ ശ്ലാഘ്യമായിട്ടുള്ളതുതന്നെയാണു്. അതോടുകൂടി എന്നെന്നേയ്ക്കും മനോഹരമാക്കിത്തീൎക്കേണ്ടതിനു വേണ്ടുന്ന കലാകൗശലംകൂടി സമ്പാദിക്കുവാനും ഉത്സാഹശാലികളായ ജീവത്സാഹിത്യകാരന്മാർ ശ്രദ്ധിക്കേണ്ടതാകുന്നു.

## 4. സാഹിത്യസാരം *

ജീവികാസമ്പാദനം, ദാരിദ്ര്യവിമോചനം, രാഷ്ട്രീയസ്വാതന്ത്ര്യലബ്ധി, സമുദായപരിഷ്കരണം മുതലായി, ഗൗരവമേറിയ ഓരോരോ കാര്യങ്ങളിൽ ജനസാമാന്യം നിമഗ്നമായിരിക്കുന്ന ഈ കാലഘട്ടത്തിൽ കേവലം സാഹിത്യപരങ്ങളായ പരിശ്രമങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കുന്ന വർഗ്ഗക്കാർ മററുള്ളവരുടെ ദൃഷ്ടിയിൽ അപഹാസ്യന്മാരായിത്തിന്നാൽതന്നെ അതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. സാഹിത്യത്തിനു യഥാൎത്ഥജീവിതത്തോടു യാതൊരു ബന്ധവുമില്ലെന്നും, സാഹിത്യരസാസ്വാദനം വെറും ലഹരിപദാൎത്ഥാസ്വാദനംപോലെയോ, സ്വപ്നദൎശനംപോലെയൊ കാമ്പില്ലാത്ത ഒന്നാണെന്നും, സ്വാഭിവൃദ്ധിക്കും ലോകശ്രേയസ്സിനും ആവശ്യമായിട്ടുള്ളതു് സാഹിത്യപരിശ്രമമല്ലാ, ജീവിതരണാങ്കണത്തിൽ ആയുധപാണികളായി നേരേ ഇറങ്ങിനിന്നു കൊണ്ടുള്ളപോരാട്ടമാണു്, എന്നും മററുംചില തെററിദ്ധാരണകൾ പൊതുജനങ്ങളുടെ ഇടയിൽ ഇക്കാലത്തു വേരൂന്നിക്കിടക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. വസ്തുവമാലോചിച്ചാൽ സാഹിത്യത്തിനു ജീവിതത്തോടു ദൃഢബന്ധമുണ്ടെന്നു മാത്രമല്ല, സാഹിത്യത്തിനുള്ള ആസ്പദവും ദോഹദവും, ശക്തിയും, മൎമ്മവും, ആത്മാവും മററുമെല്ലാം ജീവിതം തന്നെയാകുന്നു എന്നുകൂടി തെളിയിക്കാവുന്നതാണു്. അതെ—ജീവിതമാകുന്ന ആല

* ഒരു പ്രസംഗസംഗ്രഹം.

വാലത്തിൽ സ്വയമേവ മുളച്ചുയൎന്നു, സ്വച്ഛന്ദം പല്ലവിതവും, കോരകിതവും, കുസുമിതവും ക്രമേണ ഫലഭരപരിനമ്രവുമായിത്തീരുന്ന ഒരു പാരിജാതം തന്നെയാകുന്നു സാഹിത്യം. സൃഷ്ടിയുടെ മകുടമെന്നു പറയപ്പെടുന്ന മനുഷ്യജാതിയെ ഇതരജാതികളിൽനിന്നു വ്യാവൎത്തിപ്പിക്കുകയും സ്രഷ്ടാവിനോടു ഏററവും അടുപ്പിക്കുകയും ചെയ്യുവാനുള്ള ത്രാണി സാഹിത്യത്തിനല്ലാതെ മറേറതിനെങ്കിലും ഇത്രയുണ്ടോ എന്നു സംശയമാണ്. ജീവിതമാകുന്ന പാല്ക്കടൽ കവിത്വമാകുന്ന മന്ദരംകൊണ്ടു കടയുമ്പോറം ഉണ്ടാകുന്നതായ അമൃതമത്രേ സാഹിത്യം. ഇതിൻെറ ആസ്വാദനം കൊണ്ടത്രേ മനുഷ്യൻ, തൻെറ മൃഗീയാംശങ്ങളെ സ്വയമേവ ത്യജിച്ചു, ദിവ്യത്വം പ്രാപിക്കുന്നതു്. ഇതത്രേ സാഹിത്യത്തിൻെറ മാഹാത്മ്യം.

കാവ്യത്തിൻെറ ഉദ്ദേശം ധൎമ്മാധൎമ്മോപദേശമോ ആഹ്ലാദപ്രദാനമോ എന്നുള്ളതിനെക്കുറിച്ചു പൌരസ്ത്യാലങ്കാരികന്മാരുടെ ഇടയിലെന്നപോലെ പാശ്ചാത്യവിമൎശകന്മാരുടെ ഇടയിലും പല തൎക്കങ്ങറം നടന്നിട്ടുണ്ടു്. യവനചിന്തകാഗ്രേസരനായ പ്ലേറേറാ കാവ്യത്തിൻെറ മുഖ്യകൎത്തവ്യമായി കണക്കാക്കിയതു തത്വോപദേശത്തെയാണ്. ഹോറസ്സ്, ബെൻജോൺസൺ, കാർലൈൽ മുതലായ പല അനന്തരകാലീനന്മാരും പ്ലേറേറായുടെ അനുയായികളായിരുന്നു. എന്നാൽ അരിസ്റ്റോട്ടൽ എന്ന യവനമഹാപണ്ഡിതൻ ആനന്ദപ്രദായിത്വത്തിനാണ് പ്രാധാന്യാധിക്യം കല്പിച്ചതു്. "കാവ്യമെന്നതു മനസ്സിൻെറ

സ്വച്ഛന്ദവും സ്വതന്ത്രവുമായ ഒരു വ്യാപാരവിശേഷമാകുന്നു. അതു മതം, രാഷ്ട്രം മുതലായവയുടെ പരിധിയിൽനിന്നു പുറമെ നിൽക്കുന്ന ഒന്നാണതാനും. വിദ്യാഭ്യാസം, സന്മാൎഗ്ഗപോഷണം എന്നിവയിൽനിന്നു ഭിന്നമായി സ്വന്തമായ ഒരു ഉദ്ദേശമാണ് അതിനുള്ളതു്'' എന്നത്രേ അദ്ദേഹത്തിൻെറ അഭിപ്രായം. ബേക്കൺ, ഡോക്ടർ ജോൺസൺ, കോളറിഡ്ജ്, ഹാസ്ലിററ് മുതലായ ആംഗ്ലേയവിദ്വച്ഛിരോമണികളെല്ലാം ഈ അഭിപ്രായം സ്വീകരിച്ചവരായിരുന്നു. ''മനസ്സിനെ ആഹ്ലാദിപ്പിച്ച വിചാരങ്ങൾക്ക ഉൽക്കഷം നൽകുകയാണ് കാവ്യത്തിൻെറ ധൎമ്മ''മെന്നു കീററ്സ് മഹാകവി തൻെറ ഒരു കൃതിയിൽ പ്രഖ്യാപനം ചെയ്തിട്ടുണ്ടു്.) ഭൂരിപക്ഷം വിമൎശകന്മാരാൽ അംഗീകൃതമായിട്ടുള്ള മതവും ഇതുതന്നെയാണ്. ആകപ്പാടെ നോക്കുമ്പോൾ കാവ്യമെന്നതു രസാത്മകമായ വാക്യമാണെന്നും, രമണീയാൎത്ഥപ്രതിപാദകമായ ശബ്ദമാണെന്നും, കാന്താസമ്മിതമാണെന്നും, മററും നമ്മുടെ ആലങ്കാരികന്മാർ പറഞ്ഞിട്ടുള്ളതുതന്നെയാണ് പാശ്ചാത്യരും പറയുന്നതു്. പഞ്ചസാരയിൽ പൊതിഞ്ഞ ''സഞ്ജീവനി''യെപ്പോലെയാണ് കാവ്യം ധൎമ്മാധൎമ്മബോധത്തെ ആഹ്ലാദജനകമായ രീതിയിൽ നമുക്ക നൽകുന്നതു്. രാമണീയകവും, രസവും തന്നെയാണ് കാവ്യത്തിൻെറ മുഖ്യലക്ഷണങ്ങൾ. അഥവ കാവ്യോദ്യാനത്തിലെ കുസുമങ്ങൾ രാമണീയകങ്ങളും, മകരന്ദം രസവുമാകുന്നു എന്നു മറെറാരു വിധത്തിൽ പറയാം. അതായതു കാവ്യത്തിൻെറ

ആസ്വദം സൗന്ദൎയ്യവുമാണ്. വിശ്രാന്തി രസജന്യമായ ആനന്ദത്തിലുമാകുന്നു എന്നൎത്ഥം. ഇവിടെ സൗന്ദൎയ്യമെന്നും രസമെന്നുമുള്ള പദങ്ങൾ ഏററവും വിവൃതവും ബഹുഗ്രാഹവുമായ അൎത്ഥങ്ങളിലാണ് ഉപയോഗിച്ചിട്ടുള്ളതു് എന്നുകൂടെ പറഞ്ഞുകൊള്ളട്ടെ.

എന്നാൽ എല്ലാത്തരം കാവ്യങ്ങളിൽനിന്നും സിദ്ധിക്കുന്ന രസാനുഭൂതി ഒരുപോലെയുള്ളതാണെന്നു പറഞ്ഞുകൂടാ. സാഹിത്യത്തിൽ വിവിധങ്ങളായ പ്രസ്ഥാനഭേദങ്ങളുള്ളവയിൽനിന്നു നമുക്കു പല മട്ടിലുമുള്ള പ്രതീതി വിശേഷങ്ങളാണ് ലഭിക്കുന്നതു് എന്നു മിക്കപേൎക്കും കുറച്ചാലോചിച്ചാൽ അറിയാറാകുന്നതാണ്. ഈ വിഷയത്തെ നാനാമുഖമായി പ്രതിപാദിക്കാമെങ്കിലും തൽക്കാലം സൗകൎയ്യത്തിനുവേണ്ടി ഒരു പ്രത്യേകസമ്പ്രദായത്തെ സ്വീകരിക്കേണ്ടിയിരിക്കുന്നു. "കലാവിദ്യ പ്രകൃതിയുടെ (പ്രപഞ്ചത്തിൻെറ) അനുകരണമാകുന്നു" എന്നൊരു പാശ്ചാത്യനിൎവ്വചനമുള്ളതു് ഇപ്പോൾ നമ്മുടെ ഇടയിൽ പ്രസിദ്ധമാണല്ലോ. ഇതിൽ "അനുകരണ"മെന്ന പദം സാധാരണാൎത്ഥത്തിലല്ലാതെ, ഒരു വിശിഷ്ട സാങ്കേതികാൎത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളതെങ്കിൽ ഈ നിൎവ്വചനം പക്ഷെ സ്വീകാൎയ്യംതന്നെയായിരിക്കും. എന്തുകൊണ്ടെന്നാൽ കാവ്യത്തിലെ പ്രതിപാദ്യവിഷയം പ്രപഞ്ചമല്ലാതെ മറെറാന്നുമല്ല. പ്രപഞ്ചത്തെ പ്രതിഫലിപ്പിച്ചു കാണിക്കുന്ന ഒരു ദൎപ്പണംതന്നെയാണ് കാവ്യം. എന്നാൽ ഈ പ്രതിഫലനം പലവിധത്തിലുമാകാം. ദൎപ്പണത്തിൻെറ സ്വഭാവവും, സ്ഥാനവും പ്രതിഫലന

സമയവും മററമനുസരിച്ച പ്രതിഫലനത്തിൽ വ്യത്യാസങ്ങഠം വരുന്നതു സ്വാഭാവികമാണല്ലോ. ഇങ്ങനെ നോക്കുമ്പോഠം ഏതെല്ലാം വിധത്തിലാണ് കാവ്യകാരൻ തൻെറ കാവ്യദപ്പണത്തിൽ പ്രപഞ്ചത്തെ പ്രതിഫലിപ്പിച്ചു കാണിക്കുന്നതു് എന്നുള്ളതിനെ ആസ്പദമാക്കിക്കൊണ്ടു് സാഹിത്യത്തിൻെറ വൈവിദ്ധ്യത്തേയും വൈശിഷ്ട്യത്തേയും കുറിച്ചു നിരൂപിക്കുവാൻ എളുപ്പമായിത്തീരുന്നു.

ഒന്നാമതായി പ്രകൃതിയെ കാണുന്നപടി തന്നെ പകത്തി പ്രദശിപ്പിക്കുന്ന ഒരു സാഹിത്യപ്രസ്ഥാനമുള്ളതിനെപ്പററി ചിന്തിക്കാം. ഇതു സാഹിത്യത്തിലെ ഏററവും താഴ്ന്നപടിയിലുള്ള ഒരു പ്രസ്ഥാനമാണ്. ഇതിനു വലിയ കവിത്വമൊന്നും ആവശ്യമില്ലതാനും. ആലോചനാശക്തിക്കു പുറമെ ഒരു പകപ്പു് ഗ്രമസ്ഥൻെറ ക്ഷമയും കൂടിയുണ്ടായാൽ പദസ്വാധീനമുള്ള ഒരു സാഹിത്യകാരന് അതിലധികമായി ഒരു യോഗ്യതയും ഇത്തരം കാവ്യം ചമയ്ക്കുവാൻ വേണ്ടതായിട്ടില്ലെന്നു തോന്നുന്നു. ഈ രീതി കേവലം ഛായാഗ്രഹണയന്ത്രംകൊണ്ടു് ഛായകളെടുക്കുന്നതുപോലെ അത്ര യാന്ത്രികമായ ഒന്നുതന്നെയാണെന്നു വേണം പറയുവാൻ. ഇംഗ്ലണ്ടിൽ പതിനെട്ടാം ശതവഷത്തിൽ ജീവിച്ചിരുന്ന ക്രാബ്, ഗേയ്, പ്രയർ മുതലായ ചില കവികഠം ഏകദേശം ഈ രീതി അവലംബിച്ചു ചില കൃതികഠം എഴുതുകയുണ്ടായി. പത്തൊമ്പതാം ശതവഷത്തിൻെറ അന്ത്യപാദത്തിൽ ഫ്രാൻസ് രാജ്യത്തിൽ പൊട്ടിപ്പുറപ്പെട്ട സോളാ പ്രഭൃതികളുടെ നോവൽ

പ്രസ്ഥാനവും ഏകദേശം ഈ എനത്തിൽ പെട്ടതാവുന്ന ഒന്നാണ്. സമകാലീനമായ സമുദായത്തിൻെറ ഒരു നേരുപകപ്പായിരിക്കണം നോവൽ എന്നായിരുന്നു അവരുടെ സിദ്ധാന്തം. ചരിത്രത്തോട് അത്യന്തം അടുപ്പമുള്ള ഒരു സാഹിത്യശാഖയാണ് അത്. ഭാഗ്യവശാൽ സംസ്കൃതസാഹിത്യത്തിൽ ഈ പ്രസ്ഥാനത്തിനു പറയത്തക്ക യാതൊരു പ്രാധാന്യവും നല്കപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള കൃതികൾ വായിക്കുമ്പോഴും ഒരുവിധം രസം നമുക്കുണ്ടാകുന്നില്ലെന്നു പറഞ്ഞുകൂടാ. പക്ഷെ അതു യഥാൎത്ഥ കാവ്യരസമായി ഗണിക്കാമോ എന്നു സംശയമാണ്. കടംകഥകൾക്കു ഉത്തരം കണ്ടുപിടിക്കുമ്പോളുണ്ടാകുന്ന രസവും ഏകദേശം ഇതുപോലെയുള്ള ഒന്നത്രേ. നമുക്കു പരിചിതനായ ഒരാളുടെ ഛായാപടം (ഫോട്ടോ) കാണുമ്പോളുണ്ടാകുന്ന രസവും ഇതുതന്നെയാണ്. യാതൊരു വസ്തുവിൻെറ പ്രതിച്ഛായയാണോ നാം കാണുന്നതു് ആ വസ്തുവിനും അതിൻെറ പ്രതിച്ഛായയ്ക്കും തമ്മിലുള്ള സാമ്യം നോക്കി മനസ്സിലാക്കുന്ന സമയം നമുക്കു ഒരുതരം പ്രീതിയുണ്ടാകുന്നു. "ശരിതന്നെ; ഛായ എത്ര ഒത്തിരിക്കുന്നു!" എന്നിങ്ങനെ, അംഗംപ്രതി പരിശോധിച്ചു മൂലവസ്തുവിനോടു താരതമ്യപ്പെടുത്തി നോക്കി സാമ്യം ഗ്രഹിക്കുന്ന സമയം, നാം സാധാരണ പറയാറുണ്ടല്ലോ. ഇതു് എത്രയോ ക്ഷണികവും, ശിഥിലവും, തുച്ഛവുമായ ഒരു രസമാണ്.

എന്നാൽ ഛായാഗ്രഹണം (ഫോട്ടോ എടുക്കൽ) തന്നെ കുറേക്കൂടി പരിഷ്കൃതമായ ഒരു രീതിയിൽ

നടത്താറുണ്ട്. നമ്മുടെ രാജ്യത്തു ആയത് ഇനിയും പ്രചാരത്തിൽ വന്നുകഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു. പാശ്ചാത്യരാജ്യത്തിലെങ്ങും ഇപ്പോഠം ഈ പരിഷ്കൃത രീതിയാണ് നടപ്പിലിരിക്കുന്നതു്. അതേതാണ്ടിങ്ങനെയാണ്. ഒരാളുടെ ഛായയെടുക്കുകയാണെന്നു വിചാരിക്കുക. നമ്മുടെ നാട്ടിൽ ചെയ്യുന്നതുപോലെ ആയാളെ പിടിച്ചു കേശാദിപാദം മുഴവൻ (ഒരൊററ ഭാഗമെങ്കിലും വിടാതെ) കാണത്തക്കവിധത്തിൽ നേരെ നിവത്തി വിടത്തി ഒററഞരമ്പിഃന്മേൽ നിൎത്തി ബിംബം കൊത്തിവച്ചതുപോലെയായി എന്നു തോന്നിയാൽ മാത്രം ഛായ എടുക്കുവാൻ തുടങ്ങുന്ന സമ്പ്രദായമല്ല പരിഷ്കൃതരാജ്യങ്ങളിൽ നടപ്പുള്ളതു്. സ്വഭാവോക്ത്യാഭാസമയമായ കാവ്യത്തോടു സാമ്യം വഹിക്കുന്ന ഈ രീതിക്കു ഇന്നത്തെ പാശ്ചാത്യർ വലിയ പ്രാധാന്യമൊന്നും കല്പിച്ചിട്ടില്ല. ത്യാജ്യങ്ങളെ ത്യജിക്കുകയും സ്വീകാൎയ്യങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നതിൽ അവർ അവരുടെ മനോധൎമ്മം പ്രയോഗിച്ചു ഛായാഗ്രഹണത്തെ ഒരു സുന്ദരകലയുടെ നിലയിലേയ്ക്കു ഉയൎത്തുന്നു. വ്യക്തികളുടെ പ്രത്യേകതകളെ പ്രകാശിപ്പിക്കുവാൻവേണ്ടി ചില ഭാഗങ്ങഠംക്കു പ്രാധാന്യാധിക്യം നൽകുകയും ചിലതുകളെ മറച്ചുവയ്ക്കുകയും ചെയ്യുവാൻ അവർ മടിക്കുന്നില്ല. സ്ഥലകലാദികഠം, വ്യക്തിസ്വഭാവവിശേഷങ്ങഠം മുതലായ സംഗതികളും അവരുടെ ചിന്തയ്ക്കു വിഷയീഭവിക്കുന്നുണ്ടു്.

ബാഹ്യപ്രകൃതിയിലെ ഏതെങ്കിലും ഒരു ഭാഗമാണ് പകൎത്തേണ്ടതു് എന്നുവരികിൽ ആയതു് ഏതു

സമയത്ത്, ഏതു സ്ഥാനത്തുനിന്നു നോക്കിയാലാണ് ഏററവും അധികം മെച്ചപ്പെട്ടുക എന്നു പരീക്ഷിച്ചറിഞ്ഞതിനുശേഷം, ആ പ്രത്യേക സമയത്ത് ആ പ്രത്യേക സ്ഥാനത്തുനിന്നു മാത്രമാണ് അതിൻെറ ഛായ അവർ എടുക്കുന്നത്. പ്രസിദ്ധമായ താജ്മഹൽകെട്ടിടം ചന്ദ്രികയിലാണ് അധികം പ്രകാശിക്കുക. കന്യാകുമാരി ഏററവും ആകൎഷകമായിരിക്കുന്നത് ഉദയാസ്തമയസമയങ്ങളിലാണ്. മഹാരാജാവു് ആസ്ഥാനമണ്ഡപത്തിലിരുന്നു കാൎയ്യവിചാരം ചെയ്യുന്ന ഘട്ടത്തിൽ ഛായയെടുത്താൽ ഗൗരവം കൂടും. "ഇയ്യാളുടെ നേരെ മുമ്പിൽ നിന്നിട്ടല്ലാ, ഒരു പാൎശ്വത്തിൽ നിന്നിട്ടാണ്, ഫോട്ടോ എടുക്കേണ്ടതു്" എന്നിങ്ങനെ ഓരോന്നാലോചിച്ച്, ചില പ്രത്യേക ഭാഗങ്ങൾക്കു ഛായയിൽ കൂടുതൽ പ്രാധാന്യം കൊടുക്കുകയും മററുള്ളവയെ തള്ളിക്കളയുകയും ചെയ്യുന്നതു ഛായാഗ്രഹണത്തെ ചിത്രലേഖനകലയോടു അടുപ്പിക്കുന്നു. യഥാൎത്ഥത്തിലുള്ള സ്വഭാവോക്തി ഇതാണ്. ശാകുന്തളത്തിലെ പല വൎണ്ണനകളും ഇതിനുദാഹരണങ്ങളായെടുക്കാം. നൈഷധത്തിലെ ഹംസവൎണ്ണന ഇവിടെ വിശേഷിച്ചും അനുസ്മരണീയമാകുന്നു. നമ്മുടെ ചുററും നിത്യം കാണുന്ന സാധാരണ പദാൎത്ഥങ്ങളെ വൎണ്ണിക്കുന്നതായാൽകൂടി, ഈ രീതി സ്വീകരിക്കുന്നപക്ഷം, അവ നമുക്കു മനോഹരങ്ങളായിത്തോന്നും. ഇംഗ്ലീഷിൽ വേർഡ്സ്‌വത്ത് മഹാകവിക്കു ഇക്കാൎയ്യത്തിൻ ഒരു സിദ്ധാന്തംതന്നെ ഉണ്ടായിരുന്നു. നമുക്കു നിത്യപരിചിതങ്ങളായി നാം നാലുപാടും കാണുന്ന സൎവ്വസാമാന്യങ്ങ

ളായ വസ്തുക്കളെ കാവ്യത്തിലേയ്ക്കു് ഈ രീതിയിൽ പകൎത്തുന്നതിനാൽ അവ അസാമാന്യമനോഹരങ്ങളായിത്തോന്നും. അതൊരുവിധം വാസ്തവംതന്നെയാണുതാനും. എന്തെന്നാൽ, നാം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന വസ്തുക്കളിൽ ചില പ്രത്യേക ഭാഗങ്ങൾ വിശേഷിച്ചും മനോഹരങ്ങളായിട്ടുണ്ടാകും. അല്ലെങ്കിൽ ചില പ്രത്യേക സമയത്തിലോ പ്രത്യേക നിലയിലോ കാണുമ്പോൾ അവയ്ക്കു മനോഹാരിത്വം അധികമുണ്ടാകും. ഇതു കവി തന്റെ വൎണ്ണനകൊണ്ടു പ്രത്യക്ഷമാക്കിത്തരുമ്പോൾ "ഏയ്, ശരിതന്നെ! ഇതിങ്ങനെ ഇത്ര വിശേഷമായിരുന്നുവോ? ഞാനിതുവരെ അറിഞ്ഞില്ലല്ലോ!" എന്നിപ്രകാരം അത്ഭുതോത്ഥാപിതമായ ഒരു ആഹ്ലാദം നമ്മുടെ മനസ്സിൽ ഉണ്ടാകുന്നു. ഉത്തമമായ സ്വഭാവോക്തിയുടെ രസ്യമാനത ഈ തത്വത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. (ഉദാഹരണങ്ങൾ പഴയ ചമ്പുക്കളിലും കുഞ്ചൻനമ്പ്യാരുടേയും വെണ്മണിയുടേയും കൃതികളിലും സുലഭം.)

വൎണ്ണനകളിൽ വസ്തുക്കളുടെ സൎവ്വാംശങ്ങളും ഒട്ടൊഴിയാതെ പകൎത്തുന്നതു കുട്ടികളുടെ ചിത്രാലേഖനം പോലെ ബാലിശമായിത്തീരും. വലുതാക്കേണ്ടതു വലുതാക്കുക, ചെറുതാക്കേണ്ടതു ചെറുതാക്കുക, കളയേണ്ടതു കളയുക, കൂട്ടിച്ചേൎക്കേണ്ടതു കൂട്ടിച്ചേൎക്കുക — ഇങ്ങനെയെല്ലാം ചെയ്യുന്നെങ്കിൽ മാത്രമേ വൎണ്ണനകൾ കാവ്യാൎഹങ്ങളാകയുള്ളു. കേശാദിപാദവൎണ്ണനയിൽതന്നെ ഈ സമ്പ്രദായം ഉത്തരരാമായണചമ്പുവിൽ എത്ര

മനോഹരമായി ഉപയോഗിച്ചിരിക്കുന്നു എന്നു നോക്കേണ്ടതാണ്.

കാളിദാസമഹാകവിയുടെ ഏതു വൎണ്ണനയും ഈ രീതിക്കു ഉദാഹരണമാകുന്നു. ഇതു്, വൎണ്ണനകളിൽ മാത്രമല്ലാ, കഥാകഥനത്തിലും ചിന്താപരങ്ങളായ കൃതികളിലും മറെറല്ലാത്തരം പ്രസ്ഥാനങ്ങളിലും സ്വീകരണീയമായിട്ടുള്ള ഒരു രീതിയാണ്.

എന്നാൽ ഇത്രമാത്രമായതുകൊണ്ടു് ഒന്നാംതരം കാവ്യം ഉണ്ടാകുന്നതല്ല. ഒരു യഥാൎത്ഥകവിയുടെ ധൎമ്മം, കണ്ടതു പകൎത്തുക മാത്രമാണെന്നു് അഭിജ്ഞന്മാർ പറഞ്ഞിട്ടില്ല. യവനഭാഷയിൽ കവിശബ്ദത്തിൻെറ അൎത്ഥം സൃഷ്ടിക്കുന്നവൻ എന്നത്രെ. ഇംഗ്ലീഷിൽ പണ്ടു് കവിപൎയ്യായമായി ഉപയോഗിച്ചിരുന്ന പദത്തിനു് "നിൎമ്മാതാവു്", "രൂപംകൊടുക്കുന്നവൻ" എന്നൊക്കെ അൎത്ഥമായിരുന്നു. ഇതിലന്തൎഭവിച്ച തത്വം തന്നെയാണ്,

> "അപാരേ കാവ്യസംസാരേ
> കവിരേവ പ്രജാപതിഃ"

എന്ന അഗ്നിപുരാണവാക്യം വ്യാഖ്യാനിക്കുന്നതു്. തൻെറ ചുററം കാണുന്ന വസ്തുക്കളേയും സംഗതികളേയും സാമഗ്രികളായി സ്വീകരിച്ച ദൃശ്യപ്രപഞ്ചത്തേക്കാ ശാശ്വതമായ—അനശ്വരമായ—ഒരു പുതിയ പ്രപഞ്ചത്തെ ഭാവനാശക്തികൊണ്ടു് സൃഷ്ടിക്കുവാനാണ് കവി എന്നു ഷെല്ലി ഒരു കൃതിയിൽ പറഞ്ഞിരിക്കുന്നു.

"കലാവിദ്യ പ്രകൃതിയുടെ അനുകരണമാകുന്നു" എന്ന വാക്യത്തിലെ അനുകരണശബ്ദംകൊണ്ടു് ഈ വിധമുള്ള നിമ്മാണപരമായ (സജ്ജകമായ) അനുകരണത്തെയാണു് നിദ്ദേശിച്ചിരിക്കുന്നതും. താൻ ജീവിച്ചുവരുന്നതായ ഈ ദൃശ്യലോകത്തേക്കാൾ അധികം സുഖപ്രദമായി തോന്നുന്ന മറെറാരു ലോകത്തെ ഭാവനാദൃഷ്ടികൊണ്ടു സംവീക്ഷിച്ചു അതിൽ മനസ്സിനെ വ്യാപരിപ്പിക്കുന്നതിനാൽതന്നെ മനുഷ്യനു ഒരുതരം ആനന്ദം അനുഭവിക്കുവാൻ സാധിക്കുന്നതാകുന്നു. മാനുഷമനസ്സിൻെറ നൈസൎഗ്ഗികമായ ഒരു ഘടനാവിശേഷമത്രേ ഇതിൻെറ ആസ്പദം. ഇതിനെ ആധാരപ്പെടുത്തിയാണു് കവികൾ തങ്ങളുടെ പ്രതിഭാശക്തിയെ പെരുമാറുന്നതു്. ഇങ്ങനെ ഉള്ള നവീനലോകസൃഷ്ടി കാവ്യത്തിൽ രണ്ടു വിധം കാണുന്നുണ്ടു്. ഒന്നു്, വാസ്തവപ്രപഞ്ചത്തോടു സുപ്രത്യക്ഷമായ അനുയോജനയൊന്നും എളുപ്പത്തിൽ കണ്മാൻ സാധിക്കാത്ത വിധത്തിലുള്ള ഒരുതരം നവീന ലോകത്തിൻെറ നിമ്മാണം; രണ്ടു്, വാസ്തവലോകത്തിൽനിന്നു കുറെ ഉയൎന്നിട്ടാണെങ്കിലും അതോടുള്ള ബന്ധം തീരെ അസ്പഷ്ടമല്ലാത്ത വിധത്തിലുള്ള ഒരു നൂതനപ്രപഞ്ചത്തിൻെറ പ്രകാശനം. ആദ്യത്തേതിൽ കവിയുടെ കല്പനാശക്തിയും, രണ്ടാമത്തേതിൽ കവിയുടെ ഭാവനാശക്തിയുമാണു് കളിയാടുന്നതെന്നു്, ഒരു പ്രത്യേകാൎത്ഥത്തിൽ, വേണമെങ്കിൽ പറയാം.

മനോഹരങ്ങളായ അംശങ്ങളെ അതിശയോക്തിയോടുകൂടി വിശദീകരിക്കുക അസരസങ്ങളായ അംശങ്ങളെ വിസ്മരിച്ചുകളയുക; അമാനുഷശക്തികളെ—

യക്ഷകിന്നര ഗന്ധർവ്വാദികൾ, മാന്ത്രികന്മാർ, ദേവന്മാർ, ദിവ്യർഷികൾ മുതലായവരെ ശുഭപ്രദമായ വിധത്തിൽ ഇടകലർത്തുക—ഇതെല്ലാം ആദ്യത്തെ പ്രസ്ഥാനത്തിൽ പ്രയോഗിക്കാവുന്ന കൌശലങ്ങളാണ്. സ്വർഗ്ഗത്തിൻെറ വർണ്ണന വായിക്കുമ്പോൾതന്നെ നമുക്കു എന്തൊരു സുഖമാണ് തോന്നുന്നതു്! വൃന്ദാവനത്തിൻെറ വർണ്ണന എത്ര ആഹ്ലാദകരമാണ്! വാസ്തവമാലോചിച്ചാൽ ദൂരം എന്ന അംശം ജീവിതത്തിലെന്നപോലെ കാവ്യത്തിലും ആകർഷണാസ്പദമായ ഒന്നത്രെ. "നാട്യപ്രധാനമായനഗര"ത്തിലെ മാത്സര്യബഹളാദികളിൽ കിടന്നു ക്ലേശിക്കുന്ന ഒരുവനു "നന്മകളാൽ സമൃദ്ധ"മായ നാട്ടിൻ പുറത്തെ പ്രശാന്തരമണീയത വർണ്ണിച്ചുകേൾക്കുമ്പോൾ കുറച്ചൊരു നിർവൃതിയുണ്ടാകുന്നുണ്ടല്ലോ. ഈ സംസാരകാരാഗൃഹത്തിൽ കർമ്മപരതന്ത്രരായി ഉഴലുന്നവർക്കു നന്ദനോദ്യാനത്തിലെ സ്വച്ഛന്ദവിഹാരങ്ങളെക്കുറിച്ചു വായിക്കുമ്പോൾ താൽക്കാലികമായെങ്കിലും ഒരു സന്തുഷ്ടി തോന്നുന്നതാണ്. പട്ടണവാസികളായ നമുക്കു മഹാ കാവ്യങ്ങളിലെ വനവർണ്ണന ഭാഗങ്ങൾ ഏതാണ്ടൊരു പ്രത്യേകാഹ്ലാദം നല്കുന്നില്ലയോ? സ്ഥലത്തിലെന്നപോലെ കാലത്തിലും ദൂരമെന്നതു് ആനന്ദജനകമായ ഒരു അംശമാകുന്നു. ഇതുകൊണ്ടുതന്നെയല്ലയോ അതീത ദുഃഖങ്ങളെപ്പററിയുള്ള അനുസ്മരണ സന്തോഷകാരണമായിത്തീരുന്നതു്? രാവണനിഗ്രഹം കഴിഞ്ഞു മടങ്ങി വന്നതിനുശേഷം ശ്രീരാമൻ സീതയൊരുമിച്ചു് അയോദ്ധ്യയിൽ സുഖമായിരിക്കുന്ന കാലത്തു്, ദണ്ഡകാരണ്യത്തിൽവെച്ചു പണ്ടു് അനുഭവി

ച്ചിരുന്ന ക്ലേശങ്ങളെ ഓൎത്തു സുഖിച്ചു എന്നു രഘുവംശം 14-ാം സൎഗ്ഗത്തിൽ കാളിദാസമഹാകവി പറഞ്ഞിട്ടുള്ളതു പ്രസ്തുത തത്വത്തിനു ഉദാഹരണമാണ്. വിപ്രലംഭശൃംഗാരത്തിൻെറ വൈശിഷ്ട്യമൊന്നു വേറെതന്നെയാകുന്നതിനുള്ള ഒരു കാരണം ഇപ്പറഞ്ഞതു തന്നെയല്ലയോ ? ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ നിത്യപരിചയത്തിൽനിന്നു വിദൂരമായ ഒരു ലോകം കവിയുടെ കല്പനാശക്തിയാൽ സൃഷ്ടിക്കപ്പെടുന്നു എങ്കിൽ—അതു നമ്മുടെ പരിതഃസ്ഥിതികളെക്കാളധികം സുഖ പ്രദമായി തോന്നുന്ന ഒന്നാണെങ്കിൽ—നമ്മുടെ മനസ്സാകുന്ന പക്ഷി ഈ സംസാരപഞ്ജരത്തിൽനിന്നു പുറത്തുചാടി, അവിടേയ്ക്കു പറന്നുചെന്നു അവിടത്തെ ഉദ്യാനകുസുമങ്ങളിൽ വിരുന്നുണ്ടു സ്വച്ഛന്ദം വിഹരിച്ചുകൊള്ളുന്നതിനു യാതൊരു സംശയവുമില്ല. ഇങ്ങനെ നോക്കുമ്പോൾ, സാഹിത്യം ലോകത്തെ നമ്മുടെ മുമ്പാകെ സൂക്ഷ്മമായി കാണിച്ചുതരിക മാത്രമല്ലാ, ലോകത്തിലെ ക്ലേശങ്ങളിൽനിന്നു ഓടി രക്ഷപ്രാപിക്കുവാനുള്ള ചില വഴികൾ വെട്ടിത്തുറന്നു കാണിക്കുകകൂടി ചെയ്യുന്നുണ്ടെന്നു വെളിവാകുന്നുണ്ടല്ലോ. "കാമദഹനം ചമ്പു" വിൽ കാമദേവൻെറ ഉദ്യാനം വൎണ്ണിച്ചിരിക്കുന്നതു ഫലിതോദ്ദീപിതമായ കല്പനാശക്തിക്കു ഒരു മൂൎദ്ധാഭിഷിക്തോദാഹരണമായി കണക്കാക്കാം.

ഇംഗ്ലീഷിൽ സ്പെൻസറിൻേറയും കീററ്സിൻേറയും കൃതികളിൽ ഇത്തരം വൎണ്ണനകൾ അസംഖ്യം കാണാം.

എന്നാൽ ഇതൊരു ഉൽക്കൃഷ്ടകാവ്യപ്രസ്ഥാനമാണെന്നു ആക്കും അഭിപ്രായമില്ല. സ്വപ്നദശ്നം, ലഹരിപദാത്ഥാസ്വാദനം മുതലായവയോടു തുല്യമാക്കിക്കല്പിച്ചു കാവ്യാലാപങ്ങളെ വജ്ജിക്കുവാൻ ചില സങ്കുചിതബുദ്ധികഠം ഓളിയിടുന്നതു് ഈ പ്രസ്ഥാനം മാത്രം കണ്ടിട്ടായിരിക്കാം. അവർ ഉൽക്കൃഷ്ടസാഹിത്യമേതെന്നറിയുവാൻ ഉത്സാഹിക്കേണ്ടതാണു്. ഉൽക്കൃഷ്ടസാഹിത്യമെല്ലാം ഭാവനയുടെ സന്താനമാകുന്നു എന്നു ഒരിക്കലും വിസ്മരിച്ചുപോകരുതു്.

കവികമ്മത്തിനു് ഒരുവനെ യോഗ്യനാക്കിത്തീക്കുന്ന ശക്തികളിൽവെച്ചു ഏററവും പ്രധാനമായതു ഭാവനയാകുന്നു. ഭാവനാശബ്ദത്തിനു പല നിവ്വചനങ്ങളുമുള്ളതിനാൽ പ്രകൃതത്തിൽ ഉദ്ദേശിച്ചിട്ടുള്ള അത്ഥമെന്തെന്നു കുറെക്കൂടി വിശദമാക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചുററം കാണുന്നതായ ഈ ലോകത്തെ ഔചിത്യപൂവ്വകമായ അതിശയോക്തിപ്രയോഗംകൊണ്ടു് സാവ്വത്രികമായ ഒരു മാതൃകാലോകമാക്കിയുയത്തി നമ്മെ അതിൽ ലയിപ്പിക്കുകയാണു് കാവ്യത്തിൽ ഭാവനാശക്തിയുടെ മുഖ്യധമ്മം. സത്യസന്ധരായ പലരേയും നാം കണ്ടിട്ടുണ്ടു്. അവരുടെ ഒരു മാതൃകയായ ഹരിശ്ചന്ദ്രനെ കവി വണ്ണിക്കുന്നതു കേഠക്കുമ്പോഠം ഹരിശ്ചന്ദ്രൻെറ ലൌകികപ്രതിരൂപതങ്ങളെക്കുറിച്ചുള്ള സ്മരണം, നാം അറിയാതെതന്നെ, നമ്മുടെ മനസ്സിൽക്കൂടി ഒരു മിന്നൽപിണർപോലെ പായുന്നു. ഇതുപോലെതന്നെ രാമൻ, രാവണൻ, പാണ്ഡവന്മാർ, കൗരവന്മാർ, ദുഷ്ഷന്തൻ, ശകുന്തള, സീത, സാവിത്രി, ഉമ, ഇന്ദുലേഖ,

സൂരിനമ്പൂതിരിപ്പാട്ട്, ഹാംലെററ്, ഒത്തല്ലോ, ഇയാഗോ—എന്നുവേണ്ട, ഉൽകൃഷ്ടകാവ്യങ്ങളിലെ പാത്രങ്ങാം അവരുടെ ഇനത്തിൽപെട്ട വാസ്തവലോകനിവാസികളുടെ ഓരോ മാതൃകകളാണെന്നു പറയാം. സത്യസന്ധത, ധീരോദാത്തത, വിഡ്ഢിത്തം, പാതിവ്രത്യം, പരവഞ്ചന മുതലായി ഏതെങ്കിലും ചില പ്രത്യേക സ്വഭാവവിശേഷങ്ങളെ അതിശയോക്തികൊണ്ട് തെളിയിച്ചു വൎണ്ണിക്കുമ്പോഠം സാവ്ത്രികത്വവും മാതൃകാഭാവവും കാവ്യപാത്രങ്ങഠംക്കു സ്വയമേവ സിദ്ധിക്കുന്നു. പ്രതിഭാപ്രകാശിതമായ ഏതു ഉത്തമകാവ്യത്തിലും ജീവിതത്തിലെ രണ്ടംശങ്ങഠം അന്തഭ്വിച്ചുകിടപ്പുണ്ട്. ഒന്ന്, പ്രതിപാദ്യവിഷയത്തെക്കുറിച്ച് എല്ലാ മനുഷ്യരുടേയും ഉള്ളിൽ സുഷുപ്ത്യവസ്ഥയിൽ സ്ഥിതിചെയ്യുന്ന സാവ്വ്ജനീനമായ ആശയം; രണ്ട്, പ്രതിപാദ്യവിഷയത്തിനു കവിയുടെ ഭാവന നല്കുന്നതായ പ്രത്യേകസ്വരൂപവും സ്വഭാവവും. ഇതിൻെറ ഫലമായി, വിശേഷത്തിൽനിന്നു സാമാന്യത്തെ ഗ്രഹിക്കുവാൻ കാവ്യപഠനംകൊണ്ട് ശക്യമായിത്തീരുന്നു. നമ്മുടെ പുരാണങ്ങഠംക്കുള്ള മുഖ്യമാഹാത്മ്യം ഇതാണ്. പുരാണങ്ങളിൽ വിവരിച്ചിട്ടുള്ള സംഗതികഠം വാസ്തവമായാലും അല്ലെങ്കിലും, അവയ്ക്കു സാവ്വ്ജനീനത്വം, സാവ്ത്രികത്വം എന്നൊക്കെപ്പറയാവുള്ള ആ ഗുണം സാമാന്യത്തിലധികമുണ്ടെന്നു ആരും സമ്മതിക്കും. ഇതുകൊണ്ടുതന്നെയാണ് അവ അനശ്വരങ്ങളായി സമുല്ലസിക്കുന്നത്. അതിശയോക്തിക്കു പുറമെ, ചില പ്രത്യേക സങ്കേതങ്ങളും കാവ്യകാരന്മാർ ഇതിനുവേണ്ടി അംഗീ

കരിക്കാറുണ്ട്. കാവ്യസങ്കേതങ്ങളില്ലാത്ത സാഹിത്യമില്ല. ഇവ പക്ഷെ ഓരോ രാജ്യക്കാർക്ക് ഓരോ സമ്പ്രദായത്തിലായിരിക്കുമെന്നു മാത്രമേ വിശേഷമുള്ളു. അതിശയോക്തി കാവ്യത്തിൽ അനപേക്ഷണീയമായ ഒരു അലങ്കരണംതന്നെയാണ്. അതിശയോക്തിസ്പർശമില്ലാത്ത കാവ്യംതന്നെയുണ്ടോ എന്നു സംശയമാകുന്നു. കവിതയുടെ പ്രധാനാസ്പദം സ്തോഭമാണെങ്കിൽ, സ്തോഭത്തിൻെറ ഭാഷ അതിശയോക്തിയാണെന്നും പറയാം. ഒരു ചെറിയ കുട്ടിപോലും രണ്ടടി നീളമുള്ള ഒരു പാമ്പിനെ കണ്ടാൽ, ആ കാഴ്ച നമുക്കു വണ്ണിച്ചു മനസ്സിലാക്കിത്തരുവാനായി എന്തു ഭാഷയാണ് ഉപയോഗിക്കുന്നതു്? "അച്ഛാ! അച്ഛാ! ഞാൻ ഒരു പാമ്പിനെ കണ്ടു! ഈ തൂണിനോളം വലിപ്പമുണ്ടു്! പത്തിയോ ഒരു വട്ടമുറത്തിനോളമുണ്ടു്!" എന്നിങ്ങനെ സ്വാഭാവികമായിത്തന്നെ അതിശയോക്തി പ്രയോഗിക്കുന്നില്ലേ? അതുകൊണ്ടു് അതിശയോക്തിയെ അപലപിക്കുന്ന ഇന്നത്തെ ചില സ്വഭാവോക്ത്യാഭാസപക്ഷപാതികൾ അതിശയോക്തിയാണ് കവിതയുടെ മമ്മം എന്ന വാസ്തവം ഓർത്താൽകൊള്ളാമായിരുന്നു. പക്ഷെ ഇതിലും ഔചിത്യദീക്ഷ അത്യന്താപേക്ഷിതമാണെന്നു വിസ്മരിക്കുവാൻ പാടില്ല.

"വണ്ണത്തിൽ കൂട്ടാം എണ്ണത്തിൽ കൂട്ടരുതു്" എന്നാണ് ചുരുക്കത്തിലുള്ള നിയമം. അതായതു്, സാമ്യമോ സജാതീയതയോ ഉള്ള ദിക്കിൽ അതിശയോക്തി പ്രയോഗിക്കാം. ഇല്ലാത്ത ദിക്കിൽ പ്രയോഗിക്കുന്നതു് ഹാസ്യജനകമായി കലാശിക്കുമെന്നു സാരം.

കഴിഞ്ഞ ജർമ്മൻ മഹായുദ്ധത്തിൽ ഇംഗ്ലീഷ് ചക്രവർത്തിയായ ജോർജ്ജ് പഞ്ചമൻ കൈയിൽ ഒരു വാളുമെടുത്തു് തനിയെ പോർക്കളത്തിലിറങ്ങിച്ചെന്നു അനേകായിരം പടയാളികളുടെ തലവെട്ടിവീഴ്ത്തി എന്നു പറഞ്ഞാൽ, അതിലെ അതിശയോക്തി, എനംതന്നെ മാറിപ്പോയതു നിമിത്തം ഹാസ്യജനകമായിത്തോന്നും. നേരെമറിച്ചു് അദ്ദേഹം ബുദ്ധിവൈഭവംകൊണ്ടോ നയവൈശിഷ്ട്യംകൊണ്ടോ എന്തുതന്നെ സാധിച്ചു എന്നു പറഞ്ഞാലും അതിൽ വൈലക്ഷണ്യം തോന്നുകയില്ല. ഇന്നത്തെ ഒരു യുദ്ധം വർണ്ണിക്കുമ്പോൾ പ്രാചീനയുദ്ധവർണ്ണനകളെ കണ്ണടച്ചു പകർത്തുന്നതു് അനുചിതമായിരിക്കും. എന്തുകൊണ്ടെന്നാൽ യുദ്ധസമ്പ്രദായം തീരെ മാറിയിരിക്കുന്നു. സജാതീയമായ അതിശയോക്തിക്കു് ഒരു വിരോധവുമില്ല. പാശ്ചാത്യർക്കു നമ്മുടെ അതിശയോക്തികൾ വിജാതീയങ്ങളായിത്തോന്നുന്നതുകൊണ്ടായിരിക്കാം അത്ര രുചിക്കാത്തതു്. അതുപോലെതന്നെയാണു് കാവ്യസങ്കേതങ്ങളുടേയും കഥ. പ്രയോഗപ്രാചുര്യംകൊണ്ടു് ഒരു ആശയത്തിനു പ്രസിദ്ധി സിദ്ധിക്കുമ്പോൾ ക്രമേണ അതൊരു സങ്കേതമായിപ്പരിണമിച്ചേക്കാം. നമ്മുടെ ഉപമാദ്യാലങ്കാരങ്ങളിൽ ഇത്തരം സങ്കേതങ്ങൾ പലതും സ്ഥലം പിടിച്ചു കഴിഞ്ഞിരിക്കുന്നു. ഇവയുടെ പ്രസിദ്ധികൊണ്ടല്ലയോ രൂപകാതിശയോക്തിയും മററും സാധിക്കുന്നതു്? എന്നാൽ പ്രസിദ്ധ സങ്കേതങ്ങളെ കളഞ്ഞു അവയുടെ സ്ഥാനത്തു് അപ്രസിദ്ധസങ്കേതങ്ങളെ ചെലുത്തുന്നതുകൊണ്ടു് വായനക്കാർക്കു വളരെ ക്ലേശം അനുഭവിക്കേണ്ടിവരുന്നതുമാണു്.

ഭാവനാശക്തികൊണ്ടു് അതിശയോക്തിയുടെ സാഹായ്യത്തോടുകൂടി ഒരു കവി സൃഷ്ടിക്കുന്ന മാതൃകാലോകം വെറും സ്വപ്നസൃഷ്ടിപോലെയുള്ള ഒന്നല്ലെന്നു പറയേണ്ടതില്ലല്ലോ. എന്തെന്നാൽ, ഇതിൽ ധമ്മാധമ്മതത്വങ്ങൾ, കായ്യകാരണസംബന്ധം, ലോകാസ്ഥദങ്ങളായ നിത്യനിയമങ്ങൾ മുതലായവയെല്ലാം — ദൃശ്യലോകത്തിൽ നാം കാണുന്നതിനേക്കാളധികം — സ്പഷ്ടമായി കവി നമുക്കു ബോധപ്പെടുത്തിത്തരുന്നുണ്ടു്. ഇതാണു് ഏററവും ശ്രേഷ്ഠമായ കാവ്യശാഖ.

## 5. വിമൎശനം.

നിൎമ്മാണത്തോളംതന്നേ മഹനീയമല്ലെങ്കിലും, പ്രായോഗികജീവിതത്തിൽ, അതിനേക്കാളൊട്ടും താഴെയല്ലാത്ത സ്ഥാനം അൎഹിക്കുന്ന ഒരു കല (അഥവാ, ശാസ്ത്രം) ആണു് വിമൎശനം. പദാൎത്ഥങ്ങളുടെ പാരമാൎത്ഥ്യം ആരാഞ്ഞറിഞ്ഞു പ്രകാശിപ്പിക്കുവാൻ പരിശ്രമിക്കുകയാണു് അതിൻെറ ധൎമ്മം. അറിയുവാനുള്ള കേവലേച്ഛ അതിൻെറ അടിസ്ഥാനമാകയാൽ, അതിനു വിഷയീഭവിക്കുന്ന വസ്തുവിൻെറ എല്ലാവശങ്ങളിലും മനസ്സിനെ സ്വച്ഛന്ദമായും സ്വതന്ത്രമായും വിഹരിക്കുവാൻ അനുവദിക്കേണ്ടതു് അത്യാവശ്യമാകുന്നു. അങ്ങനെ ചെയ്യുന്ന പക്ഷം, സൂക്ഷ്മഗ്രഹണപടുവായ വിമൎശകനു കാൎയ്യങ്ങളുടെ ഗുണഭാഗങ്ങളേയും ദോഷഭാഗങ്ങളേയും ഉള്ളതുപോലെതന്നെ മുഴുവൻ സ്പഷ്ടമായി ഗ്രഹിക്കുന്നതിനു സാധിക്കുന്നതായിരിക്കും. അതോടുകൂടി, സ്വാഭിപ്രായങ്ങളെ പക്ഷപാതരഹിതമായും നിഷ്കല്മഷമായും, ഗൗരവം വിടാതെയുള്ള രീതിയിൽ വ്യക്തമാക്കുവാൻ വേണ്ടുന്നസംസ്കാരം വിമൎശകനുണ്ടെങ്കിൽ, ലോകത്തിൽ ഉൽകൃഷ്ടാശയങ്ങളുടെ പ്രവാഹത്തെ സഹായിക്കുവാൻ ആയാൾക്കു എത്രമാത്രം ശക്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ വഴിക്കുതന്നെ നിൎമ്മാണത്തിനു സഹായമായ ആശയമണ്ഡലത്തെ സജ്ജീകരിക്കുവാനും വിമൎശകൻ സമൎത്ഥനാകുന്നു. സൃഷ്ടിപരമായ സംരംഭങ്ങൾക്കു വേണ്ടുന്ന വ്യക്തിശക്തി, സന്ദൎഭശക്തി

എന്നീ രണ്ടിനങ്ങളിൽ സന്ദൎഭശക്തി പലപ്പോഴും വിമൎശകലയെ ആശ്രയിച്ചിരിക്കാറുണ്ടെന്നു രാഷ്ട്രങ്ങളുടേയും വ്യക്തികളുടേയും ചരിത്രങ്ങൾ തെളിയിച്ചിട്ടുണ്ട്. ആകയാൽ, വിമൎശകന്മാർ തങ്ങളുടെ കൎത്തവ്യം ശരിയായി നിൎവ്വഹിക്കുന്നു എന്നു വരികിൽ വിജ്ഞാനപ്രകാശവും സ്വാതന്ത്ര്യചിന്താവൈഭവവും മനുഷ്യസമുദായത്തിൽ ഗണ്യമായവിധം പ്രസരിക്കാതിരിക്കയില്ലെന്നു സ്പഷ്ടമാണു്.

വിമൎശനം വായിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു പറയുന്നതു്, നമ്മേക്കാൾ കൂടുതൽ ജ്ഞാനം മററാൎക്കുമില്ലെന്നു പറയുന്നതിനോടു തുല്യമായിരിക്കും; അഥവാ, മറെറാരുവനു നമ്മേക്കാൾ കൂടുതൽ അറിവും ലോകപരിചയവുമുണ്ടെങ്കിൽത്തന്നെ അവ നമുക്കു തീരെ ഉപകരിക്കുകയില്ലെന്നുഭാവിക്കുന്നതായിത്തീരുന്നു. ഇതു രണ്ടും ശരിയല്ല. ഉത്തമരീതിയിലുള്ള വിമൎശനം നമ്മുടെ ജ്ഞാനത്തിൻെറ പരിധികളെ വിസ്തൃതങ്ങളാക്കുകയും, കാൎയ്യങ്ങളുടെ യാഥാൎത്ഥ്യം സ്വയമേവ കണ്ടുപിടിക്കുന്നതിനുള്ള ശക്തിയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഏതൊരു വിഷയത്തെക്കുറിച്ചാണോ അഭിപ്രായം പറയുവാനുദ്ദേശിക്കുന്നതു്, ആ വിഷയത്തിൻെറ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന തരത്തിൽ കഴിയുന്നത്ര ആഴത്തിൽ അറിവു സമ്പാദിച്ചിട്ടുള്ളവനായിരിക്കണമല്ലോ ഉത്തമവിമൎശകൻ. ഇപ്രകാരം വിദഗ്ദ്ധനായ ഒരു സൂക്ഷ്മഗ്രാഹി, തൻെറ പ്രത്യേകവിഷയത്തിൽ സാധാരണന്മാരെക്കാളധികം അഗാധമായും വിപുലമായും കാൎയ്യ

ങ്ങൾ കാണ്മാൻ ശക്തനാണ്. നമ്മുടെ ശ്രദ്ധയിൽ പെടേണ്ടതും പക്ഷേ പെട്ടിട്ടില്ലാത്തതുമായ അനേകം സംഗതികളെ ആയാൾ നമുക്കു വിശദമാക്കിത്തരുന്നു. നമ്മുടെ ഹൃദയത്തിൽ മൂടൽ മഞ്ഞുപോലെ അവ്യക്തമായി ഉദിക്കുന്ന അഭിപ്രായങ്ങൾക്ക് ആയാൾ പലപ്പോഴും സുവ്യക്തമായ സ്വരൂപവും ദാർഢ്യവും നല്കുന്നു. എന്തുകൊണ്ടു നോക്കിയാലും ഉത്തമവിമർശകൻ നമുക്കു സാരമായ സഹായം ചെയ്യുന്ന മാർഗ്ഗദർശിയായിട്ടാണു വർത്തിക്കുന്നതെന്നു പറയാം. ആയാൾ പുതിയ വഴികളെ നമുക്കു കാണിച്ചുതരുന്നു; പരിചിതങ്ങളായ വഴികളിൽത്തന്നെ പുതിയ വശങ്ങളിലേയ്ക്കു നമ്മുടെ ദൃഷ്ടികളെ തിരിച്ചുവിടുന്നു; കണ്ടിട്ടും, സാരം ഗ്രഹിക്കാതെ നാം വിട്ടുകളഞ്ഞുപോകുന്ന വസ്തുക്കളുടെ പരമാർത്ഥം നമ്മെ ഗ്രഹിപ്പിക്കുന്നു; അഭിപ്രായവ്യത്യാസങ്ങളുള്ളേടങ്ങളിൽ നമ്മുടെ ധാരണകളെ മാററുരച്ചുനോക്കിത്തെളിയിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ ശരിയായി വിമർശകനാമം അർഹിക്കുന്ന ഒരുവൻെറ ഹസ്താവലംബംകൊണ്ടു നമുക്കു യാതൊരു കോട്ടവും തട്ടുവാനില്ലെന്നു മാത്രമല്ല, പ്രത്യക്ഷത്തിൽ വളരെ ഗുണം കിട്ടുവാനുണ്ടെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷേ ആയാൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളിൽ വന്നേയ്ക്കാവുന്ന ന്യൂനതയനുസരിച്ചു ഗുണത്തിനുപകരം ദോഷം പരത്തുവാനും ആയാൾ ശക്തനായിത്തീരുന്നു. അതുകൊണ്ടു ശിഷ്ടനായ വിമർശകൻ എത്രത്തോളം മാന്യനാകുന്നുവോ അത്രത്തോളം, അഥവാ അതിലുമധികം, നിന്ദ്യനാണ് ദുഷ്ടനായ വിമർശകൻ.

വിമൎശനത്തിൻെറ ധൎമ്മത്തെ വിവരിച്ചിട്ടുള്ളതിൽ നിന്നുതന്നെ, ശരിയായ വിമൎശകനുണ്ടായിരിക്കേണ്ട മുഖ്യഗുണങ്ങളെന്തെല്ലാമെന്നനുമാനിക്കുവാൻ എളുപ്പമാണല്ലോ. പക്ഷപാതരാഹിത്യമാണ് വിമൎശനവൃക്ഷത്തിൻെറ നാരായവേരായി നില്ക്കുന്നതു്. താൽക്കാലികങ്ങളായ പ്രായോഗികതാൽപര്യങ്ങളിൽനിന്നു മനോവൃത്തിയെ വേർപെടുത്തി, കാര്യങ്ങളെ ശാശ്വതസത്യത്തിൻെറ വെളിച്ചത്തിൽ, ഉള്ളതുപോലെതന്നെ ഏററക്കുറച്ചിലുകളോ മാററമ്മറിച്ചിലുകളോ തട്ടാത്ത വിധം സമീക്ഷിച്ചു്, അചഞ്ചലമായ ആൎജ്ജവത്തോടും അവികലമായ ദാർഢ്യത്തോടുംകൂടി വ്യാഖ്യാനിച്ചു വിശദീകരിക്കുകയാണ് വിമൎശകൻെറ കൎത്തവ്യം. ഇതെളുപ്പത്തിൽ പറഞ്ഞു കഴിഞ്ഞു. എന്നാൽ നിഷ്പക്ഷത എന്ന ഗുണം വിദഗ്ദ്ധവിമൎശകന്മാൎക്കുപോലും പ്രയോഗത്തിൽ വരുമ്പോഠം എത്രയോ ദുൎല്ലഭമായിട്ടു മാത്രമേ കാണുന്നുള്ളു! കക്ഷിവഴക്കും സമുദായമാത്സൎയ്യവും വ്യക്തിവിദ്വേഷവും നഗ്നമായി നൃത്താടുന്ന സ്ഥലകാലങ്ങളിൽ നിഷ്പക്ഷവിമൎശകന്മാരുടെ സംഖ്യ കേവലം അംഗുലിപരിമിതമായാൽ അത്ഭുതപ്പെടുവാനില്ലല്ലോ. കൃത്രിമങ്ങളായ ഉപാധികളെ ആസ്പദമാക്കിക്കൊണ്ടു മനുഷ്യൻ കക്ഷിതിരിഞ്ഞുനിന്നു തൊട്ടതിനെല്ലാം സ്പൎദ്ധിക്കുന്ന ശാപഗ്രസ്തമായ ചുററുപാടുകളിൽ വിമൎശനം അസത്യമലീമസമായിത്തീരുന്നതു സ്വാഭാവികമാണ്. വിമൎശകൻെറ കക്ഷിയിൽ ഉൾപ്പെടുന്നവർ ചെയ്യുന്ന ഏതു ദുഷ്ടപ്രവൃത്തിയും ആയാളുടെ ദൃഷ്ടിയിൽ ശ്ലാഘ്യ

മാകുന്നു ; വിരുദ്ധകക്ഷിയിലുൾപ്പെട്ടവാൻ സംഗതിയാ
യിട്ടുള്ള മഹാന്മാർ എത്ര ഉൽകൃഷ്ടകാര്യം ചെയ്താലും,
ആയാരം അതിൻെറ മേന്മയെ അടിച്ചുതാഴ്ത്തുന്നു; അ
തിൽ കരിതേയ്ക്കുന്നു; അല്ലെങ്കിൽ, ( Damn with faint
praise ) വളരെ അകവലിവോടുകൂടിയ ഒരുതരം ക്ഷുദ്രാ
ഭിനന്ദനംകൊണ്ടു ഫലത്തിൽ സംഹരിക്കുന്നു. വസ്തുക്കളെ
ഉള്ളതുപോലെ കാണുന്നതിനു വലിയ പ്രതിബന്ധമാ
യിട്ടാണ് കക്ഷിമത്സരം സർവ്വത്ര ജൃംഭിക്കുന്നതു്. കക്ഷി
വിദ്വേഷമാകുന്ന കണ്ണാടിയിൽക്കൂടി നോക്കുമ്പോരം വി
മർശകൻ പദാർത്ഥങ്ങളെയെല്ലാം വികൃതരൂപത്തിൽ മാ
ത്രമേ കാണുന്നുള്ളു. അതോടുകൂടി സ്വാർത്ഥലാഭേച്ഛയും
ചേന്നാൽ പിന്നെ വിമർശനം തീരെ വ്യഭിചരിച്ചു
പോവുകതന്നെ ചെയ്യും. ഈ ശാപം ബാധിക്കാതിരിക്കു
വാൻ ഒരുത്തമസന്യാസിക്കുണ്ടായിരിക്കേണമെന്നു പറ
യുന്ന നിസ്സംഗതിയെ മാതൃകയായി മുൻനിർത്തിക്കൊണ്ടു
വേണം വിമർശകൻ സംഗതികളെക്കുറിച്ചു നിരൂപണം
തുടങ്ങുവാൻ. അങ്ങനെ ചെയ്യാത്തപക്ഷം ആയാളുടെ
വിമർശനങ്ങളെ മററുള്ളവർ ഭേദഗതികൂടാതെ സ്വീക
രിക്കുവാൻ പാടുള്ളതല്ല. കേവലമായ നിഷ്പക്ഷത ആദ
ർശലോകത്തിലല്ലാതെ വാസ്തവലോകത്തിൽ കാണുവാൻ
ഞെരുക്കമാണെന്നു പലരും വാദിച്ചേയ്ക്കാം. ശരിതന്നെ.
അതുകൊണ്ടു നാം ചെയ്യേണ്ടതെന്താണ് ? വിമർശക
ൻെറ സ്വഭാവത്തിനും നിരീക്ഷണസമ്പ്രദായത്തിനുമുള്ള
വിശേഷങ്ങളെ നല്ലപോലെ മനസ്സിലാക്കിയതിനുശേ
ഷം ആയാളുടെ അഭിപ്രായങ്ങളെ വേണ്ട മാററങ്ങളോടു

കൂടി കൈക്കൊള്ളുകയോ, അല്ലെങ്കിൽ തീരെ തള്ളുകയോ, ചെയ്യേണ്ടതാണെന്നു വന്നുകൂടുന്നു.

വിമൎശകന്ന് ഒരു വ്യക്തിയോട് എന്തെങ്കിലും കാരണത്താൽ വിരോധമുണ്ടായിരിക്കാം; ആ വ്യക്തിയുടെ പ്രവൃത്തിയെ നിരൂപണം ചെയ്യുക എന്നതു വൈരനിൎയ്യാതനത്തിന് ഒരവസരമായിട്ടായിരിക്കാം ആയാൾ കണക്കാക്കുന്നത്. വിദ്വേഷബുദ്ധി നിമിത്തം വിഷയത്തിൽനിന്നു തീരെ വിട്ടുമാറി, എതിരാളിയുടെ നേക്കു ചീററിപ്പാഞ്ഞുകയറി, ആയാളെ പിടിച്ചു മാന്തി കീറിപ്പൊളിച്ചു നശിപ്പിച്ചുകളയുവാൻ വിമൎശകൻ കാട്ടുന്ന സംഭ്രമം നമുക്കു പലപ്പോഴും അനുഭവഗോചരമാണല്ലോ. ഇത്തരം വിമൎശനത്തിനാണ് "പകപോക്കി" വിമൎശനം എന്നു പേർ കൊടുത്തിട്ടുള്ളതു്.

വ്യക്തിവിദ്വേഷപരമായ അഭിപ്രായപ്രകടനത്തിന്, നമ്മുടെ നാട്ടിൽ വിശേഷിച്ചും, മറെറാരു കാരണം കൂടി അനുഭവത്തിൽ പെടാറുണ്ട്. അതിന്റെ ബീജം, വിമൎശകൻ മുൻകൂട്ടി ധരിച്ചുവെച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്നു വ്യത്യസ്തമായിക്കാണുന്ന ആശയഗതിയോ, വിമൎശകനു വിപരീതമായ എന്തെങ്കിലും പ്രവൃത്തിയോ അല്ലാ; കേവലം പരോൽക്കൎഷാസഹിഷ്ണുത മാത്രമാണ്. ആ ദുൎഗ്ഗുണം ആകുന്നു, വിമൎശകനെ സ്വധൎമ്മവ്യഭിചാരത്തിനു ചിലപ്പോളെല്ലാം പ്രേരിപ്പിക്കുന്നതെന്നു പ്രത്യക്ഷമാണ്. നരഭുക്കുകളായ അപരിഷ്കൃതന്മാരുടെയിടയിലുള്ള വിശ്വാസം, തങ്ങളിലൊരുവൻ പ്രതിയോഗിയെ പിടിച്ചു ഭക്ഷിച്ചാൽ ആ പ്രതിയോഗിയുടെ മാഹാത്മ്യം മുഴുവൻ തന്നിൽ ലയിച്ചു തന്റെ സ്വന്തമായി

ത്തീരുമെന്നാണത്രേ. ഏകദേശം ഇതുപോലെയുള്ള ഒരന്ധവിശ്വാസം, നമ്മുടെ നാട്ടിൽ പല വിമർശകന്മാക്കുമുള്ളതായി തോന്നുന്നു. മറെറാരുത്തൻെറ തല പൊങ്ങുന്നതു കണ്ടാൽ അവരുടെ ഉള്ളിൽ ഒരു കിരുകിരുപ്പു തുടങ്ങുകയായി! അവരോടു ആയാറംക്കു യാതൊരുവക ബന്ധവുമുണ്ടായിരിക്കുകയില്ല; ആയാറം അവരുടെ എതിരാളിയല്ല; യാതൊരു കിടമത്സരത്തിനും അവക്കു തമ്മിൽ അവകാശമില്ല; എന്നിരിക്കിലും ആയാറംക്കു വല്ല മെച്ചവും കിട്ടയേയ്ക്കുമോ എന്നു ശങ്കിക്കത്തക്കതായ ഏതെങ്കിലുമൊരു നില കണ്ടാൽ വിമർശകൻ തൻെറ അസൂയാവിഷം മുഴുവൻ ആയാളുടെ തലയിൽ വമിച്ചുതുടങ്ങുകയായി. ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന യശസ്വികളായ മഹാന്മാരുടെ പ്രവൃത്തികളെക്കുറിച്ചു ക്ഷുദ്രജീവികറം ഖണ്ഡനരൂപത്തിലുള്ള വിമർശനത്തിനു ചിലപ്പോളൊരുമ്പെടുന്നതായി കാണുതിൻെറ പിറകിൽ ഈ "നരഭോജിമനഃസ്ഥിതി"യാണ് കിടക്കുന്നതെന്നു സ്വല്പം ആലോചിച്ചാൽ അറിയാറാകും. "ഇയാഗോ" വിൻെറ ഇളയസഹോദരന്മാരായ ഇക്കൂട്ടരെ "ദൂരതഃ പരിവജ്ജയേൽ" എന്നു എത്ര പറഞ്ഞാലും അധികമാകുന്നതല്ല.

ഇതിൽനിന്നു സ്വല്പം വ്യത്യാസപ്പെട്ട മറെറാരുതരം വിമർശകന്മാരുണ്ട്. വിമർശനത്തിനു വിഷയമാകുന്ന വ്യക്തിയേക്കാളധികം മഹത്വം തനിക്കുണ്ടെന്നു ലോകരെ ധരിപ്പിക്കുവാനാണ് അവരുടെ പരിഭ്രമം. ഒരുവൻ വളരെ പ്രയത്നിച്ച് ഒരു ഉൽകൃഷ്ടകാര്യം സാധിക്കുന്നു. അതിലെ ന്യൂനതകളെ മാത്രം ("കുപ്പയിൽ

കുക്കുടം കൊത്തിപ്പെറുക്കുന്നതു പോലവേ") കുത്തിപ്പൊക്കിപവിത്രീകരിച്ചുകാണിച്ചു ലോകസമക്ഷം തെളിഞ്ഞുനിന്നൊന്നലറിയാൽ, അതിലുമധികം ഉൽകൃഷ്ടമായ കാൎയ്യം താൻ സാധിച്ചതായി കണക്കാക്കി ലോകം തന്നെ കൂടുതൽ ബഹുമാനിക്കുമെന്നാണ് പുരോഭാഗിയായ വിമൎശകൻ കരുതുന്നതു്. മത്തേഭത്തിന്റെ മസ്തകത്തിൽ കയറിയിരുന്നു കാഷ്ഠിച്ചു് മത്തേഭത്തേക്കാളധികം മഹത്വമുണ്ടെന്നു നടിക്കുന്ന കാക്കകളാണ് ഇത്തരം വിമൎശകന്മാർ. അത്യുച്ചത്തിൽ പറക്കുന്ന പരുന്തിന്റെ പക്ഷങ്ങൾക്കിടയിൽ പററിപ്പുരുങ്ങിക്കൂടുന്ന ഒരു ചെറിയ കുരുവിപ്പക്ഷി, മുകളിലെത്തിക്കഴിഞ്ഞാൽ, പരുന്തിന്റെ പുറത്തുനിന്ന് ഒരടികൂടി മേല്പോട്ടു പറന്നു തിരിച്ചുവന്നു പരുന്തിന്റെ പുറത്തുതന്നെ വീണ്ടും സ്ഥാനമുറപ്പിച്ചതിനുശേഷം "ആൎക്കാണ് അധികം ഉയരത്തിൽ പറക്കുവാൻ കഴിഞ്ഞതു് ? എനിക്കോ പരുന്തിനോ ?" എന്നു ചോദിച്ചു തെളിയുന്ന ഭാവമാണ് ഇത്തരം വിമൎശകന്മാർ പ്രദൎശിപ്പിക്കുന്നതു്.

വിദ്വേഷപ്രചോദിതരായി വിമൎശനത്തിനിറങ്ങുന്നവരിൽ ചിലർ തങ്ങൾ നിഷ്പക്ഷപാതികളാണെന്നു തോന്നിക്കുവാൻവേണ്ടി പ്രത്യക്ഷത്തിൽ നീചങ്ങളോ ക്ഷുദ്രങ്ങളോ ആയ പദാൎത്ഥങ്ങളെ മുക്തകണ്ഠം പ്രശംസിക്കുക എന്നൊരു കൗശലവും പ്രയോഗിക്കാറുണ്ടു്. നൂറമണ്ടന്മാരെ സ്തുതിക്കുന്ന വിമൎശകൻ ഒരു മാന്യനെ ഇടിച്ചുതാഴ്ത്തുവാൻ നോക്കുമ്പോൾ, സ്തുത്യൎഹമായതിനെ സ്തുതിക്കുവാൻ മടിയില്ലാത്തവനാണ് താനെന്നും ഏതാനും ചിലരെ സ്തുതിക്കാത്തതിന്റെ കാരണം

അവരുടെ അയോഗ്യത തന്നെയാണെന്നും ലോകർ ധരിച്ചാൽ നന്നായല്ലോ. മറയന്മാരെ പൊക്കുന്നതുകൊണ്ടു് അസൂയാലുക്കൾക്കു മനസ്സമാധാനത്തിനു കുറവൊട്ടുണ്ടാകുന്നതുമില്ല. അസൂയാലുക്കളുടെ മനസ്സിൻെറ ഗതി ഷേക്സ്പിയർ മഹാകവി ' ഇയാഗോ ' മുഖാന്തരം പ്രകാശിപ്പിച്ചിട്ടുള്ളതാണു്.

He (Cassio) hath a daily beauty in his life
To which I am ugly.

ഇയാഗോവിൻെറ അസൂയയ്ക്കു പാത്രീഭവിക്കുന്ന ' കാഷ്യോ 'വിനുള്ള ഏകദോഷം ഇതാണത്രേ :— "അയാളുടെ ജീവിതത്തിൽ നാൾതോറും ഒരു മനോഹരിത കളിയാടുന്നുണ്ടു് ; അതുള്ളേടത്തോളം കാലം ഞാൻ താരതമ്യേന നിന്ദ്യനായി ഭവിക്കുന്നു." സൂര്യാഭയിലുള്ള ചിലരുടെ ഉലൂകായിതത്തിനു് ഇതാണു വാസ്തവത്തിൽ നിദാനമായി വർത്തിക്കുന്നതു്.

ഏതാദൃശസ്ഥിതികളെയെല്ലാം വേണ്ടതുപോലെ ആലോചിച്ചറിഞ്ഞിട്ടുവേണം വിമർശകൻെറ അഭിപ്രായങ്ങൾക്കു നാം വില കല്പിക്കുവാൻ. അതല്ലാതെ, പറയുന്നതെല്ലാം കണ്ണടച്ചു വിശ്വസിച്ചാൽ പലപ്പോഴും സംഗതികളുടെ യാഥാർത്ഥ്യം സമഗ്രമായി ഗ്രഹിക്കുവാൻ നമുക്കു സാദ്ധ്യമല്ലാതെ വന്നേക്കാം. വിമർശകൻ സ്വയം മുൻകൂട്ടി മനസ്സിലുറപ്പിച്ചു വെച്ചിട്ടുള്ള സിദ്ധാന്തങ്ങളും ധാരണകളുമൊരുഭാഗത്തു്, അയാളുൾപ്പെടുന്ന കക്ഷിയുടെയോ സമുദായത്തിൻെറയോ താൽപര്യവിശേഷങ്ങൾ മറെറാരുഭാഗത്തു്, ആയാൾക്കു പ്രത്യേക വ്യക്തികളോടുള്ള വൈരമോ വിദ്വേഷമോ വെറും

അസൂയയോ വേറെയൊരുഭാഗത്തു് — ഇങ്ങനെ പല വൈഷമ്യങ്ങളും അയാളുടെ വീക്ഷണത്തിനു വൈകല്യമുളവാക്കിയേക്കാം. ഇതിനെല്ലാം ധാരാളം പഴുതിട്ടുകൊണ്ടുവേണം മററുള്ളവർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളെ നാം സ്വീകരിക്കുവാൻ. അല്ലെങ്കിൽ സത്യവ്യതിയാനവും, ധൎമ്മഭ്രംശവും, ലോകദ്രോഹവും, പലപ്പോഴും പശ്ചാത്താപവുമായിരിക്കും ഫലമെന്നു ജീവിതത്തിൽ നിത്യാനുഭവമാണു്.

തൻെറ വിഷയത്തിൽ പ്രത്യേകവൈദഗ്ദ്ധ്യം നേടിയിട്ടുള്ളവനായിരിക്കേണം വിമൎശകൻ എന്നു മുൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരെന്ന സമ്പ്രദായത്തിൽ, ആൎക്കും എന്തിനെപ്പററിയും തോന്നിയതെല്ലാം പറയാമെന്നു വരുന്നതായാൽ അതെല്ലാം യഥാൎത്ഥവിമൎശനമാകുന്നതല്ല. ജന്മസിദ്ധമായ സൂക്ഷ്മഗ്രഹണപാടവത്തിനുപുറമേ നിയതമായ അഭ്യാസവും ഒരു വിമൎശകനു അത്യന്താപേക്ഷിതമാകുന്നു. വിമൎശനത്തിനു അഭ്യാസത്തിൻെറ ആവശ്യകത എത്രത്തോളമുണ്ടെന്നറിയുവാൻ ഇന്നത്തെ മാസികകളിലും പത്രങ്ങളിലും കാണുന്ന നിരൂപണങ്ങൾ നോക്കിയാൽ മതി. അവയിൽ പലതിനും ഒരു "പാകം പോരായ്ക" നാം കാണുന്നുണ്ടല്ലോ. പറയുന്ന കാര്യങ്ങളെല്ലാം ശരിയാണെങ്കിൽത്തന്നെയും, പറയുന്ന രീതിക്കും സ്വരത്തിനും അവശ്യം വേണ്ടതായ ആ "തറവാടിത്ത"ത്തിൻെറ മുദ്ര പലപ്പോഴും നാം കാണുന്നില്ല. അണിയറയിൽനിന്നുതന്നെ അലറിയും അട്ടഹസിച്ചും അരങ്ങു കുലുക്കിക്കൊണ്ടു പുറപ്പെടുന്ന

ദുശ്ശാസനന്മാരും നരകാസുരന്മാരും നക്രതുണ്ഡികളും വിദ്യുജ്ജിഹ്വന്മാരും എത്രയാണ് ഇന്നു വിമൎശനരംഗത്തിൽ ചാടിവീണു ഗോഷ്ടികഠം കാട്ടുന്നത് ! ഇതെല്ലാം ഹൃദയസംസ്കാരം പോരാത്തതിൻെറ ലക്ഷണമാണ്. ക്രമാനുസൃതമായ പരിശീലനംകൊണ്ടു സുശിക്ഷിതനായിട്ടുള്ള വിമൎശകൻെറ സ്വരം — മണ്ഡനമായാലും ഖണ്ഡനമായാലും ശരി — എപ്പോഴും മിതവും പരിപക്വവും ഉചിതവുമായിരിക്കും.

ആശയഗ്രഹണത്തിൽ മാൎഗ്ഗഭ്രംശം പററാതിരിക്കുവാനും, പ്രതിപാദനരീതിയിൽ ശിഷ്ടോചിതമായ മര്യാദയേയും മിതസ്വരത്തേയും പരിപാലിക്കുവാനും വിമൎശകനു ആവശ്യമായിട്ടുള്ളതത്രേ ഹൃദയവിശാലത. ദുഷിച്ച നിരൂപണത്തിനു കാരണമാകുന്നതു പ്രായേണ കൂപമണ്ഡൂകബുദ്ധിതന്നെയാണ്. "കാലോഹ്യയം നിരവധിൎവ്വിപുലാ ച പൃഥ്വീ" എന്നതിൻെറ ആന്തരാൎത്ഥം ഗ്രഹിച്ച് ഇതരദേശകാലകാര്യങ്ങളെക്കുറിച്ചു സവിസ്തരം ജ്ഞാനം സമ്പാദിക്കുന്നതു് വിശേഷിച്ചും പ്രയോജനകരമായിരിക്കും. തങ്ങഠം പരിചയിച്ചിട്ടുള്ള മാമൂലിൽ നിന്നു് ഒരണുപോലും വ്യത്യസ്തമായിട്ടു യാതൊന്നും ലോകത്തിലുണ്ടായിക്കൂടാ എന്നു ശഠിക്കുകയും, അങ്ങനെ എന്തെങ്കിലുമുണ്ടായാൽ അതിനെ മുക്തകണ്ഠം അവഹേളിക്കുകയും ചെയ്യുന്ന സങ്കുചിതബുദ്ധികഠം പലരേയും വഴിതെററിക്കുവാനിടയുണ്ടു്. അവരുടെ ചിത്തരോഗത്തിനുള്ള പ്രത്യൌഷധം ലോകത്തിലെ മററു രാജ്യങ്ങളിലെ സാഹിത്യസംസ്കാരങ്ങഠം പഠിക്കുകയാകുന്നു. വിമൎശകൻ മിതമായ

സ്വരത്തിൽ, മര്യാദയോടുകൂടിയല്ലാതെ, ജല്പിക്കുന്ന അഭിപ്രായങ്ങളെ ഉത്തരവാദിത്വമുള്ളവരാരും വകവെയ്ക്കുകയില്ലെന്നൊരുനിശ്ചയംകൂടിവെച്ചാൽ അധികം നന്നായി.

വിമശ്നമെന്നുവെച്ചാൽ തോന്നിയതെല്ലാം പറയുക എന്നത്ഥമല്ലെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തോന്നിയതു പുറത്തേയ്ക്കു പ്രകാശിപ്പിക്കുന്നതിനു മുമ്പായി, അതു ശരിയോ എന്നുകൂടി പര്യാലോചിക്കേണ്ടതുണ്ടു്. തോന്നുന്നതെല്ലാം ശരിയായിക്കൊള്ളേണമെന്നില്ല. നിത്യതത്വങ്ങൾക്കും ധമ്മസംഹിതയ്ക്കും വിരുദ്ധമാകാത്തതാണോ തൻെറ തോന്നലുകളെന്നു വിമശകൻ നിഷ്ക്കഷിച്ചു പരിശോധിക്കണം. എന്നിട്ടു മാത്രമേ അവയെ ലോകസമക്ഷം അവതരിപ്പിക്കാവൂ. തൻെറ അഭിപ്രായങ്ങളെ ശാശ്വതതത്വങ്ങളിന്മേൽ അടിയുറപ്പിക്കേണ്ടതു സാഹിത്യസമീക്ഷകൻെറ കത്തവ്യമാകുന്നു. ആയാളുടെ അഭിപ്രായങ്ങൾ സത്യത്തിൽ വേരുറച്ചു നില്ക്കുന്നതിൻെറ ബലവും അവയെ പ്രകാശിപ്പിക്കുന്നതിൽ ആയാൾ പ്രദശിപ്പിക്കുന്ന നൈപുണ്യവുമനുസരിച്ചാണ് ആയാൾ ലോകാഭിപ്രായത്തിൽ പൊങ്ങുകയോ താഴുകയോ ചെയ്യുന്നതു്.

വ്യക്തിയേയോ കക്ഷിയേയോ അവലംബിച്ചുള്ള പ്രത്യേകതാൽപര്യങ്ങളൊന്നുമില്ലാത്ത സന്ദഭത്തിൽ പോലും വിമശകൻെറ അഭിപ്രായഗതി വക്രമായിത്തീരുന്നതു ചിലപ്പോൾ നമുക്കു അനുഭവസിദ്ധമാണല്ലോ. അതിനുള്ള കാരണം അറിവിൻെറ കുറവോ അലസതയുടെ വലിവോ ഒട്ടല്ലതാനും. ശ്രോതാക്കളേ ഏതു

ത●ത്തിലെങ്കിലും രസിപ്പിച്ചു ഭ്രമിപ്പിക്കേണമെന്ന ഏകോദ്ദേശ്യത്തോടുകൂടി ഗുണങ്ങളേയോ ദോഷങ്ങളേയോ വിവരിക്കുന്നതിൽ ക്രമാതീതമായ അതിശയോക്തി പ്രയോഗിക്കുന്നതിൻെറ ഫലമായിട്ടാണ് അഭിപ്രായപ്രകടനം ചിലപ്പോളെല്ലാം കുടിലമായിപ്പരിണമിക്കുന്നതു്. ഈ രീതിയിൽ വിമൎശനം നടത്തുന്നവരെ കാണുമ്പോഠം, ഞാണിന്മേൽക്കളിക്കാരേയും വിദൂഷകന്മാരേയുമാണു് ഓൎമ്മവരുന്നതെന്നു പറയേണ്ടിയിരിക്കുന്നു. എന്തെങ്കിലും കൃത്രിമം പ്രയോഗിച്ചു ശ്രോതാക്കളെ മുഴുവൻ യേനകേനപ്രകാരേണ തല്ക്കാലം ഭ്രമിപ്പിക്കണമെന്നുള്ളതായിരിക്കരുതു് വിമൎശകൻെറ നയം. എല്ലാവരെക്കൊണ്ടും പുകഴ്ത്തിക്കുവാൻ മാത്രം ഉദ്ദേശിച്ചുള്ള പ്രവൃത്തി, നിൎമ്മാണപരമായാലും വിമൎശനപരമായാലും വേണ്ടതില്ല, അവസാനം അവതാളത്തിലാകുകതന്നെ ചെയ്യും. കലകളൊക്കെ സാമാന്യമായി വൎത്തിക്കേണ്ടതുപോലെ, വിമൎശനവും, രസപ്രദമായിത്തന്നെ വൎത്തിക്കേണ്ടതാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. എന്നാൽ കലകളിലെന്നപോലെ വിമൎശനത്തിലും അനുഭവവിഷയമാകുന്ന രസം ധാൎമ്മികമായിരിക്കേണം. സത്യത്തിനും ധൎമ്മത്തിനും വിരുദ്ധമായിട്ടുള്ള വിമൎശനം എത്ര സാമൎത്ഥ്യദ്യോതകമായാലും നാം വിഷം പോലെ തള്ളിക്കളയേണ്ടതാകുന്നു.

കാൎയ്യങ്ങളുടെ കാതൽ കണ്ടുപിടിക്കേണമെന്നുള്ളവർ എല്ലായ്പോഴും വിമൎശകന്മാരെത്തന്നെ ആശ്രയിച്ചുകൊണ്ടിരിക്കരുതു്; നേരിട്ടിറങ്ങി അന്വേഷണം നടത്തി സ്വാഭിപ്രായം സ്വതന്ത്രമായി രൂപീകരിക്കണം;

എന്നാൽ മാത്രമേ പലപ്പോഴും സത്യം തെളിയുകയുള്ളു. അതിന്റെ കാരണം, പലപ്പോഴും, സത്യാവസ്ഥയ്ക്കും നമ്മുക്കും മദ്ധ്യേ ദുഷ്ടവിമൎശനം ഒരു തിരസ്കരണിയായി വന്നു ചാടാറുണ്ടെന്നുള്ളതുതന്നെ. വിമൎശകൻ അറിഞ്ഞിട്ടും അറിയാതേയും സത്യാവസ്ഥയെ മറച്ചോ മറിച്ചോ നമുക്കു കാണിച്ചുതരുന്നു. ആയാളുടെ വിധികല്പനകളും വ്യാഖ്യാനങ്ങളും വിശ്വാസയോഗ്യങ്ങളല്ലാതായിത്തീരുന്നു. ആയാളുടെ വലയിൽ വീഴുന്നവർ അധൎമ്മംചെയ്യുവാൻ പ്രേരിതരാകുന്നു. അതിനാൽ വഴിപിഴച്ചുള്ള വിമൎശനത്തേ പ്രത്യേകം സൂക്ഷിക്കണം. അതിലും വിശേഷിച്ച്, അറിഞ്ഞുകൊണ്ടുള്ള ദുഷ്ടവിമൎശനത്തിൽ ഒരു വകഭേദമുള്ളതിനെ അധികം ജാഗ്രതയോടെ സൂക്ഷിക്കണം—അതായതു് അജ്ഞാതനാമാക്കളുടെ വിമൎശനം! അടക്കുവാൻ വയ്യാത്ത അസൂയയും ഭീരുത്വവും കൂടിച്ചേരുമ്പോളാണു് പേരൊളിച്ചുവെച്ചുകൊണ്ടുള്ള അഭിപ്രായപ്രകടനങ്ങൾക്കു വിമൎശകന്മാർ പുറപ്പെടുന്നതു്. ഇങ്ങനെ ഒളിയമ്പെയ്തു ഞെളിയുന്ന വിമൎശകന്മാരെ, മൂർഖപ്പാമ്പുകളെ എന്നപോലെ, പാടെ നശിപ്പിക്കുക തന്നെ വേണം, വേറെ വഴിയൊന്നുമില്ല! ധാൎമ്മികമായ പ്രവൃത്തിക്കു ധൈര്യമില്ലാത്തവൻ വിമൎശനത്തിനൊരുങ്ങരുതെന്നു താൽപര്യം.

ചിലപ്പോൾ തന്റെ ശരിയായപേർ ഒളിച്ചുവെച്ചുകൊണ്ടു വിമൎശനം ചെയ്യുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നതു നിർദ്ദോഷമായ ഏതെങ്കിലും ഉദ്ദേശംതന്നെ

യായിരിക്കാം; ആയതു സ്പഷ്ടമാണെങ്കിൽ മാത്രമേ അത്തരം വിമൎശനത്തിന്ന വില കല്പിക്കാവൂ.

കുറുക്കുവഴികളുടെ കാലമാണിതു്. ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഏററവും കുറച്ചു പ്രയത്നിച്ചു് ഏററവുമധികം ഫലം നേടുവാനാണു് ഇന്നു ജനസാമാന്യം മോഹിക്കുന്നതു്. അതിനാൽ കാൎയ്യങ്ങളുടെ ഗുണദോഷങ്ങളെ നേരിട്ടു പഠിച്ചും നിഷ്കൎഷിച്ചു പരിശോധിച്ചും ഗ്രഹിക്കുവാൻ നോക്കുന്നതിനുപകരം, മററുള്ളവർ നല്കുന്ന സംഗ്രഹങ്ങളെ അവലംബിക്കുവാൻ ജനങ്ങൾക്കധികം വാസന കാണുന്നുണ്ടു്. അപ്പോൾ വിജ്ഞാനച്ചന്തയിലെ ദല്ലാളികളായ വിമൎശകന്മാൎക്കു പ്രാധാന്യവും പ്രാമാണ്യവും വൎദ്ധിക്കാതെ തരമില്ലല്ലോ. വ്യക്തികളെപ്പററിയും കൃതികളെപ്പററിയും സംഗതികളെപ്പററിയും മററുള്ളവർ അഭിപ്രായം പറഞ്ഞു കേൾക്കുമ്പോൾ തങ്ങൾക്കും വല്ലതും പറഞ്ഞാൽകൊള്ളാമെന്നാഗ്രഹം ജനിക്കുന്നു; പക്ഷേ അവയെക്കുറിച്ചു സ്വതന്ത്രമായി പഠിച്ചു സ്വാഭിപ്രായം രൂപീകരിക്കുവാനുള്ള ക്ഷമയോ സൗകൎയ്യമോ സമയമോ ഒട്ടില്ലതാനും. അങ്ങനെ വരുമ്പോൾ വിമൎശകനെത്തന്നെ കേവലം ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. വിമൎശകൻ മററുപ്രകാരത്തിൽ പേരെടുത്തിട്ടുള്ള ഒരാൾകൂടിയായാൽ, പിന്നെ ആയാൾ പറയുന്നതെല്ലാം വേദവാക്യവുമായി;— ഇങ്ങനെ സാമാന്യജനങ്ങളെ വിമൎശകന്മാർ "കുതിരകയറുന്ന" ഇക്കാലത്തു വിമൎശനം വഴിപിഴച്ചുപോകാതെ സൂക്ഷിക്കേണ്ടതു വിശേഷിച്ചും ആവശ്യമാണു്.

വിമൎശകൻ എത്ര വലിയ നിലയിലിരിക്കുന്നവനോ, വിദ്വാനോ, കീൎത്തിമാനോ, വിശ്വസനീയനോ ആയിക്കൊള്ളട്ടെ, ആയാളുടെ അഭിപ്രായങ്ങളെല്ലാം അപ്പടിയേ സ്വീകാരയോഗ്യങ്ങളായിക്കൊള്ളണമെന്നില്ല. ചില പ്രത്യേകവ്യക്തികളെക്കുറിച്ചോ സംഗതികളെക്കുറിച്ചോ നിരൂപണം ചെയ്യുമ്പോൾ ആയാൾക്കും അടിതെററാവുന്നതാണ്. അതെങ്ങനെയെല്ലാം സംഭവിക്കാമെന്നു മുൻവിവരിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു വിമൎശകനെ ആദ്യംതന്നെ നിഷ്കൃഷ്ടമായി പഠിച്ചറിയുകയും, ആയാൾക്കു വിമൎശനവിഷയത്തോടുള്ള ബന്ധത്തിൻെറ സകലവശങ്ങളേയും പൂൎണ്ണമായി ആരാഞ്ഞു മനസ്സിലാക്കുകയും ചെയ്തതിനു ശേഷമല്ലാതെ ആയാൾ പുറപ്പെടുവിക്കുന്ന വ്യാഖ്യാനങ്ങളേയും വിധികളേയും മുഴുവൻ വിശ്വസിച്ചുപോകരുതു്! ഇന്നത്തെ നമ്മുടെ പരിതഃസ്ഥിതിയിൽ ഈ തത്വം എത്രവട്ടം ആവൎത്തിച്ചാലും അധികമാകുന്നതല്ല.

## 6. ആംഗ്ലേയവിമൎശനകല.

മററെല്ലാ രാജ്യങ്ങളിലുമെന്നപോലെതന്നെ ഇംഗ്ലാണ്ടുരാജ്യത്തിലും സാഹിത്യാഭിരുചി ഒരുവിധം അഭിവൃദ്ധി പ്രാപിച്ചുകഴിഞ്ഞതിനു ശേഷം മാത്രമാണ് വിമൎശനകല തല പൊക്കുവാൻ തുടങ്ങിയതു്. ദൃശ്യം, ശ്രവ്യം എന്നീ വിഭാഗങ്ങളിലും, ഗദ്യം, പദ്യം എന്നീരൂപങ്ങളിലുമായി ഒട്ടേറെ കാവ്യങ്ങൾ ആവിൎഭവിച്ചു കണ്ടാൽ പിന്നേ അവ മനുഷ്യഹൃദയത്തെ എങ്ങനെയാണ് ആകൎഷിക്കുന്നതെന്നും, അവയുടെ ഉൽക്കൎഷാപകൎഷങ്ങൾ എന്തെല്ലാം തത്വങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്നും മററും വിദ്വാന്മാർ സ്വയം വിചിന്തനം ചെയ്യുവാൻ ആരംഭിക്കുകയായി. അതോടുകൂടി വിമൎശനം ഒരു യഥാൎത്ഥകലാരൂപത്തിൽ അവതരിക്കുകയും ചെയ്യുന്നു.

ആംഗ്ലേയഭാഷയിൽ ഇങ്ങനെ വിമൎശനകല തഴച്ചുയരുവാൻ തുടങ്ങിയതു 16-ാംശതവൎഷത്തിന്റെ ഉത്തരാൎദ്ധത്തിൽ മാത്രമാണ്. അതിനുമുമ്പു വിമൎശനബുദ്ധിയുടെ പരമകാഷ്ഠയെ കുറിക്കുന്ന "വാസന"— നിസൎഗ്ഗായത്തമായ കാവ്യകലാകുശലത — ചാസർ മുതലായ പല മഹാ കവികളുടെയും കൃതികളിൽ തെളിഞ്ഞു കാണാമായിരുന്നു എങ്കിലും അവരെല്ലാം കാവ്യവിശകലനത്തിലല്ലാ കാവ്യനിൎമ്മാണത്തിലാണ് ബദ്ധശ്രദ്ധരായിരുന്നതു്. ഷേക്‌സ്പിയർമഹാകവിയുടെ ബാല്യകാലത്തിൽ (അതായതു 16-ാംശത

വർഷത്തിന്റെ ഉത്തരാർദ്ധത്തിൽ) ഇംഗ്ലാണ്ടിലെ വിദ്വാന്മാർ* ഗ്രീക്ക്, ലത്തീൻ എന്നീ ഭാഷകളിലെ കാവ്യങ്ങൾ പഠിക്കുന്നതിൽ ഒട്ടേറെ അഭിനിവേശം പ്രദർശിപ്പിച്ചുതുടങ്ങി. അവയെക്കുറിച്ചുള്ള "ഭ്രമം" അന്നുമുതൽ ഇംഗ്ലാണ്ടിൽ ക്രമേണ വർദ്ധിച്ചുവരികയും, ഏകദേശം 18-ാംശതവർഷത്തിന്റെ അവസാനഘട്ടംവരെ മൂന്നു ശതാബ്ദകാലത്തോളം നീണ്ടുനില്ക്കുകയും ചെയ്തു.

എന്നാൽ ഈ ദീർഘകാലത്തിനിടയ്ക്കുതന്നേ രണ്ട് അവാന്തരദശകൾ സ്പഷ്ടമായി കാണാവുന്നതാണ്.

ഷേക്സ്പിയരുടെ കാലംമുതൽ മിൽട്ടന്റെ കാലംവരെ (അതായതു 17-ാംശതവർഷത്തിന്റെ അന്ത്യപാദംവരെ) ഗ്രീക്കിലേയും ലത്തീനിലേയും സാഹിത്യങ്ങളെക്കുറിച്ചുള്ള "ഭ്രമം" മൂലമായി ഇംഗ്ലീഷിനു കേവലം മെച്ചംതന്നെയാണുണ്ടായതെന്നു പറയാം. അവയിൽ കളിയാടിയിരുന്ന വാസനാസമൃദ്ധിയും, തൽക്കർത്താക്കളുടെ ഹ്ലാദൈകമയിയായ മനോവൃത്തിയെ ഉപസ്ഥരിച്ചിരുന്ന അനന്യപരതന്ത്രതയുമാണ് ഇംഗ്ലാണ്ടിലെ കവികളേയും വിമർശകന്മാരേയും ആദ്യകാലത്ത് ആകർഷിച്ചിരുന്നത്. തൽഫലമായി, ഷേക്സ്പിയരുടെകാലം തുടങ്ങി മിൽട്ടന്റെ കാലം കഴിയുന്നതുവരെയുള്ള ദശ ഇംഗ്ലീഷുസാഹിത്യചരിത്ര

* മലയാളഭാഷയുടെ കാര്യത്തിൽ ഗ്രീക്കിന്റെ സ്ഥാനത്ത് സംസ്കൃതത്തെ സ്മരിച്ചാൽ മതി. സംസ്കൃതഭ്രമത്തിന്റെ ഫലം മലയാളഭാഷയെസ്സംബന്ധിച്ചിടത്തോളം എങ്ങിനെയെല്ലാമെന്നാലോചിക്കേണ്ടതാണ്.

ത്തിലെ † സുവൎണ്ണദശ (ശുക്രദശ) യായിപ്പരിണമിക്കുക യും ചെയ്തു.

എന്നാൽ ഗ്രീക്കിലും ലത്തീനിലുമുള്ള കാവ്യങ്ങ ളുടെ മനോഹാരിതചത്തിന്നു മറെറാരംശംകൂടിയുണ്ടാ യിരുന്നു. കവികളുടെ ഉച്ഛൃംഖലതയല്ലാ, സംയമന ശീലമായിരുന്നു അതിന്റെ ഉപാധി. കല്പനാശക്തി യുടെ തള്ളിച്ച എത്രതന്നെ ഉണ്ടായിരുന്നാലും വേണ്ട തില്ല; അതിനെ കടിഞ്ഞാണിട്ടു പിടിച്ചു നയിക്കുന്ന തിൽ പ്രാചീനയവനകവികൾ പ്രദൎശിപ്പിച്ച പാടവം അദ്വിതീയമായിരുന്നു. അതുകൊണ്ടു് അവരുടെ കാവ്യ ങ്ങളിൽ പ്രത്യേകം ഒരു അടക്കവും ഒതുക്കവും കാണാവു ന്നതാണ്; എല്ലാം ഒരു കൈക്കണക്കനുസരിച്ചു തീൎത്ത തുപോലെയാണ് തോന്നുക. പ്രകൃതിദേവിയുടെ ഔദാ ൎയ്യം മുഴുവൻ പ്രകടീകരിച്ചുകൊണ്ടു് അതിസമൃദ്ധമായി തഴയ്ക്കുന്ന ഒരു ഉദ്യാനം ചില ഉദ്ദേശ്യവിശേഷങ്ങ ളോടുകൂടി പരിമിതപരിധികൾക്കുള്ളിലാക്കി മനുഷ്യ നാൽ സംസ്കരിക്കപ്പെട്ടുമ്പോൾ ഏതുപ്രകാരം പ്രോല്ല സിക്കുമോ, അതുപ്രകാരമാണ് പ്രാചീനയവന കാവ്യ ങ്ങൾ ഇന്നും പരിശോഭിക്കുന്നതു്. എല്ലാററിനും ഒരു ക്രമമുണ്ടായിരിക്കേണമെന്നും, ആ ക്രമത്തെ ഉല്ലംഘി ക്കുന്ന ഭാഗങ്ങൾ ത്യാജ്യങ്ങളാണെന്നും, കാവ്യകളേബ രത്തിലെ ഓരോ അംഗവും അതിന്റെ നിയതസ്ഥാ

---

† പഴയ സന്ദേശങ്ങൾ, മണിപ്രവാള „കണ്ണാമൃത"ങ്ങൾ ചമ്പുക്കൾ എന്നിവയാൽ സമൃദ്ധമായിരുന്ന ആ സുവൎണ്ണകാലം മല യാളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ അനുസ്മരിക്കേണ്ടതാണ്.

നത്തു യഥാർത്ഥമായ പ്രാധാന്യത്തോടുകൂടി ഒതുങ്ങിയിരിക്കേണമെന്നുമായിരുന്നു അവരുടെ നിശ്ചയം. അതേ സമയംതന്നേ, വളരെ മനസ്സിരുത്തി വാർത്തെടുത്തു ചിന്തേരമിട്ടു മിനുക്കിയതുപോലെയുള്ള ഒരു സൗഷ്ഠവവും യവനകൃതികളുടെ ആകൃതിയെ മനോമോഹനമാക്കിത്തീർത്തു. ഈ ഒരു അംശമാണു് 18-ാം ശതവർഷത്തിലെ ആംഗ്ലേയസാഹിത്യകാരന്മാരുടെ ശ്രദ്ധയെ ഏററവുമധികം ആകർഷിച്ചതു്. തന്നിമിത്തം അക്കാലത്തെ ഇംഗ്ലീഷുസാഹിത്യത്തിൽ നൈസർഗ്ഗികവാസനാപ്രവാഹത്തേക്കാളധികം കൃത്രിമപരിഷ്കാരത്തിനും, കല്പനാശക്തിയേക്കാളധികം നിയമാനുസരണത്തിനും, പ്രതിഭയേക്കാളധികം സങ്കേതങ്ങൾക്കും പ്രാധാന്യം സിദ്ധിക്കുവാനിടയായി. ഇങ്ങനെ, മിൽട്ടന്റെ കാലത്തിനുശേഷം ജോൺസന്റെ കാലംവരെ ഇംഗ്ലണ്ടിലെ വിമർശകന്മാരുടേയും കാവ്യകാരന്മാരുടേയും അവലോകനപരിധി ഏറെക്കുറെ സങ്കുചിതമായിത്തീരുകയും ചെയ്തു.*

പ്രസ്തുതാവസ്ഥയിൽനിന്നു ഇംഗ്ലീഷു സാഹിത്യത്തിനു മോചനം ലഭിച്ചതു 18-ാം ശതവർഷത്തിന്റെ അന്ത്യഘട്ടത്തിൽ വേഡ്സ്വർത്തും കോളറിജ്ജും ഒത്തുചേർന്നു തങ്ങളുടെ പ്രശസ്തസാഹിത്യവിമർശനം ആരംഭിച്ചതോടുകൂടിയാണു്. നിലവിലിരുന്നിരുന്ന സാഹിത്യ

---

* ഇതു, കേരളവർമ്മ വലിയ കോയിത്തമ്പുരാനുശേഷം അദ്ദേഹത്തിനോളം കവിതാമില്ലാത്ത പലരും അദ്ദേഹത്തെ അനുകരിച്ചതിന്റെ ഫലമായി മലയാളത്തിലുണ്ടായ ദശാവിശേഷത്തെ അനുസ്മരിപ്പിക്കുന്നു.

സിദ്ധാന്തങ്ങളുടെ അവ്യാപ്തിയേയും, അവയിലന്തർഭവിച്ചിരുന്ന തെററിദ്ധാരണകളേയും മററും, അവർ വിമർശനരൂപത്തിലെഴുതി 1798-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു കാവ്യാവതാരികയിൽ, യുക്തിപൂർവ്വം വിശദീകരിച്ചു. അതോടുകൂടി ആംഗ്ലേയവിമർശനകലയുടെ ഗതി ഒരു നൂതനപഥത്തിലേയ്ക്കു തിരിഞ്ഞു എന്നു പറയാം. ഇംഗ്ലണ്ടിലെ ആധുനികവിമർശനസാഹിത്യം അനുകരണീയങ്ങളായ അസംഖ്യം മാതൃകകളാൽ അലംകൃതമായിത്തീർന്നിട്ടുള്ളതു് ആ പരിവർത്തനത്തിൻെറ ഫലമായിട്ടാണു്.

## II

വിമർശനകലാപരിണാമത്തിൻെറ പ്രാരംഭദശയിൽ പ്രത്യേക ഗ്രന്ഥകാരന്മാരുടേ ശരിയായവിലനിർണ്ണയിക്കുവാനോ, പ്രത്യേക കവികളുടെ ശക്തിക്കുള്ള ശ്രദ്ധമായ അടിസ്ഥാനം ആരാഞ്ഞറിയുവാനോ, പ്രത്യേക കവികളുടേ ഭാവനയേ പ്രവർത്തിപ്പിച്ചിരുന്ന മനോഗതികളെ കണ്ടുപിടിച്ചു വെളിവാക്കുവാനോ അല്ലാ വിമർശകന്മാർ പ്രായേണ ഉത്സാഹിച്ചിരുന്നതു്. അവരുടെ പ്രഥമോദ്ദേശ്യം കാവ്യങ്ങളേയും കവികളേയും തരംതിരിക്കുവാനായിരുന്നു. പ്രതിപാദിതവിഷയങ്ങൾ, കാവ്യത്തിൻെറ ബാഹ്യസ്വരൂപം മുതലായവയെ ആസ്പദമാക്കിക്കൊണ്ടുള്ള കാവ്യവർഗ്ഗനിർണ്ണയത്തിലും, വൃത്തം, അലങ്കാരം മുതലായ സാങ്കേതികാംശങ്ങളുടെ വിശകലനത്തിലുമാണു് അവർ മിക്കവാറും ശ്രദ്ധ പതിച്ചിരുന്നതു്. വിമർശനത്തിനു വിഷയീഭവിച്ച

കാവ്യം ദൃശ്യമോ, ശ്രാവ്യമോ ; ദൃശ്യമാണെങ്കിൽ ഏതു് അവാന്തരവിഭാഗത്തിൽ പെട്ടതാണു് ; ശ്രാവ്യമാണെങ്കിൽ മഹാകാവ്യമോ ലഘുകാവ്യമോ — എന്നും മററും വിസ്തരിച്ചുപപാദിച്ചു തീൎച്ചപ്പെടുത്തിയതിനു ശേഷമല്ലാതെ, വിമൎശകൻ ഒരു പദംപോലും മുമ്പോട്ടു വെക്കുവാൻ മുതിൎന്നില്ല. എന്നാൽ വൃത്താലങ്കാരാദിസാങ്കേതികഭാഗങ്ങളെക്കുറിച്ചും കാവ്യത്തിൻെറ ബാഹ്യാകൃതിഭേദങ്ങളെക്കുറിച്ചും ഇപ്രകാരം നിരൂപിക്കുന്നേതിനിടയ്ക്കുതന്നേ ചിലപ്പോഴം കവിതത്തിൻെറ അടിത്തട്ടു കിളച്ചുമാന്തുന്നതുപോലെയുള്ള അഗാധചൎച്ചകളിലും ഏൎപ്പെടുന്നതായികാണാം. ഇംഗ്ലാണ്ടുരാജ്യത്തിൽ ആദികാലംമുതല്ക്കുതന്നെ നടപ്പുണ്ടായിരുന്ന (ദേശീയ) വൃത്തങ്ങളോ, അതല്ലാ ഗ്രീക്കിൽനിന്നു് അനുകരിച്ചെടുത്ത (വിദേശീയ) വൃത്തങ്ങളോ, ഏതാണു് ഇംഗ്ലീഷുഭാഷയ്ക്കു അധികം അനുയോജിക്കുന്നതു് എന്നുള്ള വിഷയത്തെക്കുറിച്ചു് ഒട്ടേറെക്കാലം കവികളും വിമൎശകന്മാരും കൂടി ഒരു വലിയ വാദകോലാഹലം നടത്തീട്ടുള്ളതിനിടയ്ക്കു കാവ്യമീമാംസയുടെ പല മൎമ്മങ്ങളെയും സ്പൎശിക്കുവാൻ അവൎക്കു സാധിച്ചു എന്നുള്ളതു മേൽപറഞ്ഞ വാസ്തവത്തിനു് ഒരു ഉദാഹരണമാകുന്നു. അതുപോലെതന്നേ, ചില പ്രതിയോഗികളിൽനിന്നു കാവ്യത്തെ രക്ഷിക്കേണ്ടതായി വന്ന ഘട്ടങ്ങളിൽ കാവ്യത്തിൻെറ യഥാൎത്ഥമായ ഉദ്ദേശ്യം, ധൎമ്മം, സ്വഭാവം, മൎമ്മം എന്നിവയെക്കുറിച്ചും, കാവ്യനിൎവ്വചനം, കാവ്യലക്ഷണങ്ങൾ, ഇതരകലകളിൽനിന്നു കാവ്യകലയെ വ്യാവൎത്തിപ്പിക്കുന്ന വിശേഷഗുണങ്ങൾ, എന്നിവയെക്കുറിച്ചും

മററം പ്രാചീനവിമശ്കന്മാരിൽ പലക്കം ചിന്തിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ വ്യക്തിപരമായ സ്വതന്ത്രഗുണദോഷനിരൂപണത്തേക്കാളധികം അവരുടെ ശ്രദ്ധയെ ആകഷിച്ചതു കാവ്യത്തിൻെറ ചില പ്രത്യക്ഷസാങ്കേതികഭാഗങ്ങളാണെന്നു സാമാന്യേന പറയേണ്ടിയിരിക്കുന്നു. നാടകമോ, മഹാകാവ്യമോ, ഏതാണ് കവിത്വത്തിൻെറ ശരിയായ മാനദണ്ഡം, ഏതാണ് ഒരു കവിയെ "മഹാകവി"യാക്കുന്നത്, ഏററവും ഉൽകൃഷ്ടമായ കാവ്യം നാടകരൂപത്തിലോ, മഹാകാവ്യരൂപത്തിലോ, എഴുതപ്പെടേണ്ടത് എന്നുള്ളതിനെസ്സംബന്ധിച്ച തീവ്രമായ വാദപ്രതിവാദം ഒരു കാലത്തു നടക്കുകയുണ്ടായി. ഉത്തമകാവ്യം പ്രാസത്തോടുകൂടിയോ പ്രാസമില്ലാതെയൊ, എങ്ങനെയാണ് എഴുതപ്പെടേണ്ടതു എന്നൊരു "പ്രാസവഴക്കും" ഏറെനാൾ നീണ്ടുനിന്നു. കരുണരസപ്രധാനമായ നാടകത്തിൽ ഇടയ്ക്കു ഹാസ്യരസം കലത്താമോ? ഷേക്സ്പിയർ പ്രഭൃതികൾ അങ്ങനെ ചെയ്തിട്ടുള്ളതു ശരിയായോ? പ്രാചീന യവനനാടകകത്താക്കൾ ചെയ്തിട്ടുള്ളതുപോലെ ഹാസ്യവും കരുണവും തീരെ വേർതിരിച്ചു നിൎത്തുകയല്ലേ വേണ്ടത്? എന്നിങ്ങനെയുള്ള രസചച്ചയും കുറെക്കാലം നിലനിന്നു. എല്ലാററിനും ഉപരിയായി, നാടകത്തിൽ അവശ്യസ്വീകാര്യങ്ങളെന്നു പ്രാചീനപക്ഷപാതികളും നിസ്സാരങ്ങളെന്നു നവീനപ്രസ്ഥാനക്കാരും ശഠിച്ചുവന്ന മൂന്നു "ഏകഭാവങ്ങളെ" കുറിച്ചുള്ള വാദകോലാഹലത്താൽ സാഹിത്യാന്തരീക്ഷം ദീഘകാലത്തേയ്ക്കു മുഖരിതമായിത്തന്നെയിരുന്നു. (i) ഓരോനാടകത്തിലും

പ്രതിപാദിക്കപ്പെടുന്ന പ്രധാനസംഭവം ഒന്നുമാത്രമേ ആകാവൂ ; രണ്ടോ അതിലധികമോ കഥകഠം കൂട്ടിച്ചേ ക്കേണമെന്നുണ്ടെങ്കിൽ നാടകത്തെ രണ്ടോ അതിലധി കമോ ആക്കിത്തിരിക്കുകതന്നെ വേണം. (ii) കഥാസം ഭവം ഒരൊററ സ്ഥലത്തുവെച്ചുതന്നെ നടക്കുന്നതായി രിക്കണം. (iii) അതു് ഒരു ദിവസംകൊണ്ടുതന്നെ നടക്കു ന്നതായാൽ ഉത്തമം. കഥാസംഭവം നടക്കുന്നതിനു വേണ്ടതായിപ്പറയുന്ന സമയവും, നാടകത്തെ രംഗ ത്തിൽ അഭിനയിച്ചുതീക്കുന്നതിനു വേണ്ടിവരുന്ന സമ യവും തമ്മിൽ എത്രത്തോളമടുപ്പിക്കാമോ അത്രയും മെച്ചം കൂടുമെന്നു താൽപര്യം. ഇവയാണു് മൂന്നു "ഏ കഭാവങ്ങഠം" എന്നു പറഞ്ഞിരിക്കുന്നതു്. ഇങ്ങനേ ഓരോ സാമാന്യാംശങ്ങളെക്കുറിച്ചു വിമർശകന്മാർ ആ ദ്യകാലങ്ങളിൽ കൊണ്ടുപിടിച്ചു വാദിച്ചിരുന്നു. കവി കളെ അന്യോന്യം താരതമ്യപ്പെടുത്തുന്നതിലും അവ രിൽ ചിലർ ഔത്സുക്യം പ്രദർശിപ്പിച്ചില്ലെന്നില്ല. പക്ഷേ, ആദിഘട്ടങ്ങളിൽ അതു പലപ്പോഴും പിഴച്ച വഴിയിൽക്കൂടേയാണു് പോയതു്. ഭിന്നകവികളുടെ ഗുണദോഷങ്ങളെ മൊത്തത്തിൽ തുലനംചെയ്തു് അവരിൽ ആർ ആക്കുമീതേ, ആക്കുതാഴെ എന്നു് അഭിപ്രായം പറഞ്ഞു്, ഓരോരുത്തക്കും ബഹുമതിയനുസരിച്ചു സ്ഥാനം കല്പിച്ചുകൊടുക്കുവാനാണു് വിമർശകന്മാർ ഉ ത്സാഹിച്ചതു്. മാത്സര്യബീജം മനുഷ്യൻെറ മനസ്സിൽ കിടക്കുന്നിടത്തോളംകാലം പ്രസ്തുതസംരംഭത്തിനു പ്രസ ക്തിയുണ്ടാകുമെന്നുള്ളതു വാസ്തവം തന്നേ. എന്നുവരികി ലും ഈദൃശമായ "ബഹുമതിദാനം" വിമർശനകലയുടെ

ഒരു മുഖ്യഭാഗമായ "താരതമ്യവിവേചന"ത്തിൽ വള രെ താഴ്ന്ന ഒരു പടിയിൽ കിടക്കുന്നതായിട്ടേ കരുത പ്പെടുവാൻ വഴിയുള്ളൂ. അതിനെക്കാറം എത്രയോ അ ധികം ഉൽകൃഷ്ടവും ഉപയോഗപ്രദവുമായിട്ടുള്ളതാണ് കാവ്യങ്ങറം തമ്മിലും കവികളുടെ പ്രതിഭകറം തമ്മിലു മുള്ള വ്യത്യാസങ്ങളെ പരിശോധിച്ചറിയുവാനുള്ള പരിശ്രമം. ഒരു കവിയെ മറെറാരു കവിയുടേ തലയ്ക്കു മീതേ വലിച്ചുകയററി പ്രതിഷ്ഠിക്കുവാൻ ക്ലേശിക്കുന്നതു വിമൎശനത്തിൽ അനാവശ്യമാണ്. എന്നാൽ കവിക ളുടെ ഗുണദോഷാംശങ്ങളെ താരതമ്യപ്പെടുത്തി, വ്യ ത്യാസങ്ങറം വിശദമാക്കുവാനുള്ള ശ്രമം ഒട്ടും വ്യൎത്ഥമ ല്ലതാനും. താരതമ്യപഠനം ശരിയായവിധത്തിൽ നട ത്തുന്നതു വിമൎശനത്തിൻെറ ജീവനമാകുന്നു.

മേൽ വിവരിച്ച രണ്ടുതരം താരതമ്യപഠനവും (ശരിയായതും തെററായതും) 17-ാംശതവൎഷത്തിൻെറ ഉത്തരാൎദ്ധത്തിൽ ആംഗ്ലേയ വിമൎശനസാഹിത്യത്തിൽ വളരുകയുണ്ടായി.

എന്നാൽ, പിന്നത്തെ ശതവൎഷത്തിൽ താരതമ്യപഠ നത്തിൻെറ ദൂഷിച്ച അംശത്തിനു കൂടുതൽ പ്രാധാന്യം സിദ്ധിച്ചു. ഇക്കാലത്തെ വിമൎശകന്മാരിൽ പലരും, തങ്ങറംക്കു പ്രത്യേകപ്രതിപത്തിയുള്ള ചില കവികളെ പൊക്കുവാൻവേണ്ടി അപരന്മാരെ അതിരുകവിഞ്ഞു താഴ്ത്തുന്നതിനു മടിച്ചില്ല. കുറവും കുററവും നോക്കി പ്പറവാനായി തുറകണ്ണും മിഴിച്ചുകൊണ്ടാണ് അവരിൽ പലരും ഇരുന്നിരുന്നതു്. അഭാഗ്യഭാജനങ്ങളായിരുന്ന

18-ാംശതവൎഷത്തിലെ മിക്ക വിമൎശകന്മാൎക്കും പൌരോഭാഗ്യം ധാരാളമുണ്ടായിരുന്നു എന്നു സ്പഷ്ടമാണു്.

അക്കാലത്തെ വിമൎശനസമ്പ്രദായം, ആകപ്പാടെ നോക്കുമ്പോരം, കോടതിയിൽ ജഡ്ജിയും മജിസ്ത്രേട്ടും വിധി കല്പിക്കുന്ന രീതിയോടു ഏകദേശം സാമ്യമുള്ള ഒന്നായിരുന്നു. സാഹിത്യവിമൎശനത്തിനു വേണ്ടുന്ന "നിയമ"ങ്ങളെല്ലാം പ്രാചീനന്മാർ വിധിച്ചിട്ടുണ്ടെന്നും, അരിസ്റ്റോട്ടൽ, ഹോറസ് മുതലായി പേരു കേട്ടിട്ടുള്ള ഗ്രീക്ക്-ലെത്തീൻപണ്ഡിതന്മാർ പഴയ കാലത്തു പ്രഖ്യാപനംചെയ്തിട്ടുള്ള നിയമങ്ങളെ ആസ്പദമാക്കി കാവ്യകൎത്തൃകളേയും കാവ്യങ്ങളേയും പററി വിധിപറയുക മാത്രമാണു് വിമൎശകന്റെ കൃത്യമെന്നുമുള്ള ധാരണയ്ക്കു ഇംഗ്ലാണ്ടിൽ 18-ാംശതവൎഷത്തിൽ പ്രാമാണ്യം ലഭിച്ചതിൽഫലമായി വിമൎശനകലയ്ക്കു കുറെ സങ്കോചവും സംഭവിച്ചു. കലാവിദ്യയ്ക്കു് ആധാരമായി ചില നിയമങ്ങളെല്ലാം ഉണ്ടായിരിക്കേണമെന്നു പറയുന്നതിൽ തെറെറാന്നുമില്ല ; വിമൎശനത്തിനെ നേർവഴിക്കു നടത്തുവാൻ നിയമങ്ങരം അത്യാവശ്യംതന്നേ ; രമണീയാൎത്ഥാന്വേഷിയായ കവി നിയമങ്ങളെ അനുസരിക്കാതിരുന്നാൽ കാടുകേറുവാനും എളുപ്പമുണ്ടു്. തോന്നിയതെല്ലാം തോന്നുംപോലെ പറയാമെന്ന നില വന്നാൽ, മനുഷ്യസമുദായത്തിലെന്നപോലെതന്നെ സാഹിത്യലോകത്തിലും വൈഷമ്യമാണു് ഫലം. കേവലം തോന്നിയതു പറയുക എന്നതു കാവ്യമോ വിമൎശനമോ ആകുന്നതല്ല. കാവ്യാനുശീലനാഭ്യാസങ്ങളെക്കൊണ്ടു മനോമുകുരം വിശദീഭൂതമായി, വൎണ്ണനീയതന്മയീഭവനയോഗ്യത

സിദ്ധിച്ചുകഴിഞ്ഞിട്ടുള്ള സഹൃദയന്ന് ഉണ്ടാകുന്ന "തോന്ന"ലിന്ന മാത്രമേ കാവ്യത്തിലും വിമശ്നത്തിലും ശാശ്വതമായ വിലയുള്ളു. അഥവാ, സുശിക്ഷിതചിത്തവൃത്തിയാലോ, അതിൻെറ രൂപാന്തരമായ "വാസന"യാലോ പ്രേരിതമായിട്ടുള്ള അഭിപ്രായപ്രകടനമാണ് വിമശ്നകലയിൽ പ്രാമാണികസ്ഥാനമഹിക്കുന്നതെന്നു താൽപര്യം. ആയതു നിയമങ്ങൾക്കു വിധേയമായിട്ടുള്ളതാണെന്നു "ശിക്ഷാ" പദം ഉപയോഗിച്ചിട്ടുള്ളതുകൊണ്ടുതന്നേ വെളിവാകുന്നുണ്ടല്ലോ. തെററപററിപ്പോകുന്നതു നിയമങ്ങളെ അനുസരിക്കുന്നതിൻെറഫലമായിട്ടല്ല; അനുസരിക്കുന്ന നിയമങ്ങൾ ദുഷ്ടങ്ങളോ സങ്കുചിതങ്ങളോ ആകുന്നതിൻെറ ഫലമായിട്ടാണ്. പുരാണമായിട്ടുള്ളതെല്ലാം സാധുവെന്നും, നവമായിട്ടുള്ളതെല്ലാം അവദ്യമെന്നുമുള്ള ധാരണയോടുകൂടി വിമശിക്കുവാൻ പുറപ്പെടുന്നതാണ് ഒന്നാമത്തെ പ്രമാദം. പുരാതനാലങ്കാരികന്മാർ കാവ്യലോകം മുഴുവനും കണ്ടുപിടിച്ചുകഴിഞ്ഞിട്ടുണ്ടെന്നും, ഇനി അതിൽ മററാക്കും യാതൊരു ഭാഗവും പുതുതായി കണ്ടുപിടിക്കുവാൻ സാധിക്കുകയില്ലെന്നും ശഠിക്കുന്നതു സാഹസമാണ്. കാവ്യതത്വങ്ങളെല്ലാം എന്നെന്നേയ്ക്കുമായി നിണ്ണയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നും അവയെ ഇനി ഒരിക്കലും ഭേദപ്പെടുത്തുവാൻ സാധിക്കയില്ലെന്നും, ഏതാനും ചില പഴയ കൃതികളിൽനിന്നു സംഗ്രഹിച്ചെടുത്ത നിയമങ്ങൾക്കു വിധേയമായിട്ടല്ലാതെ ആക്കും യാതൊന്നും എഴുതിക്കൂടാ എന്നും മററും "സിദ്ധാന്തി"ക്കുന്നതു സാഹിത്യത്തിൻെറ സ്വാഭാവികമായ വളച്ചയേ തടയുവാൻ ശ്രമിക്കുന്നതിനോടു തുല്യ

മാകുന്നു. കാവ്യമെന്നതു രമണീയാർത്ഥപ്രതിപാദകശബ്ദ മാണെന്നു സമ്മതിക്കുന്നപക്ഷം, രാമണീയകത്തെ, പഴയ ചില കവികൾ അവലോകനം ചെയ്തവിധത്തിൽ മാത്രമേ മനുഷ്യർക്ക് എന്നും എങ്ങും അവലോകനം ചെയ്യുവാൻ പാടുള്ളൂ എന്നു വാദിക്കുന്നതു ശരിയാണോ? വിശേഷിച്ചു, കാവ്യത്തിൻെറ നാലതിരുകൾ തിരിച്ചു സർവ്വേക്കല്ലിട്ടു മുള്ളുവേലി കെട്ടിയുറപ്പിക്കുവാൻ വേണ്ടിവരുന്ന സാമഗ്രികൾ മുഴുവൻ വിമർശകൻ ശേഖരിക്കുന്നതു് ഒന്നാംതരം വാസനാകവികളുടെ കൃതികളിൽനിന്നല്ലാ, പ്രത്യുത, രണ്ടാംതരം "ഇമിറേഷൻ കവി"കളുടെ കൃതികളിൽനിന്നു മാത്രമാണ് എന്നു കൂടി വരുന്നപക്ഷം വിമർശനത്തിൻെറ വ്യാപ്തി ഗണ്യമായ വിധത്തിൽ കുറഞ്ഞു പോകുന്നതിൽ അത്ഭുതമില്ലല്ലൊ. സർവ്വോപരി, ഏതാനും ചില പ്രത്യേകമാതൃകകളെ അനുസരിച്ചെഴുതുന്നതിലും, അതുകളെ ആവുംവിധം അനുകരിക്കുന്നതിലുമാണ് ഒരു കവിയുടെ മാഹാത്മ്യം മുഴുവൻ ഇരിക്കുന്നതു് എന്നുള്ളവാദം പൂർവ്വകവികളുടെ ചവിട്ടടികളിൽനിന്നു് ഒട്ടും നീങ്ങിപ്പോകരുതെന്നു കവിയെ ശാസിക്കുന്നതിനോടു തുല്യമായിരിക്കയില്ലേ? ഒരു കവിയുടെ കൃതികളെ രൂപീകരിക്കുവാൻ സഹായിച്ചിട്ടുള്ള ആശയങ്ങൾ മറെറാരു കവിയുടെ പ്രതിഭാശക്തിക്കു പ്രേരകങ്ങളും മാർഗ്ഗദർശകങ്ങളുമാകാമെന്നല്ലാതെ മുൾവേലികളാകുവാൻ പാടുള്ളതല്ല. കവിയുടെ ആശയമെന്നതു് അയാളുടെ ഉള്ളിൽ നിന്നുതന്നേ തള്ളിവരുന്ന ജീവബീജമാകുന്നു; പുറമേ നിന്നു നിർബ്ബന്ധപൂർവ്വം ആരോപിക്കപ്പെടുന്നതും അയാൾ അവശ്യം അനുസരി

ക്കേണ്ടതുമായ നിയമസംഹിതയല്ല അതു്. ഈവക ത ത്വങ്ങളെ ശരിയായി ഗ്രഹിക്കാതെ, 18-ാംശതവഷ ത്തിലെ വിമശകന്മാർ കാവ്യപരിധികഠംക്കു പരിമിതി കല്പിച്ചതിൻെറ ഫലമായി അക്കാലത്തെ ആംഗ്ലേയകാ വ്യസമുച്ചയത്തിൽ നൈസഗ്ഗികമായ വാസനയുടെ തള്ളിച്ചയ്ക്കു കുറവും യാന്ത്രികമായ അനുകരണത്തിനു പ്രചാരപ്രാചുര്യവും വന്നുചേന്നു.

എന്നാൽ, രാഷ്ട്രത്തിലെന്നതുപോലെ സാഹിത്യ ത്തിലും, സ്വേച്ഛാധികാരപ്രമത്തതയോടുകൂടി സ്വാത ന്ത്ര്യനിഗ്രഹസംരംഭം ചേന്നാൽ പിന്നെ ക്രമേണ അരാ ജകത്വംതന്നേയായിരിക്കും ഫലം. 18-ാംശതവഷ ത്തിലെ ആംഗ്ലേയസാഹിത്യസാമ്രാജ്യത്തിൽ വിമശക സാവ്വഭൌമന്മാർ പല നിഷ്ഠുരശാസനങ്ങളും നടത്തുകയു ണ്ടായി. തന്നിമിത്തം ക്രമേണ ജനങ്ങഠംക്കു നിയമങ്ങ ളെക്കുറിച്ചുള്ള ബഹുമാനം കുറഞ്ഞുവന്നു. എന്നുമാത്ര മല്ല, വിമശനത്തിൽ പ്രത്യേക നിയമങ്ങളൊന്നുംതന്നേ വേണ്ടതില്ലെന്നുകൂടി അവർ സധൈര്യം സ്ഥാപിക്കു വാൻ ശ്രമിച്ചു. 18-ാംശതവഷത്തിൻെറ അവസാന ത്തിൽ സാഹിത്യവിമശനക്ഷേത്രത്തിലേ "കാവുതീണ്ട ലും" കഴിഞ്ഞു. "വാളെടുത്തവരെല്ലാം വെളിച്ച പ്പാടു്", "വായിൽ തോന്നിയതു കോതയ്ക്കു പാട്ടു്" എന്നും മററുമുള്ള ദിക്കായി. "സാഹിത്യാഭിനന്ദന ത്തിനെന്തിനാണു് നിയമങ്ങഠം? അവനവൻ തോന്നി യതു പറയുകയല്ലേ യഥാത്ഥവിമശനം?" എന്നിങ്ങ നെയുള്ള ഒരു മനഃസ്ഥിതിയോടുകൂടി ചില വിമശക ന്മാർ മാസികകളിലും മററും ഗ്രന്ഥനിരൂപണങ്ങഠം

തട്ടിമൂളിച്ചു. ഈ അരാജക ( നിയമലംഘന ) പ്രസ്ഥാനംകൊണ്ടു് ഒരു ഉപകാരമുണ്ടായി ; സങ്കുചിതനിയമസംഹിതയുടെ പ്രാമാണ്യം കുറയ്ക്കുന്നതിനു് അതൊരു സഹായമായിത്തീൎന്നു. തൽസ്ഥാനത്തു 19-ാം ശതാബ്ദത്തിൻെറ ആരംഭത്തിൽ വിപുലമായ കാവ്യചച്ചയ്ക്കു പ്രതിഷ്ഠയും സിദ്ധിച്ചു. അപ്പോൾ അനാഥമായിക്കിടന്നിരുന്ന സാഹിത്യസാമ്രാജ്യം സനാഥമായിത്തീരുകയും, അതോടുകൂടി, ഭാവനാവികാസം, അവലോകനവൈശദ്യം, ഹൃദയവിശാലത മുതലായ ഉൽകൃഷ്ടഗുണങ്ങളിന്മേൽ അസ്തിവാരമിട്ടു കെട്ടിപ്പടുത്ത രമ്യോന്നതമായ ഒരു വിമൎശനകലാഹൎമ്മ്യം ആംഗ്ലേയഭാഷാലോകത്തിൽ ഉയൎന്നുകാണുമാറായിവരികയും ചെയ്തു. ഇതിൻെറ സാമാന്യസ്വഭാവം സ്വല്പമൊന്നു വിവരിച്ചുകൊണ്ടു് പ്രസ്തുതോപന്യാസം ഇവിടെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

## III

പത്തൊമ്പതാം ശതവഷത്തിൻെറ പ്രാരംഭകാലംവരെ വിമൎശകന്മാർ കരുതിയിരുന്നതു്, ഒരു ഗ്രന്ഥത്തെക്കുറിച്ചോ ഗ്രന്ഥകാരനെക്കുറിച്ചോ അനുകൂലമായോ പ്രതികൂലമായോ ഒരു വിധിപറഞ്ഞുകഴിഞ്ഞാൽപിന്നെ തങ്ങൾക്കു മറെറാന്നും ചെയ്യുവാനില്ലെന്നായിരുന്നു. അപ്രകാരം വിധികല്പിക്കുന്നതിനു് വിമൎശകൻ പ്രമാണമായി സ്വീകരിച്ചതു് ഒന്നുകിൽ പ്രാചീന

കാവ്യങ്ങളിൽനിന്നനുമാനിച്ചെടുത്ത നിയമസംഹിത, അല്ലെങ്കിൽ തൻെറ ഉള്ളിൽ സ്വതന്ത്രമായി തോന്നിയ ഇഷ്ടാനിഷ്ടങ്ങൾ, എന്നിവമാത്രമായിരുന്നു. ഇവയിൽ ആദ്യത്തേതിന് പതിനെട്ടാം ശതവൎഷത്തിൻെറ ഉത്തരാൎദ്ധംവരെ പ്രചാരം സിദ്ധിച്ചു. രണ്ടാമത്തേതിന് അതിൻെറ അവസാനഘട്ടത്തിലാണ് പ്രചാരം ഉണ്ടായതു്. പത്തൊമ്പതാം ശതവൎഷത്തിലാവട്ടെ, ഇവ രണ്ടും മറെറാരു സമ്പ്രദായത്തിന് വഴികൊടുത്തു പിന്മാറി. നൂതന സമ്പ്രദായത്തിൽ, വിമൎശകൻ മുൻകൂട്ടി തയ്യാറാക്കീട്ടുള്ള ചില നിയമങ്ങളെ ആസ്പദമാക്കി വെച്ചുകൊണ്ടു കവിയെ "വിസ്തരിക്കുക"യല്ലാ ചെയ്യുന്നതു്; നേരെമറിച്ചു, കാവ്യം രചിക്കുന്ന സമയത്തു കവിക്കുണ്ടായിരുന്നതായി താൻ കരുതുന്നതായ ആ മനഃസ്ഥിതിയെ വിമൎശകൻ കഴിയുന്നേടത്തോളം സ്വായത്തമാക്കുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നതു്. അഥവാ വിമൎശകൻ കവിയുടെ നിലയിൽ നിന്നുകൊണ്ടു് സന്ദൎഭത്തിൻെറ സ്വാരസ്യം ഗ്രഹിക്കുവാൻ ഉത്സാഹിക്കുന്നു എന്നു സാരം.

കവിയുടെ ഉദ്ദേശ്യമെന്തു്? തൻെറ ധൎമ്മത്തെപ്പററി ആയാൾക്കുണ്ടായിട്ടുള്ളതായി തോന്നുന്ന അവബോധം ഏതുപ്രകാരം? തൻെറ കൃത്യം അയാളുടെ മനോമുകുരത്തിൽ എങ്ങനെ പ്രതിബിംബിച്ചു കണ്ടിട്ടുണ്ടായിരിക്കണം? അതിനെ തൻെറ കൈവശമുള്ള സാമഗ്രികളുപയോഗിച്ചു ആയാൾ എങ്ങനെ നിൎവ്വഹിച്ചിരിക്കുന്നു?—എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് വിമൎശകൻ ആദ്യംതന്നെ കണ്ടുപിടിക്കേണ്ടതു്.

രണ്ടാമതായി, കവിയുടെ ആ ഉദ്ദേശ്യം, ആ ധൎമ്മം, ആ കൃത്യം, പ്രപഞ്ചസ്വഭാവത്തോട് എത്രത്തോളം യോജിച്ചിരിക്കുന്നുണ്ട് എന്നു പരിശോധിച്ചറിയണം. നമ്മുടെയൊ, ഏതാനും ചില പ്രത്യേക കക്ഷിക്കാരുടേയൊ രുചിക്കൊത്തവിധം തന്നേ എല്ലാ കാൎയ്യവും എഴുതപ്പെടണമെന്നില്ല. അതു ലോകസ്വഭാവത്തിനു വിരുദ്ധമാണോ എന്നാണ് നോക്കേണ്ടതായിട്ടുള്ളത്. കാവ്യത്തിന്റെ രാമണീയകത്തെ അല്ലെങ്കിൽ രസ്യമാനതയെസ്സംബന്ധിച്ചുള്ള സാൎവ്വത്രികങ്ങളും സാൎവ്വജനീനങ്ങളുമായ തത്വങ്ങളെ—പാഠ്യപുസ്തകങ്ങളിൽ രേഖപ്പെടുത്തിക്കാണുന്ന പഴയ നിയമങ്ങളെ മാത്രമല്ല, ജനസാമാന്യത്തിന്റെ അന്തരംഗത്തിൽ വേരൂന്നിക്കിടക്കുന്ന അനുഭവങ്ങളെ — ആധാരമാക്കിക്കൊണ്ടുവേണം മേൽപറഞ്ഞ സംഗതിയെക്കുറിച്ചു പൎയ്യാലോചിക്കുവാൻ. കവിയുടെ ഉദ്ദേശത്തിനും ഉദ്ദേശനിൎവ്വഹണമാൎഗ്ഗത്തിനും തമ്മിൽ ചേൎച്ചക്കുറവുണ്ടോ? ഉദ്ദേശത്തിനും പ്രപഞ്ചസ്വഭാവത്തിനും തമ്മിൽ അസാംഗത്യമുണ്ടോ? ഉണ്ടെങ്കിൽ അതൊരു വലിയ ന്യൂനതതന്നേയായിരിക്കും, സംശയമില്ല.

കാവ്യത്തിന് അസംഖ്യം മുഖങ്ങളുണ്ട്. പ്രതിഭയുടെ വൈവിധ്യവും വൈചിത്ര്യവും അമേയമാകുന്നു. നവത്വം കവിത്വത്തിന്റെ സത്താണ്; പഴയ കെട്ടുപാട്ടുകളിൽനിന്നു നമ്മെ വിട്ടുവിക്കുന്നതു കവിയുടെ ഒരു ധൎമ്മവുമാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് അതുവരെ നമ്മുടെ ശ്രദ്ധയിൽപെടാതേ കിടന്നിരുന്ന ഏതെങ്കിലും സംഗതിയെ — പ്രപഞ്ചത്തിന്റെയോ

മനുഷ്യാന്തരംഗത്തിൻെറയോ ഏതെങ്കിലും വശത്തെ-നമുക്കു കാണിച്ചുതരുവാൻ കവി ശക്തനായിത്തീരുന്നു. മനോധർമ്മമുള്ള ഒരു കവിയെ മാമൂൽക്കോട്ടയുടെ അക ത്തിട്ടു പൂട്ടുവാൻ നോക്കുന്നതു വ്യർത്ഥമാകുന്നു. വിദേശ സംസ്കാരത്തിൻെറ പ്രചാരത്തെ തടഞ്ഞുനിൎത്തുക, മാമൂ ലിനെ വേദമാക്കി വെക്കുക, പഴയതിനെ മുറുകെപ്പിടി ക്കുക, പുതിയതിനെയെല്ലാം വെറുക്കുക, ചിരപരി ചിതമായിട്ടുള്ളതിൽനിന്നു വ്യത്യസ്തമായി എന്തെങ്കി ലും കണ്ടാൽ അതിനെ അവഹേളിക്കുക — മുതലായ തൊക്കെ പാണ്ഡിത്യാവലേപത്തിൻെറ ഗോഷ്ടികളാകു ന്നു. രീതി, ശയ്യ, പാകം, വൃത്തം, അലങ്കാരം എന്നി വയെപ്പററിയും മററും നിരൂപിക്കുന്നതു് ആവശ്യംത ന്നെ; എന്നുവെച്ചു്, അവയേക്കാൾ പ്രാധാന്യമേറിയ മററു ചില അംശങ്ങളെ വിസ്മരിക്കുവാൻ പാടുള്ളത ല്ല. കാവ്യത്തിൻെറ ഉടുപ്പിനെയും ഉടലിനെയും കുറിച്ചു നിരൂപിക്കുന്നതോടുകൂടി അതിൻെറ ഉയിരിനെക്കുറിച്ചും അവശ്യം നിരൂപിക്കേണ്ടതാണു്. കാവ്യത്തിൻെറ ഉദ്ദേ ശ്യം ആനന്ദവും, അതിൻെറ ശരീരം രീതിയും, ആത്മാവു ഭാവനാശക്തിയുമാണെന്നു് ഒരിക്കലും മറന്നുപോകരുതു്.

ഒരു വിമർശകനു് ഒന്നാമതായി ഉണ്ടായിരിക്കേ ണ്ടതു തന്മയീഭാവയോഗ്യമായ ഹൃദയമാകുന്നു; രണ്ടാ മതായി, അതിനെ വഴിപോലെ പ്രകാശിപ്പിച്ചു മററു ള്ളവരെ ഗ്രഹിപ്പിക്കുവാനുള്ള ശക്തിയും ഉണ്ടായിരി ക്കണം. വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളെ വിമർശനപ രിധിക്കുള്ളിൽനിന്നു തീരെ ബഹിഷ്കരിച്ചു കളയേണ മെന്നു പറയുന്നതു ന്യായമല്ല. ഒരുവൻെറ ഇഷ്ടവും അനിഷ്ടവും അവനെസ്സംബന്ധിച്ചിടത്തോളം വിമർശന

ത്തിൽ ഗണ്യങ്ങളായ വാസ്തവാവസ്ഥകൾതന്നെയാണ്. ഒരു കാവ്യത്തിൻെറ ഉൽക്കൎഷാപകൎഷങ്ങൾ നിൎണ്ണയിക്കുന്നതു ഫലം നോക്കീട്ടാണ് — അല്ലാതെ, മുൻകൂട്ടി തയ്യാറാക്കിവെച്ചിട്ടുള്ള ചില നിയമങ്ങളെ അതു് എത്രത്തോളം അനുസരിച്ചിട്ടുണ്ടെന്നു നോക്കീട്ടല്ലാ. ഓരോ കാവ്യത്തെക്കുറിച്ചും വിധികല്പിക്കുന്നതു് അതിൻെറ ആഭ്യന്തരഗുണദോഷങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തീട്ടു വേണ്ടതാണ്. വിമൎശകനു ഗ്രന്ഥപരിചയം ധാരാളമുണ്ടായിരിക്കണം; വിമൎശകൻ വായിക്കുന്ന ശീലമുള്ളവനായിരിക്കണം; എല്ലാം തന്നെ വായിക്കണം; വലിയ ഗ്രന്ഥമായാലും വായിക്കുവാൻ മടിയുള്ളവനായിരിക്കരുതു്. സാഹിത്യചരിത്രത്തിലെ എല്ലാകാലങ്ങളെക്കുറിച്ചും പഠിച്ചിരിക്കണം; ഏതെങ്കിലുമൊരു കാലത്തേയോ, ഒരുവിധം പ്രാധാന്യമുള്ള കവിയേയൊ, കാവ്യത്തേയൊ തീരെ നോക്കാതെ വിട്ടുകളഞ്ഞാൽ വിമൎശകൻെറ അഭിപ്രായത്തിൽ ന്യൂനത വന്നുചേരുവാൻ വഴിയുണ്ടായേയ്ക്കാം. അതുപോലെതന്നെ മററ സാഹിത്യങ്ങളെക്കുറിച്ചു സാമാന്യമായ ഒരു ജ്ഞാനമെങ്കിലുമില്ലാത്ത വിമൎശകനു മാൎഗ്ഗഭ്രംശം വരുവാനെളുപ്പമുണ്ടു്. ഒരു സാഹിത്യം മാത്രം പരിചയമുള്ള വിമൎശകൻെറ അവലോകനത്തിനു വിസ്താരം കുറയും. സൎവ്വോപരി, വിമൎശകൻ, അനുസ്യൂതമായി, ഗ്രന്ഥങ്ങളേയും, ഗ്രന്ഥകാരന്മാരേയും, സാഹിത്യദശകളേയും, ഭിന്നസാഹിത്യങ്ങളെത്തന്നേയും പരസ്പരം, കഴിയുന്നിടത്തോളം, താരതമ്യപ്പെടുത്തുകയും, അവയിലോരോന്നു മറേറാരോന്നിൽനിന്നു് ഏതെല്ലാം പ്രകാരത്തിൽ

വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു പരിശോധിച്ചറിയുകയും ചെയ്തുകൊണ്ടിരിക്കേണ്ടതാകുന്നു. പക്ഷേ, ഒന്നു മറെറാന്നിനെപ്പോലെയല്ലെന്നുള്ള ഏകകാരണത്താൽ അതിനെ നിന്ദിക്കുന്നതു ശരിയല്ല. സാഹിത്യചരിത്രത്തിലെ ഒരു കാലത്തിനു മറെറാരു കാലത്തിൻെറ സ്വാഭാവിക സ്വാതന്ത്ര്യം തടയത്തക്കവണ്ണമുള്ള നിയമനിർമ്മിതിക്ക് അധികാരമില്ല. ഒരോ കാലത്തിനും അതതിൻെറ പ്രത്യേകനിയമങ്ങളുണ്ട്. അങ്ങനെയിരിക്കേ, പൊതുവിൽ എല്ലാക്കാലങ്ങൾക്കും ബാധകമാകുന്ന ഏതെങ്കിലും സാമാന്യനിയമാവലി സ്വീകാര്യമാകേണമെങ്കിൽ, അതിൽ മുൻപറഞ്ഞ പ്രത്യേകനിയമങ്ങൾകൂടി ഉൾപ്പെടത്തക്കവിധം ആയതു് അത്ര വിപുലവും ബഹുഗ്രഹവുമായിരിക്കേണമെന്നു സ്പഷ്ടമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഒരു കാവ്യം ഏതുപ്രകാരത്തിലിരിക്കേണമെന്നു മുൻകൂട്ടിത്തന്നെ തീർച്ചയാക്കിക്കൊണ്ടു നിരൂപണത്തിനൊരുമ്പെടരുതു് — ഈ തത്വത്തെയാണ് നൂതനവിമർശനശാസ്ത്രം വീണ്ടും വീണ്ടും ഉറപ്പിക്കുന്നതു്. വിമർശകൻെറ ഹൃദയം ഛായാഗ്രഹണയന്ത്രത്തിലെ പ്ലെയ്റവ് (ഛായാഗ്രഹണഫലകം) പോലെ ഭാവഗ്രഹണപടുവായിരിക്കണം; അതു "തുറസ്സാ"യിരിക്കേണമെന്നു താൽപര്യം. അതിൽ യാതൊരു കരടും കുത്തും വരയും നിഴലുമുണ്ടായിരിക്കരുതു്; ഉണ്ടായാൽ അതിന്മേൽ പതിയുന്ന ഛായ വികൃതമായിപ്പരിണമിക്കും. കാവ്യത്തിൻെറ ഗുണദോഷങ്ങളെ യാതൊരു കോട്ടവും കുറവും കൂടാതെ ഗ്രഹിക്കുവാൻ ഹൃദയനൈർമ്മല്യം വിമർശകന് അത്യന്താപേക്ഷിതമാകുന്നു. തൻെറ കൃത്യനിർവ്വഹണ

ത്തിന് അനുകൂലമായ മനോഭാവവും ശുഷ്കാന്തിയും ആയാൾക്കു വിശേഷിച്ചും ഉണ്ടായിരിക്കേണ്ട ഗുണങ്ങളാകുന്നു. എന്തെന്നാൽ വിമർശനമെന്നതു ലോകത്തിൽ അറിയപ്പെട്ടിട്ടുള്ളതും ചിന്തിക്കപ്പെട്ടിട്ടുള്ളതും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമായ എല്ലാ പ്രശസ്ത വിഷയങ്ങളേയും ആരാഞ്ഞറിഞ്ഞു കീർത്തിക്കുകയും, അവയിൽ ആസക്തി വളർത്തുകയും ചെയ്യുന്ന വ്യവസായമാണ്. അതു് ആശയഗ്രഹണത്തിനും ആനന്ദാനുഭൂതിക്കും നമ്മേ സഹായിക്കുന്നു. സാക്ഷാൽ സരസ്വതീദേവിയുടെ മഞ്ജീരശിഞ്ജിതത്തേയും കങ്കണക്വണിതത്തേയും വീണാനിക്വാണത്തേയും സശ്രദ്ധം ശ്രവിച്ചു സുഖിക്കുവാൻ നമ്മെ ശക്തരാക്കിത്തീർക്കുകയാണ് യഥാർത്ഥ വിമർശകൻെറ കർത്തവ്യം.

ഇത്രയും പറഞ്ഞതിൽനിന്നു വിമർശനധർമ്മത്തെക്കുറിച്ചു പത്തൊമ്പതാംശതാബ്ദത്തിൽ ഇംഗ്ലണ്ടിൽ വന്നുകൂടിയ അഭിപ്രായവ്യത്യാസം എത്ര ഗൌരവമേറിയതാണെന്നു വെളിവാകുന്നുണ്ടല്ലൊ. നൂതനദൃഷ്ട്യാ നോക്കുമ്പോൾ, ഒരു യഥാർത്ഥവിമർശകൻെറ കർത്തവ്യം സ്തുതിയും നിന്ദയും വിതരണം ചെയ്യുകയല്ല; കാവ്യം മനസ്സിലാക്കുവാനും വിശദീകരിക്കുവാനും പരിശ്രമിക്കുകയാകുന്നു; എന്നുവെച്ചു നിയമനിർമ്മാതാവിൻേറയും, വിധികർത്താവിൻേറയും ധർമ്മങ്ങളെ വിമർശകൻ തീരെ കൈവിട്ടുകളഞ്ഞതായി കരുതുവാനും പാടില്ല; പക്ഷേ, വിലമതിക്കുക എന്നതിനേക്കാളധികം പ്രധാനമായി വിമർശകൻ കണക്കാക്കേണ്ടതു വിശകലനവും വിശദീകരണവുമാകുന്നു.

വിമർശനമെന്നതു് ഒരേ സമയത്തുതന്നേ ശാസ്ത്രവും കലയുമാകയാൽ രണ്ടിൻേറയും ധർമ്മങ്ങാം വിമർശനധർമ്മത്തിൽ അന്തർഭവിച്ചിട്ടുണ്ടു്. വിചാരത്തിനും വികാരത്തിനും അതിൽ അവകാശമുണ്ടു്. സംഗതികളെ പ്രകാശിപ്പിച്ചു, പരസ്പരബന്ധങ്ങളെ പ്രത്യക്ഷീകരിച്ചു്, അനുമാനംകൊണ്ടു നിയമങ്ങളെ കണ്ടുപിടിച്ചു് എല്ലാം വിശദമാക്കിക്കഴിഞ്ഞാൽ പിന്നെ, രുചിഭേദമനുസരിച്ചു ഗുണദോഷങ്ങളെപ്പററി അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യവും വിമർശകനുള്ളതാകുന്നു.

ഇവിടെയാണു് പക്ഷാന്തരങ്ങാംക്കും വഴക്കുകാംക്കും പഴുതുണ്ടാകുന്നതു്. ഇവിടെയാണു് രുചിഭേദംനിമിത്തമുള്ള വിതണ്ഡാവാദം വിമർശനാന്തരീക്ഷത്തെ മലീമസമാക്കിത്തീക്കുന്നതു്. അതിനുള്ള ഏകപരിഹാരമാർഗ്ഗം ഹൃദയവിശാലത വർദ്ധിപ്പിക്കുകതന്നെയാണു്. മറെറാരുവൻെറ നിലയിൽനിന്നുകൊണ്ടും സംഗതികളെ വീക്ഷിക്കുവാനുള്ള ശക്തി നാം വളർത്തിക്കൊണ്ടുവരേണ്ടതാകുന്നു. പുതിയതും പഴയതും തമ്മിലുള്ള പോരാട്ടം ജീവിതത്തിൻെറ എല്ലാ ഭാഗത്തും കാണാം; എന്നാൽ അതു കേവലം ഉപരിപ്ലവമായിട്ടുള്ളതാണു്. അന്നന്നത്തെ പരിഷ്കൃതരുചിഭേദങ്ങളനുസരിച്ചു് ചില ആഭരണങ്ങളുടെ പ്രചാരത്തിനു കൂടുതലും കുറവും ഉണ്ടായേക്കാമെങ്കിലും സ്വർണ്ണത്തിൻേറയും രത്നത്തിൻേറയും ലോഭനീയതയ്ക്കു കുറവു വരുന്നതല്ല. ഉടലിലും ഉടുപ്പിലും നടപ്പിലും വ്യത്യാസം വരാമെങ്കിലും കാവ്യത്തിൻെറ ഉയിരായ അംശം ശാശ്വതംതന്നേ. ഇതെന്തിനെ ആശ്രയിച്ചിരിക്കുന്നു എന്നറിയുവാൻ ദേശകാല

പരിമിതികളെ അതിലംഘിച്ചു സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴഞ്ഞിട്ടുള്ള പ്രാചീനകാവ്യങ്ങളുടെ പഠനം നമ്മെ സഹായിക്കുന്നു. ആ അറിവു് ഉത്തമകാവ്യനിൎമ്മാണത്തിനും ശരിയായ ഗുണദോഷവിവേചനത്തിനും സൗകൎയ്യമുണ്ടാക്കിത്തരുന്നു. വിമൎശനകലയിൽ പ്രാചീനകാവ്യപഠനത്തിനുള്ള പ്രാധാന്യം ഇതാണു്.

ആംഗ്ലേയവിമൎശനചരിത്രത്തിലെ മൂന്നു മുഖ്യദശാവിശേഷങ്ങളെക്കുറിച്ചും, ഓരോ ദശയിലേയും വിമൎശനരീതിഭേദങ്ങളെക്കുറിച്ചും, ഓരോ കാലത്തു വിമൎശനത്തിൽ കാവ്യത്തിന്റെ ഏതേതംശങ്ങൾക്കാണു് പ്രാധാന്യാധിക്യം സിദ്ധിച്ചതു് എന്നുള്ളതിനെക്കുറിച്ചും ഒരു വിധം ഉപന്യസിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിനെല്ലാം മലയാളത്തിൽ പ്രതിരൂപങ്ങൾ കാണാവുന്നതാണു്. കൈരളിയുടെ കഥ ഉള്ളിൽ ഉറപ്പിച്ചുകൊണ്ടു് ആംഗ്ലേയവിമൎശനചരിത്രം നിഷ്കൎഷിച്ചു പഠിക്കുന്നതായാൽ വിശേഷിച്ചും പ്രയോജനകരമായിരിക്കുമെന്നാണു് തോന്നുന്നതു്.

## 7. ശാകുന്തളത്തിലെ നായകോന്നമനം

കാര്യം ശരിയായി നേരിട്ടു ഗ്രഹിക്കാത്തവരെ തെററിദ്ധരിപ്പിക്കുവാനും, അവരെക്കൊണ്ടു നായകനെ വെറുപ്പിക്കുവാനും, ദോഷൈകദൃക്കായ ഒരു നിരൂപകനു ധാരാളം വക നല്കുന്നവയാണു് ലോകത്തിലെ അതിപ്രശസ്തങ്ങളായ ചില നാടകങ്ങളിലെ ഇതിവൃത്തങ്ങൾ എന്ന വാസ്തവം കേവലം യാദൃച്ഛികമായിരിക്കാം. എന്നാൽ സാധാരണന്മാരുടെ ശ്രദ്ധയെ തീരെ ആകർഷിക്കാത്തവയോ, കൊള്ളരുതാത്തവയെന്നുവെച്ച് അവർ തള്ളിക്കളയുന്നവയോ ആയ സാമഗ്രികളെ സൂക്ഷ്മദൃഷ്ടികളായ പ്രതിഭാശാലികൾ കണ്ടെടുത്തു കൈകാര്യം ചെയ്യുമ്പോൾ അവയിൽ അപ്രതീക്ഷിതമായ നൂതനത്വവും മനോഹാരിതയും പ്രത്യക്ഷമാകുമെന്നുള്ളതിന് ഉത്തമോദാഹരണങ്ങളാകുന്നു പ്രസ്തുതനാടകങ്ങൾ. സ്വന്തം പിതാവിനെ നിഗ്രഹിക്കുകയും മാതാവിനെ പരിഗ്രഹിക്കുകയും അവളിൽ സന്തത്യുൽപാദനം നടത്തുകയും ചെയ്യുന്ന ഈഡിപ്പസ് എന്ന രാജാവിനെ നായകനാക്കിക്കൊണ്ടാണു് പ്രാചീന യവനകവിവര്യനായ സോഫോക്‌ളീസ് തന്റെ നാടകപരമ്പര നിർമ്മിച്ചതു്. രക്ഷാകർത്താക്കളുടെ എതിർപ്പിനെ വകവെക്കാതെ, നിഷ്കല്മഷയായ ഒരു കുലീന ബാലികയെ വശീകരിച്ചുകൊണ്ടുപോയി, അചിരേണ ആ മാതൃകാപതിവ്രതയിൽ ചാരിത്രദുശ്ശങ്കതോന്നി മതിമറന്നു അവളെ കൊന്നുകളയുന്ന ഒരുകാപ്പിരിത്തലവനാണു് ഷേക്സ്പിയർമഹാകവിയുടെ

ഏറ്റവും മെച്ചം കൂടിയ "ഒതല്ലോ" എന്ന നാടകത്തിലെ നായകൻ, കാളിദാസകവിസാവ്ഭൗമന്റെ ശാകുന്തളത്തിലെ നായകനാകട്ടെ, കൃത്രിമമറിഞ്ഞിട്ടില്ലാത്ത ഒരു തപോവനകന്യകയെ, അവളുടെ അച്ഛനില്ലാത്ത സമയത്തുചെന്നു പ്രലോഭനങ്ങളാൽ വിധേയീകരിച്ചു ആഗ്രഹപൂൎത്തി വരുത്തി, പിന്നീടു തീരെ വിസ്മരിച്ചു തള്ളിക്കളയുന്ന ഒരു ധൂൎത്തവിടനാണെന്നു് കേവലം പുരോഭാഗിയായ നിരൂപകന്റ ദുൎവ്വ്യാഖ്യാനം ചെയ്തു ഫലിപ്പിക്കുവാൻ അവകാശം നല്കുന്നു. എന്നിരുന്നാലും, പ്രസ്തുതനാടകങ്ങൾ വായിക്കുകയോ കാണുകയോ ചെയ്യുന്നവൎക്കു അവയിലെ നായകന്മാരെക്കുറിച്ചു അത്യുൽക്കടമായ സ്നേഹാദരങ്ങളല്ലാതെ, അവജ്ഞയുടേയോ വിദ്വേഷത്തിന്റെയോ ലേശംപോലും തോന്നുന്നതല്ലെന്നു് അനുഭവവേദ്യമാണുതാനും. ഇതിനുള്ള അടിസ്ഥാനമെന്തെന്നു് ചൎച്ചചെയ്യുമ്പോളാണു് ലോകോത്തരമഹാകവികളുടെ കലാകുശലത വിശദമാകുന്നതു്. ലക്ഷണയുക്തമായ ഉൽകൃഷ്ടസ്ഥാനത്തുനിന്നു് നായകൻ അധഃപതിച്ചേയ്ക്കുമോ എന്നു സ്വല്പമെങ്കിലും ശങ്കിക്കുവാൻ പഴുതുള്ളേടത്തെല്ലാം, അദ്ദേഹത്തെ സ്വസ്ഥാനത്തേയ്ക്കു ശക്തിയോടെ ഉയൎത്തിനിൎത്തുന്നതിനുവേണ്ടി നാടകകൎത്താവു് കല്പിച്ചുകൂട്ടി പ്രയോഗിക്കുന്ന കൗശലങ്ങളെ വിശകലനംചെയ്തു പഠിക്കുന്നതാണു് കാവ്യമൎമ്മപ്രകാശകമായ വിമൎശനവ്യവസായം.

മേൽപറഞ്ഞ തത്വമനുസരിച്ചു ശാകുന്തളത്തിൽ ആദ്യമായി പരിശോധിക്കേണ്ട സന്ദൎഭം നായികാനായകന്മാരുടെ പ്രഥമസമാഗമമാകുന്നു. ആ ഘട്ടത്തിൽ

ദുഷ്യന്തമഹാരാജാവിനെക്കുറിച്ചു യാതൊരു വിപരീതാഭിപ്രായവും തോന്നാതിരിപ്പാനും നായകന്റെ ആന്തരമഹത്വം വികസിപ്പിക്കുവാനും വേണ്ടി നാടകകൎത്താവു് എന്തെല്ലാം സംഗതികൾക്കു പ്രാധാന്യം നല്കീട്ടുണ്ടെന്നു നോക്കുക. ആൎയ്യമഹാരാജാക്കന്മാൎക്കു് വിധിച്ചിട്ടുള്ളതും ക്ഷാത്രവൈശിഷ്ട്യം തെളിയിക്കുന്നതുമായ മൃഗയാവിനോദത്തിലേൎപ്പെട്ടിരിക്കുന്ന നായകൻ മൃഗാനുധാവനവേളയിൽ യദൃച്ഛയാ കണ്വാശ്രമത്തിലേയ്ക്കു നയിക്കപ്പെടുന്നു. അവിടെ ആശ്രമമൃഗത്തെ കൊല്ലരുതെന്നു മഹൎഷിമാർ വിലക്കിയ ഉടൻതന്നെ അദ്ദേഹം തൊടുത്ത അസ്ത്രത്തെ പിൻവലിക്കുകയും, സംപ്രീതരായ അവരുടെ അനുഗ്രഹത്തെ തലകുനിച്ചുകൊണ്ടു് സ്വീകരിക്കുകയും ചെയ്യുന്നു. പരിപാവനമായ തപോവനത്തെക്കുറിച്ചും അവിടത്തെ തപോധനന്മാരെക്കുറിച്ചുമുള്ള നിഷ്കളങ്കഭക്ത്യാദരങ്ങളാൽ മസൃണചിത്തനായിത്തീരുന്ന ദുഷ്യന്തമഹാരാജാവു്, വീരോചിതമായ വിനയത്തിന്റെ വിളനിലമായിട്ടാണു് ഈ ഭാഗങ്ങളിൽ പ്രശോഭിക്കുന്നതു്. വില്ലും ആഭരണങ്ങളും സൂതന്റെ കയ്യിൽ കൊടുത്തു് ഏററവും ഒതുങ്ങിയ വേഷത്തിൽ മാത്രമേ അദ്ദേഹം തപോവനത്തിലേയ്ക്കു കടക്കുന്നുള്ളു. പുണ്യാശ്രമം കണ്ടു് ആത്മശുദ്ധി വരുത്തുവാനും, തന്റെ രക്ഷയിൽ താപസന്മാർ നിൎവിഘ്നം സ്വകൎമ്മങ്ങൾ നടത്തുന്നതുകണ്ടു തൃപ്തിയടയുവാനും, കുലപതിയോടു തനിക്കുള്ള ഭക്തിയെ പ്രകാശിപ്പിക്കുവാനും വേണ്ടി അദ്ദേഹം കണ്വാശ്രമത്തിലെ ആതിഥ്യം സ്വീകരിക്കുവാൻ നിശ്ചയിക്കുന്നു. പക്ഷേ ആശ്രമദ്വാരത്തിലെത്തുമ്പോഴേയ്ക്കും ഭാവി

ഭാഗ്യ സൂചകമായ ബാഹുസ്ഫുരണം അദ്ദേഹത്തിനുണ്ടാകുന്നു. ഇതോടുകൂടി മഹൎഷിമാരുടെ,

"ഗുണമിത്തരമാന്ന ചക്രവൎത്തി-
സ്ഥിതിചേരും സുതനെ ഭ്ഭവാൻലഭിക്ക"

എന്ന ആശംസയും ചേൎത്തിണക്കിനോക്കുമ്പോൾ ദുഷ്യന്തനു ശകുന്തളാസമാഗമമുണ്ടാകുന്നതു ദൈവനിശ്ചയമനുസരിച്ചാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. നായികാനായകന്മാർ പ്രഥമദൎശനത്തിൽതന്നേ പരസ്പരം അനുരാഗബദ്ധരായിത്തീരുന്നു എന്നിരുന്നിലും, ദുഷ്യന്തൻ ധൎമ്മവിരുദ്ധമായി യാതൊരു സാഹസവും ചെയ്യുവാനൊരുമ്പെടുന്നില്ല. "അരുതാത്ത കാൎയ്യത്തിൽ പൌരവന്മാരുടെ മനസ്സ ചെല്ലാറില്ല," "സത്തുകൾക്കു വിചികിത്സിതങ്ങളിൽ ചിത്തവൃത്തിയതുതാൻ പ്രമാണമാം" എന്നൊക്കെ പറയുന്നുണ്ടെങ്കിലും ശകുന്തളാപരിണയവിഷയകമായ തൻെറ അൎഹതയെ നല്ലവണ്ണം മാററുരച്ചു നോക്കിയതിനുശേഷം മാത്രമേ അദ്ദേഹം സ്വമനോഗതിക്കു കടിഞ്ഞാണയച്ചു വിട്ടുകൊടുക്കുന്നുള്ളു. അവളുടെ മാതാപിതാക്കന്മാരാരാണു്, അവൾ ക്ഷത്രിയകന്യകതന്നെയോ, അവളുടെ വിവാഹത്തെക്കുറിച്ചു് അച്ഛൻെറ ഇംഗിതം എന്താണു് എന്നുംമററും വിസ്തരിച്ചറിയുന്നതിനുമുമ്പു് അദ്ദേഹം തൻെറ ഇച്ഛാമാൎഗ്ഗത്തിൽ ഒരു പദമെങ്കിലും മുന്നോട്ടുവെക്കുന്നില്ല. ശകുന്തളയും തോഴിമാരും നില്ക്കുന്നേടത്തേയ്ക്കു് അദ്ദേഹം കടന്നു ചെല്ലുന്നതുതന്നെ തക്ക സന്ദൎഭത്തിൽ ക്ഷണിക്കപ്പെട്ടിട്ടുമാത്രമാണു്. വിശിഷ്യ, തനിക്കങ്ങോട്ടുള്ളതു

പോലെ ശകുന്തളയ്ക്കു തന്നോടും ഗാഢമായ അനുരാഗമുണ്ടെന്നു് അദ്ദേഹത്തിനു് വേണ്ടുവോളം തെളിവായിട്ടുമുണ്ടു്. ഇതിനെല്ലാററിനും പുറമേ, അദ്ദേഹം തീരെ അനുരാഗാധീനനായി തന്നിലുള്ള വീരസ്വഭാവവും കാര്യക്ഷമതയും ബലികഴിച്ചുകളയാതിരിപ്പാൻ നാടകകത്താവു പ്രത്യേകം മനസ്സിരുത്തീട്ടുള്ളതായും കാണാം. നായകൻ മരങ്ങൾക്കിടയിൽ മറഞ്ഞുനിന്നുകൊണ്ടു നായികയുടെ വിലാസങ്ങളെ കുറെനേരം വീക്ഷിച്ചതിനു ശേഷം, പിന്നെ മുന്നോട്ടുവരുന്നതു,

"എവനാണു ദുർവ്വിനീതരെ
യനിശം ശാസിച്ചു പൌരവൻവാഴ്കേ
അവിനയമതിമുഗ്ദ്ധകളാം
മുനികന്യകമാരിലാചരിപ്പോരിവൻ?"

എന്നുള്ള വീരവാദത്തോടുകൂടി ശിക്ഷാരക്ഷാധികാരിയായിട്ടാണല്ലോ. അതുപോലെ അവളുടെ മുമ്പിൽ വെച്ചുള്ള ആദ്യസല്ലാപം അവസാനിക്കുമ്പോഴേയ്ക്കും ആശ്രമം വിറപ്പിക്കുന്ന ഒരു കാട്ടാനയുടെ വരവു് അദ്ദേഹത്തിൻെറ വീരത്വപ്രകാശനത്തിനു വീണ്ടും വഴിയുണ്ടാക്കുന്നു. സ്മരദശകളിൽ ക്രമേണ നാലാമത്തേതും അഞ്ചാമത്തേതുമായ "നിദ്രാച്ഛേദം" "തനുത" എന്നിവയിലേയ്ക്കു നായകൻ എത്തുമ്പോൾ താൽക്കാലികമായി വാട്ടം തട്ടീട്ടുള്ള അദ്ദേഹത്തിൻെറ ക്ഷാത്രവീര്യത്തെ ഉത്തേജിപ്പിക്കുവാനോ എന്നു തോന്നുമാറ ആശ്രമവാസികളുടെ ഒരപേക്ഷ — കണ്വമഹർഷിയില്ലാത്ത തക്കത്തിൽ യാഗകർമ്മങ്ങളെ മുടക്കുന്ന രാക്ഷസ

ന്മാരെ ഒതുക്കിയാൽക്കൊള്ളാമെന്നുള്ള അപേക്ഷ — അദ്ദേഹത്തിനു ലഭിക്കുന്നു. അതിൻെറ ഫലമെന്തെന്നു പിന്നീടുള്ള യജമാനശിഷ്യവചനത്തിൽനിന്നു നമുക്കറിയാറാകയും ചെയ്യുന്നു:—

"അമ്പോ! ദുഷ്യന്തരാജാവു മഹാകേമൻതന്നെ! അദ്ദേഹം ആശ്രമത്തിൽ കടന്നപ്പോഴേയ്ക്കുതന്നെ ഞങ്ങളുടെ ക്രിയ നടത്തുന്നതിനുള്ള ഉപദ്രവമൊക്കെ തീൎന്നു." എന്നാണു പറഞ്ഞിരിക്കുന്നതു്. രണ്ടാമങ്കത്തിൻെറ അവസാനത്തിൽ മുനികുമാരന്മാരെക്കൊണ്ടു ദുഷ്യന്തനേ സവിസ്തരം പ്രശംസിപ്പിക്കുന്ന ഭാഗങ്ങളുടെ ഉദ്ദേശ്യം അദ്ദേഹത്തിൻെറ ക്ഷാത്രവീൎയ്യത്തിനു ക്ഷയലേശം സംഭവിച്ചിട്ടില്ലെന്നു സ്പഷ്ടമാക്കുകതന്നെയാകുന്നു. * ഒരിക്കൽക്കൂടി ആശ്രമത്തിൽ ചെന്നിരിക്കുവാൻ എന്താണു സൂത്രം എന്നു രാജാവു് വിദൂഷകനോടു ചോദിക്കുമ്പോൾ, വരിനെല്ലിൻെറ ആറിലൊന്നു കരം പിരിക്കുവാനാണെന്നു പറഞ്ഞുകൊണ്ടു കടന്നുചെല്ലാമെന്നു വിദൂഷകൻ ഉപദേശിക്കുന്നതിനെ എത്ര അവജ്ഞയോടുകൂടിയാണു് അദ്ദേഹം തള്ളിക്കളയുന്നതു്!

നാട്ടാരിൽനിന്നുഭൂപൎക്കു കിട്ടുമത്ഥം ക്ഷയിപ്പതാം
അക്ഷയ്യമേകുന്നുതപഷ്ഷഷ്ഠാംശം വനവാസികൾ.

ഇതിനേ അനവധി രത്നങ്ങളെക്കാളധികം വിലപിടിച്ചതായി രാജാവു കണക്കാക്കുന്നു. ഇങ്ങനെ ദുഷ്യന്തമഹാരാജാവിൻെറ അനുരാഗാധിക്യപ്രസംഗത്തോടുകൂടി

---

* രണ്ടാമങ്കം, 14, 15, 16 ശ്ലോകങ്ങളും അടുത്തുള്ള ഗദ്യഭാഗങ്ങളും കാൺക.

കൊണ്ടുതന്നെ അദ്ദേഹത്തിന് ആകൃതിയിലും പ്രകൃതിയിലുമുള്ള മഹത്വത്തേയും കവി വേണ്ടുവോളം വിശദീകരിച്ചിരിക്കുന്നു.

ആത്മാവിൻെറ അടിത്തട്ടിൽനിന്നുള്ള ഏതോ ഒരാഹ്വാനത്തിനധീനനായി, ശകുന്തളാവിരഹിതമായ ജീവിതത്തെ ദുസ്സഹഭാരമായിക്കരുതുന്ന ദുഷ്യന്തമഹാരാജാവു, കാളിദാസദൃഷ്ടിയിൽ, അനുരാഗികൾക്കൊരു മാതൃകാപുരുഷനാണെങ്കിലും, അതേസമയംതന്നെ വീരന്മാരിൽവെച്ചു വീരനുമാകുന്നു. നായകൻെറ സ്വഭാവത്തിലുള്ള ഇപ്പറഞ്ഞ രണ്ടു ഭാഗങ്ങളിൽ ഒന്നു മറേറതിനെ ഗ്രസിച്ചുകളയുവാൻ കവി ഒരിക്കലും അനുവദിക്കുന്നില്ല. ഒരു ഭാഗം പരമകോടിയിലെത്തിക്കഴിഞ്ഞാലുടൻ മറുഭാഗം ഉയൎത്തിക്കൊണ്ടുവരുവാനുള്ള ശ്രമം തുടങ്ങുകയായി. കവിയുടെ ഈ നയവിശേഷം നായകസൃഷ്ടിയുടെ ജീവൻതന്നെയാണെന്നു പറയാം. തൽഫലമായി നാടകത്തിൻെറ പൂൎവ്വാൎദ്ധത്തിൽ നായകൻ ഒരു വിടനാണെന്ന പ്രതീതി അനുവാചകന്മാൎക്കൊരിക്കലുമുണ്ടാകുന്നില്ലെന്നു മാത്രമല്ല, ക്ഷാത്രംതികഞ്ഞ ഒരു ഉത്തമചക്രവൎത്തിയും നിഷ്കളങ്കാനുരാഗത്തിനൊരാദൎശവുമാണെന്ന ബോധം പ്രബലമായി ഉദിക്കുകയും ചെയ്യുന്നു.

ഇനി ശകുന്തളാപരിത്യാഗമെന്ന അഞ്ചാമങ്കത്തിൽ ദുഷ്യന്തൻ ഒരു ധൂൎത്തൻെറ നിലയിലേയ്ക്കു താഴ്ന്നുപോകുവാൻ വഴിയുണ്ടെന്നു ശങ്കിച്ചിട്ട്, എന്തെല്ലാം വിദ്യകളാണു നാടകകൎത്താവു തൻെറ നായകൻെറ ഉന്നമനത്തിനുവേണ്ടി എടുത്തിട്ടുള്ളതെന്നു നോക്കുക. അങ്കാരംഭത്തിൽ ഭ്രമരത്തെ അഭിസംബോധനചെയ്തുകൊണ്ടു

ഹംസപദിക പാടുന്ന പാട്ടിലെ ആശയമായ അന്തരാഗാസ്ഥിരത രാജാവിന് ഏറെക്കുറെ ബാധകമായിരിക്കാം. എന്നാൽ മനുഷ്യാതീതമായ ഒരു ശക്തിക്കു കീഴ്പ്പെട്ടിട്ട് അസ്വാസ്ഥചിത്തനായിത്തീൎന്നിട്ടുള്ള ഒരാൾ, ആ നിലയിൽ താൻ ചെയ്യുന്ന പ്രവൃത്തികളെസ്സംബന്ധിച്ച് എത്രത്തോളം ഉത്തരവാദം വഹിക്കുന്നതായി കരുതാം ? ഗാന്ധൎവ്വമുറയ്ക്കു താൻ വിവാഹം ചെയ്തിട്ടുള്ള ധൎമ്മപത്നിയേ ദുഷ്യന്തൻ നിരാകരിക്കുന്നതു് ആരുമൊരെതിരില്ലാത്ത ദുൎവ്വാസാവു മഹൎഷിയുടെ അപരിഹാര്യമായ ശാപംകൊണ്ടാണെന്നാണ് നാടകകൎത്താവു നമ്മേ നിസ്സന്ദേഹം ധരിപ്പിക്കുന്നതു്. മൂലമായ മഹാഭാരതത്തിലില്ലാത്ത ഈ സംഭവം കവി സ്വമനോധൎമ്മംകൊണ്ടു സൃഷ്ടിച്ചിരിക്കുന്നതിൻെറ ആവശ്യംതന്നെ നായകൻെറപേരിൽ ആൎക്കും പ്രതികൂലാഭിപ്രായമുണ്ടാകരുതെന്നുള്ളതല്ലേ ? ശകുന്തളാപരിത്യാഗഘട്ടത്തിലും ദുഷ്യന്തൻെറ മാഹാത്മ്യത്തെ അന്യരെക്കൊണ്ടു പ്രശംസിപ്പിച്ചു തെളിയിക്കുവാൻ കവി നല്ലപോലെ ശ്രമിച്ചിട്ടുള്ളതായികാണാം. "പ്രജകളെ നിജസന്താനങ്ങളെപ്പോലെ" കാക്കുന്ന ഒരു ആദൎശചക്രവൎത്തിയായ ദുഷ്യന്തൻ, പ്രജകൾക്കുവേണ്ടി "സ്വസുഖവിമുഖനായി" എത്രയോ ക്ലേശമേല്ക്കുന്നു ! "നിൎമ്മര്യാദയിലേപ്പെടുന്ന നരരെശ്ശിക്ഷിച്ചമൎത്തുന്ന" മഹാരാജാവിനെ പ്രസ്തുത സന്ദൎഭത്തിൽ ഏതെല്ലാംവിധത്തിലാണു ജനങ്ങൾ പുകഴ്ത്തുന്നതു ! കണ്വാശ്രമത്തിൽ നിന്നെത്തിച്ചേൎന്നിട്ടുണ്ടെന്നു പറയുന്ന ശകുന്തളാദികളെക്കുറിച്ചു ദുൎവ്വാസാവിൻെറ ശാപബലത്താൽ അദ്ദേഹത്തിനു യാതൊരു സ്മരണയു

മുണ്ടാകുന്നില്ലെങ്കിലും അവരോട്ട് മര്യാദയുടെ മൂത്തിയായിട്ടാണല്ലോ അദ്ദേഹം പെരുമാറുന്നതു്. മൂടുപടം നീക്കിയ ശകുന്തളയെ കാണുന്നസമയം അവളുടെ സൗന്ദര്യം അദ്ദേഹത്തിൻെറ ഹൃദയത്തെ വല്ലാതെ ക്ഷോഭിപ്പിക്കുന്നുണ്ടെങ്കിലും അധമ്മഭീരുവായ ആ രാജശ്രേഷ്ഠൻ അവളെ കൊള്ളുവാനും തള്ളുവാനുമാളല്ലാതെ കുഴങ്ങുന്നു. "അമ്പോ! തമ്പുരാൻെറ ധമ്മനിഷ്ഠ" എന്ന വാക്യമാണു് അപ്പോൾ രാജസദസ്സിൽ മാറെറാലി കൊള്ളുന്നതു്,

ഇവൾതൻ കളവോയെൻെറ
മറവോയെന്നശങ്കയിൽ
കളത്രത്യാഗമോ ഭേദം
പരസ്ത്രീസ്പർശപാപമോ ?

എന്നിങ്ങനെ വളരെ ആലോചിച്ചതിനുശേഷം, തനിക്കും തൻെറ വംശത്തിനും കളങ്കം വരുത്താവുന്ന പ്രവൃത്തി ഒരിക്കലും ചെയ്യുയില്ലെന്നുള്ള ധമ്മനിശ്ചയത്തെ മുറുക്കിപ്പിടിച്ചുകൊണ്ടാണ് ദുഷ്യന്തമഹാരാജാവു ശകുന്തളയെ പരിത്യജിക്കുന്നതെന്നു നാടകത്തിൽ സ്പഷ്ടമാക്കീട്ടുണ്ടു്. അതിനാൽ ധൂത്തനാണെന്ന ആക്ഷേപത്തിനു നായകൻ ഒട്ടുംതന്നെ വിഷയമാകുന്നില്ലെന്നും തെളിയുന്നു.

അഥവാ ശകുന്തളാപരിത്യാഗംകൊണ്ടു സ്വല്പം പാപമേല്ക്കുന്നുണ്ടെങ്കിൽ തന്നെയും പിന്നീട്ട് അദ്ദേഹം അതിനുള്ള ശിക്ഷ വേണ്ടതിലധികം അനുഭവിക്കുന്നുണ്ടല്ലോ. അഭിജ്ഞാനാംഗുലീയകം തിരിച്ചുകിട്ടിയപ്പോളുദിക്കുന്ന പൂർവ്വസ്മരണയുടെ ഫലമായി അദ്ദേഹത്തിനു

ണ്ടാകുന്ന പശ്ചാത്താപാദി വികാരങ്ങൾ ഹൃദയത്തിൽ അലതല്ലിക്കൊണ്ടു് അദ്ദേഹത്തെ മോഹാലസ്യാവസ്ഥയിലേയ്ക്കു പതിപ്പിക്കുന്നു. പക്ഷേ ഉത്തരക്ഷണത്തിൽ തന്നെ നായകന്റെ ക്ഷാത്രവീര്യത്തെ തട്ടിയുണൎത്തുന്നതിനായി മാതലിയെ കവി ഒരു ഭൂതാകൃതിയിൽ പ്രവേശിപ്പിച്ചു് മാഢവ്യന്റെ കഴുത്തു് ഞെക്കിക്കരയിക്കുന്നു. തോഴന്റെ ദീനരോദനം കേൾക്കേണ്ട താമസമേ ഉണ്ടായുള്ളു രാജാവിന്റെ സ്വാഭാവികമായ വീര്യം തലയുയൎത്തുവാൻ. എന്നുമാത്രമല്ല ഇന്ദ്രനിദേശാനുസാരം ഉടൻതന്നെ അദ്ദേഹം നാഗലോകത്തിലേയ്ക്കുതിരിച്ചു് ദേവവൈരികളായ അസുരപ്രമാണികളെ ഒട്ടാകെ അനായാസേന തോല്പിച്ചോടിച്ചുകളയുകയും ചെയ്യുന്നു. തന്മൂലം സ്വൎഗ്ഗത്തിൽ സ്ഥിരതലഭിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കീൎത്തി എത്ര മനോഹരമായിരിക്കുന്നു.

"സുരസുന്ദരിമാരണിഞ്ഞുശേഷി-
ച്ചൊരുവൎണ്ണങ്ങളെടുത്തു വാനവന്മാർ
നിരുപിച്ചെഴുതുന്നു ഗാനമായ്നിൻ
ചരിതം കല്പലതാംശുകവ്രജത്തിൽ"

ഇപ്രകാരമെല്ലാം ശകുന്തളാ പുനഃസമാഗമത്തിന്നു് ദുഷ്യന്തൻ സൎവ്വഥാ അൎഹനായിത്തീൎന്നുകഴിയുന്നതോടുകൂടി പ്രഥമാങ്കത്തിലെ മഹൎഷിമാരുടെ അനുഗ്രഹം പരിണതഫലമായിത്തീരുകയും ചെയ്യുന്നു.

ചുരുക്കിപ്പറയുന്നതായാൽ, ശാകുന്തളത്തിലേ നായകൻ, നാടകത്തിന്റെ പൂൎവ്വാൎദ്ധത്തിൽ ഒരു വിടനായും,

ഉത്തരാദ്ധത്തിൽ ഒരു ധൂത്തനായും, അധഃപതി ച്ചുപോകാതിരിപ്പാൻവേണ്ടി മമ്മസ്ഥാനങ്ങളിലെല്ലാം കവി പല പൊടിക്കൈകളും പ്രയോഗിച്ചിട്ടുണ്ടെന്നു സാരം. മൂലകഥയിൽ ദുഷ്യന്തനെന്തെങ്കിലുമായിക്കൊ ള്ളട്ടെ, കാളിദാസകൃതിയിൽ നായകനു യാതൊരപ കഷവും നാം കാണുന്നില്ല. അതിനുകാരണം, ദുബ്ബലങ്ങ ളായ ഭാഗങ്ങളിലെല്ലാം നായകസ്വഭാവത്തേ കവി പല ഊന്നികളും കൊടുത്തു താങ്ങിനിത്തീട്ടുണ്ടെന്നുള്ളതു തന്നേ. നായകൻ ബഹുപരിഗ്രഹനാണെങ്കിലും അദ്ദേ ഹത്തിനു നായികയോടു തോന്നുന്ന പ്രേമമൊന്നാണ് സർവ്വോപരി പരിപാവനമായിട്ടുള്ളതെന്നും, അവർ തമ്മിലാണ് ശരിയായ ആത്മീയലയമുണ്ടാകുന്ന തെന്നും, അവരുടേ പരസ്പരസംയോഗം കേവലം ദൈവനിണ്ണീതമായിട്ടുള്ള ഒന്നാണെന്നും നാടകത്തിൽ സുവ്യക്തമാക്കീട്ടുണ്ട്. അനുരാഗാന്ധനായിട്ടുപോലും നായകൻ മര്യാദാചര്യയിൽ നിന്നോ ധമ്മപഥത്തിൽ നിന്നോ ഒരണുപോലും വ്യതിചലിക്കുന്നില്ല. ഒരിക്കൽ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽതന്നേ അദ്ദേഹമല്ല, ദുർവ്വാ സാവിൻെറ ശക്തിയേറിയ ശാപമാണു അതിനുത്തര വാദിത്വംവഹിക്കുന്നത് എന്നു വിളിച്ചുപറഞ്ഞിട്ടു മുണ്ട്. ഉൽകൃഷ്ടമായ പ്രേമത്തിനെന്നപോലെതന്നേ അനുകരണീയമായ ആത്മസംയമത്തിനും അദ്ദേഹം ഒരാദശമാകുന്നു. വംശത്തിൻെറ വൈശിഷ്ട്യത്തിനോ വ്യക്തിയുടെ മാഹാത്മ്യത്തിനോ അപകഷം വരത്തക്ക വണ്ണം അദ്ദേഹം യാതൊന്നും ചെയ്യുന്നില്ലെന്നും, നേരേ മറിച്ച് അദ്ദേഹത്തിൻെറ ചരിതം അവ രണ്ടിനും

മാററ കൂട്ടുകയാണ് ചെയ്യുന്നതെന്നുമുള്ള ബോധം അനുവാചകന്മാരിലുറപ്പിച്ചുകൊണ്ടു് അദ്ദേഹത്തേ ഒരു ഉത്തമ നായകനാക്കി ഉയത്തിക്കാണിക്കുവാൻ കവി ചെയ്തിട്ടുള്ള പരിശ്രമം നാടകത്തിൽ നെടുനീളം വ്യാപിച്ചുകിടക്കുന്നതായും, ആയതു നാടകത്തിൻെറ യഥാത്ഥ ചൈതന്യമായി വത്തിക്കുന്നതായും നിഷ്കൃഷ്ട പഠനംകൊണ്ടു ആക്കും സുവ്യക്തമാകുന്നതാണ്.

—ooo—

## 8. "ട്രാജഡി" കളിലെ വിഷാദവും വിശ്വാസവും

ഇച്ഛപോലെ കളിക്കുന്ന കുട്ടിക-
ളീച്ചകളെക്കണക്കു കളിയായി
ഈശ്വരന്മാരീ നമ്മളേ ഹിംസചെ-
യ്തുച്ചലോകത്തിലുല്ലസിച്ചീടുന്നു!

ഷേക്‌സ്പിയർ മഹാകവിയുടേ ജഗൽ പ്രസിദ്ധമായ "ലിയർ" എന്ന "ട്രാജഡി"യിലേ (ദുരന്തനാടകത്തിലേ) ഒരു പ്രധാനകഥാപാത്രം, പെട്ടെന്നു ബദ്ധശത്രുക്കളായിത്തീൎന്ന തൻെറ ഉററ ബന്ധുക്കളുടെ ദാരുണമൎദ്ദനങ്ങളേററ്, അനൎഹമായ അരിഷ്ടാനുഭവത്തിൻെറ ഉല്ക്കടകോടിയിലെത്തുമ്പോൾ ചെയ്യുന്ന ഒരു വിലാപമാണു മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. തീരേ അകാരണമായി യാതൊരു കാൎയ്യവും ഈ ലോകത്തിലുണ്ടാകുന്നതല്ലെങ്കിലും, യഥാൎത്ഥജീവിതത്തിലെന്നപോലെതന്നേ ദുഃഖാത്മകകൃതികളിലും പലപ്പോഴും ആ കാൎയ്യകാരണബന്ധം വ്യക്തികളുടെ കഷ്ടാനുഭവത്തിൽ സ്പഷ്ടമായി കാണുവാൻ സാധാരണന്മാൎക്കു സാധിക്കുന്നില്ല. അതിനാൽ ട്രാജഡികളിൽ വിവരിച്ചു കാണുന്ന ക്ലേശാനുഭൂതി അനൎഹമായിട്ടാണു നമുക്കു തോന്നുന്നതെന്നു സാമാന്യേന പറയാം. കുററത്തിനൊത്ത ശിക്ഷയാണ് അനുഭവിക്കുന്നതെങ്കിൽ അതു് നമ്മുടെ ധൎമ്മബോധത്തെ തൃപ്തിപ്പെടുത്തുമെന്നല്ലാതെ ട്രാജഡിയിലെപ്പോലെ കരുണഭയാനകങ്ങൾക്ക് അവകാശം

നല്കുന്നതല്ലല്ലോ. അങ്ങനെ അർഹിക്കാത്ത വിധത്തിലുള്ള തീവ്രദുഃഖാനുഭവം മൂർദ്ധന്യദശയിലെത്തുമ്പോഠം ആശ്വാസത്തിനുവേണ്ടി കാര്യകാരണബന്ധത്തെ സ്പർശിക്കുന്ന പല സിദ്ധാന്തങ്ങളും വ്യക്തികളുടേ ഉള്ളിൽനിന്നു പൊട്ടിപ്പുറപ്പെടുന്നു. അക്കൂട്ടത്തിലൊന്നാണ് ഈ ലേഖനത്തിൻെറ ആരംഭത്തിൽ ചേർത്തിട്ടുള്ള വിലാപശകലം. "ലിയർ" എന്ന നാടകത്തിലെ കഥ നടന്നതായി കല്പിച്ചിട്ടുള്ളതു് ക്രിസ്തുമതോദയത്തിനു വളരെ മുമ്പാണെന്നുകൂടി ഈ സന്ദർഭത്തിൽ സ്മർത്തവ്യമാകുന്നു. ഏതെങ്കിലുമൊരു ഉത്തമമതത്തിൽ ഉറച്ച വിശ്വാസമുള്ള (ജോബ്, ഹരിശ്ചന്ദ്രൻ, ധർമ്മപുത്രൻ തുടങ്ങിയവരെപ്പോലെയുള്ള) കഥാപാത്രങ്ങളെക്കൊണ്ടു് മേല്പറഞ്ഞപ്രകാരം വിലാപം ചെയ്യിക്കാമോ എന്നു സംശയമാണ്. എന്നാൽ മതവിശ്വാസം ശിഥിലമായിത്തീരുകയും, ലോകം ആകപ്പാടേ ചില അനിയതങ്ങളും അനനുയോഗാധീനങ്ങളുമായ ശക്തികളുടെ സ്വേച്ഛാവിലസിതരംഗം മാത്രമായി ത്തോന്നുകയും ചെയ്യുമ്പോഠം, വികൃതിക്കുട്ടികഠം തവളകളെ കല്ലെറിഞ്ഞും ചിത്രശലഭങ്ങളുടെ ചിറകു പറിച്ചും കളിക്കുന്നതുപോലെ, അദൃശ്യന്മാരായ ഈശ്വരന്മാർ മനുഷ്യരേ പല വിധത്തിൽ ഹിംസിച്ചുകൊണ്ടു വിനോദിക്കുന്നു എന്നും ദൈവത്തിനു കണ്ണില്ലെന്നും, "വിധി" ക്രൂരനാണെന്നും മററും പ്രാണവേദനയോടുകൂടെ വ്യക്തികഠം വിലാപം മുഴക്കുന്നു! പഴയ "ട്രാജഡി"കളിലേ "ഗാനം" പലപ്പോഴും ഈ "ശ്രുതി"ക്കൊത്തു തന്നെയായിരുന്നു എന്നും കാണാം.

പ്രകൃതി മുഴുവൻ ദൈവികങ്ങളോ അൎദ്ധദൈവികങ്ങളോ ആയ മൂൎത്തികളാൽ നിറഞ്ഞിരുന്നു എന്നും, അവ മനുഷ്യരുടെ കാൎയ്യങ്ങളിൽ തലയിട്ടു് അനുകൂലമായോ പ്രതികൂലമായോ കക്ഷി പിടിച്ചു കലഹിച്ചിരുന്നു എന്നും, മനുഷ്യപ്രയത്നം സഫലമോ നിഷ്ഫലമോ ആയി പരിണമിക്കുന്നതു മിക്കവാറും അവയെ ആശ്രയിച്ചാണെന്നും പ്രാചീനയവനന്മാരുടെ ഇടയിൽ ഒരു വിശ്വാസമുണ്ടായിരുന്നു. സാധാരണജനങ്ങൾക്കെതിൎത്തു ജയിക്കുവാൻ സാധിക്കാത്ത വിധത്തിൽ സ്വാധീനശക്തിയോടുകൂടി ഉന്നതസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന സമകാലിക മനുഷ്യരെത്തന്നെ, സുസ്പഷ്ടകാരണങ്ങളാൽ, കവികൾ തങ്ങളുടെ ഭാവനാശക്തികൊണ്ടു് ആദൎശങ്ങളാക്കി കല്പിച്ചിട്ടുള്ളവയാണോ ആ വക മൂൎത്തികൾ എന്നു കൂടി, ശങ്കിക്കേണ്ടിയിരിക്കുന്നു ! എന്തെന്നാൽ അവ മനുഷ്യലോകത്തിൽ നിന്നു സ്വല്പം ഉയൎന്ന ഒരു ലോകത്തിലാണു വസിച്ചിരുന്നതെങ്കിലും, മനുഷ്യലോകത്തോടു് ഉരുമ്മിക്കൊണ്ടു്, മനുഷ്യൎക്കുള്ളതുപോലെയുള്ള സകലവിധ രാഗദ്വേഷാദികളാലും, വിശിഷ്യ, പരോല്ക്കൎഷാസഹിഷ്ണുതയാലും പ്രേരിതങ്ങളായി, എന്തു ചപലകൎമ്മങ്ങളിലും ഏൎപ്പെടുവാൻ സന്നദ്ധങ്ങളായിട്ടാണു പെരുമാറിയിരുന്നതു് എന്ന കാരണത്താൽ, പ്രശസ്ത വീരപുരുഷന്മാർപോലും അവയുടെ മർദ്ദനത്തിനു തലകാട്ടിക്കൊണ്ടുതന്നെ വൎത്തിച്ചിരുന്നു. അക്കൂട്ടത്തിൽ ഉൽകൃഷ്ടഗുണഗണങ്ങളുടെ വിളനിലങ്ങളായി, മഹത്വം തികഞ്ഞു വിളങ്ങിയിരുന്ന നായകന്മാൎക്കുപോലും ദുൎമ്മൂൎത്തികളുടെ ഈൎഷ്യയാൽ

കഠിനദുഃഖം അനുഭവിക്കേണ്ടി വന്ന പ്രകാരങ്ങളെ സാഹിത്യകാരന്മാർ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അല്പമൊരു സ്വഭാവദൌർബ്ബല്യമുണ്ടെങ്കിലും ആകപ്പാടെ ഉദാരമതിയായി, ഉത്തമഗുണസമ്പന്നനായി, ഉന്നതപദവിയിലിരിക്കുന്ന ഒരു മഹാൻ ഈർഷ്യാകലുഷിതങ്ങളായ വിപരീതശക്തികളുടെ കർക്കശമായ പീഡനത്തിനു വിഷയീഭവിച്ച്, സ്വപ്രയത്നംകൊണ്ടു രക്ഷനേടുവാൻ നിവൃത്തിയില്ലാത്തവിധം വിപത്തുകളിൽ ചെന്നു ചാടി, ഭയങ്കരക്ലേശങ്ങളനുഭവിച്ച്, അവസാനം മൃതിയടയുന്നതാണ് പ്രായേണ പ്രാചീന ഗ്രീക്കു "ട്രാജഡി"കളിലെ പ്രതിപാദ്യം. പ്രസ്തുത "ട്രാജഡി"കളാണ് യൂറോപ്യൻ സാഹിത്യത്തിലേ ഏററവും മികച്ച കൃതികളായി കണക്കാക്കപ്പെട്ടിട്ടുള്ളത് എന്ന വാസ്തവമോക്കുമ്പോൾ, പ്രകൃത്യതീതശക്തികൾക്കു കീഴ്പ്പെടുന്ന മനുഷ്യൻെറ ക്ലേശാനുഭവത്തിനു സാഹിത്യത്തിലുള്ള സ്ഥാനം സ്പഷ്ടമാണല്ലോ.

ആംഗ്ലേയസാഹിത്യത്തിലാകട്ടെ, ഇന്നും ഒന്നാംകിടയിൽ നിൽക്കുന്നത് ഷേക്‌സ്പിയർ മഹാകവിയുടെ "ട്രാജഡി"കൾ തന്നെയാകുന്നു. കരുണവും ഭയാനകവും പരമകോടിയെ പ്രാപിച്ചിട്ടുള്ള "ഒഥല്ലോ" (Othello) "ലിയർ" (King Lear) എന്നീ ദുരന്തനാടകങ്ങൾ ആണ് ഇവയിൽ പ്രഥമസ്ഥാനം അർഹിക്കുന്നത്. ഇവയിലേ പ്രധാനപാത്രങ്ങൾ പല ഉൽകൃഷ്ടഗുണങ്ങളുടേയും മാതൃകകളാണെങ്കിലും, അവർ അനുഭവിക്കുന്ന ക്ലേശങ്ങൾക്കു കൈയ്യും കണക്കുമില്ല. അതിനുള്ള കാരണമെന്താണ്? അവരിൽ ചില സ്വഭാവന്യൂനത

കളുണ്ടെങ്കിലും ആ ന്യൂനതകറം ദുഃഖപരിണാമത്തിന്ന് ഒരു വിധത്തിൽ വഴിവെക്കുന്നുണ്ടെങ്കിലും, അവയ്ക്കും അവർ അനുഭവിക്കുന്ന അരിഷ്ടങ്ങറംക്കും തമ്മിൽ യാതൊരു പൊരുത്തവും നാം കാണുന്നില്ല. നായകന്മാരിൽ ബുദ്ധിപൂർവ്വകമായ വിചാരപാടവത്തേക്കാറം പ്രചണ്ഡമായ വികാരപ്രവാഹത്തിനാണ് അധികം പ്രസക്തി കാണുന്നതു് എന്നുള്ളതു ശരി തന്നെ. നായകന്മാർ ധീരോദാത്തന്മാരാണെങ്കിലും, കേവലം സ്വേച്ഛാധീനന്മാരാണെന്നർത്ഥം. ഉന്നതപദവിയിൽ, മററനേകം പേക്കും അവലംബമായി വൎത്തിക്കുന്ന നായകൻെറ സ്വേച്ഛാഭനിർഝരപ്രവാഹത്തിൽ, താൻ മാത്രമല്ല, തന്നോടു പററിനിൽക്കുന്ന ഒട്ടു വളരെ വ്യക്തികളും, ബന്ധുശത്രുഭേദമെന്യേ, അകപ്പെട്ടു് അടി തെററി അകാലമൃത്യു അടഞ്ഞുപോകുന്നു.

ഗാംഭീര്യം തികഞ്ഞ ഒരു വീരയോദ്ധാവായ ഒഥല്ലോ, തൻെറ നേതൃത്വത്തെ മാത്രം ശരണീകരിച്ചിട്ടുള്ള രാജ്യത്തിനെതിരായി വരുന്ന ശത്രുക്കളെയെല്ലാം തോല്പിച്ചു്, പൌരന്മാരുടേ ആരാധനാമൂർത്തിയായി സർവ്വോൽക്കഷേണ വൎത്തിക്കുന്നു. വൈജാത്യം നിമിത്തം ബഹുജനങ്ങളോടടുത്തിടപെടാതെ ഒററ തിരിഞ്ഞു നിൽക്കുന്ന ആ "മൂർ" വർഗ്ഗപ്രമാണിയോടു്, നഗരാധികാരിയുടെ പുത്രിയായ ഡെസ്ഡിമോണ (Desdemona) ക്കു് അനുകമ്പയും, അതോടൊപ്പംതന്നേ ആശ്ചര്യോത്ഥാപിതമായ അത്യാദരവും തോന്നി, ക്രമേണ ആകൃഷ്ടചേതനയായി, അനുരാഗാധീനയായി, അദ്ദേഹത്തിൻെറ

ജീവിതാർദ്ധമാകാതേ ഇരിക്കുക വയ്യെന്ന പതനത്തിൽ കാര്യങ്ങളെത്തിച്ചേരുകയും, പ്രേമത്തിന്റെ ശക്തി സകല പ്രതിബന്ധങ്ങളേയും മാറാലമറകളെന്നപോലെ തട്ടിക്കളഞ്ഞ് അവരേ ദാമ്പത്യസ്വർഗ്ഗത്തിലേക്കുയർത്തുകയും ചെയ്യുന്നു. എന്നാൽ ചിരപ്രാർത്ഥിതമായ ആ മഹാഭാഗ്യം എപ്പോൾ കൈവന്നുവോ, അപ്പോൾത്തന്നേ അവരുടെ ശനിദശയും ആരംഭിക്കുന്നു. അതാണു മർമ്മാരുന്തുദമായ വിധിവൈപരീത്യം! അവരുടെ ഉൽക്കർഷചിത്രത്തിന്മേൽ കരി തേയ്ക്കുന്നതു് ഗ്രീക്കട്രാജഡികളിലെപ്പോലെ അദൃശ്യമൂർത്തികളാരുമല്ലാ; പിന്നെയോ, "ഇയാഗോ" എന്നു പേരായി സർവ്വദുർഗ്ഗുണങ്ങളും മൂർത്തീകരിച്ച മനുഷ്യാകൃതിയിലുള്ള ഒരു പിശാചാണു്. തന്റെ നീചപ്രവൃത്തികളേ സാധൂകരിക്കുവാനായി ഓരോ സന്ദർഭത്തിൽ ഓരോ യുക്തിയും ന്യായവും മാറിമാറി ആയാൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും, ഇഹത്തിലും പരത്തിലുമുള്ള യാതൊന്നിനെക്കുറിച്ചും യാതൊരു വിശ്വാസമോ ബഹുമാനമോ ഇല്ലാത്ത ആ "പകയന്റെ" പരോൽക്കർഷം കാണുക വയ്യെന്ന ഒരു സുഖക്കേടുള്ളതാണ് ആയാളുടെ ക്രൂരങ്ങളായ കുസൃതികൾക്കെല്ലാം പ്രചോദനം നൽകുന്നതെന്നു് ഷേക്സ്പിയർ മഹാകവി വ്യക്തമാക്കീട്ടുണ്ടു്. തന്റെ അസൂയയ്ക്കു പാത്രമാകുന്ന വ്യക്തിയെക്കുറിച്ചുള്ള "ഇയാഗോ"വിന്റെ ആത്മഗതം നോക്കുക :—

ജീവിതത്തിങ്കലവന്നുണ്ടൊരു ദൈനംദിന—
സ്ത്രീ വിലാസം, ഹാ! ഞാനോ കുത്സിതനതോക്കുമ്പോൾ

പ്രാണനാഥനെ സ്വന്തം പ്രാണനേക്കാളധികം സ്നേഹിച്ച്, സർവ്വസ്വവും അദ്ദേഹത്തിനു സമർപ്പിച്ച്, അദ്ദേഹത്തിൻെറ ഏകഹിതാനുസാരിണിയായി വർത്തിക്കുന്ന പതിവ്രതാശിരോമണിയായ ഡെസ്ഡിമോണാ, പരപുരുഷവശഗയാണെന്ന ദുശ്ശങ്കാവിഷം, ഒഥെല്ലോവിൻെറ ഹൃദയത്തിൽ ആ മനുഷ്യപ്പിശാച്, ചാമ്പിക്കേറവനാ· ഹൃദയശൂന്യമായ പൈശൂന്യം ലോകത്തിൽ ഏതെല്ലാം ഭിന്നരൂപങ്ങളിൽ പ്രവർത്തിക്കുമെന്നറിയാത്ത ഒരു ശുദ്ധഗതിക്കാരൻെറ ഉള്ളിൽ (മേൽപ്പറഞ്ഞതരത്തിലുള്ള ഒരു വിഷം) കടന്നുകൂടിയാൽപ്പിന്നേ, ആ വിഷമിറക്കുവാൻ എത്ര പ്രഗത്ഭനായ നരേന്ദ്രനും സാധിക്കുകയില്ലെന്നു മാത്രമല്ലാ, കേൾക്കുന്നവർക്കെല്ലാം അനുകമ്പ തോന്നുംവിധത്തിൽ അനർഹവും ദുസ്സഹവുമായ ദുരന്തം അനിവാര്യമായിത്തീരുകയും ചെയ്യും! കൂടപ്രകൃതികളുടെ കൂട്ടത്തിൽ കൂടി, ലോകത്തിലേ വഞ്ചനാവൈചിത്ര്യങ്ങളെ നേരിട്ടറിയുവാൻ വേണ്ടുന്ന സൌകര്യമോ സന്ദർഭമോ സിദ്ധിച്ചിട്ടില്ലാത്ത ശുദ്ധാത്മാവായ നായകൻ തൻെറ സവിധത്തിൽ പ്രിയതമയേക്കാളധികമടുത്തു പെരുമാറുന്ന ത്രിലോകവഞ്ചകൻ കുഴിച്ച കുഴിയിൽ തന്നേ ചെന്നു ചാടുന്നു! തദനന്തരം അദ്ദേഹം നിരാലംബയായ തൻെറ പ്രാണപ്രേയസി ജീവിതത്തിലേ ഏകാശ്രയമായി മുറുകെപ്പിടിച്ചിരുന്ന തൻെറ പാദങ്ങളെക്കൊണ്ടുതന്നേ അവളുടെ മൃദുലശിരസ്സിനെ നിഷ്പേഷണം ചെയ്യുന്നതായ ആ കാഴ്ച, ഘോരവിഷധരനും ലോകതൽസ്കരനുമായ മനുഷ്യപ്പിശാചിനൊഴിച്ചു മററാർക്കാണ് മർമ്മഭേദകമായി തോന്നാത്തതു്? ഒരുവനു ജീവിത

ത്തിൽ ഏററവും പ്രിയമായിട്ടുള്ളതെന്തോ, അതിനും അവനും മദ്ധ്യേ ചാടി വീണ് ഇച്ഛാഭംഗമുണ്ടാക്കുക എന്നതാണ് "ഇയാഗോ" പ്രഭൃതികൾക്കു രസം എന്ന് ഇനി വേറേ പറയേണ്ടതില്ലല്ലോ. അത്തരക്കാരിൽ വിശ്വാസം മുഴുവൻ അർപ്പിക്കുന്ന മഹാരഥന്മാർ ലോകത്തിലുള്ളതുകൊണ്ട് പല കഠിനവിഷാദങ്ങൾക്കും അതു നിദാനമാകുന്നു.

മററു ദുരന്തനാടകങ്ങളെ അപേക്ഷിച്ച് കരുണവും ഭയാനകവും "ഒഥല്ലോ"വിൽ മൂർദ്ധന്യാവസ്ഥയെ പ്രാപിക്കുന്നതിന് ഒരു പ്രത്യേക കാരണം കൂടിയുണ്ട്. വിധിവൈപരീത്യത്തിൻെറ നിർദ്ദയമായ മർദ്ദനത്തിനു വിധേയീഭവിക്കുന്ന ഇതിലേ നായിക, യാതൊരു വിധത്തിലും തൻെറ ഘാതകനായ പ്രിയതമനോട് അപരാധം ചെയ്യാത്തവളാണ്. അദ്ദേഹത്തിന് അഹിതമോ അവിഹിതമോ ആയ യാതൊരു കാര്യവും ത്രിവിധകരണങ്ങളെക്കൊണ്ടും താൻ ചെയ്തിട്ടില്ലെന്ന് അവൾക്കു പൂർണ്ണബോധമുണ്ട്. അതിനാൽ ഈർഷ്യാകുലനായ പ്രാണനാഥൻ പെട്ടെന്നു ഭാവം മാറി, കണ്ണുരുട്ടി, പല്ലു കടിച്ച് പരുഷസ്വരത്തിൽ ഭർത്സിക്കുകയും, ഉദ്വേഗം അടക്കുവാൻ വയ്യാതെ പ്രഹരിക്കുകയും, അവസാനം ഞെക്കിഞെരുക്കി കൊല്ലുകയും ചെയ്യുന്ന സന്ദർഭങ്ങളിലെല്ലാം എന്താണിതിനൊക്കേ കാരണമെന്ന് ഊഹിക്കുവാൻ പോലും കഴിയാതേ അവൾ കുഴങ്ങുന്നു! ദുഷ്യന്തനാൽ നിഷ്കാസിതയാകുന്ന ശകുന്തളയെ സഹായിക്കുവാൻ മാതാവായ മേനകയുണ്ട്; നളനാൽ ഉപേക്ഷിക്കപ്പെട്ട ദമയന്തിക്കും അഭയസ്ഥാനം സിദ്ധിക്കുന്നു; ശ്രീരാമനാൽ

പരിത്യക്തയായ സീതയ്ക്കാകട്ടേ, ആത്മനാഥന്റെ ഉദ്ദേശമറിയുവാൻ കഴിയുന്നതിനാൽ സമാധാനമുണ്ട് എന്നു വാല്മീകി തന്നെ വ്യക്തമാക്കിയിരിക്കുന്നു :—

"അഹം ത്യക്താ ത്വയാ വീര, അയശോ ഭീരുണാ ജനേ
യച്ചതേ വചനീയം സ്യാദപവാദസമുത്ഥിതം
മയാ ഹി പരിഹർത്തവ്യം ത്വം ഹി മേ പരമാ ഗതിഃ

*    *    *    *

പരമോ ഹ്യേഷ ധർമ്മസ്സു തസ്മാൽ കീർത്തിരനുത്തമാ

*    *    *    *

അഹം തു നാനുശോചാമി സ്വശരീരം നരർഷഭ!
യഥാപവാദം പൌരാണാം തഥൈവ രഘുനന്ദന!"

ഇങ്ങനെയുള്ള കാര്യകാരണജ്ഞാനം സീതയുടേ മനസ്സിനു സ്വല്പമെങ്കിലും ആശ്വാസമരുളീട്ടുണ്ടായിരിക്കണം. എന്നാൽ ഡെസ്ഡിമോണയ്ക്കോ ? എന്തിനായിട്ടാണ് ഒഥല്ലോ തന്നെ ബലികഴിക്കുന്നതെന്ന് ആ സാധ്വിക്ക് യാതൊരെത്തും പിടിയും കിട്ടുന്നില്ല. അജമേധത്തിലെ അജത്തെപ്പോലെ അത്ര അപരാധമറിയാത്ത കേവലകൃപാവിഷയമാണ് ഡെസ്ഡിമോണാ. തനിക്കും ലോകത്തിനും അറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത എന്തോ കാരണംകൊണ്ട് പ്രിയജനമർദ്ദനം ഏല്ക്കേണ്ടി വരുമ്പോൾ അതിൽ അരിഷ്ടം മാത്രമല്ലാ അവമാനവുമുൾപ്പെടുമെന്നു സ്പഷ്ടമാണല്ലോ. എന്നിട്ടും അവൾക്കു പ്രാണനാഥനിലുള്ള വിശ്വാസം അചഞ്ചലമായിത്തന്നേ പരിലസിക്കുന്നു !

താൻ അപരാധരഹിതയാണെന്നു വിളിച്ചു പറയുന്ന ഡെസ്ഡിമോണയുടെ ആ ഹൃദയദ്രാവകങ്ങളായ

പ്രതിജ്ഞാവാക്യങ്ങളും, ഉള്ള തുറന്നുള്ള കരുണപ്രലാപങ്ങളും പ്രാണവേദനയോടുകൂടിയുള്ള പരിഭ്രമങ്ങളും മററമെല്ലാം വെറും "പിത്തലാട്ട"ങ്ങളായിട്ടാണ്, അവളെ നിഗ്രഹിക്കുവാൻ മുൻകൂട്ടി ഉറച്ചിട്ടുള്ള ഒഥല്ലോവിനു തോന്നുന്നത്. മനോമുകുരത്തിന്മേൽ അവിശ്വാസപ്പൊഴ് ച്ചളി ഊട്ടം കൂടി, അതിൻെറ നൈർമ്മല്യത്തെ പാടേ മറച്ചുകളഞ്ഞാൽ പിന്നെയുണ്ടോ അതിൽ സത്യം പ്രതിഫലിക്കുന്നു! കൂടാതെ, ദൈവദുർന്നിയോഗത്തിൻെറ പരമകാഷ്ഠയെന്നവണ്ണം, അന്യോന്യാപരാധമറിയാത്ത നായികാനായകന്മാർ രണ്ടുപേരും, തങ്ങളെ കുഴിയിലിറക്കിയ പെരുംചതിയനെത്തന്നെ സമാധാനാർത്ഥം ഉത്തമവിശ്വാസത്തോടേ ശരണീകരിക്കുന്നു. അവനെപ്പോലെ ഇത്ര മര്യാദക്കാരനും പരമശുദ്ധനും തങ്ങളുടെ അഭ്യുദയത്തിൽ നിഷ്കളങ്കതല്പരനുമായ ഒരാറം ലോകത്തിൽ വേറെയില്ലെന്നുള്ള ദൃഢവിശ്വാസം (വ്യാമോഹം) നിമിത്തം, അവസാന നിമിഷംവരേ അവർ ഇരുവരും അവനോടുതന്നേയാണ തങ്ങളുടെ സങ്കടങ്ങളെല്ലാം തുറന്നു പറഞ്ഞു പരിഹാരം ആരായുന്നത്! അതിനാൽ അവനു താൻ അവരുടെ കഴുത്തിലിട്ട കുടുക്കിനേ വീണ്ടും വീണ്ടും മുറുക്കുവാനുള്ള സൌകര്യവും സിദ്ധിക്കുന്നു.

ഇതുതന്നേയാണ് "ലിയർ" ട്രാജഡിയിലും സംഭവിക്കുന്നത്. "ഇയാഗോ"വിൻെറ സ്ഥാനത്ത് അതിൽ ഒരു "എഡ്മണ്ടു"ണ്ടു്. ഗ്ലൂസ്റ്റർ പ്രഭുവിൻെറ കണിഷ്ഠപുത്രനായ ആയാറം തൻെറ പിതാവിൻെറ ഹൃദയത്തിൽ പിതൃസ്വത്തിനവകാശിയായ തൻെറ ജ്യേഷ്ഠനെക്കുറിച്ചു

തെററിദ്ധാരണയാകുന്ന വിഷം ചാമ്പിക്കേററി അദ്ദേഹത്തെക്കൊണ്ടു പല ക്രൂരകർമ്മങ്ങളും ചെയ്യിക്കുന്നു. ജ്യേഷ്ഠൻെറ പേരുവെച്ചു കളവായെഴുതിയുണ്ടാക്കിയ ഒരു എഴുത്താണ് ആ ദുരാത്മാവ് പിതൃവഞ്ചനപരിപാടിയിൽ പ്രയോഗിക്കുന്ന പ്രഥമോപകരണം. ഷേക്‌സ്പിയർ മഹാകവിയുടെ പല നാടകങ്ങളിലും "ഊമക്കത്തുകൾ" ഖലന്മാരുടെ പ്രത്യേകായുധങ്ങളായി വിവരിക്കപ്പെട്ടിരിക്കുന്നു. ഋജുപ്രകൃതികളും അസംപ്രേക്ഷ്യകാരികളുമായ ഉത്താനഹൃദയന്മാരെ വഴിപിഴപ്പിക്കുന്നതിനു വേണ്ടി ദുഷ്ടന്മാർ ഉപയോഗിക്കുന്ന എണ്ണം പറഞ്ഞ ഒരു കരുവായിട്ടാണ് "ഊമക്കത്തു"കളെ മഹാകവി വീക്ഷിക്കുന്നതെന്നു സ്പഷ്ടമാകുന്നു. എഡ്മണ്ടിനാൽ അങ്ങനെ വഞ്ചിതനാകുന്ന ഗ്ലൂസ്റ്റർപ്രഭു, തന്നേക്കുറിച്ച് ഏററവുമധികം സ്നേഹമുള്ള ശുദ്ധാത്മാവായ മൂത്തപുത്രനെ ബഹിഷ്കരിക്കുകയും, വേട്ടയാടുകയും ചെയ്തതിനുശേഷം, മറെറാരുതരത്തിലുള്ള തെററിദ്ധാരണയ്ക്കു വശംവദനായി "നാടും വീടും" വെടിഞ്ഞു കാട്ടിൽ അലയേണ്ടി വരുന്ന ലിയർ മഹാരാജാവിനെ ഗൂഢമായി സഹായിച്ചതിൻെറ ഫലമായിട്ട്, ബലവാനായ ശത്രുവിനാൽ അതിക്രൂരമായവിധം മർദ്ദിതനായി, കണ്ണു രണ്ടും ചൂന്നെടുത്തു പെരുവഴിയിൽ ത്യജിക്കപ്പെട്ടവനായി, ഭയങ്കരക്ലേശങ്ങൾ പലതുമനുഭവിച്ച്, ഒടുവിൽ താൻ നിഷ്കരുണം തള്ളിക്കളഞ്ഞ ആ ജ്യേഷ്ഠപുത്രൻെറ അധീനത്തിൽത്തന്നെ ശരണാർത്ഥിയായി എത്തിച്ചേരുന്നു. അദ്ദേഹത്തിൻെറ കഷ്ടപ്പാടുകൾക്കെല്ലാം കാരണമാകുന്നതു് പെരുംചതിയനായ ആ ഇളയ

പുത്രനിലുള്ള വിശ്വാസമാണ്. ദുഷ്ടനായ ഇളയപുത്രനിൽ വിശ്വാസം; ശിഷ്ടനായ മൂത്തപുത്രനിൽ അവിശ്വാസം—ഇതാണ് അദ്ദേഹത്തിൻെറ കഷ്ടപ്പാടുകളുടെ മൂലം. ലിയർ മഹാരാജാവും ഇപ്രകാരംതന്നെ തൻെറ ദുഷ്ടപുത്രികളിൽ വിശ്വാസമപ്പിച്ചു; ശിഷ്ടപുത്രിയെ ബഹിഷ്കരിച്ചു! ഒടുവിൽ വളരേ കഷ്ടമനുഭവിച്ച് ഇവളെത്തന്നേ ശരണീകരിക്കുന്നു! ഹൃദയരഹിതന്മാരായ കശ്മലന്മാരുടേ വഞ്ചനയ്ക്കു വിധേയീഭവിച്ച്, ഭാര്യാഭത്താക്കന്മാർ തമ്മിലും, പിതൃസന്താനങ്ങൾ തമ്മിലും മററം തെററിദ്ധാരണകൾ എങ്ങനേ വദ്ധിക്കുമെന്നും, അവ എന്തെല്ലാം ആപത്തുകൾക്കു കാരണമാകാമെന്നും അറിയേണ്ടവർ ശ്രദ്ധിച്ചു പഠിക്കേണ്ട രണ്ടു നാടകങ്ങളാണ് "ഒഥല്ലോ"വും "ലീയറം." വിശ്വസാഹിത്യത്തിലെ അത്യുൽക്കൃഷ്ടങ്ങളായ രണ്ടു കൃതികളാണ് ഇവയെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

എന്നാൽ ഇവയിലേ കഥാഗതിയുടേ പരിണാമം കൂടി ഒന്നു പരിശോധിച്ചു നോക്കേണ്ടതാകുന്നു. ഖലവിലസിതങ്ങളുടേയും, തൽഫലമായ തെററിദ്ധാരണകളുടേയും പിന്നാലേ വരുന്ന പീഡാനുഭവങ്ങൾക്കും ദുമ്മരണങ്ങൾക്കും ശേഷം അവസാനത്തിൽ സത്യം മുഴുവൻ തെളിയുകയും, പാപികളാരെന്നും നിർദ്ദോഷികളാരെന്നും പ്രസ്പഷ്ടമാവുകയും ചെയ്യുന്നു! "സത്യം ജയിക്കും, ധമ്മം ജയിക്കും" എന്ന പ്രകൃതിനിയമത്തിനു യാതൊരു വ്യതിചലനവും ഒരു കാലത്തുമുണ്ടാകുന്നതല്ല; പക്ഷേ പ്രകൃതിക്ക് വ്യക്തികളുടെ കഷ്ടാനുഭവങ്ങളെക്കുറിച്ച് ഒട്ടുംതന്നെ അനുകമ്പ ഇല്ല. സൂയ്യകാലടി

ഭട്ടതിരി ഉറമ്പുകളെ തീയിൽ ഹോമിച്ചതുപോലെ അത്ര നിർദ്ദാക്ഷിണ്യമായിട്ടാണ് പ്രകൃതി മനുഷ്യവ്യക്തികളെ അരിഷ്ടത്തീയിൽ ആഹുതിചെയ്യുന്നതു! എങ്കിലും, സല്ക്കർമ്മം ചെയ്യുന്നവർ സങ്കടപ്പെട്ടു മരിച്ചതിനു ശേഷവും സല്ക്കർമ്മം വിജയാലിംഗിതമായി ജീവിക്കുന്നു എന്ന തത്വം ഉൽകൃഷ്ടസാഹിത്യത്തിൽ നിന്നെല്ലാം നമുക്ക് അനുമാനിക്കുവാൻ അവകാശമുണ്ട്. ഇതുതന്നെയല്ലയോ, നൈരാശ്യാവർത്തത്തിൽ തീരേ മുങ്ങിത്താഴ്ന്നു പോകാതേ മനുഷ്യരെ ക്ലേശസഹിഷ്ണുക്കളാക്കി നില നിർത്തുന്നതു്?

മഹാശയനായ ഒഥല്ലോ, മഹിളാരത്നമായ ഡെസ്ഡിമോണാ, ഉത്താനഹൃദയനായ ഗ്ലൂസ്റ്റർ പ്രഭു, ഉദാര മനസ്കനായ ലീയർ മഹാരാജാവു്, എന്നിവർക്കെല്ലാം ആകാലികമായ ജീവനാശം വരുമ്പോൾ നടക്കുന്നതു വാസ്തവത്തിൽ മരണമല്ല, ഒരുവക യജ്ഞമാണെന്നു പോലും നമുക്കു തോന്നിപ്പോകുന്നു. അസാമാന്യമഹത്വം വെറുതേ കിട്ടുന്നതല്ല. അതു ജീവിതത്തിൽ അജ്ഞാതമായിപ്പോയേയ്ക്കാമെങ്കിലും കാവ്യലോകത്തിൽ പ്രഖ്യാതമായിത്തീരുന്നു. അതിനെ അസൂയ അനുഗമിക്കുന്നതു് വെളിച്ചത്തേ ഇരുട്ടെന്നപോലെ ഒരു പ്രകൃതിനിയമമനുസരിച്ചു തന്നെയാകുന്നു. വെളിച്ചം മങ്ങിപ്പോയേയ്ക്കാം; പക്ഷേ ഒരിക്കലും തീരെ കെട്ടുപോകുന്നില്ല. "ഇയാഗോ", "എഡ്മണ്ട്" എന്നിവർ കവിസൃഷ്ടികളായിരിക്കാമെങ്കിലും അവരുടെ പ്രതിരൂപങ്ങളേ ഇന്നും നമ്മുടെ ചുററുമുള്ള സമുദായത്തിൽ കാണാവുന്നതാകകൊണ്ടു് അവരെ സൂക്ഷിക്കേണമെന്നൊരു പാഠവും

നാം അറിയാതെതന്നെ നമ്മുടെ മനസ്സിൽ പതിയുന്നു എന്നതു് ഷേക്സ്പിയർ ട്രാജഡിക്കുള്ള ഒരു വിശിഷ്ട ഗുണമാണ്:—

മായികതന്ത്രങ്ങളാൽ മിത്രദ്ദൂഷണവിഷം
പായിച്ചശുദ്ധന്മാരിൽ പേയിളക്കിയും ഭൃശം
തെയിരക്കയെനക്കിന്നോടസൂയാവിദ്വേഷോഗ്രന്മാർ
ഈയിളാതലത്തിങ്കൽച്ചരിപ്പൂ ദിവാനിശം!

അവരെപ്പേടിക്കേണമവനീശനെപ്പോലും
അവതാളത്തിലാക്കാനവർക്കില്ലൊട്ടും ഭയം
ഭുവനേ പരോൽക്കർഷാസഹിഷ്ണുക്കളെസ്സദാ
അവനം ചെയ്യുകിൽ നാശം ധ്രുവമെന്നറിഞ്ഞാലും!

പ്രകൃതിയുടെ വികൃതി എന്നല്ലാതെ അവരുടെ ഈ പിഴച്ച പോക്കിന്നു മറെറാരു ഉപപത്തിയും പറയുവാനില്ല. സത്യമോ അസത്യമോ എന്നു തെളിയിക്കുവാൻ ആക്കും സൌകര്യം സിദ്ധിക്കാത്ത വിധത്തിലാണ് അവർ തങ്ങളുടെ ദുഷ്പ്രവാദപ്രചരണം നടത്തുക. അവയുടെ വിശ്വാസ്യതയെപ്പററി ബുദ്ധി ചെലുത്തി ചുഴിഞ്ഞു നോക്കുവാനുള്ള ക്ഷമയോ വൈഭവമോ ഇല്ലാത്തവർ "കലി കേറി തുള്ളി തല വെട്ടിപ്പൊളിക്കുക" തന്നേ ചെയ്യും. സത്യം വെളിപ്പെടുവാൻ വേണ്ടിവരുന്ന ദീർഘമായ കാലവിളംബത്തിനിടയ്ക്കു് പശ്ചാത്താപവും ആത്മഹത്യയും പരഹത്യയും മററുമെല്ലാം കഴിയും! ഇങ്ങനെയുള്ള "ട്രാജഡി"കൾ ജീവിതത്തിൽ പററാതിരിക്കേണമെങ്കിൽ സൂക്ഷിച്ചു പെരുമാറുകതന്നേ വേണം. വെറുതേയല്ലാ ബൃഹസ്പതി ജീവിതത്തിലെ മുദ്രാവാക്യമായി "അവിശ്വാസം"

ഉപദേശിച്ചതു്! എന്നുവെച്ചു് ആലോചിച്ചാലോചിച്ചു് തല ചൂടുപിടിപ്പിച്ചു്, ഹാംലെററി (Hamlet)നെപ്പോലെ വേണ്ടതു വേണ്ട നേരത്തുചെയ്യാതെ അനേകംപേൎക്കു ദുരന്തം വരുത്തിക്കൂട്ടുകയുമരുതു്. ഈ വക പാഠങ്ങളെല്ലാം പ്രശസ്തങ്ങളായ ട്രാജഡികളിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതുമാകുന്നു. വാസ്തവത്തിൽ ജീവിതത്തിന്റെ ആന്തരാംശങ്ങളെ സ്പർശിക്കുന്നതു് "ട്രാജഡി"കൾ തന്നെയാണു്. "കോമഡി"കൾ പ്രായേണ അതിന്റെ ബഹിർ ഭാഗത്തിൽ മാത്രമേ തട്ടുന്നുള്ളു. "ദുഃഖസാഹിത്യം" തന്നെയാണു "ധൎമ്മസാഹിത്യം."

# 9. മണിപ്രവാളവും ആര്യദ്രാവിഡസങ്കരവും *

കാലമാകുന്ന കടലിലേ തിരമാലകറം കരവെച്ചു പിൻവാങ്ങിപ്പോകുമ്പോറം കാണമാറാകുന്ന കക്കകളേയും കല്ലുകളേയും പെറുക്കിയെടുത്തു പരിശോധിക്കുന്നതു് രസാവഹവും ചിലപ്പോറം പ്രയോജനപ്രദവുമാകുമെന്നു പരക്കേ ബോദ്ധ്യമായിട്ടുള്ള ഒരു സംഗതിയാണല്ലോ. ഇത്രയും നിരുപദ്രവമായവിധത്തിൽ ഉന്മേഷജനകമായിട്ടുള്ള ഒരു വ്യവസായംപോലും പരാഭിഭവത്തിനും കലഹത്തിനും കാരണമായിപ്പരിണമിക്കുന്നതു കാണുമ്പോറം, എവിടംകൊണ്ടാണു് ഈ അപകടമെല്ലാമുണ്ടാകുന്നതെന്നു സ്വല്പം ചിന്തിക്കേണ്ടിവന്നിരിക്കുന്നു. ശാസ്ത്രീയ ഗവേഷണത്തിൻെറ ഉദ്ദേശംപോലെതന്നെ, ചരിത്രപരമായ ചർച്ചയുടേയും ഉദ്ദേശ്യം സത്യപ്രകാശനം മാത്രമായിരിക്കേണ്ട സ്ഥിതിക്കു്, അതിൽ സ്വാത്ഥത്തിനു പ്രവേശമനുവദിക്കുന്നതു "പാൽപ്പന്തീരാഴി"യിൽ ഉപ്പു ചേക്കുന്നതിനോടു തുല്യമായിരിക്കുമെന്നു സ്പഷ്ടമാകുന്നു. പഴയ കാലങ്ങളിലെ സ്ഥിതിഗതികളേയും, സ്ഥാപനങ്ങളേയും, സമുദായങ്ങളേയും വ്യക്തികളേയുംകുറിച്ചു ചർച്ചചെയ്യുമ്പോറം അവയുടെ ഇന്നത്തെ പരിണതരൂപങ്ങളെക്കുറിച്ചു നമുക്കുള്ള ഇഷ്ടാനിഷ്ടഭാവങ്ങറം നമ്മുടെ കേവല സത്യപ്രകാശ

* 1940-41ലെ "ചാത്തുപ്പണിക്കർ സ്മാരകപ്രസംഗ"ത്തിൻെറ സംഗ്രഹം.

നോദ്യമത്തെ മലീമസമാക്കി വിഫലീകരിക്കാതിരിക്കു വാൻ നാം പ്രത്യേകിച്ചും മനസ്സിരുത്തേണ്ടതാകുന്നു.

കേരളത്തിലെ പണ്ടത്തെ സമുദായസങ്കരത്തെ പ്പററി പ്രതിപാദിക്കുവാൻ തുടങ്ങുന്നതിനു മുമ്പു മുഖവു രയായി ഇത്രയും പറയേണ്ടിവന്നതു്, ഇന്നത്തെ സാമു ദായിക സ്ഥിതിഗതികളെ ഉള്ളിൽ വെച്ചുകൊണ്ടു് അന്നത്തെ കാര്യങ്ങളെപ്പററി ചെയ്യേക്കാവുന്ന അന്ത സ്സാരശൂന്യങ്ങളായ ദുർവ്യാഖ്യാനങ്ങൾക്കു വഴി കൊടു ക്കാതിരിപ്പാൻ വേണ്ടി മാത്രമാണു്.

എന്നു മാത്രമല്ല, പരമ്പരാഗതവും ചിരപ്രതിഷ്ഠാ പിതവുമായ അഭിപ്രായഗതിക്കു തീരെ വിപരീതമായ ഒരു സിദ്ധാന്തമാണു് ഈ പ്രസംഗത്തിൽ സ്ഥാപിക്കു വാനൊരുമ്പെടുന്നതു് എന്നോക്കുമ്പോൾ ഇങ്ങനെ ഒരു മുഖവുര, ഒരുപക്ഷെ, ആത്മരക്ഷയ്ക്കുതന്നെ ആവശ്യ മായി വന്നിട്ടുള്ളതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ.

* * * *

ലോകത്തിൽ മറെറാരു പ്രദേശത്തും കാണാത്തത രത്തിലുള്ള ഒരു സാഹിത്യഭാഷ കേരളത്തിൽമാത്രം ആശ്ചര്യകരമായവിധം അഭിവൃദ്ധിയെ പ്രാപിച്ചിട്ടു ണ്ടെന്നുള്ള വാസ്തവം അധികംപേരുടെ ശ്രദ്ധയ്ക്കു വിഷ യീഭവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ആ ഭാഷയിൽ അ ത്യുൽകൃഷ്ടങ്ങളായ അസംഖ്യം കാവ്യങ്ങൾ അടുത്തകാ ലംവരെ ആവിർഭവിക്കുകയുണ്ടായിട്ടുണ്ടെന്നു മാത്രമല്ലാ, അതിൻെറ വിഭവകാലം മലയാളസാഹിത്യത്തിലെ ശുക്രദശയായി അനേകം സഹൃദയന്മാർ കണക്കാക്കു കയും ചെയ്തിട്ടുണ്ടു്. കേരളത്തിലെ അനാചാരങ്ങളെ

പ്പോലെതന്നെ ഒരു പ്രത്യേകതയും ചരിത്രപ്രാധാന്യവുമുള്ള മേല്പറഞ്ഞ ഭാഷാപരിണാമത്തിൻെറ നിഷ്കൃഷ്ടമായ ചച്ച്കൊണ്ടു കേരളത്തിലെ ആര്യദ്രാവിഡസമുദായസങ്കരത്തെക്കുറിച്ചു വിലയേറിയ ചില സംഗതികളെ യുക്തിപൂർവ്വം തെളിയിക്കുവാൻ സാധിക്കുന്നതാകുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു പ്രകൃതത്തിൽ വിമർശിണ്ടിട്ടുള്ളതു മലയാളത്തിലെ മണിപ്രവാളഭാഷയാണെന്ന് ഏതാണ്ട് ഊഹിക്കാവുന്നതാണല്ലൊ.

മണിപ്രവാളം എന്ന പദം മലയാളികൾക്കു മാത്രമല്ലാ മറുദേശക്കാക്കും ഏറക്കുറെ പരിചിതംതന്നെയായിരിക്കാം. ദേവഭാഷയും ദേശഭാഷയും കൂടിയുള്ള അവിയലിനെല്ലാം മണിപ്രവാളമെന്നു വളരെ ശിഥിലമായ ഭാഷയിൽ പറയാറുണ്ട്. ദേവഭാഷാംശത്തിന് ആധിക്യവും കാഠിന്യവുമുള്ളപ്പോളാണ് അല്പം ഹാസ്യരസത്തിൽ മണിപ്രവാളം എന്നു സാമാന്യേന പറഞ്ഞു വരുന്നത്. എന്നാൽ മലയാളത്തിൽ മണിപ്രവാളശബ്ദം ശരിയായി ഉപയോഗിക്കുന്നത് ഒരു വിശിഷ്ടാത്ഥത്തിൽ മാത്രമാണ്. ഇതിനെ വിശകലനംചെയ്തു കൂലംകഷമായി പഠിക്കുമ്പോളാണ് കേരളത്തിലെ സംസ്കാരമിശ്രണത്തിൻെറ ചില മമ്മങ്ങളെല്ലാം വെളിവാകുന്നതും. അതിനുള്ള പ്രാമാണികഗ്രന്ഥമാണ് "ലീലാതിലകം." കൊല്ലം ആറാംശതകത്തിൻെറ ഉത്തരാദ്ധത്തിൽ നിമ്മിക്കപ്പെട്ടതായി വിശ്വസിച്ചുവരുന്ന ഈ ശാസ്ത്രീയഗ്രന്ഥത്തിൽ, സംസ്കൃതരീതിയിൽ സൂത്രവും വൃത്തിയുമായി, സംസ്കൃതഭാഷയിൽ, മണിപ്രവാളഭാഷയേക്കുറിച്ചു സവി

സ്തരം പ്രതിവാദിച്ചിട്ടുള്ളതു മനസ്സിരുത്തി പഠിക്കേണ്ട താകുന്നു.

“ ഭാഷാസംസ്കൃതയോഗോ മണിപ്രവാളം ” എന്ന പ്രഥമസൂത്രത്തിൽ മണിപ്രവാളത്തിൻെറ നിൎവ്വചനം കൊടുത്തിരിക്കുന്നു. ഇവിടെ “ ഭാഷ ” എന്നതു കേരള ഭാഷതന്നെ. എന്നാൽ “സംസ്കൃതം” എന്നതുകൊണ്ടു സംസ്കൃതവിഭക്ത്യന്തമായ സംസ്കൃതപദത്തെ മാത്രമാണു വിവക്ഷിച്ചിട്ടുള്ളതു്. വിഭക്തി ഭാഷയായാൽ പദം മുഴുവനും എത്ര വലിയ സമസ്തപദമായാലും വേണ്ടതില്ല, ഭാഷയായിത്തന്നെ കണക്കാക്കപ്പെടും. മണിപ്രവാള വ്യവഹാരത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു :_ “തദ്വ്യ വഹാരസ്യ വിഭക്ത്യന്തസംസ്കൃതയോഗോ വിഷയഃ വിഭ ക്തിഭാഗേ ഭാഷാസംയുക്തസംസ്കൃതം ഭാഷാഭൂയമാ പദ്യതേ, ഭാഷാതപ്രതീതേരുദ്രേകാൽ.” ഇതാണു മണി പ്രവാളത്തിൻെറ ഒരു ലക്ഷണം. ഒരു ഭാഷയിലേയ്ക്കു മറെറാരു ഭാഷയിലെ പദങ്ങളെ സ്വീകരിച്ചു വ്യവഹ രിക്കേണ്ടിവരുമ്പോൾ പ്രകൃതിഭാഗങ്ങളെമാത്രം എടുത്തു സ്വഭാഷയിലെ പ്രത്യയങ്ങളെ അവയോടു ചേൎക്കുക യാണു് ലോകത്തിലെങ്ങും പ്രായേണ നടപ്പുള്ള സമ്പ്ര ദായം. ഇംഗ്ലീഷുഭാഷയിൽത്തന്നെ, ഗ്രീക്കു, ലത്തീൻ, ഫ്രഞ്ചു് എന്നുവേണ്ട മറെറല്ലാ ഭാഷകളിൽനിന്നും പദ ങ്ങൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. എന്നാൽ ഇവയി ലെ പ്രത്യയങ്ങളെ ഒരിക്കലും ഇംഗ്ലീഷുഭാഷ സ്വീകരി ക്കുകയുണ്ടായിട്ടില്ല. മറെറല്ലാ ഭാഷകളുടെ കാൎയ്യത്തി ലും സാമാന്യേന ഇതുതന്നെ പറയാവുന്നതാണു്. ഒരു ഭാഷയുടെ പ്രത്യേകതയെക്കുറിക്കുന്നതത്രെ അതിലെ

പ്രത്യയാംശം. അതു മറുഭാഷകളിൽനിന്നു് അങ്ങനെ തന്നെ ഉദ്ധരിച്ചു കൊണ്ടുവന്നു പ്രയോഗിക്കുന്ന പതിവു് അന്യത്ര കാണുവാൻ ഞെരുക്കമായിരിക്കും. മലയാളത്തിലും, ഇതു മണിപ്രവാളമെന്ന കാവ്യഭാഷയിൽ മാത്രമേ പ്രചാരത്തിൽ വരികയുണ്ടായുള്ളു.

മററൊരു ഭാഷയിലെ വിഭക്ത്യന്തങ്ങളെ സ്വഭാഷയിൽ ചെലുത്തുന്നതു പ്രഥമശ്രവണത്തിൽ ബീഭത്സ ഹാസ്യാസ്പദമായിത്തോന്നാവുന്നതാണെന്നുള്ളതിനു്, ഇംഗ്ലീഷിലെ പ്രസിദ്ധമഹാകാവ്യമായ 'പറുദീസാനഷ്ട'ത്തിലെ ആദ്യവരികളെ ഇങ്ങനെ ഭേദപ്പെടുത്തിയാലുണ്ടാകുന്ന ഫലം ഒരു ലക്ഷ്യമാകുന്നില്ലെ എന്നു നോക്കുക :—

—Of hominis first disobedience, et the fruit
Of the forbidden tree, whose mortal gustus
Introducat mortem into the world................
................................till one greater man
Restore nos, and regain our blissful seat,
Canta, Heavenly Muse!

എന്നാൽ ഇങ്ങനെയൊരു ഉപഹാസ്യത കേരളത്തിലെ ഉൽകൃഷ്ടമണിപ്രവാളത്തെമാത്രം ബാധിച്ചിട്ടില്ല. നേരെ മറിച്ചു്, "മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില"യായ മലയാളത്തിലെ മണിപ്രവാളകാവ്യമാലയാകട്ടെ, വാഗ്ദേവിയുടെ ഒരനർഘാലംകാരമായി പ്രശോഭിക്കുകയാണു ചെയ്യുന്നതു്. ഇക്കാര്യത്തിൽ കവികളും ശാസ്ത്രകാരന്മാരും എത്ര നിഷ്കർഷിച്ചിട്ടുണ്ടെന്നു നോക്കുക :—

നിർവ്വചനസൂത്രത്തിലെ "യോഗ" ശബ്ദത്തിന്നും ഒരു വിശിഷ്ടാർത്ഥം കല്പിക്കപ്പെട്ടിട്ടുണ്ടെന്നു വൃത്തിയിൽ നിന്നു വ്യക്തമാകുന്നു. "യോഗസ്സന്നാഹസ്സഹൃദയാവർജ്ജനവിഷയഃ" (യോഗമെന്നുവെച്ചാൽ സഹൃദയന്മാൎക്കു രുചിക്കത്തക്കവിധത്തിലുള്ള ചേൎച്ച എന്നാണർത്ഥം). "അഹം പോയി" "സഃ വന്നു" എന്നുംമററും പറഞ്ഞാൽ മണിപ്രവാളമാവുകയില്ല. വാസ്തവത്തിൽ മണിപ്രവാളത്തിന്നു കാവ്യത്തിൽമാത്രമെ പ്രസക്തിയുള്ളു. അതു രമണീയാർത്ഥപ്രതിപാദകശബ്ദമായിരിക്കണമെന്നു സാരം.

ഭാഷയും സംസ്കൃതവും തമ്മിൽ കൂട്ടിയിണക്കുന്ന കാൎയ്യത്തിൽ സാമാന്യത്തിലധികം നിഷ്കൎഷിക്കേണ്ടതുണ്ടെന്നു ലീലാതിലകവൃത്തിയിൽനിന്നു പ്രത്യക്ഷമാകുന്നുണ്ട്:—

"അത്ര ഭാഷാവദതി പ്രസിദ്ധം സുകുമാരാക്ഷരം സംസ്കൃതം. ഭാഷാ ച പ്രായശഃ പാമരജനപ്രസിദ്ധാ. തഥാ വിധയോരേവാനയോസ്സംശ്ലേഷോഭവേൽ. തൽ സൌഷ്ഠവപ്രതിപാദനാർത്ഥമിയം മണിപ്രവാളമിതി സംജ്ഞാ. മാണിക്യവിദ്രുമയോർഹി സമാനസൂത്രേ പ്രോതയോസ്തുല്യജാതീയവൎണ്ണതയാ ഐക്യമിവാഭാതി. (മണിപ്രവാളത്തിലെ സംസ്കൃതം ഭാഷപോലെതന്നെ പ്രസിദ്ധവും സുകുമാരവുമായിരിക്കണം. ഭാഷാപദവും പ്രായേണപാമരന്മാൎക്കുകൂടി സുപരിചിതമായിരിക്കണം. എന്നാലെ മേല്പറഞ്ഞ ചേൎച്ചയുണ്ടാകയുള്ളു. അങ്ങനെ ചേൎന്നാലുള്ള സൌഷ്ഠവം കാണിക്കുന്നതിനാണു മണിപ്രവാളമെന്നു പേരിട്ടിരിക്കുന്നതു്. മാണിക്യവും പവിഴവും

ശരിയായ ചരടിൽ ഇടകലൎന്നു കോത്താൽ രണ്ടി ന്നും ഒരേജാതി നിറമാകകൊണ്ടു വേൎതിരിച്ചറിവാൻ കഴിയാത്തവിധം ഒന്നായിത്തന്നെ തോന്നുന്നു).

ഇപ്രകാരം രണ്ടു ഭിന്നഭാഷകളിലെ പദങ്ങളാണെന്നു പെട്ടെന്നറിയാത്തവിധം അവ അത്ര പ്രസിദ്ധങ്ങളായിരിക്കണമെന്നു മണിപ്രവാള ലക്ഷണപ്രസ്താവത്തിൽ എടുത്തു പറഞ്ഞിരിക്കുന്നു. അതുംപോരാ! ഉത്തമ മണിപ്രവാളത്തിൽ ഭാഷാംശത്തിന്നു സംസ്കൃതാംശത്തേക്കാളധികം പ്രാധാന്യമുണ്ടായിരിക്കണമെന്നും വിധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഉത്തമമാതൃകയ്ക്കു് ഉദാഹരണമായിട്ടുള്ള ശ്ലോകങ്ങളിൽ ആകെ അഞ്ചോ ആറോ മാത്രമെ സംസ്കൃതപദങ്ങൾ കാണുന്നുള്ളു :—

ആടൽച്ചില്ലിക്കൊടി നെറിയൽ കെട്ടാനനേന്ദോന്നിറം കെ-
ട്ടേലക്കോലപ്പൂരികുഴലുലഞ്ഞക വേണീം ദധാനാ
താനേ തന്നെപ്പൊരുതുടൽ മെലിഞ്ഞായിനാളന്യരൂപാ
കാണക്കാണക്കരതലഗതാ ഹന്ത പൂമാലപോലേ!

അഥവാ,

ഇന്നേത്തടാ പൊരുതീട്ടുകിലിവിടെ ജയിച്ചീടിനേൻ-
ദാളെയെല്ലാ-
മെന്നെക്കൊണ്ടാ ദശായാമധിഗളമതുളും മാല നൂനം കുമാരീ
പിന്നത്തെക്കോപ്പുവേറ ഇതിവിവിധമനോരാജ്യഭേദാകുലാ നാം
കണ്ണിൽത്തന്നെ പുലന്തു യുഗശതസദൃശീ രാത്രി ധാത്രീപതീനാം.

അഥവാ,

ഏന്നേ! പൊണ്ണാ! പിരാന്താ! പൊണ്ണപൊണ്ണെ വെറുതേ
ചീനിപോലേ തടിച്ചി-
ക്കന്യാരത്നാ കൊതിച്ചിട്ടുടനുയിർ കളയുംമാറുമെന്നേ തുനിഞ്ഞാൻ

ഏന്നങ്ങാഭാഷ്യമേന്മേലിരുപതു കവിളത്തും കുമച്ചാവതെല്ലാ-
മന്നേരം കൊണ്ടുപോയാൾ മണിയറയിൽ വെളിച്ചത്തു-
നിന്നാകുലാംഗി.

പൂവിൽപ്പെണ്ണിനുമില്ല താദൃശമഹോ ലാവണ്യമെല്ലാരുമി-
ദ്ദേവസ്ത്രീകളവൾക്കു താളി പിഴിവാൻ പോലും തരം പോതുമോ
പേർ വാച്ചീടിന വീരനംഗജനുളോൻ പൂവമ്പുമായന്തികേ
കാവൽക്കാരനസൌ തദീയകൃപയാ വെല്ലുന്നിതുർവ്വീതലം.

നിർമ്മര്യാദങ്ങളിമ്മാണികളിരുവതുമായ്ച്ചെയ്തതെല്ലാം പൊറുക്കാം
കർമ്മം പോന്നീടിലൊ പെററതിനുപകരവും വീണ്ടുകൊള്ളാ-
മൊരുന്നാൾ ;
ധമ്മില്ലംകൊണ്ടു മെല്ലേ പിഹിതവദനമയ്യോ! തദാനീം ചിരിച്ചാ-
ളമ്മല്ലാർവേണി ചൊല്ലാമതു മനസി പൊറായ്യുന്നതെല്ലായിലും മേ.

കയ്യൂക്കിൻ വായ്പുകൊണ്ടാകലിതഗിരിവരോ രാവണോ-
നാമധീമാൻ
പൊയ്യല്ലെങ്ങൾക്കിതിന്നുണ്ടുർപെറമുടയോരെന്നു ഞാൻ-
ചൊന്നനേരം.
കയ്യൻ താൻ വന്നെതിർക്കിൽച്ചരമനെ വിരവിൽ
പൂഴികപ്പിപ്പനെന്ന-
ക്കയ്യും കൊട്ടിച്ചിരിച്ചാനനുജനതു പൊറായ്യുന്നതെല്ലായിലും മേ.

ഒച്ചകൊള്ളുമഭിമാനിയെങ്കിൽ നീ തച്ചു കൊന്നു തരികന്നരാധമൌ
ഇച്ഛയുണ്ടു മമ തിന്മതിന്നിളംപച്ചമാംസമനയോരനാരതം.

* * *

അഥവാ ചില പഴയ മുക്തകങ്ങൾ കാൺക :—

മുകിലുമ്മുടിമേലണിഞ്ഞുകൊണ്ടിട്ടകലേ കാൺ പകലേ
കലേശലേശാ
സകലേന്ദ്രിയമോഹനായ മാരൻ പുകിലേലാ
കുമ്മിണിയിട്ടിയോ നജാനേ

* * *

ആവിർല്ലീലം കളിക്കുന്നിതു മദമിളകും ദൃഷ്ടിമാതംഗമിട്ടി-
ത്തേവീ! കാതോടു പോയ്ച്ചെന്നിടയിട വരപാഞ്ഞോമലേ
താവകീനം.
ഏവങ്കൽ പ്രേമമാമങ്കുശകലവി തൊട്ടുത്താശ്ശൂ പൂവാണനെന്നും
പാവാൻ കൊണ്ടെത്തളയ്ക്കുന്നിതുരഹസി തള്ളിക്കുന്നെഴും
ധന്യശീലേ!

ഇങ്ങനെ ഭാഷാപ്രധാനമായ ഉത്തമമണിപ്രവാളത്തിൽതന്നെ എല്ലാ രസങ്ങളേയും അനന്യാദൃശമായ തന്മയത്വത്തോടുകൂടി പ്രകാശിപ്പിക്കുന്ന ശ്ലോകങ്ങൾ മലയാളത്തിൽ അസംഖ്യമുണ്ട്. പിന്നെ ഭാഷാസമം എന്ന മദ്ധ്യമജാതിയും, ഭാഷാന്യൂനം എന്ന അധമജാതിയും വേറെയുണ്ട്. ഇവയ്ക്കെല്ലാം ഉദാഹരണങ്ങളും സുലഭങ്ങളാണ്. ലീലാതിലകത്തിൽതന്നെ പല ശ്ലോകങ്ങളും കൊടുത്തിട്ടുള്ളതിലേയ്ക്കു പിപഠിഷുക്കളുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

ഭാഷാസമം.

അത്യാതാമ്രേ മലർവിതൊരരക്കാമ്പൽമേലന്തിനേരം
മന്ദം മന്ദം മരുവിന നിലാവെൻറ തോൻറും പ്രകാരം
കാന്താ ദന്തച്ഛദരുചി കലരുന്നോമൽ മന്ദസ്മിതാർദ്രാ
നാളെക്കാണ്മാം തവ നയനമേ! നങ്ങവക്ത്രാരവിന്ദം.

ഭാഷാന്യൂനം.

"നീരാടമ്മേ നിവസനമിദം ചാൎത്ത ദേവാച്ചനായാം
മെപ്പോഴും നീ കൃതമതിരതും മുട്ടമാറായിതല്ലോ
എന്നീവണ്ണം നിജപരിജനപ്രാൎത്ഥനം കൎത്തുകാമാ
കേഴന്തീ വാ രഹസി വിരഹവ്യാകുലാ വല്ലഭാമേ.

ഇതുകൊണ്ടുമായില്ല. ഒരു ശ്ലോകത്തിലെ പൂൎവ്വാൎദ്ധമോ ഉത്തരാൎദ്ധമോ മുഴുവൻ സംസ്കൃതമായാൽ ഭാഷയ്ക്കു ന്യൂനത തോന്നുന്നതുകൊണ്ട് അത് ഉത്തമമാകുന്നതല്ലെന്നും എടുത്തു പറഞ്ഞിരിക്കുന്നു. ഉദാഹരണം:—

വില്ലൊത്ത ചില്ലിലതികേക വിട നല്ലുകെന്നു പാദാംബുജം
തൊഴുതു സമ്പ്രതി നിന്നവാറേ
മംഗല്യഗാത്രലതികാ മദനാതുരാ സാ മന്മാനസം
നയനശൃംഖലയാ ബബന്ധ.

അതുപോലെതന്നെ ആദ്യത്തെ മൂന്നുപാദം ഭാഷാപ്രധാനമായാലും വേണ്ടതില്ല, നാലാംപാദം മുഴുവനും സംസ്കൃതമാകുന്ന പക്ഷം ഭാഷയ്ക്കു ന്യൂനത തോന്നുന്നതാണ്.

ധന്യാതയോരരികിലുണ്ടിരുട്ടാംകൊണ്ടൽ മദ്ധ്യേ മിന്നുന്ന
മിന്നലൊടു നേരിട്ടുമംഗരേഖാ
തന്വംഗി കാചനവിലോചനവിഭ്രമശ്രീ സന്നാഹവഞ്ചിതജഗ-
ത്ത്രയധൈര്യസാരാ.

ഇതു വളരെ അൎത്ഥവത്തായ ഒരു സിദ്ധാന്തംതന്നെയാകുന്നു. നല്ല ഭാഷാപദങ്ങൾ ശ്ലോകാവസാനത്തിൽ വന്നാൽ അവയുടെ രുചി മനസ്സിൽ അധികം നീണ്ടുനില്ക്കുന്നതാണല്ലോ. സദ്യയ്ക്കു പായസം ഒടുവിൽ വിളമ്പുന്നതുപോലെ നല്ല മലയാളപദങ്ങൾകൊണ്ടുതന്നെ ശ്ലോകം അവസാനിക്കുന്നതു് ഉത്തമം.

ഇതുവരെ പറഞ്ഞിട്ടുള്ളതിനെക്കാളൊക്കെ ആശ്ചൎയ്യകരമായിട്ടുള്ളതും ലോകത്തിൽ ഇന്നുവരെ മററൊരു ഭാഷയിലും കണ്ടിട്ടില്ലാത്തതുമായ ഒരു വിശേഷംകൂടി മണിപ്രവാളത്തെക്കുറിച്ച് ഇവിടെ സ്മരിക്കേണ്ടതായിട്ടുണ്ടു്. അതാണ സംസ്കൃതീകൃതഭാഷ. മലയാളപദങ്ങളെ സംസ്കൃതപ്രത്യയം ചേൎത്തുപയോഗിക്കുവാൻ വിരോധമില്ലെന്നും, ഒരു കാലത്തു കാവ്യത്തിൽ അങ്ങനെ ഉപയോഗിച്ചിരുന്നു എന്നും കേട്ടാൽ ആൎക്കാണ് അത്ഭുതം തോന്നാതിരിക്കുക? ശ്ലോകം വായിച്ചുപോകുന്ന ഒഴുക്കിൽ, മണിപ്രവാളമേളനസൌഷ്ഠവം നിമിത്തം, ശബ്ദം സംസ്കൃതമോ, മലയാളമോ, എന്നു വേൎതിരിഞ്ഞുള്ള പ്രതീതി അനുവാചകനുണ്ടാകാത്തതുകൊണ്ടു, മലയാളപ്രകൃതിയോടു സംസ്കൃതപ്രത്യയംചേൎത്തു പ്രയോഗിച്ചിട്ടുള്ള പദങ്ങളുടെ വൈലക്ഷണ്യം ശ്രദ്ധാവി

ഗീയമാകുമോ എന്നുതന്നെ സംശയമാകുന്നു. നാമങ്ങളെ മാത്രമല്ല, ക്രിയകളേപ്പോലും ഇങ്ങനെ സംസ്കൃതീകരിച്ചിരുന്നു. ഈ ശ്ലോകങ്ങളിൽ മലയാളപദങ്ങളെ സംസ്കൃതവിഭക്ത്യന്തങ്ങളായി പ്രയോഗിച്ചിട്ടുള്ളതു് എത്രത്തോളം മുഴച്ചു നില്ക്കുന്നുണ്ടെന്നു നോക്കുക:—

കണ്ണെക്കൊണ്ടിന്ദീവരാണാം, കുടില ശിരസിജൈശ്ശൈവ-
ലാനാം, മുഖാംകൊ-
ണ്ടംഭോജാനാം, മളീനാമളകരചനയാ, കൊങ്കയാ കോരകാണാം,
ഏതേഷാം കാന്തിമേതൈർഗ്ഗ്തീമപി ഭവതാം കൾപ്പിതെന്നിന്നളിന്യാ-
മായാന്തീം നാരണീതൻ ദുഹിതരമരയന്നങ്ങളേ കണ്ടിതുണ്ടോ ?

വീടുണ്ടല്ലോ തദനുഭവതോ മുന്നിലായാണിപാമ്മേൽ
മാടമ്പീനാമവിടെ വസതാം രമ്യമാകും നിവാസം
മാടംചെന്നങ്ങുഡുപതികലാം ചൂടി മാതേവരാകാൻ
തേടീടേൻറടം പുനരവിടെയും ചെല്ലു പോരുംദശായാം.

ചില ഭാഗങ്ങളിൽ ഹാസ്യരസത്തിനുവേണ്ടിത്തന്നെയായിരിക്കാം മലയാളക്രിയകളെ സംസ്കൃതീകരിച്ചുപയോഗിച്ചിരിക്കുന്നതു്. എന്നാൽ ഹാസ്യത്തിന്റെ കണികയെങ്കിലും കവി ഉദ്ദേശിച്ചിരിക്കുവാൻ നിവൃത്തിയില്ലാത്തേടത്തും അങ്ങനെ ഉപയോഗിച്ചിട്ടുള്ളതിനു് ഉത്തമകാവ്യങ്ങളിൽത്തന്നെ ഉദാഹരണങ്ങൾ കാണുന്നുണ്ടു്.

ഇത്ഥംവാഴ്ത്തിത്തൊഴുതെരികനൽക്കണ്ണർ കണ്ണിൽത്തനൂജാം
മത്തേഭേന്ദ്രാൻ തലപൊരുതുടൻ കാതിലിട്ടമ്മതന്നേ
ഉൾത്തുന്നേങ്ങും മകരനിവഹം താഴെ നില്ക്കുന്നതും ക-
ണ്ടത്യാമോദാൽ പുനരയിസഖേ! പാലവും പിന്നിടേഥാഃ
ചേടീവക്ത്രാം പുനരൊരുകരംകൊണ്ടുതാൻ പൊത്തയിതാ
മാടോപാന്തേ വളർമതിയുടെ മാറിൽ മാൻപേടകണ്ടും.

*     *     *

നീരാടമ്മേ.. ..............കേഴന്തീ വാ രഹസി.. ............

ഇതിന്റെ വികൃതരൂപത്തെയാണ് ശീവോള്ളി ‘കൊട്ടത്തോങ്ങാഭിരപ്പൈഃ’ എന്ന ശ്ലോകത്തിൽ പരിഹസിച്ചിരിക്കുന്നത്.

മലയാളത്തിലുള്ള വിശേഷണവിശേഷ്യങ്ങൾക്കു സംസ്കൃതത്തിലെപ്പോലെ വിഭക്തിപ്പൊരുത്തം കാണിക്കുന്ന പ്രത്യയങ്ങൾ ചേർത്തുപയോഗിക്കുന്നതിനും മണിപ്രവാളകവികൾ മടിച്ചിരുന്നില്ല. അതിനു ധാരാളം തെളിവുകളുണ്ട്:—

കണ്ടം വണ്ടിൻനിറമുടയനെ, ക്കങ്കനീരോട്ടുതിങ്കൾ-
ത്തുണ്ടം ചാർത്തും പരനെ, വരാമതിന്നു മെയ്യ് പാതിയോനെ
മണ്ടുംമാരനൽക്കരനെ യരനെക്കമ്പിപാമ്പാക്കിയോനെ
ക്കണ്ടേ പോവാൻ തരമവിടെ നീ കണ്ടിയൂർ തമ്പിരാനെ

എന്ന ശ്ലോകം പ്രസിദ്ധമാണല്ലോ.

പാതിവ്രത്യാജലാംഗീകചിലഗുണനിധിക്കംഗനാമൌലിമാലാ-
ക്ഷ്മാത്തുംഗാഭോഗപീനസ്തനഭരവിനമൻമധ്യവല്ലീക്ഷ്മകാണ്ഡ
ചൂതത്താർബാണലീലാമൃതരസലഹരിക്കംബുജാക്ഷിക്കു, നേരേ
സീതക്ഷ്മാത്തോദരേ പോന്നവനിംമണബീജം തദാ പ്രാദുരാസീൽ.

അതിനുംപുറമേ വിശേഷണവിശേഷ്യങ്ങളിൽ സംസ്കൃതവിഭക്ത്യന്തങ്ങളും മലയാളവിഭക്ത്യന്തങ്ങളും ഇഷ്ടംപോലെ പ്രയോഗിക്കുവാനും വിരോധമുണ്ടായിരുന്നില്ല. അവ യഥാക്രമം യോജിച്ചു മനോഹരമായിരിക്കണമെന്നു മാത്രമേ നിഷ്കർഷയുണ്ടായിരുന്നുള്ളു. മലയാളവിഭക്തിയോ സംസ്കൃതവിഭക്തിയോ സ്വാതന്ത്ര്യംപോലെ സ്വീകരിക്കാം. എന്നാൽ ഫലം.

“പാലും നീരും കൂടിയപോലെ, പൂവും മണവും കൂടിയപോലെ,
മധുവൊടു മാധുരി ചേർന്ന കണക്കേ, ചന്ദ്രേ ചന്ദ്രിക ചേർന്ന കണക്കേ”

ആയിരിക്കേണമെന്നു നിർബന്ധമുണ്ടായിരുന്നു.

വജ്രക്രൂരൈർന്നഖരനികരൈർദ്ദാരിതേ ദൈത്യ വീരൻ-
മാർവ്വിൽത്തങ്ങും നെടിയ കുടരാൽ ചാർത്തുമമ്മൂർത്തിതന്നെ
ആർത്ത്രാണപ്രവണചരണാംഭോരുഹം നാരസിംഹം
പിന്നെക്കമ്പിട്ടരുളുക സഖേ! തെക്കിനേൽത്തമ്പിരാനെ.

അധോരേഖാങ്കിതങ്ങളായ പദങ്ങൾ നോക്കുക.

ഇങ്ങനെ മലയാളവും സംസ്കൃതവും തമ്മിലുള്ള സംയോഗത്തിൽ ആദ്യകാലത്തെല്ലാം, മലയാളഭാഷാനിയമങ്ങൾ പലപ്പോഴും സംസ്കൃതഭാഷാനിയമങ്ങൾക്കു വഴങ്ങിക്കൊടുക്കുകയായിരുന്നു പതിവ്. എന്നാൽ കാലക്രമത്തിൽ, സംസ്കൃതത്തിന്റെ പിടിയിൽനിന്ന് അല്പാല്പമായിവിട്ടു മലയാളം തന്റെ സ്വത്വത്തെ വിശദമായി സ്ഥാപിച്ചു. മണിപ്രവാളത്തിലെ സംസ്കൃതാംശത്തെ ആര്യസംസ്കാരപ്രതിനിധിയായും, മലയാളാംശത്തെ ദ്രാവിഡസംസ്കാരപ്രതിനിധിയായും ഗണിക്കുന്ന പക്ഷം, ആര്യദ്രാവിഡസംസ്കാരസങ്കരത്തിന്റെ ചരിത്രമാണ് മണിപ്രവാളചരിത്രത്തിൽ പ്രതിഫലിച്ചുകാണുന്നതെന്ന് അഭിപ്രായപ്പെടുന്നതിൽ അസാംഗത്യമൊന്നും കാണുന്നില്ല. അഥവാ, കേരളത്തിൽ നടന്നിട്ടുള്ള ആര്യദ്രാവിഡസമുദായങ്ങളുടെ പരസ്പരസങ്കരമാണ് മണിപ്രവാളപരിണാമത്തിൽ നിഴലിച്ചുകാണുന്നതെന്നു പറയുന്നതായാലും അതിൽ വലിയ തെററുണ്ടാകുമെന്നു തോന്നുന്നില്ല. പ്രകൃതത്തിൽ ആര്യസമുദായം എന്നതുകൊണ്ടു വിവക്ഷിച്ചിട്ടുള്ളതു കേരളബ്രാഹ്മണസമുദായമാണ്. നമ്പൂതിരിമാർ വാസ്തവത്തിൽ ഉത്തരേന്ത്യയിൽനിന്നു വന്ന ആര്യന്മാർതന്നെയാണോ അല്ലയോ എന്ന പ്രശ്നം ഇവിടെ വാദവിഷയമാക്കണമെന്നു വിചാരിക്കു

ന്നില്ല. അതെങ്ങനെയിരുന്നാലും തരക്കേടില്ലാ, നമ്പൂതിരി സമുദായം കേരളത്തിൽ ആര്യസംസ്കാരത്തിൻെറ പ്രാതിനിധ്യം വഹിച്ചിട്ടുണ്ടെന്നുള്ള നിർവ്വിവാദമായ സംഗതിയെ അടിസ്ഥാനമാക്കിക്കൊണ്ടാണ്, നമ്പൂതിരിസമുദായത്തെ ആര്യസമുദായം എന്നു വ്യവഹരിക്കുന്നതു്. അങ്ങനെ കേരളത്തിൽ നടന്നിട്ടുള്ള ബ്രാഹ്മണാബ്രാഹ്മണബന്ധമാകട്ടെ, മണിപ്രവാളത്തെപ്പോലെതന്നെ, മററെങ്ങുമില്ലാത്ത ചില പ്രത്യേകതകളോടു കൂടിയ ഒന്നാണെന്നും സ്പഷ്ടമാകുന്നു.

ഇന്ത്യയിലെ മററു പ്രദേശങ്ങളിൽ എന്തുതന്നെയായിക്കൊള്ളട്ടെ, കേരളത്തിൽ ആര്യസമുദായം ദ്രാവിഡസമുദായത്തെ (അഥവാ, ആര്യസംസ്കാരം ദ്രാവിഡസംസ്കാരത്തെ) ആക്രമിക്കുകയോ കീഴ്പ്പെടുത്തുകയോ ഉണ്ടായിട്ടില്ലെന്ന് ആദ്യംതന്നെ വ്യക്തമായി പറയേണ്ടിയിരിക്കുന്നു. ആര്യസംസ്കാരം ദ്രാവിഡസംസ്കാരത്തിൻെറ മേൽ തൻെറ സ്വാധീനശക്തി ഉപയോഗിക്കുകയുണ്ടായിട്ടുണ്ടെങ്കിൽ, അതിലൊട്ടും കുറവല്ലാത്ത വിധം ദ്രാവിഡസംസ്കാരം തൻെറ സ്വാധീനശക്തിയെ ആര്യസംസ്കാരത്തിൻെറ മേലും ചെലുത്തുകയുണ്ടായിട്ടുണ്ടു്. കേരളത്തിൽ ആര്യദ്രാവിഡസമുദായങ്ങൾക്കു തമ്മിൽ ഇതരപ്രദേശങ്ങളിലുണ്ടായിട്ടുള്ളതുപോലെ സാമുദായികസ്പർദ്ധയോ വഴക്കോ നടന്നിട്ടുള്ളതായി കാണുന്നില്ല. നേരേമറിച്ചു ഇവിടെ ബ്രാഹ്മണസമുദായവും ബ്രാഹ്മണേതരസമുദായവും തമ്മിൽ മണിപ്രവാളംപോലെയാണ് 'യോഗം' നടന്നിട്ടുള്ളതു്. കേരളത്തെ സംബന്ധിച്ചേടത്തോളം ബ്രാഹ്മണാബ്രാഹ്മണമത്സരം

പൂർവ്വചരിത്രവിരുദ്ധമായിട്ടുള്ളതാണെന്നു് ഇനി വേറെ പറയേണ്ടതില്ലല്ലോ. കേരളത്തിലെ ബ്രാഹ്മണരായ നമ്പൂതിരിമാർ ബ്രാഹ്മണേതരന്മാരുടെ സാഹിത്യോൽക്കർഷത്തെ സാസൂയമാണു വീക്ഷിച്ചിരുന്നതെന്നും, മററു സമുദായങ്ങളുടെ വിദ്യാഭ്യാസത്തിനു ബദ്ധവിരോധികളായിരുന്നു കേരളബ്രാഹ്മണരെന്നും മററുമാണല്ലോ പരക്കെ വിശ്വസിച്ചുവരുന്നതു്. ഈ വിശ്വാസം പരമാബദ്ധമാണെന്നാണു് മണിപ്രവാളചർച്ചകൊണ്ടു മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. ഇംഗ്ലണ്ടിൽ 11-മുതൽ 15-വരെ ശതവർഷങ്ങളിൽ പ്രാബല്യം വഹിച്ചിരുന്ന നോർമൻ-ഫ്രഞ്ചു് സംസ്കാരം അവിടത്തെ ദേശീയമായ ആംഗ്ലോസാക്സൺ സംസ്കാരത്തേയും, അതുപോലെ മററു പല പ്രദേശങ്ങളിൽ പല കാലങ്ങളിൽ കേറിവന്ന വിദേശീയസംസ്കാരങ്ങൾ തത്തദ്ദേശീയ സംസ്കാരങ്ങളേയും അടിച്ചമർത്തീട്ടുള്ളതുപോലെ, കേരളത്തിൽ ആര്യസംസ്കാരം ദ്രാവിഡസംസ്കാരത്തെ അധഃകരിച്ചിട്ടുണ്ടെന്നു് ഒരിക്കലും പറയുവാൻ വഴി കാണുന്നില്ല. വാസ്തവമാലോചിച്ചാൽ ആര്യദ്രാവിഡസംസ്കാരങ്ങൾ ഇവിടെ കൈയോടുകൈ ചേർത്തും, തോളോടുതോളുരുമ്മിയുംകൊണ്ടാണു് ഒരു ജൈത്രയാത്ര കഴിച്ചിട്ടുള്ളതു്. പ്രശാന്തമായ രീതിയിൽ സ്വീകാര്യങ്ങളായിത്തോന്നിയ അംശങ്ങളെ അവ പരസ്പരം വിനിമയം ചെയ്തുയാണുണ്ടായതെന്നു സാരം. ഈ പരിപാടിയിൽ ഏതു് ഏതിനാലാണു് അധികം വശീകരിക്കപ്പെട്ടതു് എന്നു നിർണ്ണയിക്കുവാൻ പ്രയാസമായിട്ടുള്ള നിലയിലാണു് ആര്യസംസ്കാരവും ദ്രാവിഡസംസ്കാരവും തമ്മിലുള്ള സങ്കരം

കേരളത്തിൽ നടന്നിട്ടുള്ളതെന്നുകൂടി തോന്നുന്നുണ്ട്. അവസാനത്തിലാകട്ടെ, ദ്രാവിഡാംശംതന്നെ ജയഭേരി മുഴക്കുകയും ചെയ്തു.

ഒരു കേരളബ്രാഹ്മണനെന്നു സാമാന്യേന വിശ്വസിച്ചുവരുന്ന "ലീലാതിലക"കാരൻതന്നെ, ഉത്തമമായ മണിപ്രവാളത്തിൽ മലയാളത്തിനു സംസ്കൃതത്തേക്കാളധികം പ്രാധാന്യം കല്പിച്ചിട്ടുള്ളതു സാരഗർഭമായി കരുതേണ്ടതാകുന്നു. ദ്രാവിഡസമുദായസംസ്കാരങ്ങളിലെന്നപോലെ ദ്രാവിഡഭാഷയിലും ഹൃദയാവർജ്ജകമായ ഒരു പ്രത്യേകരാമണീയകമുണ്ടെന്നു രസികശിരോമണികളായ ആര്യസംസ്കാരദായാദന്മാർക്കു സമ്മതമായിരുന്നു. തന്നാട്ടിലെ വിഷയങ്ങളെക്കുറിച്ചു മറുനാട്ടുകാർക്കു സാധാരണ തോന്നാറുള്ള മാതിരി ഒരു അവജ്ഞയല്ലാ, നേരെ മറിച്ചു വലിയ ആദരമാണു, കേരളത്തിലെ ദ്രാവിഡവിഷയങ്ങളെക്കുറിച്ചു കേരളീയരായ ആര്യന്മാർക്കുണ്ടായിരുന്നതു് എന്നുള്ളതിനു ധാരാളം ലക്ഷ്യം കാണുന്നുണ്ടു്. എന്നുമാത്രമല്ല, ദ്രാവിഡഭാഗത്തിനു ഹസ്താവലംബം നല്കി ഉയർത്തിക്കൊണ്ടുവരുവാനും അവർ ഉറച്ചു ശ്രമിച്ചിട്ടുള്ളതായി കാണുന്നു.

നല്ല മലയാളത്തിൽ, അത്യുൽകൃഷ്ടവും ലക്ഷണപൂർണ്ണവുമായി രസം തുളുമ്പുന്ന കാവ്യതല്ലജങ്ങൾ നിർമ്മിക്കുന്നതിനു ശക്തിയുള്ളവരായിരുന്നു കേരളബ്രാഹ്മണരെന്നുള്ളതു സർവ്വസമ്മതമായ ഒരു വാസ്തവമാണു്. ശുദ്ധമലയാളകാവ്യങ്ങളിൽവെച്ചു് ഇന്നും അദ്വിതീയമായി സമുല്ലസിക്കുന്ന "കൃഷ്ണഗാഥ"തന്നേ, മണിപ്രവാളം ഉച്ചസ്ഥമായിരുന്ന കാലത്തു് ഒരു നമ്പൂതിരികവി

നിർമ്മിച്ചിട്ടുള്ളതാണെന്ന് എല്ലാവക്കും അറിയാവുന്നതാണല്ലോ. നമ്പൂതിരിമാരുടെ കൃതികളായ മണിപ്രവാളപ്രബന്ധങ്ങളിൽ എത്ര അസംഖ്യം ഭാഗങ്ങളാണ് അവരുടെ ശുദ്ധമലയാളസ്വാധീനതയ്ക്കു പ്രത്യക്ഷസാക്ഷ്യം വഹിക്കുന്നത് ! അവയിൽത്തന്നെ അവരുടെ അഗാധമായ സംസ്കൃതപാണ്ഡിത്യത്തിനും മതിയായ ലക്ഷ്യങ്ങൾ സുലഭങ്ങളാണ്. സംസ്കൃതംമാത്രംകൊണ്ടു കൈകാര്യം ചെയ്യുന്നതിനു കേരളീയബ്രാഹ്മണക്കുണ്ടായിരുന്ന പ്രാഗത്ഭ്യത്തെ ഉച്ചൈസ്തരാം ഉദ്ഘോഷിക്കുന്ന ശുദ്ധസംസ്കൃതകാവ്യശാസ്ത്രാദികളും ധാരാളമുണ്ട്. എന്നിട്ടും അവർ ഭാഷാസംസ്കൃതാംശങ്ങളേത്തമ്മിൽ ഭാഗം പിരിച്ചു വേർതിരിച്ചു നിൎത്തുവാനല്ലാ നോക്കിയത്. പ്രത്യുത, അവയേ ക്ഷീരനീരന്യായേന കൂട്ടിച്ചേക്കുന്നതിലാണ് അവർ അധികം കൌതുകം പ്രദർശിപ്പിച്ചത്. ഇതു അത്ഥവത്തായ ഒരു സംഗതിയാണെന്ന് സ്വല്പം ആലോചിച്ചാൽ അറിയാറാകും.

മണിപ്രവാളത്തെസ്സംബന്ധിച്ചു നിഷ്പക്ഷബുദ്ധിയോടുകൂടി അഭിപ്രായം പറയേണമെന്നുള്ളവർ സിദ്ധാന്തിക്കുന്നത്, ബ്രാഹ്മണേതരന്മാരിൽ (അതായത് ദ്രാവിഡസംസ്കാരദായാദന്മാരിൽ) ആൎയ്യഭാഷാജ്ഞാനം വളൎത്തുവാനും, അവരുടെ ഇടയിൽ ആൎയ്യസംസ്കാരം പ്രചരിപ്പിക്കുവാനും വേണ്ടി ആൎയ്യസംസ്കാരത്തിൻെറ നിക്ഷേപമായിരുന്ന കേരളബ്രാഹ്മണസമുദായം അഭിവൃദ്ധിപ്പെടുത്തിയ ഒരു പ്രസ്ഥാനവിശേഷമാണ് മണിപ്രവാളമെന്നാകുന്നു. ദ്രാവിഡഭാഷാകുടുംബത്തിലേയ്ക്കു് അനുഭാവപുരസ്സരം കടന്നുചെന്നു സ്വച്ഛന്ദംവിഹരിച്ചുകൊണ്ടു് സ്വമഹ

സ്സിന്റെ പ്രസരിപ്പിക്കുകയാണ് ആര്യഭാഷ കേരളത്തിൽ ചെയ്തതു്. ആര്യസമുദായാംഗങ്ങൾ ദ്രാവിഡകുടുംബങ്ങളിൽ ചെയ്തതും ഏതാണ്ടിതുതന്നേയാണല്ലോ. രണ്ടുസമുദായങ്ങളുടേയും സമ്മേളനം പരിപുഷ്ടമാക്കുവാൻ സഹായിക്കുന്ന മറെറാരു സംഗതിയുള്ളതും കേരളത്തിലെ ഒരു പ്രത്യേകതയാണ്. കേരളബ്രാഹ്മണകുടുംബങ്ങളിലേ മൂത്തപുത്രൻമാത്രം സ്വജാതിയിൽ വിവാഹം കഴിക്കേണമെന്നും, മററുള്ള പുരുഷന്മാരെല്ലാം ഇതരസമുദായസ്ത്രീകളുമായി "സംബന്ധമുറ" ആചരിക്കുകയേപാടുള്ളൂ എന്നുമുള്ള നിർബ്ബന്ധം, എന്തു് ഉദ്ദേശ്യത്തോടുകൂടി ഏൎപ്പെടുത്തപ്പെട്ടതായാലും വേണ്ടില്ല, ഫലത്തിൽ ആര്യദ്രാവിഡസമ്മിശ്രണം അനിവാര്യമാക്കിത്തീക്കുകയാണ് ചെയ്തതു്. ഇതെല്ലാം കൂടിച്ചേൎന്നതുകൊണ്ടു്, കേരളത്തിൽ ബ്രാഹ്മണ സമുദായം ബ്രാഹ്മണേതരസമുദായത്തോടു മറെറങ്ങുമുണ്ടാകാത്തവിധത്തിൽ അത്ര്യധികം അടുത്തു് ഇണങ്ങിപ്പെരുമാറേണ്ടതായുംവന്നു. ഇതിൽവെച്ചു ബ്രാഹ്മണേതരസമുദായത്തിനുണ്ടായിട്ടുള്ള മെച്ചം, മണിപ്രവാളപ്രസ്ഥാനംകൊണ്ടു ഭാഷയ്ക്കുണ്ടായിട്ടുള്ള മെച്ചത്തോടു സമാനമായിട്ടുള്ളതുമാകുന്നു. ഇക്കാൎയ്യത്തിൽ ചിലർ സിദ്ധാന്തിക്കുമായിരിക്കാം, അതു വലിയ ഒരു മെച്ചമൊന്നുമല്ലെന്നു്. സ്വതന്ത്രമായിരുന്ന ദ്രാവിഡവൎഗ്ഗത്തെപ്പോലെ ദ്രാവിഡഭാഷയും, സ്വത്വം വിടാതെ, ശുദ്ധമായ ഒരു സമ്പ്രദായത്തിൽ, ക്രമാഗതമായ വളൎച്ചയെ പ്രാപിച്ചുകൊണ്ടിരുന്ന കാലത്തു്, എവിടേനിന്നോ ഇവിടേ ചാടിവീണു് സ്വാതന്ത്ര്യവും സ്വത്വവും നശിപ്പിച്ചു്, എല്ലാം "മിശ്ര"മാക്കുകയാണ് ആൎയ്യ

ഭാഷാസമുദായങ്ങൾ ചെയ്തത് എന്നു പറയുന്നതായാൽ, അത് എത്രതന്നേ ദേശഭാഷാസ്നേഹദ്യോതകമായിരുന്നാലും, കൂടുതൽ തെളിവുകിട്ടുന്നതുവരെ സ്വീകരിക്കുവാൻ പ്രയാസമായിരിക്കുമെന്നാണ് ആ വാദത്തിനുള്ള മറുവടി. ആൎയ്യസമ്പൎക്കത്തിനുമുമ്പു കേരളത്തിലുണ്ടായിരുന്ന ശുദ്ധഭാഷാസമുദായങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ച് ഇപ്പോൾ നമുക്കുള്ള വിരളമായ അറിവിനെ അടിസ്ഥാനപ്പെടുത്തി മാത്രമേ വാദമുഖങ്ങൾ അവതരിപ്പിക്കുവാൻ നിവൃത്തിയുള്ളു എന്നും ഈ സന്ദൎഭത്തിൽ ഓൎക്കേണ്ടതാകുന്നു.

കേവലസംസ്കൃതത്തിലും കേവലഭാഷയിലും ഉൽകൃഷ്ടകാവ്യനിൎമ്മാണത്തിനു ശക്തിയുണ്ടായിരുന്ന നമ്പൂതിരിമാർ എന്തിനുവേണ്ടിയാണ് മണിപ്രവാളത്തിൽ താൽപര്യാധിക്യം പ്രദൎശിപ്പിച്ചത്? ഭാഷാസംസ്കൃതയോഗം ഭാസുരമാകുന്നപക്ഷം ആ വഴിക്കു ഭാഷാപ്രണയികൾക്കു സംസ്കൃതവ്യുൽപത്തി സുകരമായിത്തീരുമെന്ന് അവർ ശരിയായി കണ്ടിരിക്കണം. സംസ്കൃതപദങ്ങൾ മാത്രമല്ല, സംസ്കൃതവ്യാകരണനിയമങ്ങളും അനുവാചകന്മാൎക്ക് അല്പാല്പമായി ഗ്രഹിക്കുവാൻ മണിപ്രവാളംസഹായമായി ഭവിക്കുന്നു. ഇങ്ങനെ അവർ അറിയാതെതന്നെ സംസ്കൃതവ്യുൽപന്നന്മാരായിത്തീരുന്നു. അക്ലിഷ്ടമായും സരസമായും ഉള്ള രീതിയിൽ അവൎക്കു സംസ്കൃതസാഹിത്യാസ്വാദനം സാദ്ധ്യമായിത്തീരുന്നു. ആര്യസംസ്കാരം ദ്രാവിഡസമുദായത്തിൽ ക്രമേണ സംക്രമിക്കുന്നു. രണ്ടിനും നല്ല സാത്മ്യവുമുണ്ടാകുന്നു. അപ്പോൾ, വന്നുകൂടുന്നതെന്തെന്നു പരിശോധി

ക്കുക. ബ്രാഹ്മണർ മററു സമുദായക്കാരുടെ സംസ്കൃതവി ദ്യാഭ്യാസത്തെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കു കയും സഹായിക്കുകയും ചെയ്തുപോന്നു എന്നതാണ് കേ രളത്തിൽ യഥാൎത്ഥമായി ഉണ്ടായിട്ടുള്ളതു്. ബ്രാഹ്മണർ ബ്രാഹ്മണേതരന്മാരുടെ സംസ്കൃതവിദ്യാഭ്യാസത്തെ തട ഞ്ഞിരുന്നു എന്നുള്ളതിനെക്കുറിച്ചു പരമ്പരാഗതമായ പല കെട്ടുകഥകളും അഭിപ്രായ പ്രകടനങ്ങളുമുള്ളതു് ഇവിടെ സ്മരിക്കാതിരുന്നിട്ടില്ല. വേദാഭ്യാസത്തെപററി യാണ് വിവക്ഷയെങ്കിൽ, അതു് അതിനു പ്രത്യേകാധി കാരമുള്ളവൎക്കേ വിധിച്ചിരുന്നുള്ളു എന്നു സമ്മതിക്കാം. പക്ഷേ വേദമൊഴിച്ചുള്ള മററു വിദ്യകളുടെ—വിശേഷി ച്ചു സംസ്കൃതസാഹിത്യത്തിന്റെ—പഠനവിഷയത്തിൽ ആൎയ്യന്മാർ ദ്രാവിഡന്മാൎക്കു ആത്മാൎത്ഥമായി ഹസ്താവ ലംബം നല്കുകയുണ്ടായിട്ടുണ്ടെന്നുള്ളതിലേക്ക് ഒരു ല ക്ഷ്യമാണു മണിപ്രവാളം. ബ്രാഹ്മണസമുദായത്തിലെ സംസ്കാരവിഹീനന്മാരായ വ്യക്തികൾ ഇതര സമുദായ ങ്ങളുടെ സാംസ്കാരികോൽക്കൎഷത്തെക്കുറിച്ച് അസൂയയും വിരോധഭാവവും പ്രദൎശിപ്പിച്ചിരുന്നില്ലെന്നു പറയുന്നില്ല. എന്നാൽ ഈ മനഃസ്ഥിതി പണ്ടത്തെകേരളത്തിലെ ആഢ്യമ്മന്യന്മാൎക്കുമാത്രമല്ലാ ഉള്ളതു്. മനഃസംസ്കാ രം കുറയുംതോറും ആഭിജാത്യംമാത്രം മുറുക്കിപ്പിടിച്ചു ഞെളിയുന്ന ഏതു സമുദായാംഗങ്ങൾക്കും ഏതുകാലത്തും എവിടേയും കാണുന്ന പൈശുന്യമല്ലാതെ, കേരളത്തി ലെ ബ്രാഹ്മണസമുദായത്തിന്നു പ്രത്യേകമായ യാതൊ രു പ്രാതികൂല്യവും ഇതരസമുദായാഭിവൃദ്ധിയെക്കുറിച്ചു

ണ്ടായിരുന്നതായി കാണുന്നില്ല. തുഞ്ചത്തു രാമാനുജനെ ഴുത്തച്ഛനു പഴം ജപിച്ചുകൊടുത്തും വേറെ പല പ്രകാരത്തിലും അപകൎഷമുണ്ടാക്കുവാൻ ശ്രമിച്ചതായി പഴയ ഐതിഹ്യങ്ങളിൽ പറഞ്ഞിട്ടുള്ള ബ്രാഹ്മണർ ഒരു പക്ഷെ അത്തരക്കാരിൽ പെട്ടവരായിരിക്കാം. എന്നാൽ എഴുത്തച്ഛനേയും മററും ബ്രാഹ്മണർ തേജോവധം ചെയ്യുവാൻ ഉററുനോക്കുകയുണ്ടായെന്നുള്ള ആ കഥകൾക്കു തന്നെ അടിസ്ഥാനം മതിയോ എന്നു സംശയിതവ്യമാകുന്നു. എഴുത്തച്ഛനെ സംസ്കൃതം അഭ്യസിപ്പിച്ച ഗുരു ഒരു ബ്രാഹ്മണനാണ്. എഴുത്തച്ഛനു ബ്രാഹ്മണരെക്കുറിച്ചുണ്ടായിരുന്ന നിൎവ്യാജഭക്ത്യാദരങ്ങൾ അദ്ദേഹത്തിൻെറ കൃതികളിൽ ധാരാളം തെളിഞ്ഞു കാണുന്നതുമുണ്ട്. മേൽപ്പത്തൂർഭട്ടതിരി മുതലായ അനേകം പ്രസിദ്ധസംസ്കൃതവിദ്വാന്മാരുടേയും, പ്രശസ്തങ്ങളായ പല ബ്രാഹ്മണകുടുംബങ്ങളിലേയും, രാജഗൃഹങ്ങളിലേയും മററും ഗുരുനാഥസ്ഥാനം വഹിച്ചിട്ടുള്ളവർ ബ്രാഹ്മണേതരസമുദായക്കാരാണ്. ബ്രാഹ്മണർ സ്വയമേവ ഇതരസമുദായാംഗങ്ങളെ സംസ്കൃതം പഠിപ്പിക്കയും അവരിൽ നിന്നു സ്വയമേവ സംസ്കൃതം പഠിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക്, എങ്ങനെയാണു മററുള്ളവരുടെ സംസ്കൃതവിദ്യാഭ്യാസത്തിനു വിരോധികളായിരുന്നു എന്നു പറയുന്നത്? നേരേ മറിച്ച്, മററു സമുദായങ്ങളുമായി അടുത്തിണങ്ങാതെ നിവൃത്തിയില്ലാത്തമാതിരിയിലുള്ള ഘടനയോടുകൂടിയ കേരളബ്രാഹ്മണസമുദായത്തിന് ഇതരസമുദായങ്ങളുമായി ഏകീഭാവം വന്നതും അവയുടെ സംസ്കാരോദ്ഗതിയിൽ താൽപൎയ്യം ജനിച്ചതും കേവലം സ്വാഭാവികമായിട്ടല്ലയോ കരുതേണ്ടതു് ?

മണിപ്രവാളരൂപത്തിൽ എഴുതപ്പെട്ടിട്ടുള്ള കാവ്യങ്ങളുടെ സ്വഭാവമാലോചിക്കുമ്പോഴും മേൽപറഞ്ഞ സിദ്ധാന്തത്തിനു മാററു കൂട്ടുകയാണു ചെയ്യുന്നതു്. സാഹിത്യത്തിലെ ഏതാനും ചില പ്രത്യേക പ്രസ്ഥാനങ്ങൾ മാത്രമേ മണിപ്രവാളരൂപത്തിൽ ആവിർഭവിക്കുകയുണ്ടായിട്ടുള്ളു. മാഘരഘുവംശാദികളെപ്പോലെയുള്ള മഹാകാവ്യങ്ങളോ, ശാകുന്തളാദികളെപ്പോലെയുള്ള നാടകങ്ങളോ മണിപ്രവാളത്തിലുണ്ടായിട്ടുള്ളതായി ഇതുവരെ കണ്ടെത്തീട്ടില്ല. പ്രബന്ധങ്ങൾ, സന്ദേശങ്ങൾ, ഒററ ശ്ലോകങ്ങൾ, ലഘുകാവ്യങ്ങൾ—ഇത്രയുമായാൽ മണിപ്രവാള സാഹിത്യ സമുച്ചയം ഏതാണ്ടു മുഴുവനായെന്നു പറയാം. അവയിലെ വിഷയങ്ങളാകട്ടെ, ഒന്നുകിൽ പ്രസിദ്ധ പുരാണേതിഹാസങ്ങളിൽ നിന്നെടുത്തവ, അല്ലെങ്കിൽ കേരളത്തിലെ പ്രകൃതിയിൽനിന്നും ജീവിതത്തിൽനിന്നും സമകാലികത്വംകൊണ്ടു സുപരിചിതമാകയാൽ, അനുവാചകന്മാരെ രസിപ്പിക്കുവാൻ പര്യാപ്തമായിട്ടുള്ള വിധം തിരഞ്ഞെടുത്തവ, എന്നിങ്ങനെ രണ്ടുതരത്തിൽ മാത്രമേ കാണപ്പെടുന്നുള്ളു. "ഉണ്ണുനീലി" പ്രഭൃതിസന്ദേശങ്ങളിൽ പൂർവ്വഭാഗം മുഴുവൻ സ്ഥലവർണ്ണനകളെക്കൊണ്ടും, ഉത്തരഭാഗം ശൃംഗാരവികസനംകൊണ്ടുമാണല്ലോ ശോഭിക്കുന്നതു്. "വൈശികതന്ത്രം" മുതൽ "ചന്ദ്രോത്സവം" വരെയുള്ള ലഘുകാവ്യങ്ങളിൽ താൽക്കാലികസമുദായത്തിന്റെ ഒരു വശം നിഴലിച്ചു കാണുന്നു. ഒററശ്ലോകങ്ങളിലധികവും, കേരളത്തിലെ പല ക്ഷേത്രങ്ങളിലെ ദേവന്മാരെക്കുറിച്ചു ഭക്തിരസം വഴിഞ്ഞൊഴുകുന്ന മട്ടിൽ നിർമ്മിക്കപ്പെട്ട

സ്തോത്രങ്ങളൊ, അല്ലെങ്കിൽ വാസ്തവലോകത്തിലും സങ്കല്പലോകത്തിലും ജീവിച്ചിരുന്ന നാനാനായികമാരെക്കുറിച്ചു ശൃംഗാരമാധുര്യം തുളുമ്പുന്ന രീതിയിലെഴുതപ്പെട്ട ചാടുകവനങ്ങളൊ ആയിരുന്നു എന്നു കാണുന്നു. നായികമാർ മിക്കവരും ബ്രാഹ്മണേതരസമുദായത്തിലെ അംഗങ്ങളായിട്ടാണു കാണുന്നതു് എന്നതും അൎത്ഥവത്തായ ഒരു സംഗതിയല്ലേ? ഈ വിഷയവും സാമുദായികമായി നോക്കുമ്പോൾ പ്രാധാന്യമുള്ളതാകുന്നു. പ്രബന്ധങ്ങളിൽ മിക്കവയും രാമായണം, ഭാരതം, ഭാഗവതം എന്നിവയിലെ കഥകളൊ ഉപകഥകളൊ ഉൾക്കൊള്ളുന്നവയും ബാക്കിയുള്ളവ ക്ഷേത്രമാഹാത്മ്യത്തെ ഘോഷിക്കുന്നവയും ശൃംഗാരരസത്തെ ലക്ഷണപരിപൂൎണ്ണമായി പ്രസ്തരിക്കുന്നവയുമാണു്. ഇങ്ങനെയുള്ള വിഷയങ്ങളാണല്ലോ സാമാന്യജനങ്ങളെ രസിപ്പിക്കുവാൻ അധികം പര്യാപ്തമായിട്ടുള്ളവ. പ്രതിപാദനസമ്പ്രദായവും ആ ഉദ്ദേശ്യത്തിനു പററിയതുതന്നെയാണു്. ചാക്യാർക്കൂത്തിൻെറ പ്രധാനോദ്ദേശ്യം പൊതുജനവിദ്യാഭ്യാസമാണെന്നുള്ളതു സൎവ്വസമ്മതമാണല്ലോ. പാമരന്മാരെപ്പോലും വിനോദിപ്പിച്ചുകൊണ്ടു അഭ്യസ്തവിദ്യരാക്കിത്തീൎക്കുവാൻ ചാക്യാർക്കൂത്തിനു കഴിവുണ്ടു്. ഭാഷാവ്യുൽപത്തി, സാഹിത്യപരിചയം, പുരാണേതിഹാസജ്ഞാനം, ലോകജ്ഞാനം എന്നിവയെല്ലാം ഒരേ സമയത്തു സാമാന്യജനങ്ങൾക്കു് അനായാസേന സമ്പാദിക്കുവാൻ സഹായിക്കുന്ന ആ ചാക്യാർക്കൂത്തിലെ സമ്പ്രദായത്തിൽ തന്നെയാണു് പ്രബന്ധങ്ങളിൽ കഥാകഥനവും വൎണ്ണനകളും ചെയ്തുകാണുന്നതു്. ആ സമ്പ്രദായം തന്നെയാണു്

കുഞ്ചൻ നമ്പ്യാർ അദ്ദേഹത്തിൻെറ തുള്ളലുകളിൽ സ്വീകരിച്ചതും. പ്രബന്ധങ്ങളിൽ "ഗദ്യം" എന്ന സ്ഥാനത്തു ചേൎത്തുകാണുന്ന ഭാഗങ്ങളും, കുഞ്ചൻ നമ്പ്യാരുടെ തുള്ളലുകളും, ചാക്യാർകൂത്തുംകൂടി താരതമ്യപഠനം ചെയ്യുമ്പോഠം അവ മൂന്നും ഏകോദര സഹോദരങ്ങളാണെന്നു സുസ്പഷ്ടമാകുന്നു. എന്നു മാത്രമല്ല പ്രബന്ധങ്ങളിൽ "ഗദ്യം" എന്നു പറഞ്ഞു കാണുന്നതു മിക്കതും തുള്ളലുകളെപ്പോലെതന്നെ ദ്രാവിഡവൃത്തങ്ങളുടെ വകഭേദങ്ങളാകുന്നു. ഇവയെക്കുറിച്ചു മണിപ്രവാളകവികഠംക്കു യാതൊരു ബഹുമാനക്കുറവുമുണ്ടായിരുന്നതായി തെററിദ്ധരിക്കരുതു്. ദ്രാവിഡവൃത്തങ്ങളെയെല്ലാം വെറും ഗദ്യംപോലെ മാത്രമേ സംസ്കൃതപണ്ഡിതന്മാർ കരുതിയിരുന്നുള്ളു എന്നും അവക്കു് അവയെക്കുറിച്ചു അത്രയ്ക്കു് അവജ്ഞയാണുണ്ടായിരുന്നതെന്നും മററും ചിലർ അബദ്ധമായി അഭിപ്രായം പറഞ്ഞുകണ്ടിട്ടുള്ളതുകൊണ്ടാണു തെററിദ്ധരിക്കരുതെന്നു് എടുത്തുപറയുന്നതു്. വൃത്തങ്ങളുടെ കാര്യത്തിലും ആര്യദ്രാവിഡമേളനംകൊണ്ടുള്ള സൌഷ്ഠവത്തെ മണിപ്രവാള ചമ്പുക്കഠം വെളിപ്പെടുത്തുന്നു.

മണിപ്രവാളപ്രബന്ധകൎത്താക്കളായ കേരളബ്രാഹ്മണക്കു ദ്രാവിഡവൃത്തങ്ങളെ സംസ്കൃതവൃത്തങ്ങളോടൊപ്പം അണിനിരത്തുന്നതു് ആകൎഷകവും ആശാസ്യവുമായിട്ടാണു് തോന്നിയതെന്നു കരുതേണ്ടിയിരിക്കുന്നു. വിശേഷിച്ചു്, പാമരന്മാരെ രസിപ്പിക്കുവാനുള്ള യഥാതഥവൎണ്ണനകഠം ഭൂരിപക്ഷവും ദ്രാവിഡവൃത്തങ്ങളിലാണു് അവർ ചേൎത്തിരുന്നതു്. ഏതെങ്കിലും ഭാഷാപ്രബന്ധത്തിൽ സ്വയം

വരമോ, നായാട്ടോ, പട്ടാഭിഷേകമോ മറേറതെങ്കിലും തരത്തിൽ നാനാജനസമൂഹം തിങ്ങിക്കൂടുന്ന മഹോത്സവങ്ങളൊ വൎണ്ണിക്കുന്ന ഭാഗങ്ങൾ കണ്ടാൽ മനസ്സിരുത്തി നോക്കുക. അപ്പോളറിയാം കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ അവയ്ക്കെത്രത്തോളം കടപ്പെട്ടാണു കിടക്കുന്നതെന്ന്. രണ്ടിനും മൂലകന്ദമായിട്ടുള്ളതു ചാക്യാരുടെ കലയുമാണ്. ജനസാമാന്യത്തിനു രസാവഹമായ വിധത്തിൽ അറിവുണ്ടാക്കിക്കൊടുക്കുവാനുദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണെന്നു പരക്കേ സമ്മതമായിട്ടുള്ള ചാക്യാർ കൂത്തിനോടൊരുവശത്തും, തുള്ളലിനോടു മറുവശത്തും, ഇത്ര പ്രത്യക്ഷമായി സാമ്യം വഹിക്കുന്ന മണിപ്രവാളപ്രബന്ധങ്ങളുടേയും ഉദ്ദേശ്യം അതുതന്നേയായിരുന്നിരിക്കേണമെന്നനുമാനിക്കുന്നതിൽ എന്തു യുക്തിഭംഗമാണുള്ളതു്?

പ്രബന്ധങ്ങളിലെ ദ്രാവിഡവൃത്തഭാഗങ്ങളിൽ ശുദ്ധമലയാളത്തിനാണ് അധികം പ്രാധാന്യം (ആദ്യകാലങ്ങളിൽ തീൎച്ചയായും) കൊടുത്തുവന്നിരുന്നതെങ്കിലും, അവിടേയും ക്രമേണ മണിപ്രവാളത്തിനു പ്രവേശവും പ്രചാരവും ലഭിച്ചു. വൃത്തവ്യത്യാസങ്ങളൊന്നും കണക്കാക്കാതേ മണിപ്രവാളം കാവ്യങ്ങളിലെല്ലാം കടന്നുകേറി. ലീലാതിലകനിൎവ്വചനപ്രകാരം കേവലം 'പാട്ടാ'യ രാമചരിതത്തിൽപ്പോലും അനേകത്ര മണിപ്രവാളച്ഛായ കാണുന്നുണ്ടു്. കിളിപ്പാട്ടിൻെറ ആരംഭഘട്ടത്തിൽ മണിപ്രവാളത്തിനു സ്വാഗതമരുളീട്ടുള്ളതു കാണണമെങ്കിൽ ആധുനികമലയാളത്തിൻെറ പിതാവായി കല്പിച്ചുവരുന്ന തുഞ്ചത്തെഴുത്തച്ഛൻെറ കൃതികൾ നോക്കിയാൽ

മതി. എഴുത്തച്ഛൻെറ രാമായണത്തിലും ഭാരതത്തിലും എത്രയെത്ര ഭാഗങ്ങളാണു മണിപ്രവാളലക്ഷണം തികഞ്ഞിട്ടുള്ളവയായി കാണുന്നതെന്നറിയുമ്പോഠം പലക്കും ആശ്ചര്യം തോന്നുമായിരിക്കും.

നോക്കുക:—

1. ത്യജ മനസി ദശവദന! രാക്ഷസീം ബുദ്ധിയേ
   ദേവിംഗതിയെസ്സമാശ്രയിച്ചീടുനീ
2. കിമപി നഹി ഭവതി കരണീയം ഭവതിയാൽ
3. ഉദകനിധി നടുവിൽ മരുവും ത്രികൂടാദ്രിമേൽ
   ഉല്ലംഘിതേഞ്ഞോ പവനാത്മജന്മനാ!
4. അഖിലജഗദധിപതി രഘൂത്തമൻ പാതുമാം
   അസ്തുതേ സ്വസ്തിരത്യുത്തമോത്തംസമേ
5. അവളെ നിശിചരപുരിയിൽ വിരവിനൊടു ചെന്നുക
   ണ്ടദ്യവാശേഷാവാ വരുന്നതുമുണ്ടു ഞാൻ.

ഇവയെല്ലാം രാമായണത്തിലെ ഏററവും സുന്ദരമായ ഭാഗമെന്നു സമ്മതിച്ചിട്ടുള്ള ''സുന്ദരകാണ്ഡ''ത്തിൽനിന്നു മാത്രം എടുത്തിട്ടുള്ള ഉദാഹരണങ്ങളാകുന്നു. എഴുത്തച്ഛൻെറ മണിപ്രവാളകാവ്യങ്ങഠം സുപരിചിതങ്ങളായിരുന്നു എന്നതു് നിർവ്വിവാദമാണു്. രാമായണത്തിലെ ഒരു ഭാഗം മാത്രം ഉദാഹരണാർത്ഥം താഴെ ചേക്കുന്നു:—

മൂലം.

നമേ സമാ രാവണകോടയോധമ!
രാമസ്യ ദാസോഹമപാരവിക്രമഃ

എഴുത്തച്ഛൻ.

നിനവു തവമനസിപുനരെത്രയും നന്നുനീ
നിന്നോടെതിരൊരു നൂറു നൂറായിരം
രജനിജരകുലപതികളായ് ഞെളിഞ്ഞൊരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും

നിയതമതു മമ ചെറുവിരല്ക്കു പോരാ പിന്നെ
നീയെന്തു ചെയ്യുന്നിതെന്നോടു കശ്മല!

മണിപ്രവാളചമ്പു.

എന്നോടെതിക്കരുതൊരുത്തനുമിത്രിലോക്യാ-
മെന്നോമതം? പെരുതെടോ തവ ശൌര്യമോഹം!
ഇന്നും വളന്നു ദശകണ്ഠശതങ്ങൾ പോന്നു
വന്നാലുമെൻ ചെറുവിരല്ക്കു കളിക്കുപോരാ!

എഴുത്തച്ഛൻ ഭാഷയെ സ്വതന്ത്രയാക്കി എന്നു സാധാരണമായി പറഞ്ഞുവരുന്ന വാക്യത്തിന്റെ അൎത്ഥം ശരിയായി ഗ്രഹിക്കാത്തതുകൊണ്ടാണ് അങ്ങനെ ആശ്ചൎയ്യം തോന്നുന്നത്. വാസ്തവത്തിൽ എഴുത്തച്ഛന് ആൎയ്യസമുദായസംസ്കാരങ്ങളോട്, മണിപ്രവാളകാവ്യകൎത്താക്കളായ ആൎയ്യസമുദായസംസ്കാരപ്രതിനിധികൾക്കു ദ്രാവിഡസമുദായ സംസ്കാരങ്ങളോടുണ്ടായിരുന്നതുപോലെതന്നെ അത്ര ബഹുമാനവും മൈത്രീഭാവവുമാണുണ്ടായിരുന്നതു എന്ന് അദ്ദേഹത്തിന്റെ കൃതികൾ വിളിച്ചു പറയുന്നുണ്ട്.

കിളിപ്പാട്ടിനെപ്പോലെതന്നെ, അഥവാ അതിലുമധികം മണിപ്രവാളാധീനമായിട്ടുള്ള ഒരു സ്വരൂപമാണ് കേരളത്തിലെ ദൃശ്യകലാമകുടമായ കഥകളിയിലെ സാഹിത്യത്തിൽ അടുത്ത കാലം വരെ നിലയുറപ്പിച്ചു കാണുന്നത്. വാസ്തവമാലോചിച്ചാൽ ഇന്നു ലോകമെങ്ങും കലാകുതുകികൾ കൊണ്ടാടിവരുന്ന കഥകളി പ്രസ്ഥാനത്തെ ആൎയ്യദ്രാവിഡസങ്കരത്തിന്റെ ഒരു ഉത്തമോദാഹരണമായി കണക്കാക്കാമെന്നു തോന്നുന്നുണ്ട്. അഭിനയം, വേഷവിധാനക്രമം, കഥാവിഷയം, ആശയഗതി എന്നിവയെല്ലാം തല്ക്കാലത്തേയ്ക്കു നീക്കിവെച്ചുംകൊണ്ട്,

ഭാഷയെ മാത്രം പരിശോധിച്ചു നോക്കുന്നതായാൽ പോലും മേൽപറഞ്ഞ സംഗതി തെളിഞ്ഞുകാണാവുന്നതാണ്. പ്രസിദ്ധതരങ്ങളായ ആദ്യകാലകഥകളികളിലെ ഭാഷ മിക്കവാറും മണിപ്രവാളംതന്നേയായിരുന്നു. എന്നാൽ അതിൽ സംസ്കൃതാംശത്തിനു പ്രസക്തി കുറെ അധികമായിപ്പോയി. ഭാഷാസമം അല്ലെങ്കിൽ ഭാഷാന്യൂനമാണ് ഭൂരിഭാഗം; ഭാഷാപ്രധാനമായ ഉത്തമ മണിപ്രവാളം ദുർല്ലഭമായേ അതിൽ കാണ്മാനുള്ളു. മണിപ്രവാളത്തിന്റെ ശുക്രദശ അവസാനിക്കാറായിത്തുടങ്ങി എന്നു സ്പഷ്ടം.

താഴെ ചേർക്കുന്ന ഉദാഹരണങ്ങൾ കാണ്ക:—

അനുവിപിനമിവണ്ണം പാണ്ഡവന്മാർ നടക്കു-
ന്നളവിലവരിൽ വാഴ്ത്തും ഭൂരികാരുണ്യശാലീ
അഖിലഭുവനനാഥൻ ദ്വാരകായാമൊരുന്നാ-
ളരമത രമണീഭിസ്സ്വൈരമാരാമദേശേ.

*　　　*　　　*

വാമേ സഖി ശൃണു വചനം ബത വാമേതരനയനേ ചലനം കിമു വാമേ കലയേ ദശോഭനം അതി വാമമായുടനെ വാതി വായു രപി വാസഭൂമിമുപയാമ്യയി നൂനം.......... ....

*　　　*　　　*

ഏവം പറഞ്ഞു മുനിമാരൊടു മാമുനീന്ദ്രൻ
താവജ്ജഗാമ നൃപനാശു സുമന്ത്രനോടും
സൌവർണ്ണ ചാപലതികാലസമാനപാണി-
രന്തഃപുരം സപദി പുക്കു ജഗാദ ദാരാൻ.

*　　　*　　　*

ഏവം പറഞ്ഞു നിജകാന്തകൾ കൈയിലപ്പോൾ
ദത്വാ സ പായസമുടൻ മുദമാപ രാജാ
താവൽ സ്ത്രിയോ ഹൃദയമോദമൊടും ഭുജിച്ചു
ഗർഭം ധരിച്ചു ഹൃദി ഖിന്നതയോടു മൂഷുഃ

മണിപ്രവാളത്തിൻെറ ലക്ഷണനിർവ്വചനം ക്രമേണ ശിഥിലമായിബ്ഭവിച്ചു. രണ്ടു ഭാഷയിൽനിന്നും പദങ്ങളെ തിരഞ്ഞെടുത്തു കൂട്ടിച്ചേർക്കുന്ന വിഷയത്തിൽ സാജാത്യം, സാധർമ്മ്യം, സാത്മ്യം എന്നു ഗുണത്തിന് എത്ര പ്രാധാന്യമാണ് ആദ്യകാലത്തു കല്പിച്ചിരുന്നത്! ഇങ്ങനെ വിധത്തിൽ മാത്രമേ കൂട്ടിച്ചേർക്കാവൂ എന്ന നിബന്ധന രണ്ടു ഭാഷകളുടെ കാര്യത്തിലെന്നപോലെ രണ്ടു സമുദായങ്ങളുടെ കാര്യത്തിലും നിഷ്കർഷിച്ചനുവർത്തിക്കപ്പെട്ടതിൻെറ ഫലമായിട്ടായിരിക്കണം ആര്യദ്രാവിഡസങ്കരത്തിൻെറ ആദ്യഘട്ടങ്ങളിൽ സാമുദായികമായും ചില പ്രത്യേകതരത്തിലുള്ള 'കൊള്ളലുകളും തള്ളലുകളും' ഉണ്ടായിട്ടുള്ളതായി കാണുന്നത്. എന്നാൽ ക്രമേണ തദ്വിഷയകമായ നിശ്ചയങ്ങൾക്കു ശൈഥില്യം ഭവിക്കുകയും, അതോടുകൂടി പ്രസ്തുത സങ്കരത്തിൻെറ വ്യാപ്തി വർദ്ധിക്കുകയും, മണിപ്രവാളത്തിൻെറ അനന്തര ചരിത്രത്തിലെന്നതുപോലെതന്നെ, ആര്യദ്രാവിഡാംശങ്ങളെ കൂട്ടിയിണക്കുന്ന കാര്യത്തിൽ കേവലം അനിയന്ത്രിതമായ സ്വാതന്ത്ര്യം മാത്രം ആധാരമായിത്തീരുകയും ചെയ്തു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ അപചയാവസ്ഥയിൽ ആര്യ (സംസ്കൃത) ഭാഗത്തിനു കരുത്തു കൂടിവരികയും, ദ്രാവിഡ (മലയാള) ഭാഗം ക്രമത്തിൽ അടിമപ്പെടുകയും ചെയ്തു എന്നു പറഞ്ഞാൽ അതു ഭാഷയെക്കുറിച്ചും സമുദായത്തെക്കുറിച്ചും ഏറെക്കുറെ ഒന്നുപോലെ ശരിയായിരിക്കും. അചിരേണ ഒരു പരിവർത്തനം അപരിഹാര്യമായിവന്നു. അതിൻെറ ഫലമായി ആര്യദ്രാവിഡവിഭാഗങ്ങൾ വേർപിരിയുകയും ദ്രാവിഡാംശം

സ്വാതന്ത്ര്യം പ്രഖ്യാപിച്ചു സ്വത്വം സ്ഥാപിച്ചു വിജയി ക്കുകയും ചെയ്തു. എന്നാൽ മണിപ്രവാളദശയിൽക്കൂടി കടന്നുവന്നിട്ടുള്ളതിൻെറ ഫലം അനന്തരകാലത്തെ ഭാഷയിൽ പ്രത്യക്ഷമാകുന്നു. ഇന്നത്തെ മലയാളത്തിൽ സംസ്കൃതപദബാഹുല്യം കാണാമെങ്കിലും, ഭാഷയുടെ ഘടന അല്ലെങ്കിൽ സംവിധാനം, എന്നു പറയുന്നതു് കേവലം ദ്രാവിഡമാണു്. ദ്രാവിഡഭാഷകളുടെ കൂട്ടത്തിൽ സംസ്കൃതപദങ്ങളെ കേവലരൂപത്തിൽ ഏററവുമധികമെടുത്തിട്ടുള്ളതു മലയാളവും, ഏററവും കുറച്ചെടുത്തിട്ടുള്ളതു തമിഴുമാണെന്നു കണ്ടിരിക്കുന്നു. അതുപോലെതന്നെ ആൎയ്യദ്രാവിഡ (ബ്രാഹ്മണാബ്രാഹ്മണ) സമുദായങ്ങൾ പരസ്പരം ഏററവുമധികം ദൃഢബദ്ധമായിട്ടുള്ളതും കേരളത്തിലത്രെ. അതിൻെറ പ്രതിച്ഛായയാണു് മണിപ്രവാളത്തിൽ ദൎശനീയമായിട്ടുള്ളതു്. എന്നാൽ മലയാള സൌധം ദ്രാവിഡാസ്ഥിവാരത്തിന്മേലാണു് പടുത്തിട്ടുള്ളതെന്നും നിൎവ്വിവാദമാകുന്നു. ആ സൌധം നിൎമ്മിക്കുന്നതിനുള്ള കല്ലും മരവും സംസ്കൃതം നൽകീട്ടുണ്ടെങ്കിൽ, കുമ്മായവും ആണികളും എന്നുവേണ്ടാ ഭിന്നഭാഗങ്ങളെ കൂട്ടിയിണക്കുന്നതിനു വേണ്ടതു മുഴുവനും നല്കീട്ടുള്ളതു ദ്രാവിഡമാണെന്നും വിസ്മരിച്ചുപോകരുതു്. അതുപോലെ, കേരളസംസ്കാരം ആൎയ്യസംസ്കാരസമ്പൎക്കത്തിനു് എത്രതന്നെ വിധേയമായിട്ടുണ്ടെങ്കിലും, ആന്തരമായി നോക്കുമ്പോൾ ഇന്നും ദ്രാവിഡസംസ്കാരം തന്നെയായിട്ടാണിരിക്കുന്നതു്. ഇതു കേരളസമുദായത്തെക്കുറിച്ചും പറയാവുന്ന ഒരു വാസ്തവമാകുന്നു. ദീൎഘകാലത്തെ ആൎയ്യസമുദായസമ്പൎക്കംകൊണ്ടു് കേരളസമുദായത്തിൽ പല

പരിഷ്കാരഭേദങ്ങളും വന്നുചേൎന്നിട്ടുണ്ടെങ്കിലും, അതി ൻെറ പ്രധാനവും പ്രബലവുമായ ഭാഗം മിക്കവാറും ദ്രാവിഡംതന്നെയായിട്ടാണ് ഇന്നും സമുല്ലസിക്കുന്നതു്.

അനേക ശതവൎഷങ്ങളായി നടന്നുവന്ന ആൎയ്യദ്രാവിഡസമുദായസങ്കരത്തിൻെറ ഫലമായി ആ രണ്ടു സമുദായങ്ങൾ തമ്മിൽ കേരളത്തിൽലുണ്ടായ ഏകീഭാവം ഉത്തമമണിപ്രവാളത്തിൽ നിഴലിച്ചുകാണുന്നു. പിന്നീട് അവയുടെ സംയോഗത്തെക്കുറിച്ചുള്ള വ്യവസ്ഥകൾ കാലക്രമേണ ശിഥിലീഭവിച്ചുതുടങ്ങിയതും മണിപ്രവാളത്തിൻെറ അപചയാവസ്ഥയിൽ പ്രതിബിംബിച്ചു കാണാം. ആദ്യം ബന്ധമായിത്തുടങ്ങിയതു പിന്നീട് സംബന്ധമായിത്തീൎന്നു, ക്രമേണ അസംബന്ധമായി അധഃപതിച്ചു എന്നു ചുരുക്കം. സംസ്കൃതത്തിലെ മുരട്ടുപദങ്ങൾ, തനിക്കീറാമുട്ടികൾ, മുഴച്ചുനില്ക്കുന്ന അസുന്ദരശബ്ദങ്ങൾ, തോന്നിയപോലെ മലയാളപദങ്ങളോടു കൂടിച്ചേൎന്നു നിൎമ്മാണസൗകൎയ്യം മാത്രം ആധാരമായുള്ള അരസികവും അസുഭഗവും വൃഥാസ്ഥൂലവുമായ ഒരു രീതിയിലേയ്ക്കാണ് കൊല്ലം ഒമ്പതാം ശതകത്തിൻെറ അവസാനമായപ്പോഴേയ്ക്കും മണിപ്രവാളം അധഃപതിച്ചതു്. അതു സുഖമല്ലെന്നു സാമാന്യേന ഒരഭിപ്രായം ഉയൎന്നുവന്നതിൽ ആശ്ചൎയ്യമില്ലല്ലോ. മേലാൽ സംസ്കൃതപദങ്ങളെ മലയാളത്തിലേയ്ക്കെടുക്കണമെങ്കിൽ മലയാളവ്യാകരണമൎയ്യാദകളെല്ലാമനുസരിക്കണമെന്നുള്ള നിൎബ്ബന്ധം തുടങ്ങി. അതു വയ്യെങ്കിൽ സംസ്കൃതകാവ്യവും മലയാളകാവ്യവും വേർതിരിഞ്ഞു രണ്ടായിത്തന്നെ നിന്നുകൊള്ളട്ടെ എന്നുമായി; അങ്ങനെ ഭാഷയുടെ ഒരു 'ശുദ്ധി

കലശ്'വുമാരംഭിച്ചു. കിളിപ്പാട്ടുകൾ, തുള്ളലുകൾ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, വെണ്മണി, ശിവോള്ളി, ഒറവങ്കര, നടുവം, ഒടുവു്, കൊട്ടാരത്തിൽ ശങ്കുണ്ണി, കണ്ടൂർ, മുതലായവരുടെ കൃതികൾ എന്നിവയിൽകൂടി ക്രമേണ മലയാളം ഇന്നത്തെ നിലയിലേയ്ക്കു കടന്നു സ്വാതന്ത്ര്യം സ്ഥാപിച്ചു. മണിപ്രവാളലക്ഷണമായ സംസ്കൃതവിഭക്ത്യന്തപദങ്ങൾ മലയാളത്തിലേയ്ക്കു നിവൃത്തിയുള്ളേടത്തോളം പ്രവേശിപ്പിക്കാതെ കഴിക്കണം എന്ന വ്യവസ്ഥയ്ക്കു ബലം വൎദ്ധിച്ചുവന്നതോടുകൂടി സംസ്കൃതവും മലയാളവും വേർപിരിയുകയും പഴയ മണിപ്രവാളം അസ്തംഗതമാകയുംചെയ്തു. "നായർറഗുലേഷൻ", "നമ്പൂതിരിറഗുലേഷൻ", സജാതീയവിവാഹപ്രോത്സാഹനം മുതലായവയുടെ ഫലമായി അടുത്തകാലത്തുണ്ടായിട്ടുള്ള സമുദായപരിവൎത്തനത്തിന്റെ ഒരു പ്രതിരൂപകം മേൽ വിവരിച്ച ഭാഷാപരിവൎത്തനത്തിൽ കാണുന്നുണ്ടെന്നു പറഞ്ഞാൽ അതൊരു വെറും സങ്കല്പചാപല്യമാകയില്ലെന്നു വിശ്വസിക്കുന്നു.

ആദ്യം വെറും നേരംമ്പോക്കിനുവേണ്ടി മാത്രമാണു് സംസ്കൃതവും മലയാളവും കൂട്ടിച്ചേൎത്തു മണിപ്രവാളഭാഷ പ്രയോഗിച്ചു തുടങ്ങിയതെന്നും, പിന്നീടു് എളുപ്പമാകയാൽ ആ ഭാഷയിൽ കാവ്യനിൎമ്മാണം മുറയ്ക്കു വളൎന്നു പ്രാപിച്ചു എന്നും ഒരു സിദ്ധാന്തം കേട്ടിട്ടുണ്ടു്. അങ്ങനെയെങ്കിൽ അങ്ങനെയായിക്കൊള്ളട്ടെ. ഒരു പക്ഷെ വെറും വിനോദത്തിനു്, (ഒരു 'രസത്തിനു' ഒരു 'തമാശയ്ക്കു') വേണ്ടി മാത്രമായിരിക്കാം ആൎയ്യസമുദായം ആദ്യഘട്ടത്തിൽ ദ്രാവിഡസമുദായവുമായുള്ള

ബന്ധത്തിനിറങ്ങിപ്പുറപ്പെട്ടതു്. എന്നാൽ പിന്നീടു് ആ ബന്ധം കുറ്റം ശിഥിലമൊ അപ്രധാനമൊ ആയിട്ടല്ലാ പരിണമിച്ചതെന്നു ഫലംകൊണ്ടു് നമുക്കറിയാറാകുന്നു. മണിപ്രവാളം കാവ്യോചിതമായ ഭാഷയാണെന്നും, അതു ഗൌരവത്തോടുകൂടിയുള്ള ശാസ്ത്രീയപ്രതിപാദനത്തിനു യോഗ്യമാണെന്നും തീൎച്ചയാക്കിയവർ മേൽപ്പറഞ്ഞ സമുദായ ബന്ധത്തേയും ജീവിതത്തിൽ കാൎയ്യമായിത്തന്നെ കണക്കാക്കി. എന്നാൽ കേവലം വിനോദത്തിനായി ആരംഭിച്ചു എന്നു പറയുന്ന ആ ബന്ധത്തിൻെറ പ്രാശസ്ത്യം അറിയേണമെന്നുള്ളവർ, പ്രതിബിംബത്തിൽനിന്നു ബിംബത്തിൻെറ ഏകദേശസ്വരൂപജ്ഞാനമുണ്ടാവാം എന്ന ന്യായമനുസരിച്ചു, തോലൻെറ അശനശ്ലോകങ്ങൾ വായിച്ചതിനുശേഷം "ഉണ്ണുനീലി" പ്രഭൃതിസന്ദേശങ്ങളേയും, രാമായണം, നൈഷധം, ചെല്ലൂർനാഥോദയം, ബാണയുദ്ധം കാമദഹനം, രാജരത്നാവലീയം, ദക്ഷയാഗം, പാരിജാതാപഹരണം, നാരായണീയം, കൊടിവിരഹം മുതലായ പ്രബന്ധങ്ങളേയും, അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുന്ന മണിപ്രവാളമുക്തകശതങ്ങളേയും ഒന്നു വായിച്ചുനോക്കുകയാണു് വേണ്ടതു്. അപ്പോൾ മാത്രമേ ശരിയായി മണിപ്രവാളപ്രസ്ഥാനത്തിൻേറയും അതു സൂചിപ്പിക്കുന്ന ആൎയ്യദ്രാവിഡസമുദായസങ്കരത്തിൻെറയും ഉല്ക്കൎഷം സ്പഷ്ടമാവുകയുള്ളു.

## 10. സംസ്കാരവിജയം.

ഇന്നത്തെ ലോകഗതിയിൽ കണ്ടുവരുന്ന മിക്ക വൈകല്യങ്ങളുടേയും കാരണം ശരിയായ ഹൃദയസംസ്കാരത്തിൻെറ വിരളതയാണെന്നു സ്വല്പം ആലോചിച്ചാൽ ആക്കും അറിയാവുന്നതാണ്. ഇതു പ്രഥമശ്രവണത്തിൽ കുറേ ആശ്ചര്യകരമായി പലക്കും തോന്നിയേക്കാം. എന്തെന്നാൽ സംസ്കാരവിഷയത്തിൽ ഇന്നത്തെ ലോകം പരമകോടിയേ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണു പൊതുവിൽ ജനങ്ങൾ വിശ്വസിച്ചുവരുന്നതു്. പക്ഷെ സംസ്കാരം എന്ന പദത്തിന് അവർ കല്പിച്ചുവെച്ചിട്ടുള്ള അത്ഥവും, വാസ്തവത്തിൽ കല്പിക്കേണ്ടതായ അത്ഥവും തമ്മിൽ വളരേ അന്തരമുണ്ടു്. അ്താണു മേല്പറഞ്ഞ ഭ്രമത്തിൻെറ അടിസ്ഥാനമെന്നു് ആദ്യമേ ധരിക്കേണ്ടതാകുന്നു.

സംസ്കാരകാര്യത്തിൽ പൌരസ്ത്യരാജ്യങ്ങളെ അപേക്ഷിച്ചു പാശ്ചാത്യരാജ്യങ്ങൾ വളരേ പടിമേലേയാണു നില്ക്കുന്നതെന്നുള്ള സിദ്ധാന്തം അടുത്തകാലം വരെ ലോകമെങ്ങും സ്വീകരിച്ചുവന്നിരുന്നു. എന്നാൽ ഇക്കഴിഞ്ഞ കാൽനൂററാണ്ടിനിടയ്ക്കുണ്ടായിട്ടുള്ള രണ്ടു ഭയങ്കരമഹായുദ്ധങ്ങൾ, ആ വിശ്വാസത്തിനു കുറച്ചൊരിളക്കം വരുത്തീട്ടുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. തൽഫലമായി, രാജ്യാഭിവൃദ്ധിയുടെ യഥാത്ഥമാനദണ്ഡമെന്തെന്നു് ആളുകൾ ഇന്നു സവ്വത്ര ചോദ്യം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. കച്ചവടവും കൈ

ത്തൊഴിലുകളും ധാരാളം പുഷ്ടിപ്പെട്ട ധനം പെരുകുന്ന താണോ ശ്രേയസ്സിൻെറ ലക്ഷണം? അതോ ജന സംഖ്യയുടെ വദ്ധനമോ? ഒരു രാജ്യത്തിലേ ധനവും ജനവും വളരെ വദ്ധിച്ചു എന്നുതന്നേവെക്കുക. ധനം മുഴുവൻ ഏതാനും ചിലരുടെ കൈയിൽ മാത്രമായി ഊട്ടംകൂടുകയും, ജനസാമാന്യത്തിൻെറ ദാരിദ്ര്യത്തിനും കഷ്ടാരിഷ്ടങ്ങൾക്കും യാതൊരു ഉപശാന്തിയുമില്ലാതി രിക്കുകയും ചെയ്താൽ അതെങ്ങനെയാണ രാജ്യാഭിവൃദ്ധി യുടെ ലക്ഷണമായി കരുതപ്പെടുക? സ്വാതന്ത്ര്യം, സ്വാതന്ത്ര്യം എന്നൊരുശബ്ദം ഇന്നു നാടെങ്ങും മാറെറാ ലികൊള്ളുന്നുണ്ടല്ലോ. അതിനെക്കുറിച്ചും കുറച്ചൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു രാജ്യത്തിലെ വ്യക്തി കൾക്കെല്ലാം തോന്നിയതു പറയുവാനും തോന്നിയതു പോലെ ചെയ്യുവാനുമുള്ള സ്വാതന്ത്ര്യമുണ്ടായതുകൊ ണ്ടുമാത്രം ആ രാജ്യം പരിഷ്കാരത്തിൻെറ പരമകാഷ്ഠ യെ പ്രാപിച്ചു എന്നു പറയാറായോ? ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായാൽ മാത്രമായില്ല, അവർ ആയതു് ഏതുപ്രകാരത്തിൽ വിനിയോഗിക്കുന്നു എന്നു നോക്ക ണം; അതാണു് അധികം പ്രധാനമായിട്ടുള്ള സംഗതി. ഇഷ്ടംപോലെ വേഷഭൂഷണാദികളണിയുവാനുള്ള സ്വാ തന്ത്ര്യമുണ്ടെന്നുള്ള കാരണംകൊണ്ടു് അവയെ തോന്നി യവിധം വെച്ചുകെട്ടി വികൃതരൂപത്തിൽ നടന്നാൽ അതു പരിഷ്കാരചിഹ്നമാകുമോ? മതസ്ഥാപനങ്ങളുടെ എ ണ്ണംകൂടുന്നതിനെപ്പററിയും ഏകദേശം ഇതുതന്നെ പറ യാവുന്നതാണു്. കേവലം സ്ഥാപനങ്ങളുടെ സംഖ്യാ

വദ്ധനത്തെയും വൈചിത്ര്യത്തെയും മാത്രം ആധാരമാക്കിക്കൊണ്ടു് സംസ്കാരത്തെപ്പററി യാതൊരു സിദ്ധാന്തവും സ്ഥാപിക്കാവുന്നതല്ലെന്നു തീച്ച്യയാണു്.

വാസ്തവമാലോചിച്ചാൽ, കച്ചവടം, കരകൌശലങ്ങൾ, ധനം, ജനസംഖ്യ, സ്വാതന്ത്ര്യം, മതസ്ഥാപനങ്ങൾ എന്നുവേണ്ട, സകലവിധത്തിലുമുള്ള ലൌകികാഭിവൃദ്ധിയുടെ അംശങ്ങളും, ശരിയായ പ്രാപ്യസ്ഥാനത്തെയ്ക്കുള്ള നമ്മുടെ പ്രയാണത്തിനു സഹായമാകുന്നു, നമ്മുടെ പരമാദൾസിദ്ധിക്കുള്ള ഉപകരണമാകുന്നു, സംശയമില്ല; എന്നാൽ ഇതുതന്നേയാണു പ്രാപ്യസ്ഥാനം, ഇതുതന്നേയാണു പരമാദശം, എന്നു ഭ്രമിക്കുന്നതു വലിയ ആപത്തിനു കാരണവുമാകുന്നു. മൃഗ്യമായിട്ടുള്ളതെന്തോ അതും, അതിലേയ്ക്കുള്ള മാൎഗ്ഗമേതൊ അതും തമ്മിൽ സ്പഷ്ടമായി വേർതിരിച്ചറിയുകയാകുന്നു ഇന്നു് അത്യാവശ്യമായിട്ടുള്ള കാര്യം.

കാളിദാസൻെറ കാലത്തു് ഇന്ത്യയിൽ ഇന്നത്തെപ്പോലെ വ്യവസായവ്യാപാരങ്ങളും ജനവും ധനവും വ്യക്തിസ്വാതന്ത്ര്യവും മതസ്ഥാപനങ്ങളും പെരുത്തിട്ടുണ്ടായിരുന്നില്ല; ഷേക്സ്പിയർ മഹാകവിയുടെ ഇംഗ്ലാണ്ടിൽ ഇന്നുള്ളതിൻെറ ശതാംശം യന്ത്രസാമഗ്രികളുണ്ടായിരുന്നില്ല. എന്നുവെച്ചു് കാളിദാസൻെറയും ഷേക്സ്പിയരുടെയും കാലങ്ങൾ അപരിഷ്കൃതങ്ങളായിരുന്നു എന്നു് എങ്ങനെ പറയാം? രാജ്യം പാടെ വെള്ളത്തിനടിയിൽ താഴ്ന്നുപോയാൽകൂടി, കാളിദാസൻെറയും ഷേക്സ്പിയരുടെയും കാലത്തിൻെറ മഹത്വം അനശ്വരമായി പരിലസിക്കുമെന്നുള്ളതിനു സംശയമുണ്ടോ? വാസ്തവമാ

ലോചിക്കുമ്പോൾ, മഹത്വമെന്നതു പണത്തെയോ, ആഡംബരങ്ങളെയോ, യന്ത്രസാമഗ്രികളെയോ ആശ്രയിച്ചല്ലാ ഇരിക്കുന്നതെന്നു സ്പഷ്ടമാകുന്നു. അതിപ്രധാനമായ ഈ തത്വത്തെ വിസ്മരിച്ചുകൊണ്ടാണു കേവലം ഭൌതികമായ പരിഷ്കാരത്തെക്കുറിച്ചു ലോകം അഭിമാനം കൊള്ളുന്നതു്. മഹത്വത്തിൻെറ, അഥവാ സംസ്കാരത്തിൻെറ, മൂലം ഇതൊന്നുമല്ല. പ്രേമം, താൽപര്യം, ബഹുമാനം എന്നിവയെ ഉൽപാദിപ്പിക്കുവാൻതക്ക ശക്തിയുള്ള ആത്മീയാവസ്ഥയാണു് യഥാൎത്ഥമഹത്വം. ശരിയായ ഉൽക്കഷത്തിൻെറ നിദാനവും ഇതാണു്. വ്യക്തികളുടേയും രാജ്യങ്ങളുടേയും അഭിവൃദ്ധിയെ അളക്കേണ്ടതും ഇതുകൊണ്ടുതന്നെയാണു്. സംസ്കാരത്തിൻെറ പരമലക്ഷ്യം ആത്മാവിൻെറ പോഷണമാകയാൽ, ആത്മാവിനെ തീരെ അവഗണിച്ചുകൊണ്ടു ലൌകികസുഖങ്ങളിൽമാത്രം ഭ്രമിച്ചു മുഴുകുന്ന ഒരു ജനതയുടെ ജീവിതരീതി യഥാൎത്ഥത്തിൽ സംസ്കാരപരമാണെന്നു് ഒരിക്കലും പറയാവുന്നതല്ലല്ലോ.

ഇന്നു നമ്മുടെ ചുററും കാണുന്ന സ്ഥിതിഗതികൾ, മേൽസൂചിപ്പിച്ച തരത്തിലുള്ള സംസ്കാരത്തിൻെറ പ്രചാരത്തിനു് ഏററക്കുറെ പ്രതിബന്ധങ്ങളായിട്ടാണു വത്തിക്കുന്നതെന്ന വാസ്തവം ആലോചനാശീലന്മാരെ വല്ലാതെ വ്യാകുലപ്പെടുത്തുന്നുണ്ടായിരിക്കണം. ഭൌതികശ്രേയസ്സാണു ജീവിതത്തിൻെറ പരമലക്ഷ്യമെന്നുള്ള തെററിദ്ധാരണയ്ക്കു്, ആത്മീയോൽകഷത്തെ മുൻനിത്തിക്കൊണ്ടുള്ള സംസ്കാരമൊന്നുമാത്രമാണു് ഫലപ്രദമയ പ്രതിവിധി എന്നു് ആദ്യമേതന്നെ എടുത്തുപറഞ്ഞുകൊള്ളട്ടെ.

രാജ്യത്തിനെ അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങളേയും വൎഗ്ഗീയദൃഷ്ട്യാമാത്രം കാണുന്ന കക്ഷികളുടെ സങ്കുചിതമനസ്സുകളെ വേണ്ടതുപോലെ വികസിപ്പിച്ചു, നിഷ്പക്ഷനിരീക്ഷണശീലം അവരിൽ കൈവളൎത്തുന്നതിനും സംസ്കാരം ഇന്നു് അത്യാവശ്യമാകുന്നു. എന്തെന്നാൽ, സംസ്കാരത്തിൻെറ ധൎമ്മംതന്നെ നിഷ്പക്ഷനിരീക്ഷണമാണു്. ഓരോ സംഗതിയുടേയുംനാനാവശങ്ങളിൽ ചിന്താശക്തിയെ വ്യാപരിപ്പിക്കുവാൻ അതു നമ്മേ പഠിപ്പിക്കുന്നു. അല്ലാതെ, കാൎയ്യത്തിൻെറ ഏതാനും ചില വശങ്ങൾ മാത്രം അറിഞ്ഞു്, അതുകൊണ്ടു തൃപ്തിയടഞ്ഞു് എന്തെങ്കിലും പ്രവൎത്തിക്കുവാൻ തിടുക്കപ്പെടുന്നതിനു സംസ്കാരം നമ്മെ ഒരിക്കലും പ്രേരിപ്പിക്കുകയില്ല. അറിവിനു പക്വത സിദ്ധിക്കുന്നതിനു മുമ്പു്, ഒരാശയത്തിൻെറ ഒരു ശകലം കഷ്ടിച്ചു കിട്ടുമ്പോഴേയ്ക്കു, അതുംകൊണ്ടു തെരുവിലേയ്ക്കു പാഞ്ഞോടിച്ചെന്നു് അതിനെഅവിടെ പരത്തുവാൻ വെമ്പുന്നവൎക്കു് എവിടെയാണു സംസ്കാരം? വിമൎശനബുദ്ധി ഉപയോഗിച്ചു, കാൎയ്യങ്ങളുടെ സകലവശങ്ങളെയുംകുറിച്ചു കൂലംകഷമായി അറിവുനേടാൻ ആത്മാൎത്ഥമായി പ്രയത്നിക്കുകയാണു് ഇന്നത്തെ കൎത്തവ്യം. സംഗതിയുടെ എല്ലാ വശങ്ങളിലും മനസ്സിനെ സ്വതന്ത്രമായി വിരഹിക്കുവാനനുവദിക്കുക; അവിടെയെല്ലാം പ്രജ്ഞാവാഹിനി പ്രതിബന്ധം കൂടാതെ പ്രവഹിക്കട്ടെ; അവയുടെ പൂൎണ്ണസ്വരൂപം പ്രസ്പഷ്ടമായി ഉള്ളിൽ തെളിഞ്ഞു വിളങ്ങുമാറാകട്ടെ; അങ്ങനെ സത്യാവസ്ഥ മുഴുവൻ വെളിവാകട്ടെ—അതാണു സംസ്കാരംകൊണ്ടു സാധിക്കേണ്ടതും സാധിക്കുന്നതും. എന്നാൽ ഇന്നു ഭൂരിപക്ഷം ജനങ്ങൾ,

എന്തെങ്കിലും ചാടിക്കേറി പ്രവൎത്തിക്കുന്നതിലാണു് അധികം ആവേശം പ്രദൎശിപ്പിച്ചുകാണുന്നതു്. അറിവിൽ അടിയുറയ്ക്കാതെയുള്ള പ്രവൃത്തി ആപല്ക്കരമായാലത്ഭുതമില്ലല്ലോ. അതിനാൽ ഇന്നത്തെ ബഹുജനസംരംഭം കാണുമ്പോൾ പ്രവൃത്തിയേക്കാളധികം ഇന്നു് ആശാസ്യമായിട്ടുള്ളതു തുറന്ന ഹൃദയത്തോടുകൂടിയുള്ള ഗുണദോഷവിമൎശനമാണെന്നു പറയേണ്ടിയിരിക്കുന്നു. എന്നുവെച്ചു്, സംസ്കാരസമ്പന്നന്മാർ പ്രവൃത്തി വിമുഖന്മാരാണെന്നു് ഒരിക്കലും തെററിദ്ധരിച്ചുപോകരുതു്. ഏതു കാൎയ്യത്തെപ്പററിയും പരിപൂൎണ്ണമായ പരിജ്ഞാനം സമ്പാദിക്കുന്നതിനെന്നപോലെതന്നെ, ആ പരിജ്ഞാനത്തെ യഥോചിതം പ്രവൃത്തിപഥത്തിൽ നയിക്കുന്നതിനും സംസ്കാരം നമ്മുക്കു് വേണ്ടിടത്തോളം പ്രചോദനം നൽകുന്നു. അറിവുനേടിയാൽ മാത്രം പോരാ, അതു ലോകോപകാരപ്രദമായവിധം പ്രചരിപ്പിക്കുകയുംവേണം; ചുരുക്കത്തിൽ, "അധീതിബോധാചരണപ്രചാരണ"ങ്ങൾ ഒരുപോലെ സംസ്കാരത്തിൻെറ പരിധിയിലുൾപ്പെടുമെന്നു സാരം. സമുദായത്തിൻെറ ഒട്ടാകെയുള്ള മോക്ഷമാണു്, ഏതാനും ചിലരുടെ മാത്രം മോക്ഷമല്ലാ, സംസ്കാരം കൊണ്ടു് സാധിക്കേണ്ടതു്. യുക്തിക്കും ജഗന്നിയന്താവിൻെറ ഇച്ഛയ്ക്കുമല്ലാതെ, കേവലം വ്യക്തിഗതങ്ങളോ കക്ഷിപരങ്ങളോ ആയ താൽപൎയ്യങ്ങൾക്കു സംസ്കാരം ഒരു കാലത്തും വഴങ്ങിക്കൊടുക്കുന്നതല്ല. സ്വാൎത്ഥത്തിൻെറയും, സ്വാൎത്ഥത്തിൽ വേരൂന്നി നില്ക്കുന്ന കക്ഷിമത്സരത്തിൻെറയും പരമശത്രുവാണു യഥാൎത്ഥസംസ്കാരം. കക്ഷികളുടെനേതാക്കന്മാർ അവരവരുടെ കക്ഷിക്കാരെ

20

മുഖസ്തുതികൊണ്ടു പ്രീണിപ്പിക്കുന്നതിൽമാത്രം മനസ്സിരുത്തുന്നവരാകയാൽ അവരിൽനിന്നു നിഷ്പക്ഷവും സമഗ്രവുമായ വിമർശനം പ്രതീക്ഷിക്കേണ്ടതില്ല. എതിർകക്ഷിനേതാക്കന്മാരുടെ വിമർശനം സത്യമായാലും അതു സ്വീകാര്യമായിരിക്കുകയില്ലല്ലോ. ഇങ്ങനെ കക്ഷിവഴക്കുള്ള രാജ്യത്തിൽ, സംസ്കാരത്തിൻെറ ജീവനായ സത്യപ്രകാശനത്തിനു പ്രസക്തി കുറവായിട്ടാണു കാണുന്നതു്.

അതിരുകവിഞ്ഞുള്ള യാതൊരു വികാരത്തേയും സംസ്കാരം അഭിനന്ദിക്കുന്നതല്ല. ഒരുതരത്തിലുള്ള ഭ്രാന്തിനും അതിൽ സ്ഥാനമില്ല. വിപ്ലവത്തെ ആയതു ശക്തിപൂർവ്വം വിലക്കുന്നു. ക്രമാനുസൃതമായ പരിണാമത്തെയാണു് അതു് അനുകൂലിക്കുന്നതു്. അക്രമത്തെ അതൊരിക്കലും പിൻതാങ്ങുകയില്ല. എവിടെ അക്രമപരമായ വിപ്ലവമുണ്ടോ, അവിടെ സംസ്കാരസമ്പന്നന്മാരെല്ലാം ഭരണാധികാരികളുടെ ഭാഗത്തായിരിക്കും അണിനിരക്കുന്നതു്. ഏതു തരത്തിലുള്ള അരാജകത്വത്തിൻെറയും സ്വാഭാവിക വിരോധിയാണു സംസ്കാരം. ക്രമവും അച്ചടക്കവുമില്ലാത്ത ഒരു സമുദായത്തിനു് അഭിവൃദ്ധിയുണ്ടാകുവാൻ വളരെ ഞെരുക്കമാകയാൽ, ശരിയായ ഉല്ക്കർഷത്തെ ലാക്കാക്കിക്കൊണ്ടുള്ള സംസ്കാരം, ജനമദ്ധ്യത്തിൽനിന്നു് അക്രമത്തേയും അച്ചടക്കലംഘനത്തേയും ദൂരീകരിക്കുന്നതിൽ സദാ ജാഗരൂകമായിരിക്കും. അതുപോലെതന്നെ വെറും പാമരജനക്കൂട്ടങ്ങളുടെ മനസ്സിളക്കുവാൻ മാത്രമുദ്ദേശിച്ചു നടത്തപ്പെടുന്ന "ഘോഷയാത്രാ"ദി "പ്രകടന"ങ്ങളേയും സംസ്കാരം തടയുന്നതായിരിക്കും.

ആത്മീയമായ (അല്ലെങ്കിൽ, ദൈവികമായ) പരിപക്വതയെ പ്രാപിക്കുവാനാണ് സംസ്കാരേച്ഛുക്കൾ അവിരതം പ്രയത്നിച്ചുകൊണ്ടിരിക്കുക. അങ്ങനെ ചെയ്യുന്നവരുടെ രണ്ടു മുഖ്യലക്ഷണങ്ങളത്രെ മാധുര്യവും പ്രകാശവും. (പ്രകാശം നല്കുന്നതിനുള്ള മെഴുകുതിരിയുണ്ടാക്കുവാൻ വേണ്ട മെഴുകും, മാധുര്യം തികഞ്ഞ തേനും പ്രദാനം ചെയ്യുന്ന മധുമക്ഷികയെ സംസ്കാരത്തിൻെറ സങ്കേതരൂപമായി സാഹിത്യകാരന്മാർ സ്വീകരിച്ചിട്ടുണ്ട്.) സ്വചര്യകളിലെല്ലാം, മററുള്ളവരോടുള്ള പെരുമാററത്തിൽ വിശേഷിച്ചും, എന്തെന്നില്ലാത്ത ഒരു മാധുര്യം, അഥവാ, ചാരുത, സംസ്കാരസമ്പന്നനായ ഒരാൾക്ക് ഉണ്ടാകാതിരിക്കയില്ല. ഇതു് ഇന്നും നല്ല "തറവാടിത്ത"മുള്ളവരുടെ പെരുമാററത്തിൽ കളിയാടുന്നതായി കാണാം. പഴയ പ്രഭുകുടുംബാംഗങ്ങളുടെ ഒരു ഗുണം തന്നെയാണ് ഈ മധുരഭാവം. പക്ഷെ, അവരിൽ പ്രകാശമെന്ന ഗുണം ഇന്നു വളരെ കുറച്ചുമാത്രമെ കാണുന്നുള്ളു. ഇടത്തരക്കാരായ ജനങ്ങളിലും പ്രകാശം കുറെ കുറവുതന്നെയാണ്. മനസ്സിനു പുറമേനിന്നു വെളിച്ചം നേടുന്ന കാര്യത്തിൽ അവർ വേണ്ടിടത്തോളം ഉത്സാഹം പ്രദർശിപ്പിക്കുന്നില്ല. അവർ ഭൌതിക സുഖങ്ങളിൽ മാത്രം മനസ്സിനെ വ്യാപരിപ്പിച്ചു സംതൃപ്തരാകുന്നു. അതിനാൽ അവരുടെ ഹൃദയം തീരെ സങ്കുചിതമാകുന്നു. ഉൽകൃഷ്ടാദർശങ്ങളൊന്നും അവരുടെ ജീവിതത്തിനു മിഴിവുണ്ടാക്കുവാനായിട്ടില്ല; ഒരുതരം സഭ്യമ്മന്യഭാവവും ലൌകികസുഖേച്ഛയും മാത്രമാണ് ഇന്നു് അവർക്കുള്ളതായി കാണുന്നതു്. മേൽപറഞ്ഞ രണ്ടു കൂട്ടർക്കുപുറമേ,

അടുത്തകാലത്തു തലപൊക്കിത്തുടങ്ങീട്ടുള്ള ഒരു വമ്പിച്ച ജനസമുദായമുണ്ടല്ലോ; അതിനും സംസ്കാരലക്ഷണങ്ങളായ മാധുര്യപ്രകാശങ്ങരം ഇനി ധാരാളം ഉണ്ടാകേണ്ടിയിരിക്കുന്നു. സംസ്കാരഫലങ്ങളായ മാധുര്യവും പ്രകാശവും പൊതുജനജീവിതത്തെ ഉൽകൃഷ്ടമാക്കിത്തീ ത്താൽ മാത്രമേ രാജ്യത്തിൽ യഥാൎത്ഥാഭിവൃദ്ധി ഉണ്ടാവുകയുള്ളു.

ശരിയായ ഉൽക്കഷം ഉണ്ടാകത്തക്ക വിധത്തിൽ രാജ്യത്തെ ഭരിക്കേണമെങ്കിൽ അതു യഥാൎത്ഥസംസ്കാരത്താൽമാത്രമേ സാധിക്കുകയുള്ളു. നമ്മുടെ രാജ്യത്തു അനേകം വൎഗ്ഗങ്ങളും കക്ഷികളും ഉണ്ടെന്നു വരികിലും, ജാതിപരിമിതികളിൽനിന്നു വിട്ടുയൎന്നു നില്ക്കുന്ന ഏതാനും കുറെ വ്യക്തികളെ ഏതു കക്ഷിയിലും കാണ്മാൻ കഴിയും. അവരുടെ അവലോകനം സ്വവൎഗ്ഗതാൽപര്യത്താൽ മാത്രം പരിമിതവും സങ്കുചിതവുമായിരിക്കയില്ല. അവക്കു സംസ്കാരമുണ്ടായിരിക്കുമെന്നൎത്ഥം. അവർ തമ്മിൽ കൂടിച്ചേൎന്നു് ഒരു സംഘമാകുമെങ്കിൽ, രാജ്യഭരണം കൈയേല്ക്കുന്നതിന്നു് സൎവ്വഥാ യോഗ്യതതികഞ്ഞ ശക്തി അതുതന്നേയായിരിക്കും. ജാതിശൃംഖലകളെ പൊട്ടിച്ചുകളഞ്ഞു സംസ്കാരധൎമ്മത്തിനുമാത്രം വിധേയരായി നില്ക്കുന്ന വ്യക്തികളുടെ ഒരു സമുദായമുണ്ടാകാമെങ്കിൽ ആ സമുദായമാണു രാജ്യഭരണം നടത്തുന്നതിന്നു് ഏററവും പൎയ്യാപ്തമായിട്ടുള്ളതു്. എന്നുവെച്ചാൽ സംസ്കാരമാണു രാജ്യത്തെ ഭരിക്കേണ്ടതു് എന്നു താൽപര്യം. ഒരോ വ്യക്തിയിലും, കേവലം സ്വാൎത്ഥപരവും മൃഗീയവുമായ ഒരു അധമാംശമുള്ളതിനോടൊ

ഷ്പംതന്നെ, പരാൎത്ഥപരവും ദിവ്യവുമായ ഒരു ഉത്തമാംശംകൂടി സ്വാഭാവികമായി ലയിച്ചിരിപ്പുണ്ടു്. ഈ ഉത്തമാംശത്തെ പുറത്തേയ്ക്കു പ്രകാശിപ്പിക്കുകയാണ് ഇന്ന് ആവശ്യമായിട്ടുള്ളതു്. ഇങ്ങനേയുള്ള ഉത്തമാംശങ്ങളുടെ ഒരു സമാഹാരം സമ്പാദിക്കുവാനാണ് ഇന്ന് എല്ലാവരും ശ്രമിക്കേണ്ടതു്. അതു സമ്പാദിക്കാമെങ്കിൽ, രാജ്യഭാരം അതിൽ അൎപ്പിക്കുന്നതായിരിക്കും അഭിവൃദ്ധിക്ക് ഏററവും ഉപയുക്തമായിരിക്കുക. അല്ലാതെ, അധമാംശത്തിനു പ്രസക്തി അധികമുള്ള വ്യക്തിയോ സ്ഥാപനമോ രാജ്യം ഭരിക്കുന്നപക്ഷം ശരിയായ ഉൽക്കൎഷം രാജ്യത്തിനൊരിക്കലുമുണ്ടാകുന്നതല്ല. അതുകൊണ്ടു തന്നേയാണ് ലോകത്തിൽ ശാശ്വതമായ അഭിവൃദ്ധി, യഥാൎത്ഥമായ പരിഷ്കാരം, ഉണ്ടാകേണമെങ്കിൽ ഭരണഭാരം മനസ്സംസ്കാരത്തിനു വിട്ടുകൊടുക്കേണമെന്നു വീണ്ടും ആവൎത്തിക്കുന്നതു്. ശരിയായ ഉൽക്കൎഷത്തിന്റെ അടിസ്ഥാനവും മാനദണ്ഡവും അതു തന്നെയാണ്. *

* പത്തൊമ്പതാം ശതവൎഷത്തിന്റെ ഉത്തരാൎദ്ധത്തിലെ ആംഗ്ലേയലോകസ്ഥിതിഗതികളെ പരാമൎശിച്ചു, മാത്യു ആർനാൾഡ് എന്ന വിമൎശകമല്ലൻ എഴുതിയിട്ടുള്ള "സംസ്കാരവും അരാജകത്വവും" എന്ന പ്രസംഗപരമ്പരയെ ഉപജീവിച്ചെഴുതിയതു.

## 11 കേരളാഭ്യുദയം

കേരളരാജ്യത്തിന പ്രത്യേകമായ ഒരു സംസ്കാര വിശേഷമുണ്ടെന്നും, അതു മിക്കവാറും മലയാളഭാഷയിലാണ് നിക്ഷേപിച്ചുവെക്കപ്പെട്ടിട്ടുള്ളതെന്നും സർവ്വവിദിതമാണല്ലോ. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷു മലബാർ എന്നിങ്ങനെ മൂന്നു രാഷ്ട്രീയ വിഭാഗങ്ങളായി കേരളരാജ്യം, സംഗതിവശാൽ, മുറിഞ്ഞു കിടക്കുന്നു എങ്കിലും, ആ വിഭാഗങ്ങളിൽ അധിവസിക്കുന്ന ജനസമുദായങ്ങളെ ഒട്ടാകെ ഒരു ചരടിലിണക്കിക്കോക്കുന്നതിന്ന പര്യാപ്തമായ ഒരു സംസ്കാരം മലയാളത്തിലുണ്ടെന്നു സ്പഷ്ടമാകുന്നു. ജാതിമതാദിഭേദങ്ങൾക്കെല്ലാം അതീതമായിട്ടുള്ള ആ സംസ്കാരം സകല കേരളീയരുടെയും ജന്മസ്വത്താണ്. മററു കാര്യങ്ങളിൽ എത്ര വ്യത്യസ്താഭിപ്രായങ്ങളോ വിപരീതതാൽപര്യങ്ങളോ കേരളത്തിലെ വ്യക്തികളേയും ജാതികളേയും പരസ്പരം ഭേദിപ്പിച്ചു നിർത്തിക്കൊള്ളട്ടേ, ഭാഷ, സാഹിത്യം, സംസ്കാരം എന്നീ വിഷയങ്ങളിൽ അവർ തമ്മിൽ ഏകോദരസഹോദരഭാവത്തിലാണ് ബന്ധപ്പെട്ടു കിടക്കുന്നത് എന്നുള്ളതിന്ന യാതൊരു സംശയവുമില്ല. ഈ വാസ്തവം ഏററവും വ്യക്തമായി അനുഭവപ്പെടുന്നതു കേരളീയർ കേരളത്തിന്ന പുറത്തുള്ള ഏതെങ്കിലും രാജ്യത്തു കൂട്ടിമുട്ടുമ്പോഴാണ്. ജന്മഭൂമിയിൽ നിന്ന് എത്രത്തോളം ദൂരേ അകന്നു പോകുന്നുവോ അത്രത്തോളം അവരുടെ ഐക്യബോധത്തിന്ന ദാർഢ്യവും കൂടുതലായി കാണപ്പെടുന്നു.

മദിരാശിയിലോ, കല്ക്കത്തയിലോ, അല്ലെങ്കിൽ മലയായിലോ താമസിക്കുന്ന മലയാളികൾ തമ്മിൽ(അവർ തിരുവിതാംകൂറുകാരോ, കൊച്ചിക്കാരോ, മലബാറുകാരോ ആയിക്കൊള്ളട്ടേ) എന്തൊരു ഐക്യത്തോടുകൂടിയാണ് വത്തിക്കുന്നതെന്ന് ഇന്നും വിദശമായി കാണാവുന്നതാണല്ലോ. പൊതുക്കാര്യങ്ങളിലെല്ലാം അവർ "ഒരു കെട്ടായി" നിന്നുകൊണ്ടു പ്രവത്തിക്കുന്നു; കേരളത്തിനുള്ളിൽ പലപ്പോഴും കണ്ടുവരുന്ന സങ്കുചിത മനോഭാവങ്ങൾ അവരുടെ സംഘബലത്തെ ശിഥിലീകരിക്കുന്നില്ല. തങ്ങളെല്ലാം ഒന്നുപോലെ കൈരളീസന്താനങ്ങളാണെന്ന ഒരൊററ അഭിമാനം അവരേ തമ്മിൽ കൂട്ടിയിണക്കുന്നു. ചരിത്രഫലമായി ഭരണകാര്യങ്ങളിൽ, കേരളം എങ്ങനെയെങ്കിലും വേർതിരിഞ്ഞു നിന്നുകൊള്ളട്ടേ, കേരളീയ ഭാഷാസംസ്കാരങ്ങൾ തങ്ങളുടെ പൊതുസ്വത്താണെന്നുള്ള ബോധം വിദേശനിവാസികളായ മലയാളികളിൽ പൂണ്ണബലത്തോടുകൂടി പ്രകാശിക്കുന്നു. ഇതിനുള്ള ഒരു പ്രചോദനം, ദേശാന്തരങ്ങളിലേ മലയാളികളല്ലാത്ത വൎഗ്ഗക്കാരുടെയിടയിൽ അടിയുറച്ചു കാണുന്ന സംഘബലത്തിൻെറയും ഐക്യബോധത്തിൻെറയും സമ്മദ്ദം തന്നെ ആയിരിക്കാം. അവരുമായി വേണ്ടിവരുന്ന സംഘഷണമോ സംഘട്ടനമോ സഹിക്കവെയ്യാതാകുമ്പോൾ, കേവലം ആത്മരക്ഷാത്ഥം സ്വീകരിക്കേണ്ടിവരുന്ന സഹകരണനയമായിരിക്കാം അതിൻെറ ആസ്പദം. "തട്ടു കിട്ടുമ്പോൾ തടവു പഠിക്കാതേ നിവൃത്തിയില്ലെ"ന്നുള്ള പ്രകൃതിനിയമമായിരിക്കാം അതിൻെറ നിദാനം. അതെങ്ങനെയെങ്കിലുമാകട്ടെ, ഒരു മുഖ്യ

സംഗതി അതിൽനിന്നു നിസ്സന്ദേഹം തെളിയുന്നില്ലേ എന്നു നോക്കുക. മറുനാട്ടുകാർ മലയാളികളേ മുഴുവൻ (കൊച്ചി തിരുവിതാംകൂർ മലബാർ ഭേദമെന്നിയേ) ഒരൊററ വർഗ്ഗമായിട്ടാണു് കണക്കാക്കുന്നതു്; അനുകൂലമോ പ്രതികൂലമോ ആയ ഭാവം അവരോടെല്ലാം ഒരുപോലെയാണു് പ്രദർശിപ്പിക്കുന്നതും.

ഇങ്ങനെയിരിക്കേ, കേരളീയസമുദായം ഛിന്നഭിന്നമായിപ്പോകാതിരിക്കേണമെങ്കിൽ, കേരളീയസംസ്കാരം ക്രമേണ അസ്തംഗതമാകാതിരിക്കേണമെങ്കിൽ, ഇന്നു് അത്യന്താപേക്ഷിതമായിട്ടുള്ളതു, കേരളീയരെല്ലാം, രാഷ്ട്രീയമായ ദേശവിഭജനത്തേ വകവെക്കാതെ, ഒത്തൊരുമിച്ചു ചേൎന്നു, തങ്ങളുടെ പാരമ്പര്യസ്വത്തായ പൊതുസംസ്കാരത്തേ പരിപാലിക്കുവാനും, തദ്വാരാ, സംഘബലം വളൎത്തുവാനും ഹൃദയപൂൎവ്വം യത്നിക്കുകയാകുന്നു.

പ്രസ്തുത സംസ്കാരം നിക്ഷേപിച്ചു വെച്ചിരിക്കുന്നതു മലയാളഭാഷയിലാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. രാഷ്ട്രീയ പരിണാമത്തിനും ഭാഷയ്ക്കും തമ്മിലുള്ള ബന്ധം ദിനംപ്രതി മുറുകിവരുന്നതായിട്ടാണു് കാണുന്നതു്. ഇന്ത്യയുടെ ഭരണപരമായ ഭാവി എന്തുതന്നെയായാലും വേണ്ടതില്ല, ഭാഷാസംസ്കാരങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ദേശജനവിഭാഗങ്ങൾക്കു് അതിൽ ഗണ്യമായ സ്ഥാനമുണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കുവാനാണു് ഇപ്പോൾ ന്യായം കാണുന്നതു്. ഇതു ദക്ഷിണേന്ത്യയുടെ കാര്യത്തിൽ വിശേഷിച്ചും പ്രത്യക്ഷമാകുന്നുണ്ടു്. തമിഴ, തെലുങ്കു, കൎണ്ണാടകം എന്നീ മൂന്നു ദ്രാവിഡഭാഷകളെ അടിസ്ഥാനമാക്കി മൂന്നു പ്രവിശ്യകൾ ഇവിടേ

ആവിർഭവിക്കാതിരിക്കയില്ല. രാഷ്ട്രീയമായിട്ടല്ലെങ്കിൽ, സാംസ്കാരികമായിട്ടെങ്കിലും ഇങ്ങനെ ഒരു വേർതിരിവു ക്രമേണ അനിവാര്യമായിവരും. അപ്പോൾ മലയാളത്തിന്റെ കഥ എന്തായിരിക്കുമെന്നു കുറെറാന്നാലോചിക്കുക! മറേറാരോ വർഗ്ഗക്കാരും അവരവരുടെ സ്ഥാനം ഉറപ്പിച്ചു കഴിയുമ്പോൾ, മലയാളികൾമാത്രം ഒരുവക ത്രിശങ്കുസ്വർഗ്ഗത്തിൽ ഇരിക്കുന്നതായാൽ അതു വലിയ കഷ്ടമാകുന്നതല്ലേ? അതിനാൽ, ഭാവിയെക്കുറിച്ചു സ്വല്പമൊന്നു ചിന്തിച്ച്, ആത്മാഭിമാനമുള്ള കേരളീയരെല്ലാം ഒത്തൊരുമിച്ചു, പരസ്പരവ്യത്യാസങ്ങളെയും മാത്സര്യങ്ങളേയും നീക്കിവെച്ച്, ഒരൊററ ജനവിഭാഗമെന്ന നിലയിൽ, തങ്ങളുടെ പൊതുസംസ്കാരത്തെ അവലംബിച്ച് അഭിവൃദ്ധിനേടുവാൻ ഉത്സാഹിക്കേണ്ടതാകുന്നു എന്നുള്ള ഉദ്ബോധനം ഇന്ന് എത്രതന്നെ ആവർത്തിച്ചാലും അധികമാകുന്നതല്ല.

ഭാഷാസംസ്കാരപരങ്ങളായ വ്യവസായങ്ങളിൽ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ ദേശഭേദങ്ങളെ തീരേ അവഗണിച്ചു പ്രവർത്തിക്കുവാനുള്ള മനോവികാസമാണ് കേരളീയർക്ക് ആദ്യമായി അവശ്യം ഉണ്ടാകേണ്ടിയിരിക്കുന്നത്. നമ്മുടെ ഭാഷയേയും സംസ്കാരത്തേയും പോഷിപ്പിക്കുവാൻ നമ്മളല്ലാതെ മറെറാരു ദേശക്കാരും ഉള്ളഴിഞ്ഞു ശ്രമിക്കുകയില്ലെന്നു നല്ലവണ്ണം ബോധം വരേണ്ടതാകുന്നു.

സംസ്കാരസംരക്ഷണത്തിന് ഏററവും ഉപകരിക്കുന്ന ഒരു മാർഗ്ഗമാണല്ലോ സർവ്വകലാശാലാ പ്രവർത്തനം. കേരളത്തിനു പൊതുവേ ഒരു സർവ്വകലാശാല ഉണ്ടായി

രുന്നെങ്കിൽ, കേരളത്തിൻെറ സ്വാതന്ത്ര്യം നിലനിൎത്തുന്നതിനും ഉൽകൎഷം പുലൎത്തുന്നതിനും അതെത്ര സഹായമാകുമായിരുന്നു! അതിനെക്കുറിച്ചു തീരേ ഭഗ്നാശരാകേണ്ട കാലം നമുക്കു് ഇനിയും ആയിട്ടില്ലെന്നാണു് തോന്നുന്നതു്. തിരുവിതാംകൂറിൽ സമാരംഭിക്കപ്പെട്ടിട്ടുള്ള വിശ്വവിദ്യാലയം കൊച്ചിയുടേയും മലബാറിൻെറയും താൽപര്യങ്ങളെ തികച്ചും ഉൾക്കൊള്ളത്തക്കവിധം വികസിക്കുന്നതായാൽ അതുതന്നേ ഒരു കേരള സൎവ്വകലാശാലയായി പരിണമിക്കാവുന്നതാണല്ലോ. അതിൻെറ ഉദ്ദേശ്യവും ആദൎശവും കേവലം കേരളസംസ്കാരപോഷണമായിരിക്കണമെന്നു വന്നാൽമതി, അതൊരു കേരള വിശ്വവിദ്യാലയമായി രൂപാന്തരപ്പെടുന്നതിനു്. അതു കാലക്രമേണ സാധിതപ്രായമാകുമെന്നുതന്നേ നമുക്കു തൽക്കാലം പ്രത്യാശിക്കുക.

ഭാഷ, സാഹിത്യം, ശാസ്ത്രം, കലകൾ മുതലായ സംസ്കാര മുഖങ്ങളിലെല്ലാം, കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ സംസ്ഥാനങ്ങൾക്കു പൊതുതാൽപര്യങ്ങളാണുള്ളതെന്ന ദൃഢബോധത്തോടുകൂടിവേണം അവിടങ്ങളിലെ ഓരോ സ്ഥാപനവും നടത്തപ്പെടുന്നതെന്നു ചുരുക്കത്തിൽ പറഞ്ഞുകൊള്ളട്ടെ. കേരളീയരുടെ ഐക്യബോധത്തിലാണു് കേരളത്തിൻെറ അഭ്യുദയമൂലം സ്ഥിതിചെയ്യുന്നതു്. ഗ്രന്ഥങ്ങളുടേയും ഗ്രന്ഥകാരന്മാരുടേയും പ്രസാധകന്മാരുടേയും കാൎയ്യത്തിൽ വിശേഷിച്ചും അനുവൎത്തിക്കേണ്ട നയമാണു് കേരളത്തേ ഒട്ടാകെ ഒരൊററ പ്രവിശ്യയായി കണക്കാക്കുക എന്നതു്. ഇങ്ങനെ ചെയ്യാത്തപക്ഷം ഭാഷാസംസ്കാരാഭിവൃദ്ധിക്കു വലിയ

ഭംഗം നേരിടുന്നതാകുന്നു. മലയാളികളെന്നും മറുനാട്ടുകാരെന്നുമുള്ള രണ്ടു വിഭാഗത്തിൽ കവിഞ്ഞ്, മലയാളികളിൽത്തന്നേ കൊച്ചിക്കാർ, തിരുവിതാംകൂറുകാർ, മലബാറുകാർ എന്നിങ്ങനെ വേർതിരിച്ചു പങ്കുവെക്കുന്നതു കേരളസംസ്കാരത്തെസ്സംബന്ധിച്ചേടത്തോളം ഒരു തരം ആത്മഹത്യയായിരിക്കുമെന്നു നിശ്ശങ്കം പ്രഖ്യാപനം ചെയ്യാവുന്നതാണ്! "തിരുവിതാംകൂർ തിരുവിതാംകൂറുകാക്ക്, കൊച്ചി കൊച്ചിക്കാക്ക്, മലബാർ മലബാറുകാക്ക്" എന്നിങ്ങനെയുള്ള "പോക്കുവിളി" കൈരളിയുടേ മരണമണിനാദമായിട്ടാണ് ചിന്താശീലന്മാരും നിഷ്പക്ഷബുദ്ധികളുമായ കേരളീയരെല്ലാം കണക്കാക്കുന്നത്! ഗ്രന്ഥകാരനോ പ്രസാധകനോ കേരളത്തിൽ എവിടത്തുകാരനാണ്, കൊച്ചിയോ, തിരുവിതാംകൂറോ, മലബാറോ ഏതാണ് അയാളുടെ രാജ്യം, എന്നും മററും മാത്രം നോക്കി, ഗ്രന്ഥത്തിൻെറ ഗുണദോഷാംശങ്ങളേ തീരേ അവഗണിച്ചുകൊണ്ട്, അധികൃതന്മാർ മലയാള പ്രസിദ്ധീകരണങ്ങളേ തള്ളുകയും കൊള്ളുകയും ചെയ്തുതുടങ്ങിയാൽ അതു നമ്മുടെ മാതൃഭാഷയേ ഞെക്കി ഞെരുക്കിക്കൊല്ലുന്നതിനു തുല്യമായിരിക്കുമെന്നുതന്നേ പറയേണ്ടിയിരിക്കുന്നു.

ഒരു കിണററിൽ വെള്ളം കാണുന്നതിനു പതിനെട്ടു കോൽതാഴ്ത്തണമെന്നിരിക്കട്ടേ, അതിനുപകരം ആറാറു കോൽവീതം മൂന്നു ഭിന്നപ്രദേശങ്ങളിലായി കുഴികുഴിച്ചാൽ മതിയാകുമോ? പ്രയത്നം ധാരാളമുണ്ടായിരിക്കാം, ധനവ്യയത്തിനും കുറവുണ്ടാകയില്ലായിരിക്കാം, ഫലത്തിൽ മാത്രം ശൂന്യം എന്നു വരുന്നതു് ഏററവും പരിതാ

പകരമല്ലേ? ഇതാണ് ഇന്ന ഭാഷാസംബന്ധമായി, അഥവാ സംസ്കാരപരമായി, കേരളത്തിൽ സംഭവിച്ചുകാണുന്നതു്. ഇതിനുള്ള പരിഹാരം, ബുദ്ധിശൂന്യതയിൽ അടിയുറപ്പിച്ചു നില്ക്കുന്ന പരസ്പരമാത്സര്യത്തെ കേരളത്തിലെ രാഷ്ട്രീയവിഭാഗക്കാരുടേ മനസ്സിൽനിന്നു് ഉന്മൂലനം ചെയ്യുക എന്നുള്ളതാണ്. ആത്മബോധം ശരിയായി വന്നാൽ ഉൽകഷത്തിനു വേണ്ടതെല്ലാം അതിൻെറ പിറകേ താനേ വന്നുകൊള്ളും.

കേരളീയരുടേ ഇടയിൽ ഇന്നു കാണുന്ന ഭേദബുദ്ധി ഏകദേശം ഒരു ഇരുപതു കൊല്ലംമുമ്പുവരേ ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. അടുത്ത ഏതാനും വഷങ്ങാംക്കുള്ളിലാണ് അതു കൊട്ടമ്പിരിക്കൊണ്ടുതുടങ്ങിയതു്. അതിനു മുമ്പുള്ള കാലങ്ങളിലെല്ലാം മലയാളത്തിലേ സാഹിത്യകാരന്മാരും വിദ്വാന്മാരും ഗോകണ്ണംമുതൽ കന്യാകുമാരിവരേ എവിടേയും ഒരുപോലെയാണ് മാനിക്കപ്പെട്ടുവന്നിരുന്നതു്. കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്നു മുറികളോടുകൂടിയ ഏകമാതൃഗൃഹമായിരുന്നു അവക്കെല്ലാം ഈ കേരളം. എന്നാൽ മരുമക്കത്തായത്തറവാടുപോലെ ആ കേരളഗൃഹം ഇതാ അന്തഃഛിദ്രം മൂലം നാശോന്മുഖമായിത്തീന്നിരിക്കുന്നു. കാലം അതിക്രമിന്നതിനുമുമ്പു് അതിനെ വേണ്ടവിധം താങ്ങിനിത്തുന്നതിനും, പൂർവ്വസ്വത്തു നിശ്ശേഷം നശിച്ചുപോകാതേ നോക്കുന്നതിനും വേണ്ടി കേരളീയരെല്ലാം കൈകോത്തു പിടിച്ചുകൊണ്ടു് ഉറവ ശ്രമിക്കുക എന്നതാണ് ഇന്നത്തേ മുഖ്യകത്തവ്യം. ഇടുങ്ങിയ ഭരണഭിത്തികാംക്കുള്ളിലിട്ടു നമ്മുടെ പൊതുസംസ്കാരത്തേ ഞെരുക്കിക്കളയുന്നതു്

അവിവേകത്തിൻെറ പാരമ്യമായിരിക്കും. ഭരണയന്ത്ര തന്ത്രങ്ങൾ മാറിയും മറിഞ്ഞും കളിച്ചുകൊള്ളട്ടേ, ഭരണാധികാരികൾ വന്നും പോയുമിരിക്കട്ടേ, സംസ്ഥാരം കേരളത്തിനൊട്ടാകേ ഒന്നുമാത്രമാണുള്ളതെന്നും, അതു കേരളീയരുടേ ഐക്യബോധത്തിൽ ഉയരുകയും, ഭേദബുദ്ധിയിൽ താഴുകയും ചെയ്യുമെന്നും നാം സദാ ഓൎമ്മിക്കേണ്ടതാകുന്നു.

---

# 12. മഹാകവി രവീന്ദ്രനാഥടാഗോർ

"മനുഷ്യഹൃദയത്തിന് അതിന്റെ കടം പോക്കുവാൻ താൽപര്യമുള്ളസമയത്ത്, സ്വരാജ്യമുദ്രാങ്കിതമായ ഏതെങ്കിലും നാണ്യം അത്യാവശ്യമായിവരുന്നു— അതാണ് മാതൃഭാഷ" എന്നിങ്ങനെ മാതൃഭാഷാമാഹാത്മ്യത്തെ പ്രകീർത്തിച്ചുകൊണ്ടും, വിദേശഭാഷാമുഖേന ആശയാവിഷ്കരണം സാധിക്കേണ്ടിവരുന്നതിൽ വ്യസനിച്ചു ക്ഷമാപണം ചെയ്തുകൊണ്ടുമാണ് മഹാകവി രവീന്ദ്രനാഥടാഗൂർ തന്റെ ഒരു പാശ്ചാത്യപ്രസംഗം സമാരംഭിക്കുന്നത്. ഏതു രാജ്യക്കാർക്കും സ്വത്വം പ്രകാശിപ്പിക്കുന്നതിനു അത്യന്താപേക്ഷിതമാണ് മാതൃഭാഷാവ്യവഹാരം എന്ന തന്റെ അഭിപ്രായം അദ്ദേഹം പല സന്ദർഭങ്ങളിലും വ്യക്തമായി വിളിച്ചു പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ വിവിധഭാഷകളെ പോഷിപ്പിക്കുന്ന കാര്യത്തിൽ അഭിമാനം കൊള്ളുന്ന സകല വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മഹാകവിയുടെ മാതൃഭാഷാപരമായ പ്രസ്തുത സിദ്ധാന്തം ആവേശജനകവും മാർഗ്ഗദർശകവുമായി പരിലസിക്കുന്നു!

സ്വഭാഷാപ്രതിപത്തിയേക്കാൾ ഒട്ടും തീവ്രത കുറവില്ലാത്തതത്രേ അദ്ദേഹത്തിന്റെ സ്വദേശസ്നേഹം.

"ജനനീ ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസീ"

എന്നായിരുന്നു ടാഗൂറിന്റെ ജീവിതത്തിലെമുദ്രാവാക്യം.

മററു ഭാരതീയ ദേശാഭിമാനികളുമായി ചിലപ്പോഠം ചില സംഗതികളിൽ വിയോജിക്കേണ്ടിവന്ന സന്ദർഭങ്ങളിൽപോലും അദ്ദേഹം ആ മുദ്രാവാക്യത്തെത്തന്നേ മുറുക്കിപ്പിടിച്ചു കേവലം മാതൃഭൂമിയുടെ സേവനത്തിൽ ജാഗരൂകനായി വൎത്തിച്ചു. ഭാരതാംബയുടെ മുഖത്തു കരിതേയ്ക്കുവാൻ ആരെങ്കിലും പുറപ്പെടുന്നതു കണ്ടാൽ, ഉത്തമ ദേശാഭിമാനിയുടെ രക്തം തിളച്ചു എത്ര ശക്തിയോടുകൂടിയാണ് ബഹിർഗളിക്കുക എന്നു വിവരിക്കുവാൻ പ്രയാസമാണ്. പ്രതിയോഗിയ്ക്കുള്ള മറുപടിയിൽകാണുന്ന ഓരോ വാക്കും മഹാകവി തൻെറ ജീവരക്തംകൊണ്ടെഴുതിയതാണോ എന്നു തോന്നിപ്പോകും. അതിനുപുറമേ, ത്യാഗപരമായ പ്രവൃത്തികൊണ്ടും അദ്ദേഹം തൻെറ പ്രതിഷേധം വ്യക്തമാക്കും. ഈ വകയ്ക്കെല്ലാം വേണ്ടുവോളം ഉദാഹരണങ്ങഠം അദ്ദേഹത്തിൻെറ ജീവിതചരിതം പരിശോധിച്ചാൽ കാണാവുന്നതാകുന്നു.

എന്നാൽ മഹാകവി ടാഗൂറിൻെറ സ്വരാജ്യസ്നേഹം കേവലം അന്ധമായ ഒരു സ്തോഭവിശേഷം മാത്രമല്ല, നേരേമറിച്ച്, അഗാധമായ ചിന്തയുടേയും വിശാലമായ താരതമ്യപഠനത്തിൻേറയും പരിണതഫലമാകുന്നു. യഥാൎത്ഥമായ സംസ്കാരത്തിൻെറ കാര്യത്തിൽ പുരാതനവും പരിപാവനവുമായ ഇന്ത്യാരാജ്യത്തോട് (അഥവാ,പൗരസ്ത്യലോകത്തോട്) കിടപിടിക്കുവാനുള്ള യോഗ്യത ഇന്നത്തെ പാശ്ചാത്യലോകത്തിനില്ലെന്നാണ് അദ്ദേഹത്തിൻെറ വിശ്വാസം. അടുത്ത കാലത്തു യൂറോപ്പിലുണ്ടായിട്ടുള്ള ഘോരയുദ്ധങ്ങളിലെ ചോരപ്പുഴകഠം, ആധുനികപാശ്ചാത്യലോകത്തിൻെറ ഗതി തീരെ

പിഴച്ചുപോയി എന്നു കാണിക്കുന്ന പ്രാപഞ്ചശകരിയുടെ ചുവന്ന പെൻസിൽവരകളായിട്ടാണ് അദ്ദേഹം ഉല്ലേഖനം ചെയ്തിട്ടുള്ളതു്. പാശ്ചാത്യലോകത്തിൽ ഭൗതികശാസ്ത്രങ്ങൾ അത്ഭുതകരമായവിധം അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും, അതിനോടൊപ്പം ആത്മീയസംസ്കാരം വൎദ്ധിച്ചിട്ടില്ലാത്ത സ്ഥിതിക്കു്, ഒന്നും അറിവില്ലാത്ത ഒരു കുട്ടിയുടെ കളിപ്പാട്ടമായി ലോകവിനാശകരമായ ഒരു മഹായന്ത്രം സിദ്ധിച്ചതുപോലെ പരിണമിച്ചിരിക്കുന്നു എന്നാണ് അദ്ദേഹത്തിൻെറ മതം. ഇതിൻെറ യാഥാൎത്ഥ്യം ഇന്നു നാം അവിടെ ഉദാഹൃതമായിക്കാണുന്നില്ലേ? സ്വാൎത്ഥത്തിൽ അടിയുറച്ചുനില്ക്കുന്ന വെറും ഭൗതികസുഖേച്ഛ ഒരിക്കലും ശരിയായ സംസ്കാരത്തിൻെറ ലക്ഷണമാവുകയില്ലെന്നും, ത്യാഗപരവും ആത്മീയവുമായ ഉൽകൎഷേച്ഛയാണ് സംസ്കാരബീജമെന്നും, ആയതു അടുത്ത രണ്ടു ശതവൎഷങ്ങളായി യൂറോപ്പിൽ വളരെ വിരളമായിത്തീൎന്നിട്ടുണ്ടെന്നും, ഭാരതീയർ തങ്ങളുടെ പൂൎവ്വസ്വത്തായ ആത്മീയസംസ്കാരത്തെ കളഞ്ഞുകുളിക്കരുതെന്നും അദ്ദേഹം എത്ര സരസമായിട്ടാണ് ഉദ്ബോധനം ചെയ്യുന്നതു്! "ഏററവുമധികം മനുഷ്യശിരസ്സുകളെച്ചേൎത്തുകോൎത്തുള്ള മാലയണിഞ്ഞുവരുന്ന രാക്ഷസനെയാണോ ലോകം സമാദരിക്കേണ്ടതു്?" എന്നുള്ള അദ്ദേഹത്തിൻെറപ്രശ്നം ഈ കാലഘട്ടത്തിൽ എത്ര അൎത്ഥവത്തായിരിക്കുന്നു! പൗരസ്ത്യരാജ്യങ്ങൾക്കു, വിശേഷിച്ച ഇന്ത്യയ്ക്കു്, ഭാവിയിൽ ഗണ്യമായ ഒരു നില കിട്ടുമെന്നുതന്നെ ടാഗൂർ ആദ്യവസാനം ദൃഢമായി വിശ്വസിച്ചുപോന്നു.

എന്നുവെച്ച അദ്ദേഹത്തിൻെറ സ്വരാജ്യസ്നേഹം സർവ്വരാജ്യസൗഹാർദ്ദത്തിനു പ്രതിബന്ധമായിരുന്നു എന്ന് ആരും തെററിദ്ധരിച്ചുപോകരുത്. വ്യക്തിപരമായ സ്വാർത്ഥംപോലെതന്നെ രാഷ്ട്രപരമായ സ്വാർത്ഥവും ഗർഹണീയമായിക്കരുതിയിരുന്ന മഹാകവി, ഭാരതസംസ്കാരത്തിൻെറയൊ പൗരസ്ത്യസംസ്കാരത്തിൻെറയോ മാത്രമല്ലാ, സർവ്വമാനവസമുദായസംസ്കാരത്തിൻെറയും, ഉത്തമസന്ദേശവാഹകനായിരുന്നു എന്ന് അദ്ദേഹത്തിൻെറ നാനാപ്രസംഗങ്ങൾ പ്രഖ്യാപനംചെയ്യുന്നുണ്ട്. കേവലം രാഷ്ട്രപരമായിട്ടുള്ള സങ്കുചിതമനോഭാവം ആപൽകരമത്രെ; അതു ഭാരതീയമല്ല; അതു വിദേശീയമാണ്; അതു നമുക്കു വേണ്ടാ. ഇനി നമുക്കു വേണ്ടതു് സ്വാർത്ഥവും ഭൗതികാവേശവും നീക്കിവെച്ചുകൊണ്ടു്, കേവലം ധർമ്മത്തെ ആസ്പദമാക്കിയുള്ള ഒരു പുനഃസംഘടനയാണ്. അതിൻെറ ഫലമായി ഉണ്ടാകേണ്ടതു്, മനുഷ്യസമുദായം തുണ്ടുതുണ്ടായി മുറിഞ്ഞുവീണു പരസ്പരം സദാ മല്ലടിച്ചുകൊണ്ടിരിക്കുന്ന ഒരു ദുരവസ്ഥയല്ല; പ്രത്യുത, സകലമനുഷ്യരും തമ്മിലുള്ള ആത്മീയൈക്യത്തിന്മേൽ അടിയുറച്ച ലോകസംസ്കാരപുരോഗമനമാണ്. എന്നിങ്ങനെ അർത്ഥം വരുന്ന പല വാക്യങ്ങളും ടാഗ്ഗൂറിൻെറ കൃതികളിൽ കാണാവുന്നതാകുന്നു.

ഇതെല്ലാം നോക്കുമ്പോൾ അദ്ദേഹത്തെ "പൗരസ്ത്യകവിസാർവ്വഭൗമൻ" എന്നല്ല, "വിശ്വമഹാകവി" എന്നു വിളിക്കുന്നതായിരിക്കയില്ലേ അധികം ഉചിതമായിരിക്കുക എന്നു തോന്നുന്നുണ്ടു്. കൃത്രിമമായ യാതൊരു

വക പരിധിയേയും അദ്ദേഹം സഹിച്ചിരുന്നില്ല. ദേശപരമായും സാമുദായികമായും സാഹിത്യസംബന്ധമായും മററും പൂണ്ണസ്വാതന്ത്ര്യത്തിനു പ്രതിബന്ധങ്ങളായിക്കണ്ട ഏതുതരം സങ്കുചിതപരിമിതികളേയും സധൈര്യം ഉല്ലംഘിക്കുവാൻ ടാഗ്ഗുർ സദാ സന്നദ്ധനായിരുന്നു. ജന്മനാ കവിഹൃദയംകൊണ്ടനുഗ്രഹീതനായ അദ്ദേഹം സവ്വഥാ ഒരു സ്വാതന്ത്ര്യാരാധകൻതന്നേയായിരുന്നു എന്നു പറയാം.

ഒരു ഉൽകൃഷ്ടകാവ്യമെഴുതുവാനുദ്ദേശിക്കുന്ന കവിയുടെ ജീവിതം തന്നെ ഒരു ഉത്തമകാവ്യമായിരിക്കണം എന്ന മിൽട്ടൻമഹാകവിയുടെ അഭിപ്രായത്തെ അക്ഷരംപ്രതി ഉദാഹരിച്ചു വിശദമാക്കുന്നതാണ് ടാഗ്ഗുറിൻെറ പവിത്രചരിത്രം. അദ്ദേഹത്തിൻെറ ആകൃതിയിലും പ്രകൃതിയിലും ആദശങ്ങളിലും പ്രവൃത്തികളിലും പ്രസംഗങ്ങളിലും കാവ്യങ്ങളിലും എല്ലാം ഒരുപോലെ എന്തെന്നില്ലാത്ത ഒരു സൗന്ദയ്യം നെട്ടനീളം കളിയാട്ടുന്നതായികാണാം. സ്വാതന്ത്ര്യത്തെ എന്നപോലെതന്നെ സൗന്ദയ്യത്തേയും ഉള്ളഴിഞ്ഞാരാധിച്ചിരുന്ന കവിഹൃദയമാണ് ടാഗ്ഗുറിനുണ്ടായിരുന്നതു്. അദ്ദേഹത്തിൻെറ ദിനചര്യയിലും, ചുററുപാടുകളിലുമെന്നുവേണ്ട, അദ്ദേഹത്തിനു ബന്ധമുള്ള ഏതുകായ്യത്തിലും ഒരു കലാകാരൻെറ സൗന്ദയ്യാവബോധം സവ്വത്ര പ്രതിഫലിച്ചു കാണാമായിരുന്നു. കീററ്സ് എന്ന ആംഗ്ലേയകവിയെപ്പോലെ, സത്യത്തിൽ സൗന്ദയ്യത്തേയും സൗന്ദയ്യത്തിൽ സത്യത്തെയും ടാഗ്ഗുർ ഒരേസമയം ദശിച്ചിരുന്നു. അദ്ദേഹത്തിൻെറ പക്ഷത്തിൽ സത്യവും സൗന്ദയ്യവും തമ്മിൽ

യാതൊരു സ്പർദ്ധയുമില്ലെന്നുമാത്രമല്ല, അവ രണ്ടും ഒന്നു തന്നെയാണെന്നുകൂടി പറയാമായിരുന്നു. അതുതന്നെ യാണു് നിത്യമായിട്ടുള്ളതും. നിത്യമായ സത്യത്തിൻെറ സുന്ദരരൂപത്തിലുള്ള പ്രകാശനമാണല്ലോ നാം അദ്ദേഹ ത്തിൻെറ മധുരസൂക്തികളിൽ വീണ്ടും വീണ്ടും ആസ്വാ ദിക്കുന്നതു്.

അതുകൊണ്ടുതന്നെയാണു് ടാഗ്ഗൂർകവിത ആത്മീ യപോഷണത്തിനു സവിശേഷം പര്യാപ്തമായിത്തീരു ന്നതു്. അതു കേവലം ഉപരിപ്ലവബുദ്ധികൾക്കു വിനോ ദത്തിനായിട്ടുള്ള വാഗ്ജാലവിദ്യയല്ല. അത്ഥം തീരെ മ നസ്സിലാകാത്തവക്കുകൂടി രസിക്കുവാൻ വേണ്ടുന്ന ശബ്ദ ഭംഗി ടാഗ്ഗൂർകവിതയിലെല്ലാം ധാരാളമുണ്ടെന്നുള്ളതു ശരിതന്നെ; പക്ഷെ അതു ടാഗ്ഗൂർകവിതയുടെ ലക്ഷണ ങ്ങളിൽവെച്ചു താരതമ്യേന പ്രാധാന്യം കുറഞ്ഞ ഒരംശം മാത്രമാകുന്നു. ആലോചനാമൃതത്വം എന്നതാണു് ടാഗ്ഗൂർ കവിതയുടെ പ്രധാനലക്ഷണം. അനഘങ്ങളായ എത്ര ഉപനിഷദ്രത്നങ്ങളാണു് അതിൻെറ അടിത്തട്ടിൽ ആണ്ടു കിടക്കുന്നതെന്നു് അതിൽ അവഗാഹം സിദ്ധിച്ചിട്ടുള്ള വക്കു മാത്രമറിയാം. വാസ്തവം പറയുന്നതായാൽ, ടാഗ്ഗൂർ സാഹിത്യത്തിൻെറ സൗഭാഗ്യം "ഉപനിഷത്സുന്ദരീമ ണ്ഡല"ത്തിൻെറ നിഷേവണംകൊണ്ടുണ്ടായിട്ടുള്ളതാ കുന്നു. സ്ഥൂലലോകത്തിൽക്കൂടെ അതിൻെറ പിറകിൽകി ടക്കുന്ന സൂക്ഷ്മലോകത്തെ സുസ്പഷ്ടമായിക്കണ്ടുകൊണ്ടി രുന്ന മഹാകവിയുടെ വാക്യങ്ങൾക്കു്, ഉപനിഷദ്വാക്യ ച്ഛായ കാണുന്നതിൽ അത്ഭുതമില്ലല്ലോ. അത്ഥഗർഭങ്ങളാ യ ആ വാക്യങ്ങൾ പലപ്പോഴും പ്രഹേളികാസദൃശങ്ങളാ

യിപ്പരിണമിക്കുന്നു. അവയിലടങ്ങിയ സാരം ഗ്രഹിക്കാതെ, അവയുടെ ബാഹ്യരൂപത്തിൽമാത്രം ഭ്രമിച്ചു എത്ര കവിയശഃപ്രാർത്ഥികളാണ് വഴിപിഴച്ചു പോകുന്നതു്! എന്നാൽ അനുകരണക്കാരുടെ കൃതിസഹസ്രങ്ങളെ, ശിഷ്യന്മാർ ഗുരുപാദത്തിലർപ്പിക്കുന്ന നറുമലരുകളായി മാത്രം കണക്കാക്കേണ്ടതാകുന്നു. അങ്ങനെയുള്ള ശിഷ്യരുടെ സംഘങ്ങളോ സംഖ്യാതീതങ്ങളുമാകുന്നു. അവരെല്ലാം അദ്ദേഹത്തിൻെറ ശബ്ദഭംഗിയിൽ മതിമറന്നു രസിച്ചിട്ടുണ്ടെന്നും കാണാം. പക്ഷെ, ടാഗൂർമഹാകവിയുടെ ശബ്ദഭംഗിക്ക് ഒരു വിശേഷമുള്ളതു് അധികംപേർ സൂക്ഷിച്ചു പരിശോധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഷേക്സ്പിയർ, കാളിദാസൻ മുതലായ ലോകമഹാകവികളുടെ ഉൽക്കൃഷ്ടകൃതികളിലെന്നപോലെ ടാഗൂർക്കവിതയിലും ഓരോ സന്ദർഭത്തിൽ പ്രയോഗിച്ചിട്ടുള്ള പദങ്ങളുടെ കൂട്ടത്തിൽ ഒന്നിനെയെങ്കിലും മാററി പകരം മറെറാന്നു ചെലുത്തിയാൽ അവിടം മുഴച്ചുനില്ക്കുന്നതായി ഉടനെ പ്രത്യക്ഷമാകും. ഏററവും ഉചിതങ്ങളായ പദങ്ങളെ ഏററവും ഉചിതമായ ക്രമത്തിൽ കവിതയിൽ വിന്യസിക്കേണ്ടതാണെന്ന തത്വം ടാഗൂർകൃതികൾ സ്പഷ്ടമായി ഉദാഹരിക്കുന്നു.

കവിതാവാസന പരമകോടിയെ പ്രാപിക്കുമ്പോൾ ദേശകാലാദിപരിമിതികളെയെല്ലാം ആയതു് അതിലംഘിക്കുന്നതാണല്ലോ. ടാഗൂർ പാശ്ചാത്യപൗരസ്ത്യമഹാകാവ്യങ്ങളെ നിശ്ശേഷിച്ചു പഠിച്ച ഒരു തീക്ഷ്ണബുദ്ധിയായിരുന്നു എന്നു് അദ്ദേഹത്തിൻെറ കൃതികളിൽനിന്നു് അനുമാനിക്കാവുന്നതാണ്. വിശേഷിച്ചു്,

വേഡ്സ്വത്തും ഷെല്ലിയും കാളിദാസനും അദ്ദേഹത്തി ന്ന കുറേ പ്രത്യേകവുമായിരുന്നു. അവരുടേ പ്രകൃതി നിരീക്ഷണസമ്പ്രദായം അദ്ദേഹത്തിൻെറ ഹൃദയത്തിന്ന സ്വൎത്ഥാ യോജിച്ചതാണ്. കാളിദാസവിമൎശകന്മാരിൽ വെച്ച് അഗ്രഗണ്യനായ ടാഗ്ദർ പ്രകൃതിദേവിയേ ആരാധിക്കുന്ന വിഷയത്തിൽ "ടിൻടേൺ ആബി"യുടെ കൎത്താവിനേയും അനുസ്മരിപ്പിക്കുന്നുണ്ട്. പ്രകൃതിയോടുള്ള ബന്ധത്തിൻെറ പല പടികളേപ്പോലും വേർഡ്സ്വത്തിൻെറ പ്രശസ്തകാവ്യത്തിൽ വിവരിച്ചിട്ടുള്ളതുപോലെ ടാഗ്ദറിന് അനുഭവപ്പെട്ടിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. പ്രപഞ്ചസംഗീതത്തിനോട് ഇണങ്ങുന്ന ശ്രുതിയിൽ അദ്ദേഹത്തിൻെറ ഹൃദയവിപഞ്ചികയും ചലിച്ചുകൊണ്ടിരുന്നതിനാൽ തൻെറ മതം ഒരു കവിയുടെ മതം മാത്രമാണെന്നു യഥാൎത്ഥത്തിൽ അദ്ദേഹത്തിന്ന പറയുവാൻ കഴിഞ്ഞിരുന്നു.

ആധുനികപരിഷ്കാരത്തിൻെറ ഗുരുതരമായ ഒരു ന്യൂനത, അതു മനുഷ്യജീവിതാദൎശങ്ങളെ പ്രകൃതിയോടു കൂട്ടിയിണക്കുന്നില്ല എന്നതാണ്. ആ ഭാഗം ശരിയാക്കേണമെങ്കിൽ വിദ്യാഭ്യാസരീതിയിൽ കൈവെയ്ക്കുക തന്നെ വേണം—എന്നിങ്ങനെയുള്ള അഭിപ്രായത്തോടുകൂടിയാണ് ടാഗ്ദർ തൻെറ പ്രസിദ്ധമായ "വിശ്വഭാരതി"യും "ശാന്തിനികേതന"വും സ്ഥാപിച്ചതു്. അതിൻെറ പ്രവൎത്തനം എത്ര ഹൃദയവൎജ്ജകമാണെന്ന് ഇപ്പോഠം എല്ലാവക്കും അറിയാവുന്നതാണല്ലോ. മഹാകവിയുടെ ആദൎശങ്ങളെ മുഴുവൻ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനുള്ളതാണ് പ്രസ്തുതസ്ഥാപനം. അതു്

അദ്ദേഹത്തിൻെറ ഉൽകൃഷ്ടാശയങ്ങൾക്കുള്ള ഒരു "പരീക്ഷണശാല"തന്നെയാണെന്നു പറയാം. അവിടെയാണ് ഗുരുദേവൻെറ വ്യക്തിവിലാസം തെളിഞ്ഞു കണ്ടിരുന്നതു്. പൌരസ്ത്യസംസ്കാരത്തിൻെറ ജീവനാഡിയായ ആ വിദ്യാമന്ദിരം മേല്ക്കുമേൽ അഭിവൃദ്ധിയെ പ്രാപിച്ചു കാണുമാറാകട്ടേ! മഹാകവിയുടെ പുണ്യാത്മാവിൻെറ ശാന്തിനികേതനമാണല്ലോ അതു്.

സ്വാദശ്സ്മാരകമായ ആ സ്ഥാപനത്തെ അവസാനമായി വിട്ടുപിരിഞ്ഞു പോകുമ്പോൾ മഹാകവിയുടേ ആത്മാവിന്,തത്വജ്ഞാനപ്രകാശത്തിൻെറ ഫലമായി, സവ്വഭയങ്ങളും നീങ്ങിയിരുന്നു എന്നും, ജീവിതത്തിൻെറ ഇന്ദ്രജാലത്തിൽ തീരെ ഭ്രമമില്ലാതായിത്തീന്നിരുന്നു എന്നും അദ്ദേഹത്തിൻെറ അവസാനകൃതിയായ "മൃത്യു" വിശദമാക്കുന്നുണ്ടു്. "സത്യം തെളിഞ്ഞു" എന്നല്ലയോ അതിൻെറ ആന്തരാത്ഥം? (ഇംഗ്ലീഷിലുള്ള പ്രസ്തുത കൃതിയുടെ ഒരു മലയാളവിവത്തനം അന്യത്ര ചേത്തിട്ടുണ്ടു്).

പുണ്യശ്ലോകനായ ആ കവിവര്യൻെറ സുന്ദരമായ സത്യപ്രകാശനവ്യവസായം ഇതാ നിലച്ചിരിക്കുന്നു. തൻെറ ആരാധകലോകത്തെ മുഴുവൻ അന്ധതമനസ്സിലാഴ്ത്തിയുംകൊണ്ടു് അദ്ദേഹം ലോകാന്തരത്തിലേയ്ക്കു തിരോധാനം ചെയ്തിരിക്കുന്നു. മമ്മാരുന്തുദമായ അദ്ദേഹത്തിൻെറ ദേഹവിയോഗത്തിൽ നമുക്കുള്ള അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി പ്രാത്ഥിക്കുകയുമല്ലാതെ നമുക്കിനി എന്താണ് ചെയ്യുവാൻ കഴിയുന്നതു് ?

(1)

സ്വഭാഷാ ദേശ സംസ്കാര-
സ്നേഹാവേശവശംവദൻ;
സർവ്വമാനവസൗഹാർദ്ദ-
സാധുസന്ദേശവാഹകൻ; .

(2)

സാഹിത്യോജ്ജ്വലസാമ്രാജ്യ-
സാർവ്വഭൗമപദാഞ്ചിതൻ;
സ്വാതന്ത്ര്യാരാധകൻ; നിത്യ-
സത്യസൗന്ദര്യഗായകൻ;

(3)

സ്ഥൂലലോക നിലീനോദ്യൽ-
സൂക്ഷ്മലോകനിരീക്ഷകൻ;
സ്വകീയ കാവ്യപീയൂഷാ-
സ്വാദസംഹൃഷ്ടവിഷ്ടപൻ;

(4)

പ്രകൃത്യംബാ പ്രിയസുതൻ
പൂർവ്വപശ്ചിമ യോജകൻ;
പ്രപഞ്ചഗാനലീനാത്മ-
വിപഞ്ചീസ്വന മോഹനൻ;

(5)

അസംഖ്യ ശിഷ്യാനുകൃതി-
പ്രസൂനാർച്ചിതവൈഭവൻ;
രസാവിസാരി മഹസാ
'രവീന്ദ്രൻ', ത്രിദിവംഗതൻ;

(6)

ഭാരതോവ്വീപ്രാണ "വിശ്വ-
ഭാരതീ"ശൻ ഗുരൂത്തമൻ
നേരായ് ലോകം നയിക്കട്ടെ
നിത്യശാന്തിനികേതനം!

എന്നിങ്ങനേ, ഇതുവരെ വിവരിച്ച ആശയങ്ങളെ ശ്ലോകരൂപത്തിൽ സമാഹരിച്ചാവത്തിച്ചുകൊണ്ടു്, ഈ ഉപന്യാസത്തെ അവസാനിപ്പിച്ചുകൊള്ളട്ടെ.*

---

*"സമസ്തകേരള സാഹിത്യപരിഷത്തു്" വകയായി എറണാകുളത്തുവെച്ചുകൂടിയ പൊതുയോഗത്തിലെ അദ്ധ്യക്ഷപ്രസംഗം.

## മൃത്യു

(ടാഗ്ഗൂറിന്റെ അവസാനകവിത)

എന്റെ കവാടത്തിൻമുന്നിലായ് വീണ്ടുംവീണ്ടും
വന്നിട്ടുണ്ടഴലിന്റെ കാളമാം നിശീഥിനി;
ആയുധമതിൻപക്കലൊന്നുമാത്രംതാനുള്ള-
തായതോ, കണ്ടേനഹം ദുഃഖത്തിൻ കടിലഭ്രൂ!
ഭയത്തിൻ ബീഭത്സമാം ചിഹ്നമായ് തമസ്സിങ്കൽ
സചയമേ ചെയ്യാൻപോകും ചതിവിൻ പൂവ്വരംഗം.
എന്നെല്ലാം വിശ്വസിച്ചേനായതിൻ ഭീഷണാസ്യം,
അന്നെല്ലാം പിണഞ്ഞു മേ നിഷ്ഫലം പരാജയം
ജീവിതത്തിന്റെ വെറുമിന്ദ്രജാലം താനത്രേ
തോൽവിയും വിജയവും ചേരുമീ വിളയാട്ടം;
ക്ലേശത്തിന്നുപഹാസപൂണ്ണമാം ബിഭീഷികാ
ശൈശവംതൊട്ടു പററിക്കൂടുന്നു പദംപ്രതി.
വിവിധഭയങ്ങൾതൻ ചഞ്ചലച്ഛായാപടം
വികീണ്ണവിഷാദത്തിൻ മൃത്യു തീത്തിടും ശില്പം.

## 13. കേരളക്ഷേത്രകലകൾ.

കല എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു് ആലയനിർമ്മാണം, പ്രതിമാകരണം, ചിത്രലേഖനം, സംഗീതം, കവിത എന്നിവയെ മാത്രമല്ലാ, സൗന്ദര്യാവബോധപ്രകാശകമായ ഏതു സുകുമാര വൃത്തിയേയുമാണു് എന്നു വരികിൽ, കേരളീയ ക്ഷേത്രങ്ങളിൽ കലകൾക്കു് എണ്ണത്തിലും വണ്ണത്തിലും സിദ്ധിച്ചിട്ടുള്ള പുഷ്ടി തീച്ച്യയായും അഭിമാനിക്കത്തക്കതുതന്നേയാകുന്നു. വിഗ്രഹാലംകരണ പ്രകാരങ്ങൾ, അച്ച്നാപരിപാടി, ഘോഷയാത്രാ സമ്പ്രദായം, പഞ്ചവാദ്യാദിവാദ്യവിശേഷങ്ങൾ എന്നു തുടങ്ങിയുള്ള ഓരോ അംശത്തിലും സുന്ദരകലകളുടെ സ്ഫുരണം ഏറക്കുറേ കാണുവാൻ കഴിയും. ഇക്കൂട്ടത്തിൽ കലകളുടെ മണ്ഡലപരിധികൾക്കുള്ളിൽപ്പെടുന്നവയും അവയുടെ പരിവേഷത്തിൽ മാത്രം പെട്ടു പരിലസിക്കുന്നവയുമായ അസംഖ്യം ഇനങ്ങളുണ്ടു്. അവയെല്ലാററിനും ഒരു പ്രത്യേകതയുമുണ്ടു്. കേരളീയ ജനങ്ങളേ മററു ജനവിഭാഗങ്ങളിൽനിന്നു വ്യാവത്തിപ്പിക്കുന്ന വൃത്തി, വെടുപ്പു്, അടക്കം, ഒതുക്കം, ആഭ്യന്തരമായ ഗഹനഭാവത്തെ ആവരണംചെയ്യുന്ന ബാഹ്യമായ മൃദുലഭാവം എന്നീ ഗുണങ്ങൾ കേരളീയ കലകൾക്കും ഒരു വിശിഷ്ട വ്യക്തിത്വം നല്കുന്നുണ്ടെന്നു സാമാന്യേന പറയാം.

മററു പ്രദേശങ്ങളിലെന്നപോലെതന്നേ കേരളത്തിലും ലളിതകലകളുടെ വിളഭൂമികൾ ദേവാലയങ്ങ

ളാകുന്നു. ദേവാച്ചനയോട്ട ഏതെങ്കിലും പ്രകാരത്തിൽ ബന്ധം വഹിച്ചുകൊണ്ടു ദേവാലയത്തിനുള്ളിൽ ആവിർഭവിച്ച കലകഠം, കാലക്രമേണ പുറത്തേയ്ക്കുകടന്നു, പൊതുജനങ്ങളുടെ കൈവശസ്വത്തായിപ്പരിണമിക്കുകയാണ് സാധാരണ ചെയ്തു കാണുന്നതു്. എന്നാൽ കേരളത്തിൽ മാത്രം ചില കലകഠം ക്ഷേത്രത്തിൻെറ മതിൽക്കെട്ടിനകത്തുനിന്ന് ഇതുവരെ പുറത്തേയ്ക്കു വരാതെ അനേക ശതവഷ്ങ്ങഠക്കു മുമ്പിരുന്നതുപോലെ തന്നേ ഇന്നും വത്തിച്ചുവരുന്നതായി കാണ്മാനുണ്ട്. അവയിൽവെച്ചു സവ്വഥാ പ്രാഥമ്യവും പ്രാധാന്യവും വഹിക്കുന്നതത്രേ "ചാക്യാർകൂത്തു്."

"കൂത്തു്" എന്ന പദത്തിൻെറ മൂലാത്ഥം നൃത്തമെന്നാകുന്നു വെച്ചിരിക്കുന്നതു്. അതെങ്ങനെയായാലും ഭാരതീയ നാട്യശാസ്ത്രത്തിൻെറ പരമവും പരിശുദ്ധവുമായ പ്രകടനം കാണേണമെങ്കിൽ ഇന്നും ചാക്യാരുടെ അഭിനയരീതിയെത്തന്നെ ശരണീകരിക്കേണമെന്നാണ് അഭിജ്ഞമതം. എന്നാൽ അതു വെറും നടനവും അഭിനയവും മാത്രമൊട്ടല്ലതാനും. പുരാണേതിഹാസങ്ങളിലടങ്ങിയ കഥകളേയും ഉപകഥകളേയും സപ്രപഞ്ചം വ്യാഖ്യാനിച്ചുദാകരിച്ചുവിശദീകരിക്കുന്നചാക്യാർ സാക്ഷാൽ സൂതമുനിയുടേ പ്രതിപുരുഷനായിട്ടാണു പ്രശോഭിക്കുന്നതു്. കാവ്യശാസ്ത്രാദികളിലെ വിഷമഭാഗങ്ങഠ വിവരിച്ചു വെളിവാക്കുന്ന കാര്യത്തിൽ ചാക്യാർ സ്വീകരിച്ചിട്ടുള്ള രീതി ഇന്നും ഒരു മാതൃക തന്നെയാണെന്നു പറയാതെ നിവൃത്തിയില്ല. പഴയ സംഭവങ്ങളേയും സംഗതികളേയും പുതിയ ചുററുപാടുകളോടു കൂട്ടിയി

ണക്കി പൊതുജനങ്ങൾക്കു തികച്ചും അനുഭവം വരത്തക്ക വിധത്തിൽ തന്മയത്വത്തോടും ചമൽകാരത്തോടുംകൂടി വിശദമാക്കുന്ന ചാക്യാർകൂത്തിൻെറ പൊതുജന വിദ്യാഭ്യാസപരമായ പ്രസക്തി അനിഷേധ്യമാകുന്നു. ധർമ്മോപദേശമാകുന്ന "സഞ്ജീവനി" ഗുളികയേ ഫലിതപ്രയോഗമാകുന്ന പഞ്ചസാരയിൽ കട്ടിയായി പൊതിഞ്ഞുകൊണ്ടാണു ചാക്യാർ കൂത്തിൽ സാംസാരിക രോഗികൾക്കു പ്രദാനം ചെയ്യുന്നതു്. ഫലിതത്തിൻെറ പരമകാഷ്ഠയും ചാക്യാർ കൂത്തിൽ പ്രത്യക്ഷമാകുന്നു. ഫലിതം ചിലപ്പോളൊക്കെ അതിരുകവിഞ്ഞു് അശ്ലീലത്തിൽ ചെന്നു ചാടുന്നുണ്ടെങ്കിൽ അതിനു കാരണം പണ്ടത്തെ സാമുദായികസങ്കേതം അതിനു യോജിച്ചതായിരുന്നു എന്നുള്ളതാണു്. ഗ്രന്ഥമൂലമനുസരിച്ചു പഠിച്ചുവെച്ചിട്ടുള്ളതാണു മിക്ക ഫലിതവുമെന്നുവരികിലും മനോധർമ്മമുള്ള ചാക്യാർ സന്ദർഭാനുസാരേണ പുതിയ ഫലിതങ്ങൾ പലപ്പോഴും പൊട്ടിക്കാറുണ്ടെന്നു കണ്ടും കൊണ്ടും അറിഞ്ഞിട്ടുള്ളവർ ധാരാളമുണ്ടു്. ഫലിതമാകുന്ന കോട്ടമതിലിൻെറ പിറകിലിരുന്നുകൊണ്ടു ഏതു ജാതിയുടെയും വ്യക്തിയുടെയും നേക്കു് ആക്ഷേപ വെടികൾ പൊട്ടിച്ചുവിടുന്നതിനു സ്വാതന്ത്ര്യമുള്ള ചാക്യാർ ഒരൊന്നാംതരം വിമർശകനുമാകുന്നു. സമുദായങ്ങളുടേയും വ്യക്തികളുടേയും ദോഷാംശങ്ങളേ ഈ രീതിയിൽ വിളിച്ചുപറയുന്നതിനെതിരായി ആക്കുമൊന്നും ഉരിയാടാവുന്നതല്ല. രാജാക്കന്മാരും പ്രഭുക്കന്മാരും നാട്ടിലേ നാനാസ്ഥാപനങ്ങളുടെ നടത്തിപ്പുകാരും മററുമെല്ലാം ചാക്യാരുടേ വിമർശനത്തിനു വിധേയരാകുന്നതുകൊണ്ടു

ഇന്നത്തെ പത്ര ധമ്മംകൂടി കൂത്തിൽ നിർവ്വഹിക്കപ്പെട്ടു ന്നു എന്നുപറയാം. അന്നന്നത്തെ പരിതഃസ്ഥിതിഗതികളെക്കുറിച്ചു സന്ദർഭോചിതമായി ഗുണദോഷനിരൂപണംചെയ്തു കാണിക്കുക എന്നതു ചാക്യാരുടെ കൃത്യപരിപാടിയിൽ ഉൾപ്പെട്ടുന്നുണ്ടെങ്കിലും അതെല്ലാം ഫലിതമയമായും, സന്ദർഭത്തിനു സ്വഭാവേന യോജിച്ചുമിരിക്കേണ്ടതു അത്യാവശ്യമാകുന്നു. ഇക്കാര്യത്തിലാണു ചാക്യാരുടെ വ്യക്തിപരമായ യോഗ്യത മുഴുവൻ തെളിഞ്ഞുകാണുക. ഏററവും പഴയ ആശയങ്ങളെ ഏററവും പുതിയ രീതിയ്ക്കനുസരിച്ചും, ഏററവും പുതിയ ആശയങ്ങളെ ഏററവും പഴയ ഭാഷാശൈലികളുപയോഗിച്ചും പ്രകാശിപ്പിക്കുന്നതിൽ വിദഗ്ദ്ധന്മാരാണു ചാക്യാന്മാർ. തമിഴിലെയും മററും "ഹരികഥാകാലക്ഷേപ"ങ്ങളിൽ കേൾക്കാറുള്ളതുപോലെ വിലക്ഷണ ഭാഷാപ്രയോഗങ്ങൾ ചാക്യാരുടെ മുഖത്തുനിന്ന് ഒരിക്കലും പുറപ്പെടാവുന്നതല്ല. "മോട്ടോർകാർ," "ഏറോപ്ലേയിൻ," "സ്വരാജ്യം," "നിസ്സഹകരണം" മുതലായവയുടെ അത്ഥങ്ങൾ വരുത്തുവാൻ വിരോധമില്ലെങ്കിലും ഭാഷാശൈലികൾ പണ്ടുണ്ടായിരുന്നവ മാത്രമേ ഉപയോഗിക്കാവൂ എന്നൊരു നിർബ്ബന്ധം ചാക്യാക്കുണ്ട്. ചാക്യാരുടേ ഭാഷയിൽ ഇന്നും കമ്മണിപ്രയോഗംപോലും നിഷിദ്ധമായിട്ടാണു വെച്ചിരിക്കുന്നതെന്നു തോന്നുന്നു. അത്രയ്ക്കു മാമൂൽബന്ധമായിട്ടുള്ളതാണു ചാക്യാരുടെ ഭാഷ. പക്ഷേ നൂതനങ്ങളായ ആശയങ്ങളേതും തന്നേ പ്രകാശിപ്പിക്കുവാൻ അതുകൊണ്ടു സാധിക്കുന്നതുമുണ്ട്. കാലദേശഭേദമനുസരിച്ചു മാററങ്ങൾക്കധീ

നങ്ങളായ സമുദായവ്യക്തികളേ ശുദ്ധീകരിക്കുന്നതിനു പര്യാപ്തമായവിധത്തിൽ കൂത്തിലേ വ്യാഖ്യാനഘട്ടങ്ങളിൽ പുറമപാട്ടുകളേ ലക്ഷ്യമാക്കിക്കൊണ്ടു നൂതനാശയങ്ങളെ ചെലുത്തുന്നതത്യാവശ്യമാണല്ലോ. എന്നാൽ അങ്ങനേ ആത്മാവു നൂതനമാകുമ്പോഴും ആകൃതിക്കു പുരാതനത്തിൽനിന്നു യാതൊരു വ്യത്യാസവും പാടില്ലെന്നു നിബ്ബന്ധമുള്ളതായിതോന്നുന്നു. ചാക്യാരുടേ മാമൂൽപ്പിടിത്തത്തിൻെറ ഒരു ചിഹ്നം മാത്രമാണിതു്. വാസ്തവമാലോചിച്ചാൽ മാമൂലിൽനിന്നു് ഒരണുപോലും വ്യതിചലിക്കുവാൻ തുനിയാത്ത ഒരു സ്ഥാപനം തന്നേയാണു് ചാക്യാർകൂത്തു്. അതിൻെറ ഭാവി എന്താണെന്നു കണ്ടുതന്നേ അറിയേണ്ടിയിരിക്കുന്നു. എന്തായാലും വിദ്യാഭ്യാസത്തിനും വിനോദത്തിനും ഒരുപോലെ ഉപകരിക്കുന്ന അത്യുൽകൃഷ്ടമായ ഈ കലയേ നാമാവശേഷമാകാതെ നോക്കേണ്ടതു കേരളത്തിൻെറ സംസ്കാര വിശേഷത്തിനു യോജിച്ചതുതന്നേയാകുന്നു.

*     *     *

ചാക്യാർകൂത്താകുന്ന അഗ്നികുണ്ഡത്തിൽനിന്നു പുറത്തേയ്ക്കു തെറിച്ചുപോയ രണ്ടു സ്ഫുലിംഗങ്ങൾ മാത്രമാണു് തുള്ളലും പാഠകവും.

ചാക്യാരുടേ പിന്നിൽ വളരെക്കാലം ഇരുന്നു സമ്പാദിച്ചിട്ടുള്ള സാഹിത്യസമ്പത്താണു് നമ്പ്യാർ തൻെറ തുള്ളലുകളിൽ സ്വച്ഛന്ദം വാരിവിതറീട്ടുള്ളതു്. കൂത്തിലേ അംശങ്ങളേ തുള്ളലുകളിൽനിന്നെടുത്തു കളഞ്ഞാൽ ബാക്കി ശേഷിക്കുന്ന ഭാഗം താരതമ്യേന തുച്ഛമെന്നു തന്നേ പറയാം. ചാക്യാർകൂത്തു് ഒരു ബ്രാഹ്മണസ്സദ്യ

യാണെങ്കിൽ അതിലെ വിഭവങ്ങളെ ധാരാളം കൂട്ടുകൂട്ടി സർവ്വാണിസ്സദ്യയ്ക്കു വിളമ്പുകയാണ് തുള്ളലിൽ ചെയ്തിട്ടുള്ളതെന്നു സമ്മതിക്കേണ്ടിവരും. അതുപോലെതന്നെ പ്രകടനപരിധികഠം വിസ്തൃതങ്ങളാക്കി, പൊതുജനങ്ങഠംക്കു പുരാണേതിഹാസപരിജ്ഞാനവും ലോകപരിചയവും ക്ലേശംകൂടാതെ നേടുവാൻവേണ്ടി നടത്തപ്പെടുന്നതാണ് പാഠകം. കൂത്തിന്റെ ലക്ഷണങ്ങഠം പലതും ഇതിലുണ്ടെങ്കിലും, സദസ്സിലെ വ്യക്തികളെ ചൂണ്ടിക്കാണിച്ചുകൊണ്ടു കളിയാക്കുവാനുള്ള സ്വാതന്ത്ര്യം പാഠകക്കാരനില്ലെന്നൊരു വ്യത്യാസവുമുണ്ട്. കൂത്തിനെപ്പോലെത്തന്നേ കാലാനുകൂലമായ പരിഷ്കാരങ്ങളോടുകൂടി നിലനിർത്തിക്കൊണ്ടുപോകേണ്ട കലകളാണ് തുള്ളലും പാഠകവുമെന്നതിനു സംശയമില്ല.

* * *

കേരളത്തിനു് അഭിമാനിക്കത്തക്കതായ ഒരു സ്വതന്ത്രദൃശ്യകലയുണ്ടെങ്കിൽ അതു കഥകളിയാണെന്നു് ഇപ്പോഠം പരക്കേ സമ്മതമായിത്തുടങ്ങീട്ടുണ്ടല്ലോ. നൃത്തം, ഗീതം, വാദ്യം എന്നീ മൂന്നംഗങ്ങളും തികഞ്ഞ ഈ കലയിൽ കാലദോഷംകൊണ്ടു ചില അംശങ്ങഠം ദുഷിച്ചുപോയിട്ടുണ്ടെങ്കിലും, അവയേ അനായാസേന പരിഷ്കരിക്കാവുന്നതാണെന്നും ഇപ്പോഠം കുറച്ചൊക്കെ സ്പഷ്ടമായിത്തുടങ്ങീട്ടുണ്ടു്. കഥകളിയിലും, കൂത്തിലേപ്പോലെത്തന്നേ, കഥകഠം സാമാന്യേന പുരാണേതിഹാസ പ്രസിദ്ധങ്ങളായിട്ടുള്ളവയാണ്. എന്നാൽ അവയെ വ്യാഖ്യാനിച്ചു വിശദീകരിക്കുന്നതു കൈമുദ്രകളെക്കൊണ്ടും അഭിനയംകൊണ്ടുമാണ്. ശ്ലോകങ്ങളും പദങ്ങളു

മായി കഥാഭാഗം മുഴുവൻ ഗായകൻ പിന്നിൽ നിന്നു പാടി പ്രകാശിപ്പിക്കുന്നു. പക്ഷേ അവയിൽ കവിഞ്ഞു പല ആശയങ്ങളേയും വിശദീകരണത്തിനും അലംകാരത്തിനുംവേണ്ടി നടന്മാർ അംഗവിക്ഷേപങ്ങളാലും മുഖഭാവങ്ങളാലും പ്രകടീകരിക്കുന്നു. അഭിനയംകൊണ്ടു രസങ്ങളെ അനുഭവരസികന്മാൎക്കു പ്രത്യക്ഷമാക്കിക്കൊടുക്കുന്നതിൽ കഥകളി ഇന്നും അദ്വിതീയമായ ഒരു കലയായിട്ടാണ് പ്രശോഭിക്കുന്നത്. വികാരങ്ങളുടെ ഭാഷ പരമകോടിയേ പ്രാപിച്ചിട്ടുള്ളത് ഇതിലാണ്. സാങ്കേതികമായ കൈമുദ്രാൎത്ഥം ഗ്രഹിക്കാത്തവൎക്കുകൂടി നടൻെറ മുഖത്തു പ്രകാശിച്ചു കാണുന്ന രസം അനുഭവഗോചരമാകുന്നു. താളമേളക്കൊഴുപ്പോടുകൂടിയ അലംകാരനൃത്തത്തിൻെറ വിഷയത്തിലും കഥകളി ഒരു മാതൃകതന്നേയാണ്. കഥകളിയെ നാടകത്തോടും ചലച്ചിത്രത്തോടും മററും താരതമ്യപ്പെടുത്തുന്നതു ഭിന്നപ്രസ്ഥാനങ്ങളെ അന്യോന്യം താരതമ്യപ്പെടുത്തുന്നതുപോലെയായിരിക്കും. എന്നാൽ കഥകളി വാസ്തവത്തിൽ ഏതു പ്രസ്ഥാനത്തിലാണോ ഉൾപ്പെടുന്നത്, ആ പ്രസ്ഥാനത്തിൽ അതിനു തുല്യമായി മറെറാരു കലയും ഇതുവരെ ഉണ്ടായിട്ടില്ലെന്നു നിസ്സംശയം ഉദ്ഘോഷിക്കാവുന്നതാണ്. അതിനേ പല പ്രകാരത്തിൽ ഇന്നത്തേ രുചിവിശേഷങ്ങൾക്കൊത്തു സംസ്കരിക്കാമെന്നതു ശരിതന്നേ; പക്ഷേ കലയുടേ കൂട്ടത്തിൽ കാലം ചെല്ലുമ്പോൾ ഏതാണ് ഇങ്ങനെയുള്ള സംസ്കാരം അൎഹിക്കാതെയുള്ളത്? അതുകൊണ്ടുമാത്രം അതിൻെറ ആന്തരമായ ഔൽകൃഷ്ട്യ

ത്തിന്നു യാതൊരു കുററവും കുറവും പററുന്നില്ലെന്നു സമ്മതിച്ചേ കഴിയൂ.

ചുരുക്കിപ്പറഞ്ഞാൽ, ചാക്യാർക്കൂത്തും അതിൻെറ ശാഖകളായ തുള്ളലും പാഠകവും, അതുപോലെതന്നേ അത്യുൽകൃഷ്ടമായ കഥകളിയും കേരളീയരുടേ സംസ്കാരാഭിമാനസ്തംഭങ്ങളാകയാൽ അവയേ യഥോചിതം സംരക്ഷിക്കേണ്ടതു കലാകുതുകികളുടേ ഒരു മുഖ്യകർത്തവ്യമാകുന്നു.

# 14. മലയാളസാഹിത്യം

---

### ഒരു വിഹഗവീക്ഷണം

ആവില്ലീലം മുളച്ചാദ്രമിഡതടമതിൽ
        പ്പിന്നെയസ്സംസ്കൃതത്തേ-
ന്മാവിൽക്കേറിസ്സവർണ്ണോജ്ജ്വലസുമധുരയായ്
        കൈരളീ പുഷ്പവല്ലീ
സേവിച്ചാംഗ്ലേയസൂര്യാതപമതനുലസൽ-
        പത്രപുഷ്പങ്ങളാന്നി-
ബ്ഭുവിൽസൈരംബുധാളിക്കരുൾവിതുമഹനീ-
        യാശയാമോദപൂരം.

### പീഠിക

ആരംഭംമുതൽ ആധുനികകാലംവരെയുള്ള മലയാളസാഹിത്യചരിത്രത്തിലെ മുഖ്യ വിഭാഗങ്ങളെയും അവയുടെ ലക്ഷണങ്ങളെയും സൂചിപ്പിക്കുകയാണ് മുകളിൽ "ശ്ലോകത്തിൽ കഴിച്ചിരിക്കുന്നതു്." അവയിൽ പ്രസ്ഥാനഭേദങ്ങളെ അവലംബിച്ചുള്ള പ്രത്യേകത കാണിപ്പാനായി ഒരു ദിങ്മാത്രദശനം മാത്രമേ ഈ ലേഖനംകൊണ്ടുദ്ദേശിച്ചിട്ടുള്ളു. ഗ്രന്ഥകർത്താക്കന്മാരുടെയും ഗ്രന്ഥങ്ങളുടെയും പേരുകൾ അതതു പ്രസ്ഥാനങ്ങളെ ഉദാഹരിക്കുന്നതിനു വേണ്ടിടത്തോളം മാത്രമാണ് ഇതിൽ എടുത്തു പറഞ്ഞിട്ടുള്ളതു്. കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർ ഏതെങ്കിലും ഒരു സാഹിത്യചരിത്രം നോക്കുകതന്നെ വേണം.

## മണിപ്രവാളം

കേരളത്തിലെ സാഹിത്യനദി, പ്രാരംഭദശയിൽ, രണ്ടു കൈവഴികളായിട്ടാണ് പ്രവഹിച്ചിരുന്നതു്. അവയിൽ ഒന്നിൻെറ ഗതി പണ്ഡിതന്മാൎക്കായുള്ള സംസ്കൃതഭാഷാമാൎഗ്ഗമായും, മററതിൻെറ പോക്കു് പാമരന്മാൎക്കായുള്ള "തനിമലയാള്മ" വഴിക്കുമായിരുന്നു എന്നു മൊത്തത്തിൽ പറയാം. ആദ്യഘട്ടങ്ങളിൽ അവ രണ്ടും തീരെ വേർതിരിഞ്ഞുതന്നെ നിലനിന്നുപോന്നു; സംസ്കൃതം മിക്കവാറും പുരോഹിതവൎഗ്ഗത്തിൻേറയും, അവരോടു ചേൎന്നിന്നു കാവ്യനാടകാദികൾ അഭ്യസിച്ചിരുന്ന മററു വൎഗ്ഗക്കാരുടേയും സ്വത്തായിരുന്നു. തനി മലയാളികളുടെ മുതൽ, മതപരമായും വിനോദപരമായുമുള്ള അസംഖ്യം നാടൻ പാട്ടുകളുമായിരുന്നു. അനന്തരദശയിൽ, മലയാളവും സംസ്കൃതവും തമ്മിൽ ചേൎന്നിണങ്ങി "മണിപ്രവാളം" എന്ന ഒരു മിശ്രഭാഷ ഇവിടെ ചില പ്രത്യേകകാരണങ്ങളാൽ ആവിർഭവിച്ചു. അതിനെക്കുറിച്ചു് "ലീലാതിലകം" എന്ന ഒരു നിഷ്കൃഷ്ടശാസ്ത്രഗ്രന്ഥവും ഒരു രസികൻ നിൎമ്മിച്ചു. മണിപ്രവാളത്തിൻെറ പരിണാമത്തിൽ സംസ്കൃതത്തിൻെറ സമ്പൎക്കമേററ മലയാളഭാഗം ക്രമേണ ശോഷിച്ചും വന്നു.

ക്രി. എട്ടാംശതകത്തിൽ ജീവിച്ചിരുന്നതായി പറയപ്പെടുന്ന തോലകവിയുടെ കാലംമുതല്ക്കുതന്നെ മണിപ്രവാളത്തിനു കേരളത്തിൽ അഭിവൃദ്ധിയുണ്ടായിരുന്നു എന്നു സ്പഷ്ടമാണ്. പഴയ മണിപ്രവാളത്തിൻെറ ഒരു മാതൃകയാണ് "വൈശികതന്ത്രം" എന്ന അംബോപദേശത്തിൽ കാണുന്നതു്. തോലൻെറ ഫലിതശ്ലോകങ്ങളും

വൈശികതന്ത്രത്തിലെ ചില പദ്യങ്ങളും ചാക്യാന്മാർ ഉപയോഗിക്കാറുണ്ട്. ഇവയിലെ ഭാഷ മുറയ്ക്കു വളൎന്നുവന്നു്, ഉണ്ണിയാടീചരിതാദിചമ്പുക്കൾ, ഉണ്ണുനീലിപ്രഭൃതി സന്ദേശങ്ങൾ, ചന്ദ്രോത്സവാദി ഖണ്ഡകാവ്യങ്ങൾ, എന്നിവയിൽ പരിപക്വതയെ പ്രാപിക്കുന്നു. രാമായണം, നൈഷധം, കൊടിവിരഹം, രാജരത്നാവലീയം, തെങ്കൈലനാഥോദയം മുതലായ പ്രശസ്തചമ്പുക്കൾ നമ്പൂരിമാരുടെ പ്രതിഭാവിലാസത്തിൻെറ പ്രകൃഷ്ടോദാഹരണങ്ങളാകുന്നു. അക്കാലത്തിനടുത്തുതന്നെയായിരിക്കണം 'ഹരികുമാരീമന്ദിരാവാസിനി' പരദേവതയായിട്ടുള്ള ഒരു നമ്പൂതിരികവിശ്രേഷ്ഠൻ 'ചന്ദ്രോത്സവം' എന്ന ലഘുകാവ്യം കൈരളിക്കു സമ്മാനിച്ചതു്. ഇവയെല്ലാം "മണിപ്രവാളത്തിൻെറ ശുക്രദശ"യായ ചമ്പൂകാലത്തുണ്ടായ കാവ്യരത്നങ്ങളാണു്. ഗദ്യപദ്യമിശ്രങ്ങളായ കാവ്യങ്ങളാണല്ലൊ ചമ്പുക്കൾ. പല വൃത്തങ്ങളിലുമുള്ള ശ്ലോകങ്ങൾ, ദ്രാവിഡവൃത്തങ്ങളിലുള്ള "പാട്ടു"കൾ, ദണ്ഡകങ്ങൾ ,ഗദ്യഖണ്ഡങ്ങൾ എന്നിവയെല്ലാം ചേൎന്നുള്ള "പ്രബന്ധ"ങ്ങളെ "ചമ്പു"ക്കളാക്കിത്തീൎത്തപ്പോൾ ലക്ഷണമൊപ്പിക്കുവാൻവേണ്ടി അവയിലെഉള്ളടക്കത്തെ ആകെ ഗദ്യമെന്നും പദ്യമെന്നും രണ്ടിനങ്ങളിൽ വിഭജിക്കേണ്ടതായും വന്നു. ഇപ്പോൾ മണിപ്രവാളചമ്പുക്കളിൽ ഗദ്യത്തിൻെറ സ്ഥാനത്തു കാണുന്നതു് പ്രായേണ പലതരം ദ്രാവിഡവൃത്തങ്ങളാണു്. ഛന്ദോവൃത്തങ്ങളോടു മാത്രാവൃത്തങ്ങൾ ചേരുമ്പോൾ പദ്യഗദ്യമിശ്രണഫലമാണു് കാവ്യദൃഷ്ട്യാ ഉണ്ടാകുന്നതെന്നു ചമ്പൂകാരന്മാരായ സംസ്കൃതപണ്ഡിതന്മാർ നിശ്ചയിച്ചതിൽ അത്ഭുതമില്ലല്ലൊ.

പാട്ടുകഠം

എന്നാൽ ദ്രാവിഡവൃത്തങ്ങഠംമാത്രം ഉപയോഗിച്ചെഴുതപ്പെട്ട പാട്ടുകളും മലയാളത്തിൽ മററൊരുഭാഗത്തുകൂടി ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. നിരണത്തു പണിക്കന്മാർ തമിഴവൃത്തങ്ങളുടെ തോതുപിടിച്ചു പല ഉൽകൃഷ്ടകൃതികളും ഏഴാംശതകത്തിൻെറ ആരംഭത്തിലോ അതിന് അല്പം മുമ്പോ ആയി നിമ്മിച്ചിട്ടുള്ളവ "നിരണം കൃതികഠം" എന്നപേരിൽ സുപ്രസിദ്ധങ്ങളായിത്തീന്നിട്ടുണ്ടല്ലോ. കേരളത്തിലെ ദ്രാവിഡവൃത്തശാഖയെ സവിശേഷം പോഷിപ്പിച്ച തുഞ്ചത്താചായ്യപാദരുടെ പുണ്യനാമധേയം കേരളീയർ എന്നെന്നും കൃതജ്ഞതാപൂവ്വം സ്മരിക്കേണ്ട ഒന്നാണ്. മണിപ്രവാളാവശിഷ്ടങ്ങഠം പലതും അദ്ദേഹത്തിൻെറ ഭാഷയിൽ കാണാമെങ്കിലും, അതു വേരുറച്ചു നില്ക്കുന്നത് ദ്രാവിഡത്തിലാണ്. അദ്ദേഹം കാവ്യഭാഷയ്ക്കു് ഒരു വ്യവസ്ഥയുണ്ടാക്കിയതുകൊണ്ടു് ഇന്നത്തെ മലയാളത്തിൻെറ പിതാവു് എന്ന ബഹുമതിയെ അഹിച്ചിരിക്കുന്നു. എഴുത്തച്ഛൻെറ പാട്ടുകളിലെ ആശയവിശുദ്ധിയും ഭക്തിരസവും കാവ്യഗുണവും കേരളീയരെ ഏതു് കാലത്തും രോമാഞ്ചം കൊള്ളിക്കുകതന്നെ ചെയ്യും. കൈരളിയെ ആനന്ദനൃത്തം ചെയ്യിച്ച കുഞ്ചൻനമ്പ്യാരുടെ നാമധേയവും പാട്ടുകളെപ്പററി പറയുമ്പോഠം സ്മരിക്കാതിരിക്കാൻ നിവൃത്തിയില്ല. ഫലിതരസംതുളുമ്പുന്ന അദ്ദേഹത്തിൻെറ കവിതകളിൽ രണ്ടുവരിയെങ്കിലും ചൊല്ലാനറിയാത്തവർ മലയാളികളുടെ ഇടയിൽ ഉണ്ടായിരിക്കയില്ലെന്നു സധൈയ്യം പറയാം. എഴുത്തച്ഛൻെറ കിളിപ്പാട്ടുകളേയും കുഞ്ചൻ

നമ്പ്യാരുടെ തുള്ളലുകളെയുംപോലെ ഇത്ര പ്രചാരമുള്ള കൃതികഠം മലയാളത്തിൽ വേറെ ഉണ്ടോ എന്നു് സംശയമാണ്. വഞ്ചിപ്പാട്ട്, 'കുറത്തിപ്പാട്ട്, തിരുവാതിരപ്പാട്ട്, പാന എന്നു തുടങ്ങി ഭാഷാഭണ്ഡാഗാരത്തെ പോഷിപ്പിച്ചിട്ടുള്ള പാട്ടുകഠം വേറേയും പലതുണ്ട്. വീരാരാധനപരങ്ങളായി തെക്കൻ തിരുവിതാംകൂറിലും വടക്കെ മലബാറിലും ഉണ്ടായിട്ടുള്ള പാട്ടുകളും ഈ അവസരത്തിൽ പ്രത്യേകം സ്മരണീയങ്ങളാകുന്നു.

### ദൃശ്യകാവ്യങ്ങഠം

ഭാഷയെ സംബന്ധിച്ചിടത്തോളം മണിപ്രവാളത്തോടടുപ്പമുള്ള ഒരു സാഹിത്യപ്രസ്ഥാനമാണ് കഥകളി. കൊട്ടാരക്കര രാജാവിൻെറ പ്രതിഭയിൽനിന്നു മുളച്ച്, കോട്ടയത്തു തമ്പുരാൻെറ പരിചരണമേററു തഴച്ച്, കൊച്ചി, തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ നിരന്തര ശുശ്രൂഷയാൽ പല്ലവിതമായി, ഉണ്ണായിവാരിയർ മുതലായ കവികളുടെ കാലത്തു് പൂത്തു കായ്ച്ച ആ ദൃശ്യകാവ്യശാഖ ഇടക്കാലത്തു് അല്പമൊന്നു വാടിത്തളൻപോയി എങ്കിലും "കേരളകലാമണ്ഡല"ത്തിൻെറ ആവിർഭാവത്തിന്നുശേഷം വീണ്ടും വികാസത്തെ മാത്രമല്ല വിശ്വവിഖ്യാതിയെത്തന്നെ നേടിത്തുടങ്ങി. കഥകളിയുടെ ശുക്രദശ അവസാനിച്ചിരുന്ന കാലത്തു് ജനസാമാന്യത്തെ ആകർഷിച്ച മറെറാരു ദൃശ്യകലയത്രെ തുള്ളൽ. ഈ പ്രസ്ഥാനത്തിൻെറ ജനയിതാവായ കുഞ്ചൻനമ്പ്യാരുടെ നാമധേയം, പാട്ടുകളെപ്പററി പറയുന്ന അവസരത്തിലും സ്മരിച്ചിട്ടുള്ളതാണല്ലോ. കേരളത്തിൻെറ തെക്കേ അററംമുതൽ വടക്കേ അററംവരെ

യുള്ള സഹൃദയർ ഈ ദൃശ്യകാവ്യശാഖയിൽ ഒരു കാലത്തു് കണക്കിലേറെ ഭ്രമിക്കുകയുണ്ടായി.

ദൃശ്യകാവ്യപരിണാമത്തിൻെറ അടുത്ത പടിയിൽ കാണുന്നതു് സംസ്കൃതനാടകങ്ങളുടെ തർജ്ജമകളാണു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ ശാകുന്തളപരിഭാഷ വെട്ടിത്തുറന്ന വഴിയിൽകൂടി അന്നു് അനവധി ആളുകൾ സഞ്ചരിച്ചു. ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി മുതലായവരെ ഇക്കൂട്ടത്തിൽ പ്രമാണികളായി ഗണിക്കാം. സ്വതന്ത്ര നാടകങ്ങളാണു് അടുത്ത പടിയിൽ നാം കാണുന്നതു്. ഇവയുടെ എണ്ണവും കുറച്ചൊന്നുമല്ല. ഒടുവിൽ നാടകനിർമ്മാണം ഒരു "ഭ്രാന്തിൻെറ നിലയിൽ എത്തിയതുകൊണ്ടാണല്ലോ, മുൻഷി രാമക്കുറുപ്പു തെക്കേ അററത്തുനിന്നും, കെ. സി. നാരായണൻ നമ്പ്യാർ വടക്കേ അററത്തുനിന്നും, ഓരോ "ചക്കീചങ്കരം" നാടകവുംകൊണ്ടു പുറപ്പെട്ടതു്.

ഭാഷാനാടകഭ്രമം അല്പമൊന്നു് ആറിയതോടുകൂടി സംഗീതനാടകങ്ങൾ ആവിർഭവിച്ചു. കെ. സി. കേശവപിള്ള, ടി. സി. അച്യുതമേനോൻ, എരുവയിൽ ചക്രപാണിവാരിയർ, കെ. പി. കറുപ്പൻ മുതലായവർ ഈ വിഷയത്തിൽ ചെയ്തിട്ടുള്ള ശ്രമം പ്രത്യേകിച്ചും അഭിനന്ദനാർഹമാണു്. ഇംഗ്ലീഷിനെ അനുകരിച്ചു പുറപ്പെട്ടതാണു് പ്രഹസനപ്രസ്ഥാനം. സി. വി. രാമൻപിള്ള, അപ്പൻതമ്പുരാൻ, ഇ. വി. കൃഷ്ണപിള്ള മുതലായവരുടെ പ്രഹസനങ്ങൾ ഇന്നും നാടകവേദികളെ വിട്ടുപിരിഞ്ഞു കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ രുചി അറിഞ്ഞു പ്രഹ

സനങ്ങൾ എഴുതുന്ന യുവസാഹിത്യകാരന്മാർ ഇന്ന് ഒട്ടും അപൂൎവ്വമല്ലതാനും.

### മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും

കൈരളീപുഷ്പവല്ലി സംസ്കൃതത്തേന്മാവിൽ പടൎന്നുപിടിച്ചതിൻെറ ഫലമായുണ്ടായവയാണ് മലയാളത്തിലെ മഹാകാവ്യങ്ങൾ. രാമചന്ദ്രവിലാസം, ഉമാകേരളം, രുഗ്മാംഗദചരിതം, കേശവീയം, പാണ്ഡവോദയം, ഗോശ്രീശാദിത്യചരിതം, വഞ്ചീശവംശം എന്നു തുടങ്ങി എത്രയോ മഹാകാവ്യങ്ങൾ മലയാളത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. രഘുവീരവിജയം, രാഘവാഭ്യുദയം എന്നീ മഹാകാവ്യങ്ങൾ അടുത്ത കാലത്തുപോലും പുറപ്പെട്ടിട്ടുള്ളതോൎക്കുമ്പോൾ മഹാകാവ്യകാലം കഴിഞ്ഞുപോയി എന്നു ധൈൎയ്യത്തോടുകൂടി പറയുവാൻ മടിക്കേണ്ടിയിരിക്കുന്നു.

ആംഗ്ലേയ സൂൎയ്യാതപമേററതിൻെറ ഫലമായി പൊട്ടിപ്പുറപ്പെട്ടിട്ടുള്ള ഖണ്ഡകാവ്യശാഖ അനുദിനം പരിപുഷ്ടിയെ പ്രാപിച്ചുവരികയാണ്. കുമാരനാശാൻ, ബാലകൃഷ്ണപണിക്കർ മുതലായവരുടെ ശുശ്രൂഷയാണ് ആദ്യകാലത്ത് ആ ശാഖയ്ക്കു അധികമായി സിദ്ധിച്ചതു്. വള്ളത്തോളും ഉള്ളൂരും അതിനെ ഗണ്യമായ വിധം പോഷിപ്പിച്ചിട്ടുണ്ട്. ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ അദ്വിതീയന്മാരായ പല കവികളും ഇന്നും കൈരളീസേവനത്തിൽ ബദ്ധശ്രദ്ധന്മാരായിത്തന്നെ വൎത്തിക്കുന്നു.

### ഗദ്യസാഹിത്യം

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻെറ കാലം മുതല്ക്കാണ് ഗദ്യത്തിന് ഇന്നത്തെ രൂപം കൈവന്നതു്.

പണ്ഡിതശിരോമണിയും പ്രതിഭാശാലിയുമായ "കേരളപാണിനി" തൻെറ മാതുലൻെറ മാൎഗ്ഗത്തെ സവിശേഷം പരിഷ്കരിച്ചു. മലയാള മനോരമ മുതലായ പത്രങ്ങളും ഭാഷാപോഷിണി, വിദ്യാവിനോദിനി, രസികരഞ്ജിനി, മംഗളോദയം മുതലായ മാസികകളും ഗദ്യശാഖയെ വളരെ പോഷിപ്പിച്ചിട്ടുണ്ടു്. പണ്ടു പദ്യശാഖയ്ക്കു് സംസ്കൃതം ഏതുപോലെ സഹായമായിരുന്നുവോ, അതുപോലെയാണു് പില്ക്കാലത്തു ഗദ്യശാഖയ്ക്കു് ആംഗ്ലേയഭാഷ വികാസഹേതുവായിത്തീൎന്നിട്ടുള്ളതു്. ആംഗ്ലേയസൂൎയ്യാതപമേററു ധാരാളമായ "പത്ര"സമ്പത്തുണ്ടായതു് കൈരളീലതയുടെ വളൎച്ചയ്ക്കു് ഒരു നല്ല താങ്ങായി എന്നു പദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ളതു അതുകൊണ്ടാണു്. മുകളിൽ പേരുപറഞ്ഞവയും കൈരളി, ആത്മപോഷിണി എന്നു തുടങ്ങി അതിനു പുറമേയുള്ളവയും ആയ പത്രമാസികകൾ വഴിയായി പല പ്രസിദ്ധ നോവലുകളും ചെറുകഥകളും ഉപന്യാസങ്ങളും മററും പുറത്തു വന്നിട്ടുള്ളതോൎക്കുമ്പോൾ പ്രസ്തുത സാഹിത്യശാഖയുടെ പ്രാധാന്യം ഏതാണ്ടു് ഊഹിക്കാവുന്നതാണല്ലോ. സമസ്തകേരളസാഹിത്യപരിഷത്തു വകയായി പുറപ്പെടുന്ന ത്രൈമാസികത്തിൻെറ കഥയും വിസ്മരിക്കത്തക്കതല്ല. ഗവേഷണപരങ്ങളും വിമൎശനപരങ്ങളുമായ അനേകം നല്ല ഉപന്യാസങ്ങൾ ആ ത്രൈമാസികംവഴി ഇന്നും പുറപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. പ്രശസ്തങ്ങളായ പല ആഖ്യായികകളും നോവലുകളും മലയാളത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. സി. വി., ചന്തുമേനോൻ, അപ്പൻ തമ്പുരാൻ മുതലായവരുടെ നാമധേയങ്ങൾക്കു് ഈ

സാഹിത്യശാഖയിൽ ശാശ്വതപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോഠം പദ്യത്തിൽ ഖണ്ഡകാവ്യത്തിനുള്ളതുപോലെ ഗദ്യത്തിൽ ചെറുകഥയ്ക്കാണ് പ്രചാരാധിക്യമുള്ളതു്. യഥാൎത്ഥജീവിതത്തിൻെറ വിവിധവശങ്ങളെ പ്രതിഫലിക്കുന്ന ചെറുകഥകഠം പ്രതിഭാസമ്പന്നന്മാരായ പല യുവസാഹിത്യകാരന്മാരും ഇന്നു എഴുതിവരുന്നുണ്ടു്. അക്കൂട്ടത്തിൽ ഇംഗ്ലീഷിലെ ഉത്തമങ്ങളായ ചെറുകഥകളോടു കിടപിടിക്കുന്നവയും ഒട്ടും ദുൎല്ലഭമല്ല. ആകപ്പാടെ നോക്കുമ്പോഠം മലയാളത്തിൽ ഇന്നു നാം കാണുന്നതു്, ഖണ്ഡകാവ്യങ്ങളുടേയും ലഘുപന്യാസങ്ങളുടേയും, ചെറുകഥകളുടേയും കാലമാണെന്നു പറയാം. ഇന്ത്യയിലെ ഇതരസാഹിത്യങ്ങളോടു താരതമ്യപ്പെടുത്തുന്നപക്ഷം മലയാളത്തെക്കുറിച്ചു നമുക്ക് അഭിമാനത്തിനുതന്നെയാണ് അവകാശമുള്ളതു്. പാശ്ചാത്യസാഹിത്യങ്ങളിൽനിന്നു് യഥാകാലം യഥോചിതം നമുക്കു വേണ്ടതെല്ലാം സ്വീകരിച്ചു നമ്മുടെ ഭാഷയെ ഇനിയും പുഷ്ടിപ്പെടുത്താവുന്നതുമാണല്ലോ.

## 15. മലയാളം തെളിയണമെങ്കിൽ

ഇംഗ്ലീഷ്, ജൎമ്മൻ മുതലായ പാശ്ചാത്യഭാഷകളെയോ, ബങ്കാളി, തമിഴ് മുതലായ ഭാരതീയഭാഷകളെയോ അപേക്ഷിച്ച് നമ്മുടെ മലയാളഭാഷയ്ക്ക് എന്തുകൊണ്ടാണ് ഉൽക്കൎഷവും പ്രചാരവും പോരാതിരിക്കുന്നതു് എന്നു പലരും പലപ്പോഴും ചോദിക്കുന്നതു് കേട്ടിട്ടുണ്ടു്. ഇതു ഗാഢമായ ചിന്തയെ അൎഹിക്കുന്ന ഒരു പ്രശ്നമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ ചോദ്യം ഓരോ മലയാളിയും തന്നെത്താൻ ചോദിക്കുവാൻ തുടങ്ങിയാൽ, കേവലം അതിൽനിന്നുതന്നെ മലയാളഭാഷയ്ക്കു ശോഭനമായ ഒരു ഭാവി ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

ഒരു ഭാഷയ്ക്ക് ഉൽക്കൎഷമുണ്ടാകേണമെങ്കിൽ ഒന്നാമതായി വേണ്ടതു്, ആ ഭാഷകൊണ്ടു കൈകാര്യം ചെയ്യുന്നവൎക്ക് അതിനെക്കുറിച്ച് ആത്മാൎത്ഥമായ അഭിമാനമുണ്ടായിരിക്കുകയാണ്. ജൎമ്മൻകാൎക്കും, ഇംഗ്ലീഷുകാൎക്കും, ബങ്കാളികൾക്കും, തമിഴന്മാൎക്കും അവരവരുടെ മാതൃഭാഷയെക്കുറിച്ചുള്ള സ്നേഹാദരങ്ങൾ മാതൃകായോഗ്യങ്ങൾ തന്നെയാണ്. തങ്ങളുടെ സ്വന്തഭാഷകളെ മേല്ക്കുമേൽ അഭിവൃദ്ധിപ്പെടുത്തുകയും സൎവ്വത്ര പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി അവർ ഏതെല്ലാം വിധത്തിൽ പ്രയത്നിക്കുന്നു! എവിടെപ്പോയാലും, തരമുള്ളേടത്തെല്ലാം, അവർ തങ്ങളുടെ മാതൃഭാഷമാത്രമേ ഉപയോഗിക്കുകയുള്ളൂ. സംസാരവും എഴുത്തുകുത്തും മററുമെല്ലാം മാതൃഭാഷയിൽത്തന്നെ വേണമെന്ന വ്രതമെ

ട്ടത്തിട്ടുള്ളവരാണ് അവരിൽ അനേകംപേർ. അവരുടെ കൂട്ടത്തിലുള്ള കച്ചവടക്കാരോടു മാതൃഭാഷയിൽ കാര്യം പറയാവുന്നവക്കു സാമാനങ്ങൾ ചുരുങ്ങിയ വിലയ്ക്കു വാങ്ങിക്കുവാൻപോലും സാദ്ധ്യമാകുന്നു! വിദേശഭാഷയിൽ വില ചോദിച്ചാൽ കൂടുതൽ കൊടുക്കേണ്ടതായും വന്നേക്കാം! സുഹൃത്സമ്മേളനാവസരങ്ങളിൽ അവർ സല്ലാപങ്ങൾക്കായി ഉപയോഗിക്കുന്നതും മാതൃഭാഷ തന്നെ. ഈ തോതുവെച്ചു നോക്കുമ്പോൾ മലയാളത്തിൻെറ കഥ ഇന്നും എവിടെ കിടക്കുന്നു? കേരളത്തിനു പുറത്തുവെച്ചു മാത്രമല്ലാ, കേരളക്കരക്കുള്ളിൽവെച്ചും, രണ്ടു മലയാളികൾ തമ്മിൽ കൂട്ടിമുട്ടിയാൽ, ഇപ്പോഴും വിദേശഭാഷയിൽ സംസാരം തുടങ്ങുന്നതിലാണ് അധികം ഭ്രമം കാണിക്കുന്നതെന്ന വാസ്തവം നമുക്ക് അഭിമാനജനകമാണോ? അതിലും വിശേഷിച്ച്, ഒരുവക "മുറിഇംഗ്ലീഷിൽ" മുക്കിമൂളി, ഞെക്കിത്തുറിപ്പിച്ച്, അബദ്ധമയമായി സംസാരിക്കുവാൻ ക്ലേശിക്കുന്നതു കാണുമ്പോൾ അപഹാസമോ, അവഹേളനമോ, അനുകമ്പയോ, ഏതാണ് അത്തരക്കാർ അധികം അർഹിക്കുന്നത് എന്നു സംശയമായിപ്പോകുന്നു! ഇതുതന്നെയാണു എഴുത്തുകുത്തുകളിലേയും കഥ. ഒന്നുകിൽ നല്ല ഇംഗ്ലീഷ് ഉപയോഗിക്കുവാൻ പഠിക്കുക; തെററുകൂടാതെയും വലിയ ഞെരുക്കംകൂടാതെയും ആശയങ്ങളെ ആ ഭാഷയിൽ പ്രകാശിപ്പിക്കുവാൻ ശീലിക്കുക. ചക്കു തിരിക്കുമ്പോളുണ്ടാകുന്നതുപോലെയുള്ള പദപ്രസവവേദനാരവങ്ങളും, വാഗ്ദേവതയെ ബലാല്ക്കാരം ചെയ്യുന്നു എന്നു പ്രത്യക്ഷത്തിൽ മനസ്സിലാകാവുന്ന വിധത്തിലുള്ള

ച്ചമയ്യം, കുരയും, ഏങ്ങലും മററം കൂടാതെ സംസാരിക്കുവാൻ സാധിക്കുകയില്ലെങ്കിൽ പിന്നെ എന്തിനാണു ഹൌണിയുടെ ചവിട്ടടിയിൽ കിടന്നുകൊണ്ടു് ഇങ്ങനെ ഒരുവക ദുരഭിമാനം പുലത്തുവാൻവേണ്ടിമാത്രം പാടുപെടുന്നതു് ? ഇംഗ്ലീഷിനോടു യാതൊരുതരത്തിലുമുള്ള പ്രതികൂലമനോഭാവംകൊണ്ടല്ലാ ഇത്രയും പറഞ്ഞതു്. പ്രത്യുത, ഹൌണിയെ (ഒരുവിധം നോക്കുമ്പോഠം) ധമ്മപത്നിയായിത്തന്നെ സ്വീകരിച്ചിട്ടുള്ള പ്രസ്തുതലേഖകൻ, തത്തുല്യ പ്രിയകരിയായ കൈരളിക്കു്, ഹൌണീസമ്പക്കംകൊണ്ടു് അസാമാന്യമായ അഭിവൃദ്ധിയും അത്ഭുതപൂവ്വമായ വികാസവും സിദ്ധിക്കുവാനാണു വഴിയുള്ളതെന്നു പൂണ്ണമായി വിശ്വസിക്കുന്ന ഒരാളാണു്. പക്ഷെ, കൈരളിയേയും ഹൌണിയേയും "കുറേശ്ശ" പിടിച്ചുമാന്തി, രണ്ടിനേയും ഒരുപോലെ മട്ടപ്പിച്ചു് പരാങ്മുഖികളാക്കിത്തീത്തു്, രണ്ടും സ്വാധീനമാണെന്നു നടിച്ചു ഗോഷ്ടി കാട്ടുന്ന ദുരഭിമാനികളുടെ സംഖ്യ കേരളീയരുടെ ഇടയിൽ കുറഞ്ഞുകാണുമാറാകട്ടേ എന്നു പ്രാത്ഥിക്കാതെ നിവൃത്തിയില്ല.

അപ്പോഠം, കേരളഭാഷയ്ക്കു മററു മേന്മയേറിയ ഭാഷകളെപ്പോലെ പ്രശസ്തിയും പ്രചാരവും കൈവരേണമെങ്കിൽ ആദ്യമേ വേണ്ടതു്, കേരളീയക്കു പൊതുവേ തങ്ങളുടെ മാതൃഭാഷയെ ഉപയോഗിക്കുന്നതിൽ സങ്കോചമോ അവജ്ഞയോ തോന്നാതിരിക്കുകയാണെന്നു സ്പഷ്ടമാകുന്നു. ആ നില വന്നാൽപിന്നെ അവരുടെ രാഷ്ട്രീയോൽക്കഷത്തിനു് അനുരൂപമായ വിധത്തിൽ കൈരളിക്കും ഉല്ക്കഷം തനിയേ ഉണ്ടായിക്കൊള്ളും.

എങ്ങനെയായാലും ഒരു കാര്യം തീച്ച്യയാണ്. ഏതു ഭാഷയുടേയും അഭിവൃദ്ധി ആ ഭാഷ ഉപയോഗിക്കുന്ന ജനസമൂഹത്തിൻെറ അഭിവൃദ്ധിയെ ആശ്രയിച്ചുതന്നെ ഇരിക്കും. ഇംഗ്ലണ്ട്, ജമ്മനി, മുതലായ രാജ്യങ്ങളിൽ ഭാഷയ്ക്കു വളച്ച്യയുണ്ടായിട്ടുള്ളതു ജനങ്ങളുടെ രാഷ്ട്രീയോദ്ഗതിയ്ക്കൊപ്പം മാത്രമാണെന്നു് അവയുടെ ചരിത്രം പരിശോധിച്ചാലറിയാം. രാഷ്ട്രം തെളിയാതെ ഭാഷ തെളിയുകയില്ലെന്നു തീച്ച്യയാണ്. രാഷ്ട്രാഭിവൃദ്ധിയും ഭാഷാഭിവൃദ്ധിയും തമ്മിലുള്ള ദൃഢബന്ധം പ്രകാശിപ്പിക്കുവാൻ അടുത്ത കാലത്തെ വംഗദേശീയചരിത്രമൊന്നു നോക്കിയാൽ മതിയാവും. അടുത്തകാലത്തു്, അതായതു് ഇന്നത്തെ തലമുറയിൽ, ഇന്ത്യയിലൊട്ടാകെ ഉണ്ടായിട്ടുള്ള രാഷ്ട്രീയപ്രബുദ്ധത ഇന്ത്യയിലെ സകല ഭാഷകളിലും ഏറെക്കുറെ നിഴലിച്ചുകാണാം. അതോടുകൂടി, ഭാഷകളെ അടിസ്ഥാനമാക്കി പ്രവിശ്യകളെ വിഭജിക്കേണമെന്ന വാദം (വിശിഷ്യ ദക്ഷിണഭാരതത്തിൽ) മുഴങ്ങിത്തുടങ്ങിയപ്പോഠം, ഓരോ ദേശീയഭാഷയേയും തട്ടിയുണത്തുവാൻ അതിനുണ്ടായ ശക്തി, തമിഴ്, തെലുങ്കു, കണ്ണാടകം എന്നിവയുടെ കാര്യത്തിൽ പ്രത്യേകിച്ചും വിശദമായി കണ്ടുതുടങ്ങി. ഓരോ ഭാഷയുടേയും പൂണ്ണവികസനം ലക്ഷ്യമാക്കിക്കൊണ്ടു് ഓരോ സവ്വകലാശാലയും ആവിർഭവിച്ചു. അതനുസരിച്ചു്, ഇന്നു്, "അണ്ണാമല" തമിഴിനും, "ആന്ധ്ര" തെലുങ്കിനും, "മൈസൂർ" കണ്ണാടകത്തിനും വേരൂന്നി വളന്നുപൊങ്ങുവാനുള്ള വിസ്തൃതാലവാലങ്ങളായി സമുല്ലസിക്കുന്നു! എന്നാൽ, തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ

മൂന്നു ഭിന്നരാഷ്ട്രീയവിഭാഗങ്ങളെ ഉൾക്കൊള്ളുന്ന കേരളപ്രവിശ്യയിലെ പൊതുമാതൃഭാഷയ്ക്കുള്ള സർവ്വകലാശാല എവിടെ? തിരുവിതാംകൂറിൽ ഇയ്യിടെ ആവിർഭവിച്ചിട്ടുള്ള ആ കലാശാല ക്രമേണ ഒരു യഥാർത്ഥ കേരള സർവ്വകലാശാലയായി പരിണമിച്ചാൽ ഭാഗ്യമെന്നു പറയാം. അതിൽ കേരളസംസ്കാരത്തിന് — കേരളഭാഷാസാഹിത്യങ്ങൾക്ക മാത്രമല്ലാ, കേരളത്തെസ്സംബന്ധിക്കുന്നവയായ സർവ്വകലകൾക്കും, ശാസ്ത്രങ്ങൾക്കും, ഗവേഷണങ്ങൾക്കും — പ്രാമുഖ്യമുണ്ടായിരുന്നാൽ മാത്രമേ "അതു കേരളസർവ്വകലാശാല" എന്ന പേർ യഥാർത്ഥമായി അർഹിക്കുകയുള്ളൂ.

നമ്മുടെ രാജ്യത്തു സർവ്വകലാശാലകളാണ് ഇതുവരെ വിദ്യാഭ്യാസത്തിൻെറ നാഡീകേന്ദ്രങ്ങളായി വർത്തിച്ചുവന്നിട്ടുള്ളത്. വിദ്യാഭ്യാസജീവിയുടെ ശിരസ്സാണ് സർവ്വകലാശാല. അതിനാൽ ആകപ്പാടെയുള്ള വിദ്യാഭ്യാസനയത്തെ രൂപവൽക്കരിക്കുന്ന കാര്യത്തിൽ സർവ്വകലാശാലയ്ക്കുള്ള പ്രാധാന്യം നമുക്ക് അനുഭവവേദ്യവുമാകുന്നു. എല്ലാ വിഷയങ്ങളിലും വിദ്യാവിതരണം മാതൃഭാഷാമുഖേന വേണമെന്ന നിശ്ചയം സർവ്വകലാശാല സ്വീകരിച്ചു നടപ്പിൽ വരുത്തിയാൽ, താഴെയുള്ള വിദ്യാഭ്യാസസോപാനങ്ങളിലെല്ലാം അതിനനുരൂപമായ പരിപാടി സ്വയം സജ്ജീകൃതമായിക്കൊള്ളും. മാതൃഭാഷാമുഖേനയുള്ള വിദ്യാഭ്യാസത്തിനും മാതൃഭാഷാ പ്രോത്സാഹനത്തിനും വേണ്ടുന്ന നേതൃത്വം നല്കുന്നതു്, ഇന്നത്തെസ്ഥിതിക്ക്, സർവ്വകലാശാലയിൽനിന്നുതന്നെ വേണ്ടിയിരിക്കുന്നു. സ്കൂൾവിദ്യാഭ്യാസവും കോളേജ് വിദ്യാ

ഭ്യാസവും തമ്മിൽ ഭാഗം വാങ്ങിപ്പിരിഞ്ഞു സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്നതുവരേ, സ്കൂൾസമ്പ്രദായങ്ങൾക്കുള്ള ആവേശം മിക്കവാറും കോളേജ് സമ്പ്രദായങ്ങളിൽനിന്നാണ് സിദ്ധിക്കുന്നതു്. അതുകൊണ്ടു വിദ്യാഭ്യാസമാർഗ്ഗേണ ഭാഷയ്ക്കും സാഹിത്യത്തിനും വളർച്ചയുണ്ടാകേണമെന്നുണ്ടെങ്കിൽ, അതു സർവ്വകലാശാലാപരിഷ്കാരത്തെ ആശ്രയിച്ചിരിക്കുമെന്നും വന്നുകൂടുന്നു. തല ചീഞ്ഞാൽ ഉടലും ചീഞ്ഞുപോകും. മലയാളത്തിന് അർഹിക്കുന്ന സ്ഥാനം സർവ്വകലാശാലയിലും, അതിലേയ്ക്കുള്ള കൈവഴികളായ വിദ്യാലയങ്ങളിലും കിട്ടിക്കഴിഞ്ഞിട്ടുണ്ടോ എന്നു പരിശോധിക്കുമ്പോഴും ഇച്ഛാഭംഗംതന്നെയല്ലേ ഫലം?

ഭാഷയുടെ പ്രചാരത്തിനും സാഹിത്യത്തിൻെറ പ്രശസ്തിക്കും ഇക്കാലത്തു ഗണ്യമായവിധം സഹായിക്കുന്നവയാണ് "സിനിമ," "റേഡിയോ" എന്നീ ഉപകരണങ്ങൾ. മലയാളത്തിന് ആകർഷകങ്ങളായ ഉത്തമചലച്ചിത്രങ്ങൾ വഴിക്കു പേരും പെരുമയും ഇതേവരേ കിട്ടീട്ടില്ല. "ഭൂതരായർ"പോലും വെള്ളിത്തിരയിലേയ്ക്കു പകരുവാനിരിക്കുന്നതേയുള്ളു. "മാർത്താണ്ഡവർമ്മ"യുടെ ആ വഴിക്കുള്ള പുറപ്പാട് എങ്ങനെയോ തടയപ്പെട്ടുപോയി! "ഇന്ദുലേഖ" ഒരൊന്നാന്തരം കേരളീയജീവിത ചിത്രപരമ്പരയാണെങ്കിലും പ്രബലന്മാരായ സിനിമാപ്രവർത്തകന്മാർ, എന്തുകൊണ്ടോ, അതിൽ കൈവെച്ചുകാണുന്നില്ല. നമുക്ക് അഭിമാനകരമായ പ്രകാരത്തിൽ നമ്മുടെ നാട്ടിലെ പ്രകൃതിവിലാസങ്ങളേയും, സാമുദായികസൌഭാഗ്യങ്ങളേയും, ജീവിതസൌന്ദര്യ

ത്തേയും ഹൃദയാവജ്ജകമായി പ്രകാശിപ്പിക്കുന്ന മലയാളചലച്ചിത്രങ്ങഠം സജ്ജീകരിക്കുന്ന കാര്യത്തിൽ ആക്കും ഉത്സാഹം കാണാത്തതു കുറെ കഷ്ടംതന്നെയാണ്. അതു പോലെ, സമസ്തേന്ത്യ പ്രക്ഷേപണകേന്ദ്രങ്ങളിൽ മലയാളവിഷയങ്ങഠംക്കോ, മലയാളഭാഷയ്ക്കോ, മതിയായ പ്രാതിനിദ്ധ്യം കൊടുത്തുകാണാത്തതും പരിതാപകരമായിരിക്കുന്നു. ഈ വക കാര്യങ്ങളിൽ മലയാളികഠംക്ക് ഒട്ടാകെ നവ്യമായ ഒരു ചൈതന്യവും ആവേശവും ഉദിച്ചുയരുന്നതു് ഇന്നത്തെ ഒരു മുഖ്യാവശ്യംതന്നെയാണ്.

ഒരു സംഗതിയിൽ നമുക്ക് അപൂർവ്വമായ ചാരിതാർത്ഥ്യത്തിനു ധാരാളം അവകാശമുണ്ടു്. കേവലം സാഹിത്യപരമായ ശക്തിയെ മാനദണ്ഡമായി സ്വീകരിച്ച്, മലയാളത്തിലെ ഇന്നത്തെ എഴുത്തുകാരെ മറു ഭാഷകളിലെ എഴുത്തുകാരോടു തട്ടിച്ചുനോക്കിയാൽ, നമുക്ക് ഒട്ടുംതന്നെ തലതാഴ്ത്തേണ്ടിവരികയില്ലെന്നു നിസ്സംശയം പ്രഖ്യാപനം ചെയ്യാം. പ്രതിഭാസമ്പന്നന്മാരായ എത്ര സാഹിത്യകാരന്മാരാണ് ഇന്നു കൈരളീസേവനത്തിൽ ജാഗരൂകരായി സമുല്ലസിക്കുന്നതു്! അവരുടെ കൂട്ടത്തിൽ, വിശേഷിച്ചും, വാസനാനുഗൃഹീതരായ യുവാക്കന്മാരെ അസംഖ്യം കാണാം. അവരിൽ പലക്കും ഗ്രന്ഥപാരായണംകൊണ്ടും ലോകപരിചയംകൊണ്ടും സിദ്ധിക്കേണ്ടതായ നിപുണത എന്ന അംശത്തിൽ കുറച്ചു മിഴിവു പോരാ എന്നു തോന്നുമായിരിക്കാം. പക്ഷെ അവരുടെ നൈസർഗ്ഗികമായ സാഹിത്യശക്തിയെക്കുറിച്ചു രണ്ടഭിപ്രായത്തിനു വഴിയുണ്ടാകുമെന്നു തോന്നുന്നില്ല. മലയാളസാഹിത്യത്തിലെ ഏതു പ്രസ്ഥാനത്തിലും

അങ്ങനെയുള്ളവർ ഇന്നു സ്വച്ഛന്ദം വിഹരിക്കുന്നതു കാണ്മാനുണ്ട്.

എന്നാൽ നമ്മുടെ പ്രതിഭാശാലികളായ യുവസാഹിത്യകാരന്മാക്കു നാം എന്തു് പ്രോത്സാഹനമാണ് ഇന്നു നല്കുന്നതു്? അവരെ ശരിയായി ഉപദേശിച്ചു്, നേർവഴിക്കു തിരിച്ചുവിട്ടു, അവരെക്കൊണ്ടു് ഉത്തമഗ്രന്ഥങ്ങൾ രചിപ്പിക്കാമെന്നുതന്നെ വെക്കുക. അത്തരം ഗ്രന്ഥങ്ങളുടെ പ്രചാരത്തിനുള്ള മാഗ്ഗങ്ങളെന്താണ്? ഈ പ്രശ്നം ഇന്നു് എല്ലാസ്സാഹിത്യകാരന്മാരുടേയും നേക്കു തുറിച്ചു നോക്കിക്കൊണ്ടുതന്നെ നില്ക്കുന്നു! രാജാക്കന്മാരും പ്രഭുക്കന്മാരും, മററം വേതനങ്ങളും പാരിതോഷികങ്ങളും കൊടുത്തു സാഹിത്യകാരന്മാരേ പുലത്തിയിരുന്ന ഒരു കാലം പണ്ടുണ്ടായിരുന്നു. അതിൻെറ അവശിഷ്ടങ്ങൾ ഇന്നും അങ്ങിങ്ങു കാണ്മാനുണ്ടെങ്കിലും ആ കാലം മിക്കവാറം അസ്തംഗതമായിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ, രാഷ്ട്രീയകക്ഷികളിൽനിന്നു സാഹിത്യപ്രോത്സാഹനം നമ്മുടെ നാട്ടിൽ അധികമൊന്നും ഉണ്ടായിട്ടില്ല. പുസ്തകവ്യാപാരികളും പ്രസാധകന്മാരും തങ്ങളാൽ ആവുന്ന വിധത്തിൽ കേരളത്തിലെ എഴുത്തുകാരെ സഹായിച്ചിട്ടുണ്ടു്. എന്നാൽ ഇന്നു് അവരുടെ പ്രാബല്യവും ഏതാണ്ടു കുറഞ്ഞിരിക്കുന്നു. ഇനിയത്തെ ഘട്ടത്തിൽ ഗ്രന്ഥകാരന്മാർ പൊതുജനങ്ങളെ നേരെ സമീപിക്കുകയാണു വേണ്ടിയിരിക്കുന്നതു്. സാഹിത്യചരിത്രത്തിൻെറ അടുത്ത അധ്യായത്തിൽ പൊതുജനങ്ങളെയാണു സാഹിത്യപ്രോത്സാഹകന്മാരായി നാം ദൂരെനിന്നുകൊണ്ടു കാണുന്നതു്. ജനകീയസമ്പ്രദാ

യത്തിന് അഭിവൃദ്ധി കൈവരുന്നതോടുകൂടി നാട്ടിലെങ്ങും, ഏതു കുഗ്രാമത്തിൻെറ ഓണം കേറാ മൂലയിൽ പോലും, വിദ്യാഭ്യാസം പ്രചരിക്കുകയും ഗ്രന്ഥപാരായണന്മാരുടെ സംഖ്യ വൎദ്ധിക്കുകയും, അവരിൽനിന്നു നമ്മുടെ ഗ്രന്ഥകാരന്മാൎക്കു വേണ്ടുവോളം പ്രോത്സാഹനം സിദ്ധിക്കുകയും ചെയ്യുമെന്നു നമുക്ക് ന്യായമായി പ്രത്യാശിക്കാം.

അതോടുകൂടി, അധികാരിഭേദമനുസരിച്ച്, നമ്മുടെ സാഹിത്യത്തിൻെറ ഉടലിനും ഉയിരിനും ഒരു വലിയ മാററം വരാതെ നിവൃത്തിയില്ലെന്നും അനായാസേന പ്രവചിക്കാവുന്നതാകുന്നു. കൈരളീപരിണാമത്തിലെ ഇനിയത്തെ പടിയിൽ പ്രതീക്ഷിക്കേണ്ടതു്, സാമാന്യജനങ്ങളെ ഉദ്ദേശിച്ചുള്ള ഒരു സാഹിത്യവിശേഷത്തിൻെറ ആവിൎഭാവമാകുന്നു. പണ്ടത്തെപ്പോലെ കേവലകാവ്യരസാസ്വാദനംകൊണ്ടു തൃപ്തിയടയുന്നവരായിരിക്കയില്ല നമ്മുടെ അനന്തരഗാമികൾ എന്നുള്ളതിനു ചില ലക്ഷ്യങ്ങളെല്ലാം ഇന്നുതന്നെ കണ്ടു തുടങ്ങീട്ടുണ്ടു്. നൂതനാശങ്ങളേയും നവീനസിദ്ധാന്തങ്ങളേയും, ദിനംപ്രതി അഭിവൃദ്ധി നേടിവരുന്ന ശാസ്ത്രതത്വങ്ങളേയും മററും, പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാനുള്ള കരുത്തു് നമ്മുടെ ഭാഷയ്ക്കു് ക്രമേണ ഉണ്ടാകേണ്ടിയിരിക്കുന്നു. ഹൃദയോന്മേഷത്തിനും ആത്മീയോൽകൎഷത്തിനുമെന്നപോലെ, പ്രതിനിമിഷം വൎദ്ധമാനമായ ലോകവിജ്ഞാനത്തിൻെറ വിതരണത്തിനും മലയാളം സൎവ്വഥാ പൎയ്യാപ്തമാകേണ്ടതാകുന്നു. അല്ലെങ്കിൽ ലോകത്തിൻെറ പുരോഗതിയ്ക്കൊപ്പം ഭാഷയ്ക്കു പുരോഗതിയി

ല്ലെന്നുവെച്ച് ഭാഷയെ പിൻതള്ളേണ്ടതായി വന്നേക്കാം. ഇക്കാര്യത്തിലും കേരളീയർ ദീൎഘദൃഷ്ടിയോടുകൂടി പ്രവൎത്തിച്ചു തങ്ങളുടെ ഹൃദയവൈപുല്യത്തേയും പ്രജ്ഞാവൈശദ്യത്തേയും പ്രകടമാക്കേണ്ടതാകുന്നു.

ഇപ്പറഞ്ഞ പ്രകാരത്തിലൊന്നും ഭാഷയേയും സാഹിത്യകാരന്മാരേയും വഴിതെളിച്ചു തുണയ്ക്കുവാൻ തയാറില്ലാത്തവർ ഒരു കാര്യമെങ്കിലും ചെയ്താൽ നന്നായിരിക്കും:—അതായതു്,— ഭാഷാലോകത്തിലെ ഉത്തിഷ്ഠമാനന്മാരായ ഉത്സാഹികളുടെ ആവേശാഗ്നയിൽ അവഹേളനജലം പകരാതിരിക്കുക! മലയാളികൾ മറുനാട്ടുകാരിൽ നിന്നും അവശ്യം കണ്ടു പഠിക്കേണ്ട ഒരു പാഠമാണ് ഇതു്. അവിടങ്ങളിൽ ആത്മാൎത്ഥമായി സാഹിത്യവ്യവസായം ചെയ്യുന്ന യുവാക്കന്മാർ ഇടയ്ക്കു സ്വല്പമെങ്ങാൻമൊന്നു് അടി പിഴച്ചാൽ അതത്ര ഗൌരവമേറിയ ഒരു കുററമായിക്കരുതി ആക്ഷേപശരവൎഷം പൊഴിക്കാറില്ല. നേരേ മറിച്ചു്, മലയാളിക്കു മലയാളിയെ കണ്ടുകൂടാ എന്നും, പരസ്പരം വൃഥാസ്പൎദ്ധിച്ചു കുളം കലക്കി പരുന്തിനുകൊടുക്കുന്ന സ്വഭാവം മലാളികൾക്കു പ്രത്യേകമായുള്ളതാണെന്നും സാധാരണ കേട്ടുവരാറുള്ള ഒരാക്ഷേപമാണ്. മററു വിഷയങ്ങളിലെന്നപോലെ സാഹിത്യത്തിലും ഈ അധഃപതനലക്ഷണം കേരളീയരുടെ ഇടയിൽ കാണുന്നതു കഴിയുന്നേടത്തോളം ദൂരീകരിക്കേണ്ടിയിരിക്കുന്നു. അതിന് ഐകമത്യബോധംതന്നെ മനസ്സിലുറയ്ക്കണം. ഒരു മലയാളിക്കു മറെറാരു മലയാളിയുടെ തല ഉയരുന്നതു കണ്ടാൽ മനസ്സിൽ ഒരു "കിരുകിരുപ്പ്" തുടങ്ങുകയായി! അവനെ പിന്നെ, യാതൊരു

കാരണവുംകൂടാതെ, തന്റെ പരമശത്രുവായിക്കരുതി, അപകടത്തിൽചാടിക്കുവാനുള്ള ശ്രമമായി. ഈ പിശുനത സാഹിത്യത്തിലും സ്വച്ഛന്ദം വിളയാടുന്നു! ഇതാണു മലയാളത്തിലെ സാഹിത്യനിരൂപണങ്ങൾ ഇത്ര ദുഷിച്ചുപോകുവാനുള്ള പ്രധാനകാരണം. നിരൂപണങ്ങൾ വഴിയ്ക്കാണല്ലോ വ്യവസായികൾക്കു മുഖ്യമായി പ്രോത്സാഹനം നല്കേണ്ടതു്. മററു ഭാഷകളിൽ നിരൂപണങ്ങൾ പരഗുണപരമാണുക്കളെ പർവ്വതീകരിച്ചു കാണിക്കുവാൻ ശ്രമിക്കുമ്പോൾ, മലയാളത്തിലെ നിരൂപണങ്ങൾ മാത്രം, പരദോഷപരമാണുക്കളെ പർവ്വതീകരിച്ചു കാണിക്കുന്നതിലും, ഇല്ലാത്ത ദോഷങ്ങളെ ഉണ്ടാക്കിത്തീർത്തു് ആക്ഷേപിക്കുന്നതിലും, ഗുണാംശങ്ങളെ അല്പപ്രശംസ കൊണ്ടോ കേവലമൌനംകൊണ്ടോ ഞെക്കി അമർത്തുന്നതിലും പ്രവണങ്ങളായി കാണപ്പെടുന്നു. ഇതാണു കഷ്ടാൽക്കഷ്ടമായിട്ടുള്ളതു്. ഈ ദുഷ്ടസമ്പ്രദായത്തെ നമ്മുടെ ഭാഷയിൽനിന്നു് ഉന്മൂലനംചെയ്യുന്ന കാര്യത്തിലും കേരളീയർ ഒത്തൊരുമിച്ചു കുറഞ്ഞൊരു സൌമനസ്യം പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. അസൂയാകലുഷിതങ്ങളോ "അസഭ്യ"ങ്ങളോ ആയ നിരൂപണങ്ങൾ എഴുതുന്നവരെയും പ്രസിദ്ധപ്പെടുത്തുന്നവരെയും അകററിനിർത്തുകതന്നെ വേണം. കൃതികളിൽ കാണുന്ന വൈകല്യങ്ങളെക്കുറിച്ചു എല്ലാവരും മൌനമവലംബിക്കണമെന്നല്ലാ ഇപ്പറഞ്ഞതിന്റെ അർത്ഥം. അവയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ, സ്വരത്തിനു് ഒരു "തറവാടിത്തം" വേണമെന്നു മാത്രമേ വിവക്ഷയുള്ളു. നിരൂപണം സംഹാരപരമാകരുതു് — സംസ്കാരപരമായിരിക്കണം എന്നു ചുരുക്കം.

ഗ്രന്ഥപ്രചാരണത്തെ വർദ്ധിപ്പിക്കുകയും, അർഹന്മാ
യ ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യു
ന്നതിനായി, ഭാഷാഭിമാനികളും സാഹിത്യപ്രണയിക
ളും ഉദാരമതികളും കൂടിച്ചേർന്ന് ഒരു പ്രസിദ്ധീകരണ
സംഘം സ്ഥാപിക്കാമെങ്കിൽ അതു ഭാഷയുടെ ഭാ
വിക്കു വലിയ ഉപകാരമായിരിക്കും. അതിന് ഒന്നോ
രണ്ടോ ലക്ഷം രൂപ മൂലധനം വേണ്ടിവരുന്നതാകയാൽ,
ദേശീയസംസ്കാരത്തിലും സ്വഭാഷയിലും സ്വദേശത്തി
ൻെറ ഭാവിയിലും നല്ല വിശ്വാസമുള്ള ഉത്സാഹികൾ
രാജ്യമൊട്ടുക്ക് ഇറങ്ങി പ്രവർത്തിക്കുകതന്നെ വേണം.
ഭാഷയുടെ അഭിവൃദ്ധിക്കു യോജിച്ചവിധത്തിലുള്ള ഗ്ര
ന്ഥങ്ങളെ യഥോചിതം പ്രസാധനംചെയ്യുക, അവയെ
ആവുന്നത്ര പ്രചരിപ്പിക്കുക, അങ്ങനെ യോഗ്യന്മാരായ
സാഹിത്യകാരന്മാരെ സഹായിക്കുക, എന്നിവയായിരി
ക്കണം സംഘത്തിൻെറ മുഖ്യോദ്ദേശങ്ങൾ. നല്ല ഗ്രന്ഥ
ങ്ങൾ നല്ല രൂപത്തിൽ പ്രകാശിപ്പിക്കുന്നപക്ഷം, അവ
യെ വിലകൊടുത്തു വാങ്ങി ഭാഷാപോഷണം സാധ്യ
മാക്കുന്നതിനു നല്ല മനസ്സുള്ള സ്വദേശാഭിമാനികളുടെ
എണ്ണം ക്രമേണ വർദ്ധിക്കുമെന്നല്ലേ പ്രതീക്ഷിക്കേണ്ടതു്?
അപ്രകാരമുള്ള ഒരു നല്ല കാലം കൈരളിക്ക് ഇതരഭാ
ഷകളെപ്പോലെതന്നെ അനതിദൂരമായ ഭാവിയിൽ
കൈവരികയില്ലെന്നുണ്ടോ? കേരളത്തിൻെറ മൂന്നു
രാഷ്ട്രീയവിഭാഗങ്ങളായ തിരുവിതാംകൂർ, കൊച്ചി, മല
ബാർ എന്നീ പ്രദേശങ്ങളിലാകെക്കൂടി ഇപ്പോൾത്തന്നെ
ആയിരത്തിമുന്നൂറോളം പൊതുവായനശാലകളില്ലേ?
അവയ്ക്കു പുറമേ എത്ര അസംഖ്യം വിദ്യാമന്ദിരങ്ങളാണ്,

വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നി
തെന്നഭിമാനിക്കുന്ന കേരളപ്രവിശ്യയിലുള്ളതു് ! 
ചിതമായ പ്രാദേശികമനഃസ്ഥിതിയും പക്ഷപാര
ദ്ധിയും കൈവെടിഞ്ഞു് കൈരളി നമുക്കെല്ലാവക്കു
കൂടിയുള്ള പൊതുസ്വത്താണെന്ന ഉറച്ച ബോധത്തോ
ടെ ഉണന്നു പ്രവത്തിക്കാമെങ്കിൽ, ഏതാദൃശസ്ഥാന
ങ്ങൾവഴിക്കുതന്നെ മലയാളത്തിനു മേലിൽ അഭിമാനി
ക്കത്തക്ക മിഴിയും തെളിവും ഉണ്ടാകുമെന്നു തോന്നു
ന്നുണ്ടു്.

THE KOTTAYAM PUBLIC LIBRARY

THE DECCAN PRINTING HOUSE, ERNAKULAM.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M01 SHA-S   Acc. No. 3432

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M01
SHA-S

3432

ശങ്കരൻ നമ്പ്യാർ, പി

സാഹിത്യനിപുണ്ണൂടം